LIBRARY ARCHIVES Kerala Legislative Assembly

35. ശ്രീ. കെ. മോഹൻ കുമാർ
36. ശ്രീ. ആര്യാടൻ മുഹമ്മദ്
37. ശ്രീ. സി. പി. മുഹമ്മദ്
38. ശ്രീ. എം. കെ. മുനീർ
39. ശ്രീ. എം. മുരളി
40. ശ്രീ. കെ. നാരായണക്കുറുപ്പ്
41. ശ്രീ. എഴുകോൺ നാരായണൻ
42. ശ്രീ. കെ. കെ. ഷാജു
43. ശ്രീ. കടവൂർ ശിവദാസൻ
44. ശ്രീമതി ശോഭനാ ജോർജ്ജ്
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. കെ. കെ. രാമചന്ദ്രൻ
48. ശ്രീ. തമ്പാനൂർ രവി
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. കെ. ശങ്കരനാരായണൻ
51. ശ്രീമതി മാലേത്ത് സരളാദേവി
52. ശ്രീ. വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. നാലകത്ത് സൂപ്പി
55. ശ്രീ. സ്റ്റീഫൻ ജോർജ്ജ്
56. ശ്രീ. ഡി. സുഗതൻ
57. ശ്രീ. എ. സുജനപാൽ
58. ശ്രീ. എൻ. സുന്ദരൻ നാടാർ
59. പ്രൊഫ. കെ. വി. തോമസ്
60. ശ്രീ. പി. ടി. തോമസ്
61. ശ്രീ. ബി. വിജയകുമാർ
62. ശ്രീ. വക്കം പുരുഷോത്തമൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—28

പ്രതികൂലിക്കുന്നവർ—62

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

കാര്യോപദേശക സമിതിയുടെ 23-ാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

VII ധനകാര്യം

2005-06 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-2006

ധനാഭ്യർത്ഥന നമ്പർ—XVII

ധനാഭ്യർത്ഥനയുടെ പേര്—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക—

റവന്യൂ-3944,71,34,000 രൂപ

മൂലധനം-23,19,00,000 രൂപ

ആകെ—3967,90,34,000 രൂപ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണം എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച ഒരു നയരേഖ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന പ്രസ്താവന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

XVII—വിദ്യാഭ്യാസം , കായികവിനോദം, കല, സംസ്ക്കാരം

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 3967,90,34,000 രൂപ

ശ്രീ. എ. കെ. ബാലൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ വിദ്യാലയ കെട്ടിടങ്ങളുടെ ശോചനീയമായ അവസ്ഥ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പൊതുവിദ്യാഭ്യാസം തകർക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 രൂ. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(മെറിറ്റ് ലിസ്റ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളും സ്വാശ്രയ പ്രൊഫഷണൽ കോളേജിൽ ഉയർന്ന ഫീസ് നൽകണമെന്ന സ്ഥിതി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(വിദ്യാഭ്യാസരംഗം തകർച്ചയെ നേരിടുന്നതായി പറയപ്പെടുന്ന സ്ഥിതി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഉയർന്ന ഫീസ് നൽകാൻ കഴിയാത്തതുമൂലം വിദ്യാർത്ഥികൾക്ക് പഠനം തുടരാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കുമാരൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(യാതൊരു മാനദണ്ഡവും പാലിക്കാതെ സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഫീസ് ഈടാക്കുന്നതുമൂലമുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പ്രൊഫഷണൽ വിദ്യാഭ്യാസരംഗം കച്ചവടക്കാർക്കായി തുറന്നുകൊടുക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(എസ്. എസ്. എ. പദ്ധതിയുടെ ലക്ഷ്യങ്ങൾ സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസരിച്ച് പുനർനിർണ്ണയം നടത്തേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(എസ്. എസ്. എ. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് കമ്പ്യൂട്ടർ പ്രാക്ടിക്കൽ പരീക്ഷ നടത്തിയതിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ഐ. എച്ച്. ആർ. ഡി.-യിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാന ഓപ്പൺ സ്കൂളിന്റെ നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിൽ വരുത്തുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ജീർണ്ണിച്ച സർക്കാർ സ്കൂളുകൾ മുഴുവൻ പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പൊതുവിദ്യാഭ്യാസം തകർന്നതായും വിദ്യാഭ്യാസരംഗം സ്വാശ്രയ മേഖലയ്ക്ക് അടിയറ വയ്ക്കുന്നതായും പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 39,67,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ സർവ്വകലാശാലാ ഭരണസമിതികളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സർക്കാർ കാണിക്കുന്നതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കലാശാലാ യൂണിയൻ തെരഞ്ഞെടുപ്പുകളിൽ ജനാധിപത്യം അട്ടിമറിക്കുന്നതിന് സ്വകാര്യ കോളേജുകൾ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പിരപ്പൻകോട് മുരളി: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കുട്ടികൾക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(പാഠപുസ്തക അച്ചടിയിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകളും അഴിമതിയും ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിലുള്ളതായി പറയപ്പെടുന്ന വീഴ്ച ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സ്വാശ്രയ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് യഥേഷ്ടം എൻ.ഒ.സി. നൽകി വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ കായിക-കലാ പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. നാരായണൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് ഗുണമേന്മയുള്ളതും ഏകീകരിച്ചതുമായ ഒരു പ്രീ-പ്രൈമറി വിദ്യാഭ്യാസ സമ്പ്രദായം കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. രാജൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സ്റ്റേറ്റ് അഡൈ്വസറി കൗൺസിൽ ഓഫ് ഹയർ എഡ്യൂക്കേഷന്റെ യോഗം യഥാസമയം വിളിച്ചുകൂട്ടുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാനത്തുള്ള തുടർ വിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ കഴിയാതെ പോയതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(ഉന്നത വിദ്യാഭ്യാസമുൾപ്പെടെയുള്ള വിദ്യാഭ്യാസം സാർവ്വത്രികമായി സൗജന്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാതിരിക്കുന്നതായി പറയപ്പെടുന്ന ഗവൺമെന്റ് നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ ഉള്ള ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് താമസിക്കാൻ മതിയായ ഇടമില്ലായെന്നും, ഭക്ഷണം പാകം ചെയ്യുന്ന സ്ഥലത്ത് തീരെ ശുചിത്വം ഇല്ലായെന്നും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. തോമസ് ഐസക്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2/675/2012—33.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.

(സംസ്ഥാന ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. കെ. നാണു: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII—ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3967,90,34,000 ക. യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എന്നാൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. എന്താണ് കാര്യമെന്ന് ചോദിച്ചാൽ വിദ്യാഭ്യാസരംഗത്ത് ഏറ്റവും വലിയ വില്ലൻ നമ്മുടെ എഴുത്തുപരീക്ഷയാണ്. അവനിൽ നിന്ന് നമ്മുടെ കുട്ടികളെ മോചിപ്പിച്ചതിനാണ് അദ്ദേഹത്തെ ഞാൻ അഭിനന്ദിച്ചത്. അനിവാര്യമായ തിന്മയെന്നാണ് ഈ എഴുത്തുപരീക്ഷയെ, മനഃപാഠപരീക്ഷയെ വിദ്യാഭ്യാസ വിചക്ഷണന്മാർ സാധാരണ പറഞ്ഞിരിക്കുന്നത്. അതിനെതിരെ വർഷങ്ങളായി നടത്തിയിട്ടുള്ള പോരാട്ടങ്ങൾ, അഭിപ്രായ പ്രകടനങ്ങൾ എല്ലാം അവഗണിക്കപ്പെടുകയാണ് ചെയ്തത്. പക്ഷേ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഇന്നലെ 4,72,809 കുട്ടികൾ ഉത്കണ്ഠയൊന്നുമില്ലാതെ, ആശങ്കയില്ലാതെ വളരെ സന്തോഷത്തോടുകൂടി പുതിയ പരീക്ഷ എഴുതി പുറത്തുവരുന്നത് നേരിട്ടും, ചിത്രങ്ങളിലൂടെയും ചാനലുകളിലൂടെയും കാണാനിടയായി. അതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. അതിനർത്ഥം ഗ്രേഡിംഗ് സമ്പ്രദായം പൂർണ്ണമായി എന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല. ഒരുപാട് വിഷയങ്ങൾ ബാക്കി നിൽക്കുകയാണെങ്കിൽപോലും 2002-ൽ ഇത് പരിഷ്കരിക്കാൻ ആഗ്രഹിച്ച് ഉത്തരവ് ഇറക്കി, അതിനുശേഷം 2004-ൽ മറ്റൊരു ഉത്തരവിറക്കി. ഈ ഉത്തരവുകൾക്കിടയിലും ഒരുപാട് ആശങ്കകളും തർക്കങ്ങളുമൊക്കെ ഉണ്ടായെങ്കിലും ഒരു പുതിയ ചുവടുവയ്പ് എന്ന നിലയിൽ ഈ പരീക്ഷാസമ്പ്രദായം കൊണ്ടുവന്നതിനെയാണ് ഞാൻ അഭിനന്ദിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം എന്നുപറഞ്ഞാൽ അതിന്റെ ലക്ഷ്യം പരീക്ഷയായിരിക്കും. കാരണം കുറച്ച് തൊഴിലും ഒരുപാട് തൊഴിലന്വേഷകരും ഉള്ള നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസം അല്ല പരീക്ഷയാണ് വാസ്തവത്തിൽ ഒരു അരിപ്പ. അരിപ്പ നമ്മൾ അരിച്ചെടുക്കാൻ വേണ്ടിയാണല്ലോ ഉപയോഗിക്കുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി കുട്ടികളിലെ ഒരു പ്രതിഭയെ മനസ്സിലാക്കാൻ സഹായിക്കുന്ന വിധത്തിൽ ഗ്രേഡിംഗ് കൊണ്ടുവന്നത് നന്നായി എന്നാണ് എന്റെ അഭിപ്രായം. നിങ്ങൾക്കറിയാം വിദ്യാഭ്യാസം എന്നു പറയുന്നത് ഒരു വർഗ്ഗസമൂഹത്തിൽ വർഗ്ഗത്തിന്റെ ഉപകരണമാണ്. അധീശവർഗ്ഗം അത് പ്രയോജനപ്പെടുത്തുകയും ചെയ്യും. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥിതിയോട് പുതിയ തലമുറയെ ഇണക്കിച്ചേർക്കുന്ന ധർമ്മമാണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. കുറഞ്ഞ തൊഴിലവസരവും വർദ്ധിച്ചുവരുന്ന വിദ്യാർത്ഥികളും. കുറേ പേരെ അരിച്ചുമാറ്റാൻ വേണ്ടി അരിപ്പയാക്കി പഠനത്തെ പരീക്ഷയാക്കി ചുരുക്കി വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം എസ്.എസ്. എൽ.സി. എന്ന കടമ്പകടക്കലായി കണക്കാക്കുന്ന ഒരവസ്ഥയിൽനിന്നാണ് ഈ പുതിയ മാറ്റം. പഴയ രീതി എന്താണെന്നു വച്ചാൽ റാങ്ക് കൊയ്യുക, നൂറ് മേനി വിളയിക്കുക. 8,9, എന്നീ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ക്ലാസിലെ കാര്യങ്ങൾ പഠിപ്പിക്കാതെ ഏതാണ്ട് എസ്.എസ്.എൽ.സി.-യുടെ കാര്യങ്ങൾ മാത്രം 8-ാം ക്ലാസ് മുതൽ പഠിപ്പിക്കുന്ന ചില സ്കൂളുകൾ ഉണ്ട്. ഞാൻ അങ്ങനെയുള്ള ഒരു സ്കൂളിന്റേയും പേര് എടുത്തുപറഞ്ഞ് അവരെ മോശക്കാരാക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ സൂക്ഷ്മമായി പഠിച്ചാൽ കാര്യങ്ങൾ ഇങ്ങനെയുമുണ്ട്. മൂന്ന് വർഷം കൊണ്ട് ഒരു ക്ലാസിലെ പുസ്തകങ്ങൾ പഠിപ്പിച്ച് 100 മേനി കൊയ്തുകൊണ്ടിരുന്നത് അങ്ങനെയാണ്. ഈ പശ്ചാത്തലത്തിലാണ് ഈ മൂല്യസമ്പ്രദായത്തെ ഞാൻ അംഗീകരിക്കുന്നതും, അഭിനന്ദിക്കുന്നതും. പക്ഷേ ഈ മൂല്യ സമ്പ്രദായം യൂറേക്ക കിട്ടിയ പോലെയോ, സിദ്ധാർത്ഥൻ അരയാലിന്റെ ചുവട്ടിലിരുന്ന് ബുദ്ധനായതുപോലെയോ ഒരു ദിവസം കൊണ്ടുണ്ടായതല്ല. 1997-ൽ ആരംഭിച്ച പുതിയ പാഠ്യ പദ്ധതിയും വിദ്യാഭ്യാസ പരിഷ്കരണ നടപടിയും ക്രമാനുഗതമായ ഒരു ഘട്ടമാണെന്ന് ഞാൻ വിശ്വസിക്കുന്നു. കരിക്കുലം, സിലബസ്, പഠന രീതി, പരീക്ഷാ പരിഷ്കരണം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് നടന്ന നിരവധി വാദപ്രതിവാദങ്ങളുടേയും കൂട്ടായ ചർച്ചകളുടേയും ഉൽപ്പന്നമാണ് ഈ ഗ്രേഡിംഗ്. ഇതിൽത്തന്നെ ഇപ്പോൾ 3 ഭാഗങ്ങളാണ് പ്രധാനമായും ഉള്ളത്. വൈജ്ഞാനിക മേഖല, സഹവൈജ്ഞാനിക മേഖല, വ്യക്തിത്വ വികസനവും സാമൂഹിക ശേഷികളും പരിശോധിക്കാനുള്ള നിരന്തരമായ മൂല്യ പരീക്ഷണം അല്ലെങ്കിൽ മൂല്യ നിർണ്ണയം. പക്ഷേ ഇതിൽ ആദ്യത്തെ ഭാഗം മാത്രമേ നമുക്ക് ഇന്ന് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. ഇനിയും രണ്ട് ഭാഗങ്ങൾ ചെയ്യേണ്ടതുണ്ട്. ഇതിനിടയിൽത്തന്നെ ഐ.ടി. പഠനം എന്ന പേരിൽ കുട്ടികളെ ബുദ്ധിമുട്ടിക്കുന്നു. വൈദ്യുതിയില്ലാത്തതും കമ്പ്യൂട്ടർ കണ്ടിട്ടില്ലാത്തതുമായ പത്ത് നാനൂറ് സ്കൂളുകളിൽ, പുതിയ നിയമം അനുസരിച്ച് IT 13-ാമത്തെ പേപ്പറാക്കി. 5 മാർക്കിന് വേണ്ടി നടത്തിയ പരാക്രമങ്ങളും, ബുദ്ധിമുട്ടുകളും കുറച്ചു ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. എന്നാൽപ്പോലും ഞാൻ പറയുന്ന ഈ പരീക്ഷണം ചെറിയൊരു വിഷയമല്ല. അതുകൊണ്ട് ഈ പരീക്ഷണത്തെ മാത്രം ഞാൻ അഭിനന്ദിക്കുന്നു. വൈജ്ഞാനിക മേഖലയെ ആസ്പദമാക്കി മാത്രം മൂല്യ നിർണ്ണയം നടത്തുന്ന ഇപ്പോഴത്തെ ഈ ഗ്രേഡിംഗ് അടുത്ത വർഷം മുതൽ മറ്റ് രണ്ടും മൂന്നും മേഖലകളിൽക്കൂടി വ്യാപിപ്പിക്കും എന്ന് പ്രതീക്ഷിക്കുന്നു. പ്രവൃത്തിപരിചയം, കലാപഠനം, കായികാഭ്യാസം തുടങ്ങിയവ പഠിപ്പിക്കാൻ ഇന്ന് സ്പെഷ്യലൈസ്ഡ് അധ്യാപകരില്ല. ഈ രണ്ടാമത്തെ ഭാഗം പഠിപ്പിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

തീർച്ചയായും ഈ സ്കൂളുകളിൽ സ്പെഷ്യലൈസ്ഡ് അധ്യാപകരുടെ നിയമനം അനിവാര്യമായി വരും. നേതൃഗുണം, ആശയ പ്രകടനശേഷി മുതലായവയെ സംബന്ധിച്ച് വ്യക്തമായ ധാരണ നമുക്കുണ്ടായിട്ടില്ല. ഏതെങ്കിലും അധ്യാപകന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമായി വ്യക്തിനിഷ്ഠമായി മാറിപ്പോകാൻ ഇടയാകാത്ത വിധത്തിൽ പൊതു മാനദണ്ഡങ്ങൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് പൊതുവിൽ പറയുമ്പോൾ ഞാൻ അദ്ദേഹത്തെ അഭിനന്ദിച്ചതോടൊപ്പം തന്നെ അദ്ദേഹത്തെ വിമർശനപരമായി സമീപിക്കുകയാണ്. വ്യക്തിപരമായ വിമർശനത്തിൽ എനിക്ക് താല്പര്യമില്ല. പക്ഷേ പൊതുവിദ്യാഭ്യാസം ഇന്ന് തകർച്ചയുടെ വക്കിലാണ്. വിദ്യാഭ്യാസം എന്നു പറയുന്നത് ഭരണപക്ഷത്തിന്റേയോ, പ്രതിപക്ഷത്തിന്റേയോ ഒരു ആശയ സമരത്തിന്റെ വേദിയല്ല; നേരെമറിച്ച് നമ്മുടെ രാജ്യത്ത് പുതിയ തലമുറയെ വളർത്തിയെടുക്കുന്നതിന് ഉണ്ടാകേണ്ട ധൈഷണികമായ വാദപ്രതിവാദത്തിന്റെ മേഖലയാക്കി അതിനെ മാറ്റേണ്ടതാണ്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും പൊതുവിദ്യാഭ്യാസത്തിന് വളരെയേറെ ചരിത്രപ്രാധാന്യമുള്ള സംസ്ഥാനമാണ് കേരളം. 1835-ലെ മെക്കാളെ മിനിട്സ് പ്രകാരമാണ് ഇന്ത്യയിൽ പൊതു വിദ്യാഭ്യാസം ആരംഭിച്ചത്. പക്ഷേ അതുതന്നെ ബ്രിട്ടീഷ് മേധാവികൾക്കും കോളനി മേധാവികൾക്കും ഗുമസ്തന്മാരേയും അധ്യാപകരേയും വാർത്തെടുക്കാൻ വേണ്ടിയായിരുന്നു. അതിനുമുൻപ്, 1834-ൽ പഠിക്കാൻ മനസ്സുള്ളവർക്ക് ഇംഗ്ലീഷ്-മലയാളം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും, സ്കൂളിംഗ് സമ്പ്രദായം ആരംഭിക്കുകയും ചെയ്തത് തിരുവിതാംകൂറിലാണ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ത്തന്നെ സാക്ഷാൽ സ്വാതിതിരുനാളിന്റെ വിശദമായ ഫലകം വച്ചിട്ടുണ്ട്. ഇന്ത്യയിൽ കോളനി മേധാവികൾ പോലും ഒരു സാർവ്വത്രിക വിദ്യാഭ്യാസത്തെ സംബന്ധിച്ചോ, പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ചോ ആലോചിക്കുന്നതിന് മുമ്പേ തിരുവിതാംകൂറിലെ ഭരണാധികാരിയായ, 16 വയസ്സുകാരനായ, ഒരു സർവ്വ കലാ വല്ലഭനായ സാക്ഷാൽ സ്വാതിതിരുനാൾ ആലോചിച്ച ഒരു സംഗതിയാണിത്. അതിനെത്തുടർന്നാണ് നവോത്ഥാന നായകന്മാർ വന്നത്. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ ആഹ്വാനം ചെയ്ത സാക്ഷാൽ ശ്രീനാരായണ ഗുരുവിനേയും, ഞങ്ങളുടെ കുട്ടികൾക്ക് പള്ളിക്കൂടത്തിൽ പ്രവേശനം ലഭിച്ചില്ലെങ്കിൽ നിങ്ങളുടെ നെൽപ്പാടങ്ങളിൽ കുതിരപ്പുല്ല് കുരുപ്പിക്കുമെന്ന് ഗർജ്ജിച്ച സാക്ഷാൽ അയ്യൻകാളിയേയും, വടക്കൻ കേരളത്തിലെ മിഷണറിമാരേയും, അർണോസ് പാതിരിയേയും, ബെഞ്ചമിൻ ബെയ്ലിയേയും ഗുണ്ടർട്ടിനേയും, നമുക്ക് ആദരവോടെ മാത്രമേ ഓർമ്മിക്കാൻ കഴിയൂ. നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് സാധാരണ വിദ്യാഭ്യാസം കൊടുക്കാൻ വെളിയിൽ നിന്നുവന്ന് മലയാള ഭാഷ പഠിച്ച്, ആ ഭാഷയ്ക്ക് നിഘണ്ടുവും വ്യാകരണവും ഉണ്ടാക്കി. മലയാളികൾക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയാണ് അന്നത്തെ പാതിരിമലയാളം. അതാണ് വാസ്തവത്തിൽ നമ്മുടെ ഗദ്യത്തിന്റെ പിതൃത്വം വഹിക്കുന്നത് എന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എഴുത്തച്ഛൻ കവിതയിലൂടെ ചെയ്ത കാര്യങ്ങളാണ് യഥാർത്ഥത്തിൽ നമ്മുടെ മിഷനറിമാർ മലയാള ഗദ്യത്തിന് ചെയ്തതെന്ന് ഞാൻ വിചാരിക്കുന്നു. അതിന്റെയെല്ലാം ഒരു ഉയർന്ന ഘട്ടമായിരുന്നു 1957-ലെ പ്രൊഫസർ മുണ്ടശ്ശേരി മാസ്റ്ററുടെ വിദ്യാഭ്യാസ നിയമം. ആ വിദ്യാഭ്യാസ നിയമത്തോടുകൂടിയാണ് വിദ്യാഭ്യാസം സാർവ്വത്രികമായത്. അതുപോലെ അശരണരും അധഃകൃതരുമായ ആളുകൾക്ക് പഠിക്കാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നതും അത്തരക്കാർക്ക് ഉദ്യോഗത്തിന് സംവരണം ഉറപ്പാക്കുന്നതും 1957-ഓടുകൂടിയാണ്. പക്ഷേ അതിനെയെല്ലാം ചവിട്ടിമെതിച്ചുകൊണ്ട്, ആഗോളവൽക്കരണത്തിന്റേയും പുതിയ സാമ്പത്തിക നയങ്ങളുടേയും ഒക്കെ ഫലമായി ഇന്ന് വിദ്യാഭ്യാസം കച്ചവടച്ചരക്കാക്കി മാറ്റിയിരിക്കുന്നു. ഇതിന് ഉത്തരവാദി വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ടാണ് സ്കൂളുകൾ അനാദായകരമെന്ന് ഇന്ന് പറയാനിടയായത്. ആദായത്തിനുവേണ്ടിയാണോ പള്ളിക്കൂടം നടത്തുന്നത്? സ്കൂൾ നടത്തുന്നത് ഒരിക്കലും ആദായത്തിനുവേണ്ടിയല്ല. തീർച്ചയായും അത് സമൂഹത്തിന്റെ കടമയാണ്; അത് ഒരു Public utility ആണ്. നമ്മുടെ പുതിയ തലമുറയെ വളർത്തിയെടുക്കാനുള്ള ഒന്നാണ്. അതുകൊണ്ട് അനാദായകരമെന്നു പറഞ്ഞ് സ്കൂളുകൾ പൂട്ടുന്നതും അതുപോലെ ആ സ്കൂളുകൾ പൂട്ടിയിട്ട് അൺ എയ്ഡഡ് സ്കൂളുകൾ കൊടുക്കുന്നതും ശരിയല്ല. 48 സ്കൂളുകൾ പൂട്ടി 435 അൺ എയ്ഡഡ് സ്കൂളുകൾ ആ സ്ഥലത്ത് അനുവദിച്ചു. 350 CBSE സ്കൂളുകളിൽ ബഹളം തുടങ്ങി. ഇത്തരത്തിൽ പറയുമ്പോൾ പഠിക്കാൻ യഥാർത്ഥത്തിൽ ആളില്ലാത്തതുകൊണ്ടോ സ്കൂൾ വേണ്ടാത്തതുകൊണ്ടോ അല്ല. പക്ഷേ പണക്കാർ പഠിച്ചാൽ മതി, പാവപ്പെട്ടവർ പഠിക്കേണ്ട എന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം. അതിനെ രാഷ്ട്രീയവത്ക്കരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. മറ്റൊന്ന്, അധ്യാപകർ അധികമാണ്, അവരെ പിരിച്ചുവിടണം എന്ന് ഭരണപരിഷ്കാര കമ്മിറ്റി പറയുമ്പോൾ 96 അൺ എയ്ഡഡ് TTI-കൾ ആണ് ഇപ്പോൾ ആരംഭിച്ചത്. 75 B.Ed. കോളേജുകളാണ് സ്വാശ്രയ മേഖലയിൽ ആരംഭിച്ചിട്ടുള്ളത്. അതിന്റെ പിന്നിലെ അഴിമതിയെക്കുറിച്ചൊക്കെ ധാരാളം പറഞ്ഞിട്ടുണ്ട്. വിജിലൻസ് കോടതി തന്നെ അതിൽ ഇടപെട്ടിട്ടുണ്ട്. മീനങ്ങാടി ബിഷപ്പിനുപോലും കൈക്കൂലി കൊടുക്കേണ്ട ഗതികേടിലേക്ക് എത്തിയിട്ടുണ്ട് എന്നാണ് പറയുന്നത്. ഈ കാര്യം ഗൗരവമായി പരിശോധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റൊന്ന് SSA പദ്ധതിയാണ് എല്ലാവർക്കും വിദ്യാഭ്യാസമെന്ന ലക്ഷ്യം നേടിയെടുക്കുന്നതിനും 2001-02-ൽ ദേശവ്യാപകമായി പ്രൈമറി വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിനും വേണ്ടിയാണ് SSA ഉണ്ടാക്കിയത്. നിർഭാഗ്യവശാൽ ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തിന് യോജിച്ച രീതിയിലല്ല നടപ്പിലാക്കുന്നത്. വിശദാംശങ്ങൾ പറയാൻ സമയം അനുവദിക്കുന്നില്ല. പക്ഷേ ഒരു കാര്യം പറയട്ടെ കേന്ദ്ര ഗവൺമെന്റ് സാധാരണഗതിയിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പ്രചരിപ്പിക്കാനും വിദ്യാഭ്യാസ നിലവാരമുയർത്താനും നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്കീമാണത്. കേരളത്തിൽ നമുക്ക് അത് നടത്താൻ പറ്റില്ല. ഞാൻ ഒരു സംഭവം ഓർക്കുകയാണ്. പെരിങ്ങൽക്കുത്ത് പദ്ധതി കാണാൻവേണ്ടി, അതിനെക്കുറിച്ച് പഠിക്കാൻവേണ്ടി 1957-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് കുറേ പത്രപ്രവർത്തകരുമായി അവിടേക്കു പോകുകയുണ്ടായി. പോകുന്ന വഴിക്ക് തൃശൂരുള്ള ഇൻഡ്യൻ കോഫീ ഹൗസിൽ രാവിലെ കാപ്പികുടിക്കാൻ കയറി. അന്ന് കത്തിയും മുള്ളുമുപയോഗിച്ചാണ് ദോശ കഴിക്കുന്നത്. ആ പത്രപ്രവർത്തകരുടെ കൂട്ടത്തിൽ കെ. ബാലകൃഷ്ണനും അംഗമായിരുന്നു. മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് കത്തിയും മുള്ളും ഉപയോഗിച്ച് ദോശ കഴിക്കുമ്പോൾ കെ. ബാലകൃഷ്ണൻ കത്തിയും മുള്ളും മാറ്റിവച്ച് ദോശമുറിച്ച് സാമ്പാറിൽ മുക്കികഴിച്ചുകൊണ്ട് ചോദിച്ചു, സഖാവേ, നിങ്ങളെന്തിനാണ് ദോശ കഴിക്കാൻ കത്തിയും മുള്ളുമുപയോഗിക്കുന്നത്; കൈകൊണ്ട് മുറിച്ചുതിന്നാൽപോരെ എന്ന്. ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ശരിയാണ്, ഞാൻ ഒരു മര്യാദ പാലിക്കാൻവേണ്ടി ചെയ്തതാണ്. നിങ്ങൾ പറഞ്ഞതുശരിയാണ്. ദോശ തിന്നാൻ കത്തിയും മുള്ളും വേണ്ട. എസ്. എസ്. എ.-യിലൂടെ ലഭിക്കുന്ന പണംകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തണമെന്ന് വിദ്യാഭ്യാസ പണ്ഡിതൻമാരും ഭരണ നേതൃത്വവും രാഷ്ട്രീയ നേതൃത്വവും തീരുമാനിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ പിന്നിൽ ഒത്തിരി അഴിമതിയും ആക്ഷേപവുമൊക്കെയുണ്ട്. അതൊന്നും പറയാൻ എനിക്ക് താത്പര്യമില്ല ആര് അഴിമതി നടത്തിയെന്നല്ല, അഴിമതി നടക്കാതിരിക്കണം. അതിനാവശ്യമായ മുൻകരുതൽ വേണം. പിന്നെ പാഠ്യപദ്ധതി പരിഷ്ക്കരണം. 1997-ൽ എൽ.ഡി.എഫ്. പാഠ്യപദ്ധതി പരിഷ്കരണവുമായി വന്നു. ആ പാഠ്യപദ്ധതി പരിഷ്കരണം രാഷ്ട്രീയപരമായിരുന്നില്ല. ഒരു രാഷ്ട്രീയ നേതാവും അക്കാര്യത്തിൽ ഇടപെട്ടിരുന്നില്ല. അക്കാഡമിക് കമ്മ്യൂണിറ്റി ആയിരുന്നു അന്നത് കൈകാര്യം ചെയ്തത്. നിർഭാഗ്യവശാൽ അതിനെ രാഷ്ട്രീയമായി എതിർത്തു. ഡി.പി.ഇ.പി. എന്നാൽ ഏതോ ദുഷ്ടനായ കഥാപാത്രമാണെന്നും അയാളെ എറിഞ്ഞു കൊന്നാലേ രക്ഷയുള്ളു എന്നുമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രസംഗിച്ചു നടന്നത്. അന്നും സമചിത്തതയോടെ അപ്പുറത്തെ ചില ആളുകൾ ഡി.പി.ഇ.പി.-യെ മനസ്സിലാക്കി. അത് തുടങ്ങിവച്ചത് ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമാണ്. എനിക്ക് പറയാനുള്ളത് ഈ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമാണ് ഇന്നത്തെ ഗ്രേഡിംഗ് എന്നാണ്. ഞാൻ പറഞ്ഞത് പ്ലസ് ടു പാഠ്യപദ്ധതിയെക്കുറിച്ചാണ്. അക്കാര്യത്തിൽ വളരെ അലംഭാവമാണ് കാണിക്കുന്നത്. SCERT-യെ ഒഴിവാക്കി HRD എന്ന പുതിയ സംവിധാനം ഉണ്ടാക്കി. അതുപോലെ നമ്മുടെ നാടുമായി ബന്ധമില്ലാത്ത ചെന്നൈയിലെ ഏതോ ഒരു ഏജൻസിക്ക് നൽകിയിരിക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. തെറ്റാണെങ്കിൽ ഞാൻ തിരുത്താം. , അല്ലെങ്കിൽ അങ്ങ് അത് തിരുത്തണം. പിന്നെ SCERT-യിലെ നിയമനങ്ങൾ സംബന്ധിച്ച് പറയാം. ഇവിടെ എംപ്ലോയ്മെന്റ് മുഖാന്തിരമല്ല

LIBRARY ARCHIVES Kerala Legislative Assembly

നിയമനങ്ങൾ നടത്തുന്നത് ദിവസക്കൂലിയടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും സ്വജനപക്ഷപാതം സ്വീകരിച്ചാണ് നിയമനങ്ങൾ നടത്തുന്നത് എന്നും ഇതു സംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റും എ.ജി.-യും ശക്തിയായി വിമർശനം നടത്തിയിട്ടുണ്ട് എന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്. അതും അങ്ങ് ദയവായി പരിശോധിക്കണം. അതുപോലെ ലക്ഷക്കണക്കിന് രൂപ അൺസെറ്റിൽഡ് ആയി ഇവിടെ ഉണ്ടെന്ന് മനസ്സിലാക്കുന്നു. അതിനും പരിഹാരം കാണണം. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആക്റ്റ് നടപ്പിലാക്കിയിട്ട് പത്ത് വർഷമായി. അതിൽ ചില അപാകതകളുണ്ട്. അത് പരിഹരിക്കണം. അതിനെക്കുറിച്ച് വിശദമായ ഒരു നോട്ട് അങ്ങേക്ക് തരാം. സ്റ്റേറ്റ് ലൈബ്രറി പബ്ളിക് ലൈബ്രറി ആക്റ്റിന്റെ ഭാഗമാണ്. അത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനു വിട്ടുകൊടുക്കണം. അതുപോലെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് അനുവദിച്ച 20 സെന്റ് സ്ഥലം റദ്ദുചെയ്തത് തിരിച്ചുകൊടുത്ത് അവിടെ Complex ഉണ്ടാക്കി ഡെപ്പോസിറ്റ് ലൈബ്രറിയും ലൈബ്രറി ഇൻസ്റ്റിറ്റ്യൂട്ടുമുണ്ടാക്കാൻ അവസരം കൊടുക്കണം. മലപ്പുറത്തും കോഴിക്കോടും സുന്നിവിഭാഗം സ്കൂളിന് അപേക്ഷിച്ചിട്ടും ചില രാഷ്ട്രീയ കാരണങ്ങളാൽ അത് കൊടുത്തില്ല എന്ന ആക്ഷേപം ഉണ്ട്. അതും പരിശോധിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് സർവ്വത്ര അരാജകത്വമാണ് നടക്കുന്നത്. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന് പറഞ്ഞ് മെറിറ്റ് വിദ്യാർത്ഥികളെ സഹായിച്ചുവെന്നാണ് പറയുന്നത്. കെ. ടി. തോമസ് കമ്മീഷൻ മുഖാന്തിരം മെറിറ്റ് വിദ്യാർത്ഥിക്ക് 4000 രൂപ കൊടുത്ത സ്ഥലത്ത് 38,500 രൂപ കൊടുക്കേണ്ടിവന്നു. അതുപോലെ മെഡിസിന് 8550 രൂപ കൊടുത്തിരുന്നിടത്ത് ഇപ്പോൾ നിങ്ങൾ സഹായിച്ചതുകൊണ്ട് 1,13,000 രൂപ കൊടുക്കേണ്ടി വന്നിരിക്കുന്നു. നിങ്ങൾ ഭിക്ഷ കൊടുക്കേണ്ട, പട്ടിയെ വിട്ടു കടിപ്പിക്കാതിരുന്നാൽ മതി. അത്രയേ എനിക്കു പറയാനുള്ളൂ. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ അവസ്ഥ എങ്ങനെയെന്ന് അറിയാമോ? രജനി എസ്. ആനന്ദിന്റെ അനുഭവം തന്നെ അത് സൂചിപ്പിക്കുന്നു. ഒ.എൻ.വി.-യുടെ മനോഹരമായ ഒരു കവിതയുണ്ട്. വായിച്ചുകേൾപ്പിക്കാൻ നിവർത്തിയില്ല. അങ്ങ് വായിച്ചിട്ടുണ്ടാവും. ഒന്നുകൂടി വായിക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെ സ്പെഷ്യൽ റൂൾസ്. അത് ഏകപക്ഷീയമാണ്, അത് വാസ്തവത്തിൽ അഴിമതിക്ക് ഇടയാക്കും. സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയുടെ പേരിൽ ഓപ്പൺ സെലക്ഷൻ ഒഴിവാക്കണം. പഴയതുപോലെ ഭരണഘടനാ സ്ഥാപനമായ പി.എസ്.സി. മുഖേന നിയമനവും ഡി.പി.സി. വഴി അവരുടെ പ്രമോഷനും മറ്റ് കാര്യങ്ങളും പുനരാവിഷ്കരിക്കണമെന്നാണ് പറയാനുള്ളത്. അതുപോലെ സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തുന്ന കാര്യത്തിൽ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല; അത് കാണിക്കണം. ലോക വ്യാപാര ഉടമ്പടിയുടെ ഫലമായി വിദ്യാഭ്യാസം വില്പന ചരക്കാക്കി എന്ന് പറഞ്ഞു. കഴിഞ്ഞ ദിവസം ഇവിടെ പാസ്സാക്കിയ ബില്ലുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലാ നിയമം, ശ്രീ ശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാലാ നിയമം മുതലായവ. അങ്ങ് വളരെ ജനാധിപത്യവാദിയാണ്. പക്ഷെ അവിടെയെല്ലാം നോമിനേറ്റഡ് സിൻഡിക്കേറ്റുകളാണുള്ളത്. അത് എന്തിനാണ്? അദ്ദേഹം വളരെ അപകടകരമായ ഒരു കാര്യം പറഞ്ഞു, സർവ്വകലാശാലകളുടെ autonomy മാത്രമല്ല സർവ്വകലാശാലകളുടെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിനും autonomy ആകാമെന്നും അവർക്ക് പ്രത്യേകം കരിക്കുലം ഉണ്ടാക്കാമെന്നും പ്രത്യേകം ഡിഗ്രി കൊടുക്കാമെന്നും പറഞ്ഞു. ഈ അവസരത്തിൽ സ്കോട്ട്ലന്റിലെ ഒരു കഥയാണ് ഓർമ്മ വരുന്നത്. ഇതുപോലെ വിദ്യാഭ്യാസം അധഃപതിച്ച ഒരു കാലഘട്ടത്തിൽ സ്കോട്ട്ലന്റിൽ ഒരു യൂണിവേഴ്സിറ്റി ഡിഗ്രി ഉണ്ടാക്കും. ആ ഡിഗ്രിക്ക് പണം അടച്ചാൽ മതി. ആർക്കും ഡിഗ്രി കിട്ടും. അങ്ങനെ കോളേജിൽ പഠിക്കാതെ ഡിഗ്രി എടുക്കാം. ഒരാൾ അവിടെ ചെന്ന് ഡോക്ടറേറ്റിനുവേണ്ടി അപേക്ഷിച്ചു. യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് കൊടുത്തു. എന്റെ കുതിരയ്ക്കുകൂടി ഡോക്ടറേറ്റു കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞ മറുപടി കുതിരകൾക്ക് ഡോക്ടറേറ്റ് കൊടുക്കാറില്ല കഴുതകൾക്കേ ഡോക്ടറേറ്റ് കൊടുക്കൂ എന്നാണ്. ആ തരത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസരംഗം അധഃപതിക്കരുതെന്നാണ് അങ്ങയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് സാംസ്കാരിക രംഗത്തെക്കുറിച്ചാണ് പറയാനുള്ളത്. ഒരു സാംസ്ക്കാരിക ഡയറക്ടറേറ്റിനെക്കുറിച്ച് ഞാനിവിടെ എം.എൽ.എ. ആയി വന്നകാലം മുതൽ പറയുകയാണ്. അടിയന്തിരമായി ഒരു സാംസ്കാരിക ഡയറക്ടറേറ്റുണ്ടാക്കണം. നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളെല്ലാം ആ സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ തയ്യാറാകണം. അതുപോലെതന്നെയാണ് ജവഹർ ബാലഭവനുകൾ. അത് എല്ലാവർക്കും അറിയാവുന്നതാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കുട്ടികൾക്ക് കലാപരിശീലനത്തിന് ആവശ്യമായ ജവഹർ ബാലഭവനുകളുണ്ട്. അതുസംബന്ധിച്ച് ഒരു ഏകീകൃത നിയമമുണ്ടാകണം. നമ്മുടെ കുട്ടികളുടെ കലാപഠനത്തിന് ശാസ്ത്രീയമായ ഒരു അടിത്തറ വേണം. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അടിയന്തിരമായി ഒരു കമ്മിറ്റിയെ നിയമിച്ച് ഇതിനെക്കുറിച്ച് പഠിക്കണം എന്നാണ്. മറ്റൊന്ന് സ്പോർട്ട്സിനെ സംബന്ധിച്ചാണ്. ഇപ്പോൾ സ്പോർട്ട്സിന് budgetary support ഇല്ലാത്തതുകൊണ്ട് വളരെ ദൗർഭാഗ്യകരമായ ഒരവസ്ഥയാണുള്ളത്. ഏതെങ്കിലും തരത്തിൽ സെസ്സ് ഏർപ്പെടുത്തിയോ മറ്റോ പണം ഉണ്ടാക്കണം. സ്പോർട്സ് വകുപ്പിന് ഒരു budgetary support ഉണ്ടാകണം. നമ്മുടെ കായികതാരങ്ങളെ വളർത്തുവാനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്നാണ് എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്. കേരളത്തിലെ കുത്തഴിഞ്ഞ വിദ്യാഭ്യാസ രംഗം ഒരു മുൻ ഉപാധിയുമില്ലാതെ അതുമായി ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത് നന്നാക്കണം. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഇന്നത്തെ അഴുക്കുകളെല്ലാം കളയാനും പൊതുവിദ്യാഭ്യാസത്തെ

2/675/2012—34.

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ശാസ്ത്രീയമാക്കാനും മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും അതേസമയം ഈ കാര്യങ്ങളിൽ ഗവൺമെന്റിന്റെ തെറ്റായ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടും ശക്തിയുക്തം ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

ശ്രീ. എം. മുരളി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഏതാണ്ട് 40 ലക്ഷത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഇന്നലെ ഒരു പുതിയ അരുണോദയം കുറിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ശ്രീ. പീരപ്പൻകോട് മുരളി അഭിനന്ദിച്ചതുപോലെതന്നെ ഞാനും അഭിനന്ദിക്കുന്നു. അങ്ങയുടെ ഇച്ഛാശക്തിതന്നെയാണ് ഇന്നലെ നാലേമുക്കാൽ ലക്ഷം വിദ്യാർത്ഥികൾ പരീക്ഷ എഴുതി പുറത്തുവന്നപ്പോൾ അവർക്ക് വലിയ confidence ഉണ്ടാക്കിയത്. ഒരുപക്ഷേ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഒരു ചരിത്രപുരുഷനായി മാറാൻ അങ്ങേക്ക് അവസരം നൽകിയത് ഈ വലിയ മാറ്റത്തിന്റെ പൂർത്തീകരണമാണ്. ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് അതിന്റെ പൂർണ്ണമായ ക്രഡിറ്റുണ്ട്. പുതിയ പാഠ്യക്രമം ആവിഷ്കരിച്ചുകൊണ്ട് ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകണം. ഗ്രേഡിംഗിനെക്കുറിച്ച് വിമർശനങ്ങളും ആശങ്കകളുമുണ്ടായപ്പോൾ പക്വതയോടുകൂടിയുള്ള തീരുമാനമാണോ യെന്ന് അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ആശങ്ക ഉണ്ടായപ്പോഴൊക്കെ ഒരു willpower-ഓടുകൂടി ഈ ഗ്രേഡിംഗ് സമ്പ്രദായം പുതിയ പാഠ്യക്രമത്തിന്റെ പൂർത്തീകരണമായിത്തന്നെ നടപ്പിലാക്കിയ വിദ്യാഭ്യാസ വകുപ്പിനേയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. ഇവിടെ എന്തു സംഭവിച്ചുവെന്ന് അറിയാത്ത ഡോ. അനന്തമൂർത്തിയുടെ റിപ്പോർട്ടിലേക്ക് ഞാൻ കടക്കുകയാണ്. ആ റിപ്പോർട്ടിൽ അദ്ദേഹത്തിന്റെ ഒന്നാമത്തെ നിർദ്ദേശം തന്നെയായിരുന്നു വിദ്യാർത്ഥി കേന്ദ്രീകൃതമായ വിദ്യാഭ്യാസം, പ്രത്യേകിച്ചും സ്കൂൾ വിദ്യാഭ്യാസം പുന:സംവിധാനം ചെയ്യണമെന്നുള്ളത്. അതാണ് ഇന്നലെ പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നത്. പരാജയത്തിന്റെ ദുഃഖവും ശ്വാസംമുട്ടിക്കുന്ന പഠനാന്തരീക്ഷവുമില്ലാതെ തികച്ചും സ്വതന്ത്രരായി വിദ്യാർത്ഥി കൾക്ക് പഠിക്കാം. പുതിയ പാഠ്യക്രമത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ മാനസിക വളർച്ചയും അതിന്റെ ഉയർച്ചയും ഉറപ്പാക്കിക്കൊണ്ട് പുറത്തുവന്ന നാലേമുക്കാൽ ലക്ഷം വിദ്യാർത്ഥികൾ നാളെയുടെ പ്രതീക്ഷകളായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 6-ാം ക്ലാസ് മുതൽ നടപ്പിലാക്കിയിരിക്കുന്ന പുതിയ പാഠ്യക്രമം എൽ.കെ.ജി. തലംമുതൽ കേരളത്തിൽ നടപ്പിലാക്കാൻ വരുന്ന വിദ്യാഭ്യാസവർഷം അങ്ങ് നടപടി സ്വീകരിക്കണം എന്നാണ് എന്റെ വിനീതമായ അഭിപ്രായം. മറ്റൊന്ന് സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്ന നമ്മുടെ ഹയർ സെക്കണ്ടറി സ്കൂൾ ആണ്. NCERT Syllabus നമ്മുടെ പ്ലസ് ടു-വിന് സ്വീകരിച്ചുവെങ്കിൽപ്പോലും പുതിയ പാഠ്യക്രമത്തിന് അനുഗുണമായി ഹയർ സെക്കണ്ടറി മാറ്റാനുള്ള നടപടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവെങ്കിൽമാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെ നേടിയ അതുല്യമായ നേട്ടം കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സമ്പൂർണ്ണമായ മാറ്റമാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് എൽ.കെ.ജി. മുതൽ 5-ാം ക്ലാസ് വരേയും ഹയർ സെക്കണ്ടറിയിലും പുതിയ പാഠ്യക്രമവും ഗ്രേഡിംഗ് സമ്പ്രദായവും നടപ്പിലാക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുന്നു. ഇവിടെ ഡോ. അനന്തമൂർത്തി റിപ്പോർട്ട് അംഗീകരിക്കപ്പെടാതെപോയി, ആശയക്കുഴപ്പമുണ്ടായി. ഡോ. സുകുമാരൻ നായരുടെ റിപ്പോർട്ടും ഉണ്ടായിരുന്നു. പല റിപ്പോർട്ടുമുണ്ട്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. പക്ഷേ ഡോ. അനന്തമൂർത്തി റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു വിദ്യാർത്ഥി കേന്ദ്രീകൃതമായ പാഠ്യക്രമവും പരീക്ഷാ സമ്പ്രദായവും. അതാണ് ഇന്നലെ നടപ്പിലാക്കിയത്. അദ്ദേഹം പറഞ്ഞ ഏതാനും കാര്യങ്ങൾ, ആ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചില്ലെങ്കിൽപ്പോലും അത് നടപ്പിലാക്കണമെന്ന് ഞാൻ നിർദ്ദേശിക്കുകയാണ്. State Institute for Educational Management Training എന്ന് ഡോ. അനന്തമൂർത്തി നിർദ്ദേശിക്കുക മാത്രമല്ല, എസ്.എസ്.എ.-യിൽ മൂന്ന് കോടി രൂപ കേരളത്തിന് തരുകയും ചെയ്തിട്ടുണ്ട്. അന്ന് അത് നടപ്പിലാക്കാൻ പോകുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. C–Mat ഈ വർഷംതന്നെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തന്ന പണം നമ്മുടെ കൈയിലിരിക്കുകയാണ്. ഡോ. അനന്തമൂർത്തി പറഞ്ഞ മറ്റൊരു കാര്യം State Education Council രൂപീകരിക്കണമെന്നുള്ള ആവശ്യമാണ്. അത് വിദ്യാർത്ഥി സംഘടനകളും അധ്യാപക സംഘടനകളും പറഞ്ഞുകൊണ്ടിരിക്കുന്ന ആവശ്യമാണെങ്കിൽപ്പോലും പുതിയ സാഹചര്യത്തിൽ അതിന് വലിയ പ്രസക്തിയുണ്ടെന്ന് ഞാൻ കരുതുകയാണ്. State Education Council രൂപീകരിക്കുമ്പോൾ അതിനനുസൃതമായി വിദ്യാഭ്യാസ ജില്ലാ തലത്തിലും സബ് ജില്ലാതലത്തിലും വിദ്യാഭ്യാസ ഉപദേശക സമിതികൾ രൂപീകരിക്കണമെന്നുള്ള ഒരു നിർദ്ദേശംകൂടി ഞാൻ മുന്നോട്ടുവയ്ക്കുന്നു. വലിയ public involvement-ഓടുകൂടി നമ്മൾ ഇപ്പോൾ നേടിയെടുത്തിരിക്കുന്ന പുതിയ നേട്ടങ്ങൾ നമുക്ക് ശാശ്വതീകരിക്കാൻ പ്രയോജനപ്പെടും. ആ ഒരു നിർദ്ദേശംകൂടി ഞാൻ ഗവൺമെന്റിന്റെ സജീവ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ്. ഡോ. അനന്തമൂർത്തി പറഞ്ഞ ഒരു കാര്യംകൂടിയുണ്ട്. ആ റിപ്പോർട്ട് തത്വത്തിൽ സ്വീകരിച്ച് വേണ്ട നടപടി സ്വീകരിക്കാതെപോയതുകൊണ്ടാണ് ആ റിപ്പോർട്ടിലെ ചില കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത്. ഡ്രീം സ്കൂളുകൾ ഒരു ജില്ലയിൽ ഒന്നാണ് അദ്ദേഹം പറഞ്ഞത്. കാരണം കേരളംപോലെ സാമ്പത്തിക ബുദ്ധിമുട്ടുള്ള ഒരു സംസ്ഥാനത്ത് നമ്മുടെ ഗ്രാമപ്രദേശങ്ങളിലെല്ലാം ഡ്രീം സ്കൂളുകൾ വരണമെന്നുള്ളത് ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ആഗ്രഹമാണെങ്കിൽപ്പോലും അതിന് തുടക്കം കുറിക്കണം. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽത്തന്നെ അതിനെക്കുറിച്ച് വിശദാംശമുള്ളതുകൊണ്ടാണ് ഞാൻ സമയച്ചുരുക്കംമൂലം അത് വിശദീകരിക്കാതെ പോകുന്നത്. ഇന്നലെ നമ്മൾ വിജയം കണ്ടെത്തിയ ഗ്രേഡിംഗ് സമ്പ്രദായത്തിലും പാഠ്യക്രമത്തിലും നമ്മൾ strengthen ചെയ്യേണ്ട പല കാര്യങ്ങളുമുണ്ട്. അധ്യാപക പരിശീലനം വേണം. അടച്ചിട്ടിരിക്കുന്ന സ്കൂൾ ലൈബ്രറികൾ തുറക്കാൻ കഴിയണം.

2/675/2012—34a.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുസ്തകങ്ങളിലേക്ക് കുഞ്ഞുങ്ങളെ മടക്കിക്കൊണ്ടുവരാൻ കഴിയണം. ഓർമ്മ ശക്തിക്കുപകരം അവരുടെ ബുദ്ധിശക്തിയും വിജ്ഞാനത്തിന്റെ ആഴവും അളക്കുന്ന സാഹചര്യത്തിൽ സ്വയം വിജ്ഞാന നിർമ്മാതാക്കളായി കുട്ടികളെ മാറ്റുന്ന രൂപത്തിൽ ലൈബ്രറികൾ പ്രയോജനപ്പെടുത്താൻ അങ്ങയുടെ ഡിപ്പാർട്ടു മെന്റിന് കർശനമായ നിർദ്ദേശം കൊടുക്കണമെന്നുള്ള നിർദ്ദേശംകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. EDUSAT അന്ന് ചില ശ്രമങ്ങൾ നടത്തി. വി.എസ്.എസ്.സി.-ക്കാരുമായി ചർച്ച ചെയ്തു. പക്ഷേ തിരുവനന്തപുരം പോലെയുള്ള പ്രധാന നഗരങ്ങളിലെ വിദ്യാലയങ്ങളിൽ മാത്രമല്ല, ഗ്രാമപ്രദേശ ങ്ങളിലെ വിദ്യാലയങ്ങളിലും ഉപഗ്രഹ വിദ്യാഭ്യാസം ഉണ്ടാകണം. എല്ലാ സ്ക്കൂളുകളിലും എന്തു സാമ്പത്തിക ബാധ്യത വന്നാലും കേന്ദ്രഗവൺമെന്റിന്റെ കൂടി സഹായം തേടിക്കൊണ്ട്, Receivers സ്ഥാപിച്ചുകൊണ്ട് EDUSAT പ്രയോജനപ്പെടുത്താൻ നടപടിയുണ്ടാകണം. വരുന്ന വർഷത്തെ നമ്മുടെ അജണ്ടയിലെ ടോപ് ഇനമായി EDUSAT ഗ്രാമപ്രദേശങ്ങളിലെ സ്ക്കൂളുകളിൽ എത്തിക്കാനുള്ള ശ്രമം നടത്തണം. സ്കൂൾ വിദ്യാഭ്യാസം നവീകരിക്കുകയും അതിൽ മാറ്റത്തിന്റെ അലയൊലികൾ ഉയരുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ ചില അസുഖകരമായ കാര്യങ്ങൾ കൂടി ഞാൻ പറയട്ടെ. നമ്മുടെ ഡി.ഡി. ഓഫീസുകൾ, ഡി.ഇ.ഒ. ഓഫീസുകൾ, എ.ഇ.ഒ. ഓഫീസുകൾ ഇവ ആർ.ടി.ഒ

12.00 NOON] ഓഫീസുകളെപ്പോലെ അഴിമതിയുടെ കൂത്തരങ്ങായി മാറിയിട്ടുള്ളത് അങ്ങ് കാണണം. അതിനു കാരണം വിദ്യാർത്ഥികളുടെ തലയെണ്ണി അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതും നിയമനം നടത്തുന്നതും തസ്തികകൾ ഇല്ലാതാക്കുന്നതും ഡി.ഇ.ഒ.-മാരുടേയും ഡി.ഡി.-മാരുടേയും എ.ഇ.ഒ.-മാരുടേയും ഉത്തരവാദിത്വമാക്കി വച്ചിരിക്കുന്നു എന്നുള്ളതാണ്. അവർ അക്കാര്യങ്ങളിലാണ് ശ്രദ്ധിക്കുന്നത്. അക്കാഡമിക് കാര്യങ്ങളിൽ അവർ ശ്രദ്ധിക്കുന്നതേയില്ല. അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥികളുടെ തലയെണ്ണാനും തസ്തികകൾ സൃഷ്ടിക്കാനും നിയമനവുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും ഒരു എഡ്യൂക്കേഷൻ ട്രിബ്യൂണൽ കേരളത്തിൽ രൂപീകരിച്ചുകൊണ്ട് ആ ഉത്തരവാദിത്വത്തിൽ നിന്നും ഡി.ഇ.ഒ.-മാരേയും ഡി.ഡി.-മാരേയും എ.ഇ.ഒ.-മാരേയും മാറ്റണം. അഴിമതിയുടെ കൂത്തരങ്ങായ ഈ വിദ്യാഭ്യാസ ഓഫീസുകളെ രക്ഷിക്കാൻ അങ്ങ് തയ്യാറാകണം. എസ്.സി. ഇ.ആർ.ടി.-യുടെ കാര്യം ഇവിടെ പറഞ്ഞു. എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനം അഭിമാനകരമാണോ? അവിടത്തെ ഗവേഷണങ്ങൾകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ? കരിക്കുലത്തിന്റെ കാര്യമുൾപ്പെടെ ഞാൻ പറയുകയാണ്. എസ്.സി.ഇ.ആർ.ടി. ഒരു വെള്ളാനയായി മാറാതെ, അതുകൊണ്ട് പ്രയോജനം ഉണ്ടാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കുംഭകോണ ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രപതിതന്നെ ചില കാര്യങ്ങൾ പറയുകയുണ്ടായി. കേരളത്തിലെ 4,488 സർക്കാർ സ്കൂളുകളിൽ 2,895 സ്കൂളുകളും അപകടാവസ്ഥയിലാണ്. 60 ശതമാനത്തോളം സ്കൂളുകൾ

ആപൽശങ്കയുടെ നിഴലിലാണ്. 7,288 എയിഡഡ് സ്കൂളുകളിൽ 1,311 സ്കൂളുകൾ അപകടാവസ്ഥയിലാണ്. 960 അൺ എയിഡഡ് സ്കൂളുകളും 267 എയിഡഡ് സ്കൂളുകളും അപകടാവസ്ഥയിലാണ്. തകർന്ന സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിയാനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ, ഗവൺമെന്റ് സ്കൂളുകൾ നമ്മുടെ ചെലവിലും മറ്റു എയിഡഡ്, അൺ എയിഡഡ് സ്കൂളുകൾ സ്വകാര്യ ഏജൻസികളുടെ ചെലവിലും നിർബന്ധപൂർവ്വം പുതുക്കിപ്പണിയാനുള്ള നടപടികൾ സ്വീകരിച്ചേ മതിയാകൂ. എന്തെങ്കിലും സംഭവിച്ചിട്ട് കണ്ണീര് പൊഴിച്ചിട്ട് കാര്യമില്ല. ഗവൺമെന്റ് അതിനു വലിയ പ്രാധാന്യം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എസ്.എസ്.എ.-യെക്കുറിച്ച് ശ്രീ. പിരപ്പൻകോട് മുരളി ഇവിടെ പറയുകയുണ്ടായി. എസ്.എസ്.എ.-യുടെ പ്രവർത്തനം കേരളത്തിൽ വലിയ പ്രതീക്ഷയോടുകൂടിയാണ് 2002-ൽ ആരംഭിച്ചത്. മോണിറ്ററിംഗ് കമ്മിറ്റികളൊക്കെ ഉണ്ടാക്കിയിട്ടുണ്ട്. എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്ക് അവസരം നൽകിയിട്ടുണ്ട്. പക്ഷേ അത് പ്രയോജനപ്പെടുന്നില്ല. സാർവ്വത്രിക വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കാൻ എസ്.എസ്.എ. പ്രയോജനപ്പെടുന്നില്ല. അതുകൊണ്ട് ഇതിന്റെ സ്ട്രക്ചർ മുഴുവൻ റീവാംപ് ചെയ്യണം. കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് വടക്കേ ഇന്ത്യയ്ക്കുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതികൾ റീവാംപ് ചെയ്യാൻ ഭാവനാസമ്പന്നനായ അങ്ങ് മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബദൽ സ്കൂളുകൾ വലിയൊരു തട്ടിപ്പല്ലേ? ബദൽ സ്കൂളുകൾ യഥാർത്ഥത്തിൽ നടക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നില്ല. 1700 കോടി രൂപ, നമ്മുടെ വിദ്യാഭ്യാസ രംഗത്ത് മുടക്കി 14 വയസ്സുവരെയുള്ള കുട്ടികളെ പഠിപ്പിച്ചെടുക്കാൻ, അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കാൻ, പൊഴിഞ്ഞു പോകുന്നവരെ ആകർഷിക്കാൻവേണ്ടി ചെലവാക്കുമ്പോൾ അത് ദുരുപയോഗപ്പെട്ടു പോകാതിരിക്കാനുള്ള ഇച്ഛാശക്തി അങ്ങ് കാണിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ബദൽ സ്കൂളുകൾ വെറും തട്ടിപ്പാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ പ്രൊപ്പോസലായിരിക്കാം. പക്ഷേ കേരളത്തിൽ അത് ദുരുപയോഗപ്പെട്ടുപോകുന്നു എന്ന് ഞാൻ പറയട്ടെ. അതുകൊണ്ട് എസ്.എസ്.എ. പദ്ധതിയെക്കുറിച്ച് ഈ സഭയിൽ ഒരു ചർച്ച നടത്തണം. അങ്ങനെ ചർച്ച നടത്തി എസ്.എസ്.എ. പദ്ധതി പ്രയോജനപ്പെടുത്തത്തക്ക നിലയിൽ നടപ്പിലാക്കിയില്ലെങ്കിൽ നാളത്തെ തലമുറ നമ്മളെ കുറ്റപ്പെടുത്തും. രണ്ടായിരം കോടി രൂപ കൊണ്ടുപോയി നശിപ്പിച്ചുവെന്നു പറയും. അൺ എയിഡഡ് സ്കൂളുകളെക്കുറിച്ച് ഒരു വാക്ക് പറയാം. ഈ ഗവൺമെന്റ് വന്നതിനുശേഷം കുറച്ചു സ്കൂളുകൾക്ക് അംഗീകാരം കൊടുത്തു. അംഗീകാരമില്ലാത്ത നൂറു കണക്കിനു സ്കൂളുകൾ ഗ്രാമപ്രദേശത്ത് അൺ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു. ഒരുപാട് social impacts ഉണ്ട്. കേരളത്തിൽ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിലും അൺ എയിഡഡ് സ്കൂളുകൾ കൂണുപോലെ മുളച്ചുവരുന്നുണ്ട്. ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകളിൽ, അടിസ്ഥാന സൗകര്യമുള്ള സ്കൂളുകൾക്കുകൂടി അംഗീകാരം കൊടുക്കുക. ഇനി മുതൽ പുതിയ സ്കൂളുകൾ ഒരു കാരണവശാലും ആരംഭിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കരുത്. അത് നിരോധിക്കണം. അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചു പൂട്ടണം. അത് രക്ഷകർത്താക്കളിലും കുഞ്ഞുങ്ങളിലും ആപൽശങ്ക ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട്, നിലവിലുള്ളതും വർഷങ്ങളായി പ്രവർത്തിക്കുന്നതുമായ സ്കൂളുകൾക്കുകൂടി അംഗീകാരം കൊടുത്തുകൊണ്ട്, അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചു പൂട്ടാനുള്ള നടപടി സ്വീകരിക്കണം. Recognition ഇല്ലാത്ത സ്കൂളുകളുടെ കാര്യത്തിൽ കർശനമായി തീരുമാനമെടുക്കണം. എന്റെ അഭിപ്രായം കുറേ സ്കൂളുകൾക്കുകൂടി അംഗീകാരം കൊടുക്കണം എന്നാണ്. അതല്ലാതെ ആർക്കും സ്കൂളുകൾ തുടങ്ങാനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കരുത്. കണ്ടില്ല, കേട്ടില്ല എന്നുള്ള നിലപാട് ഗവൺമെന്റ് ഈ രംഗത്ത് ഉപേക്ഷിക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഒരു വാക്ക് പറയട്ടെ. നമ്മുടെ സാമൂഹ്യ മാറ്റത്തിന്, social restructure-ന് നാല് സർവ്വകലാശാലകൾ എന്ത് പങ്കു വഹിക്കുന്നു? ഒരു പങ്കും വഹിക്കുന്നില്ല. വൈസ് ചാൻസലേഴ്സ് എന്നു പറയുന്നത് ഒരുപക്ഷേ രാഷ്ട്രത്തലവന്മാരേക്കാൾ ആദരണീയരായ, മഹോന്നത പദവികളിൽ എത്തി നിൽക്കുന്നവരാണ്. കാലാകാലങ്ങളിൽ വരുന്ന, ഭരണകൂടത്തിന്റെകൂടി തീരുമാന പ്രകാരം വരുന്ന വൈസ് ചാൻസലേഴ്സ് നിലവാരമില്ലാത്തവരാണെന്ന് പറഞ്ഞാൽ അപകടമായ ഒരു അഭിപ്രായമായിട്ട് കാണരുത്. നമ്മുടെ വിദ്യാഭ്യാസത്തിന്റെയും, സംസ്ക്കാരത്തിന്റെയും, ഔന്നത്യത്തിന്റെയും പ്രതീകമായി കടന്നുവരുന്ന വൈസ് ചാൻസലേഴ്സ് substandard വ്യക്തികളായി പോകുന്നത് ദുഃഖകരമാണ്. അത് സർവ്വകലാശാലകളുടെ നിലവാരത്തെ തകർക്കും. ക്വാസി ജുഡീഷ്യൽ പവർ ഉള്ളവരാണ് അവർ. അവർ എക്സിക്യൂട്ടീവ് ഹെഡ്ഡാണ്. സെനറ്റു കൂടുമ്പോൾ സ്പീക്കറുടെ സ്ഥാനത്തിരിക്കേണ്ടവരാണ്. സർവ്വകലാശാലകളുടേയും ഉന്നത വിദ്യാഭ്യാസത്തിന്റേയും സർവ്വതോമുഖമായ മുഴുവൻ ചുമതലകളുമുള്ളവർ ചരടു വലികളിലൂടെ വരുന്ന കേവലം ഭിക്ഷാംദേഹികളായി മാറരുത്. പലപ്പോഴും മാറുന്നു, മാറിയിരിക്കുന്നു എന്ന് ദുഃഖത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏകീകൃത സർവ്വകലാശാലാ നിയമം വേണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റണം. കേരളത്തിലെ സർവ്വകലാശാലകൾക്ക് ഉതകുന്ന വിദ്യാഭ്യാസ സമ്പ്രദായം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആവിഷ്ക്കരിക്കാൻ കഴിയത്തക്ക നിലയിൽ, പൊളിറ്റിക്കലായിട്ടുള്ള ഒരു ഡിസ്ക്കഷനിലൂടെയല്ല, വിശദമായ ചർച്ചകളിലൂടെ പുതിയ സർവ്വകലാശാലാ നിയമങ്ങൾ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ അങ്ങ് വൈസ് ചാൻസലേഴ്സ് നല്ല സ്റ്റാന്റേർഡോടുകൂടി പ്രവർത്തിക്കുന്നവരായിരിക്കണം എന്നു പറഞ്ഞത് നല്ല അഭിപ്രായമാണ്. ഇപ്പോൾ നിലവിലുള്ള വൈസ് ചാൻസലേഴ്സുമാരെ ആരെയെങ്കിലും ഉദ്ദേശിച്ചാണോ ഈ അഭിപ്രായം പറഞ്ഞതെന്ന് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: ഡോ. ഇക്ബാലിനെപ്പോലുള്ളവർ തന്നെ പറഞ്ഞല്ലോ. വൈസ് ചാൻസലേഴ്സ് എന്നുപറഞ്ഞാൽ നമ്മുടെ സംസ്ക്കാരത്തിന്റേയും ഔന്നത്യത്തിന്റേയും symbol ആണ്. ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്നപ്പോൾ വൈസ് ചാൻസലറെ കാണണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം ഇങ്ങോട്ട് വരണ്ട അങ്ങോട്ട് ചെന്ന് കാണാമെന്ന് പറഞ്ഞ് കേരളാ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറെ പോയി കണ്ടുവെങ്കിൽ ആ സ്ഥാനങ്ങളിൽ വരുന്നവർ ആരായിരിക്കണം എന്ന് ഊഹിക്കാവുന്നതേയുള്ളൂ. വ്യക്തികളെയല്ല അസസ്സ് ചെയ്തത്. ഒരുപക്ഷേ ഏത് ഗവൺമെന്റിന്റെ കാലത്തായാലും ഒരു സെലക്ഷൻ പ്രോസസ്സിലൂടെ കടന്നുവരുന്ന വ്യക്തികൾ നിർബന്ധപൂർവ്വം നമ്മുടെ വിദ്യാഭ്യാസ സാംസ്ക്കാരിക പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കുന്നവർ ആകണമെന്ന അഭിപ്രായമാണ് ഞാൻ പറഞ്ഞത്. യൂണിവേഴ്സിറ്റി നിയമത്തെക്കുറിച്ചൊക്കെ ശ്രീ. പിരപ്പൻകോട് മുരളി സംസാരിച്ചപ്പോൾ പറഞ്ഞു. അക്കാഡമിക് കൗൺസിലിനും ബോർഡ് ഓഫ് സ്റ്റഡീസിനും പ്രാധാന്യം കൊടുക്കണം. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടേത് നമ്മൾ മാതൃകയാക്കണം. ഇവിടെയും രാഷ്ട്രീയ ചരടുവലികൾ ആകരുത്. അതുകൊണ്ടുതന്നെ ഓരോ യൂണിവേഴ്സിറ്റികൾക്കും ഉതകുന്ന നിയമമുണ്ടാക്കാൻ, അക്കാഡമിക് താൽപ്പര്യം ഉയർത്തിപ്പിടിക്കാൻ കഴിയുന്ന നിയമങ്ങൾ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് അവർതന്നെ ഉണ്ടാക്കട്ടെ. അതാണ് എന്റെ വിനീതമായ അഭിപ്രായം. ഒരുകാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നത് അങ്ങയുടെ പുതിയ പാഠ്യക്രമവും ഗ്രേഡിംഗ് ഒക്കെ വരുമ്പോൾ കല, സംസ്ക്കാരം, സ്പോർട്സ് ഇതിനൊക്കെ വലിയ പ്രാധാന്യം കൊടുക്കണം. അപ്പോൾ സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിന്റെ കാര്യത്തിൽ സ്വീകരിക്കുന്ന നയം മാറ്റിയേ പറ്റുകയുള്ളൂ. ശ്രീ. പിരപ്പൻകോട് മുരളി ഇവിടെ പറയുകയുണ്ടായി, ഉച്ചഭക്ഷണത്തിന്റെ കാര്യത്തിലും എസ്.സി.ഇ.ആർ.ടി-യുടെ കാര്യത്തിലും സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിന്റെ കാര്യത്തിലുമൊക്കെ ഇപ്പോഴുള്ള നയത്തിൽ മാറ്റമുണ്ടാകണം എന്ന്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയോ ഡിപ്പാർട്ടുമെന്റുകളുടെ ശുപാർശയോ വേണ്ടത്ര അംഗീകരിച്ചിട്ടില്ലെന്ന ദുഃഖം എനിക്കുമുണ്ട്. പക്ഷേ ഉള്ള റിസോഴ്സസ് വെച്ചുകൊണ്ട് സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ് ഇല്ലെങ്കിൽ ഗ്രേഡിംഗ് വിജയിക്കാൻ പോകുന്നില്ല. ഗ്രേഡിംഗിന്റെ കാര്യത്തിൽ ഫലപ്രദമായി നമുക്ക് മുന്നോട്ടുപോകാൻ പറ്റില്ല. അതുകൊണ്ട് കായികരംഗത്തും കലാരംഗത്തും 500 കുട്ടികൾ എന്നുള്ള ബാർ മാറ്റണം. അങ്ങനെ വരുമ്പോൾ മഹാഭൂരിപക്ഷം സ്കൂളുകളും ഒഴിവാക്കപ്പെടുമെന്ന ദുരന്തം ഒഴിവാക്കാൻതന്നെ 500 കുട്ടികൾ എന്നുള്ള ബാർ മാറ്റണം. സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സിനെ നിയമിക്കാനുള്ള ഇന്നത്തെ rigid സമീപനം മാറ്റണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സാംസ്കാരിക വകുപ്പിനെക്കുറിച്ച് ഒരു വാക്ക് പറയാം. പുതിയ മന്ത്രി ശ്രീ. എ. പി. അനിൽകുമാർ ഒരു പുതിയ മുഖഭാവം നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങൾക്കൊക്കെ കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അദ്ദേഹത്തിന്റെ goodwill-നെയും പരിശ്രമങ്ങളേയും ബഹുമാനിക്കുന്നു. പക്ഷെ ഒരു കാര്യം ധനാഭ്യർത്ഥനയുടെ വേളയായതുകൊണ്ട് പറയുകയാണ്, ഈ സ്ഥാപനങ്ങൾക്ക് അക്കൗണ്ടബിലിറ്റി ഇല്ല. അതുകൊണ്ട് പുതിയ വകുപ്പുമന്ത്രി, നമ്മൾ കൊടുക്കുന്ന ഓരോ രൂപയും സാംസ്ക്കാരിക നവോത്ഥാനത്തിനുവേണ്ടി അങ്ങ് മുൻകൈയെടുത്തുകൊണ്ട് നവീകരിക്കുന്ന സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തുന്നുയെന്ന് ഉറപ്പുവരുത്താൻ, അക്കൗണ്ടബിലിറ്റിയുണ്ടാക്കാനുള്ള ശ്രമംകൂടി നടത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ പിൻതുണയ്ക്കുകയാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ചർച്ചയിലേയ്ക്ക് കടക്കും മുൻപ് എനിക്ക് ഒരുകാര്യം സൂചിപ്പിക്കാനുള്ളത് കേരളാ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ആളുകൾ ഏകാധിപതികളായ ഹിറ്റ്ലറെപ്പോലെയും മുസ്സോളിനിയെപ്പോലെയും പെരുമാറുകയാണ് എന്നാണ്. ഇവിടെ പ്രതിപക്ഷനേതാവടക്കമുള്ള നേതാക്കൻമാർ നിരാഹാര സമരം കിടക്കുമ്പോൾ ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാതെ ധിക്കാരപരമായ സമീപനം സ്വീകരിക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽ ശക്തമായി പ്രതിഷേധിക്കുകയാണ്. ഈ നിലപാട് തുടരാനാണ് ഗവൺമെന്റ് തീരുമാനിക്കുന്നതെങ്കിൽ കേരളം പ്രക്ഷുബ്ധമായ സമരപോരാട്ടങ്ങൾക്ക് വേദിയാകുമെന്ന് മുന്നറിയിപ്പ് നൽകിക്കൊണ്ട് ഞാൻ ചർച്ചയിലേയ്ക്ക് കടക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. കേരളത്തിന്റെ പൊതുവിദ്യാഭ്യാസം എന്ന സങ്കൽപ്പം തകർത്ത ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ്. ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാനദണ്ഡമില്ലാതെ അനുവദിക്കരുതെന്നുള്ളതായിരുന്നു കേരളത്തിന്റെ ശക്തമായ വികാരമെങ്കിൽ ആ മാനദണ്ഡങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് അപേക്ഷിക്കുന്നവർക്കെല്ലാം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ ഗവൺമെന്റാണ് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ്. ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിവിട്ട് പോകുമ്പോൾ, ഗവൺമെന്റ് അവരെ വഴിവിട്ട് സഹായിക്കുന്ന സാഹചര്യമുണ്ടാക്കിയപ്പോൾ കേരളത്തിൽ പ്രക്ഷോഭ സമരങ്ങളുണ്ടാകുകയും വിദ്യാർത്ഥികളും യുവാക്കളും ആ സമരപോരാട്ടങ്ങളിൽ ഏർപ്പെടുകയും ചെയ്തതിന്റെ ഫലമായി അവസാനം ഗവൺമെന്റ് ഒരു ഒത്തുതീർപ്പ് വ്യവസ്ഥയെന്നുള്ള നിലയിൽ എത്തിയത് രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. അത് അംഗീകരിച്ചുകൊണ്ട് 50 ശതമാനം മെറിറ്റ് സീറ്റിൽ സർക്കാർ ഫീസിൽ പഠിപ്പിക്കാമെന്നുള്ള ഒരു തീരുമാനമെടുക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ അങ്ങനെയൊരു നിയമം കൊണ്ടുവരുകയുണ്ടായി. ആ നിയമത്തോട് ഞങ്ങൾ യോജിക്കുന്നില്ല കാരണം അതിലെ വ്യവസ്ഥകളെല്ലാം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്ന തരത്തിലാണ്. 50 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

മെറിറ്റ് സീറ്റിൽ സർക്കാർ ഫീസിൽ പഠിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അംഗീകരിച്ചത്. പക്ഷേ ഈ ബില്ലിനെ അനുകൂലിക്കുന്ന ഏക ഘടകം അതാണ്. പക്ഷേ അതിന്റെ സ്ഥിതി ഇപ്പോൾ എന്താണ്? അങ്ങ് ഇന്ന് രാവിലെ നിയമസഭയിൽ മറുപടി പറയുമ്പോഴും ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആത്മാർത്ഥമായിട്ടുള്ള സമീപനം ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല എന്നാണ് അങ്ങയുടെ മറുപടിയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. പുഷ്പഗിരി മാനേജുമെന്റിനെപ്പോലെയുള്ള, ഭരണതലത്തിൽ സ്വാധീനമുള്ള മാനേജുമെന്റുകളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനമല്ലേ? ഇവിടത്തെ വിദ്യാർത്ഥികളെ സഹായിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞുകൊണ്ടാണ് നിങ്ങൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചത്. നിങ്ങൾക്ക് വിദ്യാർത്ഥികളോടും രക്ഷാകർത്താക്കളോടും സമൂഹത്തോടും ബാദ്ധ്യതയില്ലാതായിരിക്കുന്നു. നിങ്ങൾക്ക് ബാദ്ധ്യത സ്വാശ്രയ മാനേജുമെന്റുകളോട് മാത്രമാണ്. അതല്ലേ ഏറ്റവും മോശമായ കാര്യമെന്ന് പറയുന്നത്? 2003-2004 അദ്ധ്യയന വർഷം അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾപോലും ഉയർന്ന ഫീസ് നൽകുകയാണ്. അന്ന് കെ.ടി. തോമസ് കമ്മീഷൻ ഉണ്ടായിരുന്നില്ല. അന്ന് ഫീസ് ഘടനയെ സംബന്ധിച്ചിടത്തോളം നിങ്ങൾ കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിൽ സർക്കാർ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ അത് കളഞ്ഞിട്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിങ്ങളുടെ വാക്ക് കേട്ട് അഡ്മിഷൻ വാങ്ങിയവരാണ്. ആ വിദ്യാർത്ഥികളെ ഇന്ന് പുറത്താക്കിയിരിക്കുകയാണ്. അവർ വിദ്യാഭ്യാസം നടത്താൻ കഴിയാതെ തെരുവിലൂടെ അലയുകയാണ്. പല തവണ നിയമസഭയിൽ ഈ വിഷയം വന്നതാണ്. നിങ്ങൾ പറയുന്നു ആത്മാർത്ഥമായ സമീപനം സ്വീകരിക്കുന്നുയെന്ന്. കോടതിയിൽ നിങ്ങൾ എന്താണ് പറഞ്ഞത്? കോടതിയിൽ ഞങ്ങൾ അനുകൂലമായി പറഞ്ഞു. ജനുവരി 17-ാം തീയതി വിധി പറയാനിരിക്കെ 15-ാം തീയതി നിങ്ങൾ പ്രസ്താവന നടത്തി. കോടതി നിങ്ങളുടെ നടപടിയെ ശക്തമായി വിമർശിച്ചതാണ്. നിങ്ങൾക്ക് ഈ കാര്യത്തിൽ ഒരു നിലപാടും ഉണ്ടായിരുന്നില്ല. ഇതൊക്കെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞാൽ നിഷേധിക്കാൻ നിങ്ങൾക്ക് കഴിയുമോ? സ്വാശ്രയ മാനേജുമെന്റ് ലോബിക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു സർക്കാരല്ലേ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നത്? വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കുന്നതിനുവേണ്ടി ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലതും ന്യൂനപക്ഷ പ്രേമം പറയുന്നു. ന്യൂനപക്ഷ താൽപ്പര്യവും അവർ പരിഗണിക്കുന്നില്ല. നിങ്ങൾ ഇപ്പോൾ സ്വാശ്രയ മാനേജുമെന്റുകളുടെ കാര്യം പറയുമ്പോൾ കേരളത്തിൽ അയ്യായിരത്തിനും പതിനായിരത്തിനും ഇടയ്ക്ക് മെറിറ്റ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡമില്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിങ്ങൾ സഹായം വാരിക്കോരി കൊടുത്തുകൊണ്ടിരിക്കുന്നു. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി 40 ഏക്കർ സ്ഥലം ലീസിന് കൊടുക്കുകയുണ്ടായി. അതിനല്ലാതെ വേറൊരു പർപ്പസിന് ഉപയോഗിക്കാൻ പാടില്ലെന്നായിരുന്നു ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. അതിന് നിങ്ങൾ യാതൊരു നടപടിയും സ്വീകരിക്കാതെ 20 ഏക്കർ സ്ഥലം സ്വാശ്രയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുവേണ്ടി കേവലം അയ്യായിരം രൂപ വീതം വാങ്ങിക്കൊണ്ട് പതിച്ചു കൊടുത്തു. സെന്റിന് 3 ലക്ഷം രൂപ ലഭിക്കുന്ന നാഷണൽ ഹൈവേയുടെ സമീപമുള്ള സ്ഥലമായിരുന്നു. മുഖ്യമന്ത്രിക്ക് പുഷ്പഗിരി കോളേജെന്ന് പറയുമ്പോൾ ആയിരം നാവാണ്. അദ്ദേഹം ഒരു ദിവസം പല പ്രാവശ്യം പുഷ്പഗിരി കോളേജെന്നുള്ള തലത്തിൽ പറയാറുണ്ട്. ഈ ഗവൺമെന്റിന് വിധേയത്വം വിദ്യാർത്ഥികളോടാണോ, രക്ഷകർത്താക്കളോടാണോ? അല്ല. ഈ ഗവൺമെന്റിന് വിധേയത്വം സ്വാശ്രയ വിദ്യാഭ്യാസ ലോബിയോടാണ്. അതുകൊണ്ട് ഈ നയം തിരുത്തി കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിനുവേണ്ടി നിങ്ങൾ ഈ നയം പുനഃപരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ വിദേശ സർവ്വകലാശാലകൾ വരാൻപോകുന്നുയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇത് വിദ്യാഭ്യാസ കച്ചവടത്തിനുവേണ്ടിയല്ലേ? ഛത്തീസ്ഗഡിൽ 108 സർവ്വകലാശാലകളാണ് അവിടത്തെ ഗവൺമെന്റ് തുടങ്ങാൻ തീരുമാനിച്ചത്. പണം കൊടുക്കുന്നവർക്ക് സർവ്വകലാശാല ബിരുദം കൊടുക്കുകയാണ്. ഒരു കേന്ദ്ര സമിതിയുടേയും അംഗീകാരം വേണ്ട. ഏജന്റുമാർ രാജ്യത്തെമ്പാടും ഇറങ്ങുകയാണ്. അപേക്ഷകൾ സ്വീകരിക്കാൻ തുടങ്ങി. അപ്പോഴാണ് ഇത്തരത്തിലുള്ള സർവ്വകലാശാലകൾ അനുവദിക്കാൻ പാടില്ല, അത് വിദ്യാഭ്യാസ കച്ചവടത്തിന് വഴിയൊരുക്കുമെന്ന് സുപ്രീം കോടതി വിധി വന്നത്. ആ വിധിവന്ന അടുത്ത ദിവസം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു സ്വകാര്യ സർവ്വകലാശാലകൾ പ്രവർത്തിക്കുമെന്ന് പറഞ്ഞു. വിദേശ സർവ്വകലാശാല എന്നു പറഞ്ഞാൽ എന്താണ്? അമേരിക്കയിൽ വ്യാജ ഡോക്ടറേറ്റ് ബിരുദം നൽകുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്, സർവ്വകലാശാലകളുണ്ട്. ശ്രീ. പിരപ്പൻകോട് മുരളി അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവർക്കൊക്കെ ഇവിടെ പ്രവർത്തിക്കാൻ അവസരം കിട്ടുകയാണ്. അങ്ങനെ കേരളത്തിൽ പ്രവർത്തിക്കാൻ അവസരം കിട്ടിയാൽ എന്താണ് ഉണ്ടാകുന്നത്? അതുമൂലം കച്ചവട താൽപ്പര്യമാണ് ഉണ്ടാകാൻ പോകുന്നത്. കുറച്ചു കഴിയുമ്പോൾ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഡോക്ടർ ഇ. ടി. മുഹമ്മദ് ബഷീർ ആയി മാറും. ശ്രീ. ഉമ്മൻ ചാണ്ടി ഡോക്ടർ ഉമ്മൻചാണ്ടിയായി മാറും. ശ്രീമതി കെ. ആർ. ഗൗരിയമ്മ ഡോക്ടർ കെ. ആർ. ഗൗരിയമ്മയായി മാറും. ശ്രീ. വക്കം പുരുഷോത്തമൻ ഡോക്ടർ വക്കം പുരുഷോത്തമനായി മാറും. അതിനുവേണ്ടി വിദ്യാഭ്യാസ കച്ചവട ലോബിയെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാനുള്ള സമീപനം സ്വീകരിക്കുന്നത് ശരിയാണോ? ഈ വ്യാജ നയം പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് വിദ്യാഭ്യാസ കച്ചവടത്തിന് വഴിയൊരുക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കലാലയ ങ്ങളിൽ മൊബൈൽ ഫോൺ നിരോധിക്കുന്നതിനെ സംബന്ധിച്ചും സിനിമാറ്റിക് ഡാൻസ് നിരോധിക്കുന്നതിനെ സംബന്ധിച്ചും അങ്ങ് സൂചിപ്പിക്കുകയുണ്ടായി. നല്ല നിർദ്ദേശമാണ്. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുന്നു. കാരണം, നമ്മുടെ കലാലയങ്ങളിൽ വളരെ സമാധാനപരമായ സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനും മറ്റു തരത്തിലേക്ക് ആ കലാലയങ്ങളുടെ സാഹചര്യം മാറി പോകാതിരിക്കുന്നതിനും അത് ഏറ്റവും നല്ല നിർദ്ദേശമാണ്. അത് തീർച്ചയായും അംഗീകരിക്കുന്നു. പക്ഷേ, കലാലയങ്ങളിൽ മൊബൈൽ ഫോൺ നിരോധിച്ചതുകൊണ്ട് അല്ലെങ്കിൽ സിനിമാറ്റിക് ഡാൻസ് നിരോധിച്ചതുകൊണ്ടുമാത്രം കലാലയങ്ങളിലുള്ള പ്രശ്നങ്ങൾ മാറ്റിയെടുക്കുവാൻ നിങ്ങൾക്ക് കഴിയുമോ? സംസ്ഥാനത്ത് മാതൃകാപരമായി സംഘടനാ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കലാലയങ്ങളിൽ ഇന്ന് സംഘടനാപ്രവർത്തനം അനുശാസിക്കുന്നില്ല. വിദ്യാർത്ഥി രാഷ്ടീയത്തിനെതിരായ നിലപാടാണ് ഇന്ന് സ്വീകരിക്കുന്നത്. പല കാര്യത്തിലും മുന്നണികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റ് ഈ കാര്യത്തിൽ പൊതു താൽപ്പര്യം പരിഗണിക്കാതെ മാനേജുമെന്റുകൾക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥി രാഷ്ട്രീയം അത്ര മോശമാണോ? മുഖ്യമന്ത്രി വിദ്യാർത്ഥിരാഷ്ട്രീയത്തിലൂടെ കടന്നുവന്ന ആളല്ലേ? ശ്രീ. എ.കെ. ആന്റണി, സി.പി.ഐ. നേതാവ് ശ്രീ. വെളിയം ഭാർഗ്ഗവൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങനെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള നിരവധി കക്ഷിനേതാക്കൻമാർ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്നവരല്ലേ? ശ്രീ. വാജ്പേയി, ശ്രീ. ഗുജറാൾ തുടങ്ങി ദേശീയതലത്തിൽ പ്രവർത്തിക്കുന്ന നിരവധി നേതാക്കൻമാർ അങ്ങനെ കടന്നുവന്നവരാണ്. വിദ്യാർത്ഥി രാഷ്ട്രീയം മോശമാണോ? നമ്മുടെ കലാലയങ്ങൾ അരാജകമായ അവസ്ഥയിലേക്ക് പോവുകയാണ്. കലാലയങ്ങളിൽ സംഘടനാ പ്രവർത്തനം നടത്തുവാൻ അനുവദിക്കുന്നില്ലായെങ്കിൽ, അതിനുള്ള സാഹചര്യം ഇല്ലായെങ്കിൽ കേരളത്തിലെ ക്യാമ്പസുകൾ പുത്തൻ സാമ്പത്തിക നയത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഭാഗമായി അതിന്റെ ദൂഷ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ കലാലയങ്ങൾ കലാപത്തിന്റേയും അനാവശ്യ പ്രവണതകളുടേയും ഒരു വേദിയായിമാറും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എറണാകുളത്ത് രാഷ്ട്രീയം നിരോധിച്ച ചില കലാലയങ്ങളിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ മന്ത്രിയായ അങ്ങേക്ക് നല്ല ബോദ്ധ്യമുള്ളതാണ്. പതിനെട്ട് വയസ്സായവർക്ക് വോട്ടവകാശമുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിലും അസംബ്ലി തെരഞ്ഞെടുപ്പിലും വോട്ട് ചെയ്യാം. സംഘടനാപ്രവർത്തനം നടത്താൻ അവരെ അനുവദിക്കില്ല എന്ന് പറയുമ്പോൾ അതിന്റെ താൽപ്പര്യം എന്ന് പറയുന്നത് വിദ്യാഭ്യാസരംഗത്ത് ഏത് കച്ചവടപരമായ സമീപനം നടത്തിയാലും അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചെയ്യുവാൻ നമ്മുടെ വിദ്യാർത്ഥി സമൂഹം ഉണ്ടാകരുത് എന്നുള്ളതാണ്. അതിനുവേണ്ടിയാണ് കലാലയ രാഷ്ട്രീയം നിരോധിക്കാനുള്ള സമീപനം സ്വീകരിക്കുന്നത്. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോഴത്തെ സ്ഥിതി എന്ന് പറയുന്നത് കലാലയങ്ങളിൽ വിദ്യാർത്ഥികളെ കൂട്ടമായി പുറത്താക്കിക്കൊണ്ടിരിക്കുകയാണ്. അതിനെ സംബന്ധിച്ച് ഗവൺമെന്റ് അറിയുന്നുണ്ടോ? ഇത് ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ടോ? കേരളത്തിലെ നിരവധി കലാലയങ്ങളിൽ, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചില വിദ്യാർത്ഥികളെ പരീക്ഷ എഴുതാൻപോലും അനുവദിക്കാതെ പുറത്താക്കിക്കൊണ്ടിരിക്കുകയാണ്. അവർ മാനേജുമെന്റുകളെ ധിക്കരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ് പുറത്താക്കിക്കൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളെ പുറത്താക്കുന്ന സമീപനത്തോട് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി യോജിക്കുന്നുണ്ടോ എന്നാണ് എനിക്ക് അറിയേണ്ടത്. വിദ്യാർത്ഥി സംഘടനയിലുള്ള കുട്ടികളെവരെ പുറത്താക്കിക്കൊണ്ടിരിക്കുകയാണ്. മാനേജുമെന്റുകൾക്ക് എന്തുമാകാം. സർക്കാരിന്റെ സഹായം സ്വീകരിക്കുന്ന മാനേജുമെന്റുകൾ എല്ലാനിയമവും കയ്യിലെടുക്കുകയാണ്. എല്ലാറ്റിനേയും നിയന്ത്രിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പല തരത്തിലുള്ള മാഫിയകളെ സംബന്ധിച്ചും നമ്മൾ ഇവിടെ ചർച്ച ചെയ്യാറുണ്ട്. കേരളത്തിൽ വിദ്യാഭ്യാസ മാഫിയ വളർന്നുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്തെ സംരക്ഷിക്കുന്നതിന് ബാദ്ധ്യതയും, ആർജ്ജവവുമുള്ള ഒരു ഗവൺമെന്റാണെങ്കിൽ ഈ വിദ്യാഭ്യാസ മാഫിയയെ നിലയ്ക്കുനിർത്താനുള്ള സമീപനം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിക്കണം. അതിനുവേണ്ടിയുള്ള നിലപാടുകൾ എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒന്ന്രണ്ട് കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സർവ്വശിക്ഷാ അഭിയാനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകിയ 28 കോടി രൂപയിൽ 8 കോടി രൂപ മാത്രമാണ് ചെലവാക്കിയിട്ടുള്ളത്. 20 കോടി രൂപ ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. അതിന് ഉത്തരവാദികൾ ആരാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവർക്കെതിരെ നടപടി എടുക്കുവാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകണം. അങ്ങ് മറുപടിയിൽ പറഞ്ഞ കാര്യമാണ്. 28 കോടി രൂപ നൽകിയിട്ട് 8 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളു എന്ന പറയുമ്പോൾ വിദ്യാഭ്യാസരംഗത്ത് നിൽക്കുന്ന ഉദ്യോഗസ്ഥൻമാരുടെ താൽപ്പര്യം എന്താണ്? അവരുടെ താൽപ്പര്യം മറ്റു കാര്യങ്ങളിലാണ് എന്ന് പറയേണ്ടിവന്നിരിക്കുന്നു. അതുകൊണ്ട് ഇത് ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. ഐ.ടി. പരീക്ഷയുടെ നടത്തിപ്പിൽ ഇവിടെ എത്ര ക്രമക്കേടാണ് നടന്നത്? എന്തെങ്കിലും മാനദണ്ഡം പാലിച്ചുകൊണ്ടാണോ ആ പരീക്ഷയുടെ ചുമതല മൈക്രോ സോഫ്റ്റിനെ ഏൽപ്പിക്കുന്ന സമീപനം ഉണ്ടായത്? ഇത് ശരിയായ നടപടിയല്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയേണ്ട കാര്യമാണ്. ഒന്നുകൂടി പറയാനുണ്ട്. ഇവിടെ ഹയർ സെക്കന്ററി സീനിയർ ടീച്ചേഴ്സിന്റെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ട്. എച്ച്.എസ്.എസ്.ടി.(ഹയർ സെക്കന്ററി സീനിയർ ടീച്ചേഴ്സ്)-യുടെ റാങ്ക് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ളപ്പോൾ പ്ലസ് ടു സ്കൂളുകളിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിരിക്കുകയാണ്. ഇത് നമ്മുടെ ഗവൺമെന്റിന്റെ നയത്തിന് എതിരാണ്. അതുകൊണ്ട് കരാർ നിയമനങ്ങൾ റദ്ദാക്കിക്കൊണ്ട് ഹയർ സെക്കന്ററി സീനിയർ ടീച്ചേഴ്സ് റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ നിലവിലുള്ള ആ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്പോർട്ട്സുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട സ്പോർട്ട്സ് വകുപ്പുമന്ത്രി ഇവിടെയുണ്ട്. അദ്ദേഹം വേറെ ചർച്ചയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. കായിക കേരളത്തിന് അപമാനം ഉണ്ടായ സംഭവം നാം മറക്കരുത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ശോഭിനി എന്നുപറയുന്ന തുഴച്ചിൽതാരം ഗവൺമെന്റിന്റെ സാമ്പത്തിക സഹായം കിട്ടാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു സംഭവം നടക്കുന്നത്. ഇത് ഗവൺമെന്റിന്റെ കണ്ണ് തുറപ്പിക്കേണ്ട കാര്യമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, കായിക കേരളത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് നിങ്ങൾ പ്രവർത്തിക്കുന്നതെങ്കിൽ ഈ അവശരായ കായിക താരങ്ങളെയെങ്കിലും രക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. അവർക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. അതുപോലെ തന്നെ സ്പോർട്ട്സ് ബില്ലിന്റെ കാര്യം അങ്ങേക്ക്കൂടി അറിയാവുന്ന കാര്യമാണ്. ഒരു സ്പോർട്ട്സ് ബിൽ അവതരിപ്പിച്ച് പാസ്സാക്കിയതാണ്. അതിന്റെ അവസ്ഥയെന്താണ്? അകാലചരമം അടഞ്ഞു. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്ത ഗവൺമെന്റിന്റെ നടപടിയിൽ ഒന്നുകൂടി പ്രതിഷേധിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസവകുപ്പ് കുത്തഴിഞ്ഞ പുസ്തകമാണെന്ന പഴയ പല്ലവി ഇന്ന് മാറിയിരിക്കുകയാണ്. പ്രശ്നങ്ങളേയും സങ്കീർണ്ണതകളേയും അവതാരപൂർവ്വം കൈകാര്യം ചെയ്തുകൊണ്ട് ഈ രംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും അതുപോലെ സർക്കാരിനും കഴിഞ്ഞിട്ടുണ്ട്. ഇന്നലെ ആരംഭിച്ച എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കി കേരളവും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുകയാണ്. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും ആശങ്കയും ആശയകുഴപ്പങ്ങളും മാറ്റാൻ എസ്.എസ്. എൽ.സി. പരീക്ഷയുടെ മാതൃക ഡിസംബറിലെ പരീക്ഷയിൽ പരിചയപ്പെടുത്തുകയാണ്. ഫെബ്രുവരിയിൽ പ്രത്യേകം മോഡൽ പരീക്ഷ നടത്തുകയും പ്രോജക്ടുകളുടേയും മറ്റ് അസൈൻമെന്റുകളുടേയും എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ വളരെ നിർഭയരായിക്കൊണ്ടാണ് വിദ്യാർത്ഥികൾ പരീക്ഷ എഴുതാൻ തുടങ്ങിയിട്ടുള്ളത്. ഐ.ടി. 13-ാമത്തെ വിഷയമായി അംഗീകരിക്കുകയും എല്ലാ എതിർപ്പുകളേയും അവഗണിച്ചുകൊണ്ട് ഐ.ടി.-യുടെ പ്രായോഗിക പരീക്ഷ വിജയകരമായി നടത്തുന്നതിന് ഗവൺമെന്റിന് സാധിച്ചിട്ടുമുണ്ട്. സംസ്ഥാനത്തെ എല്ലാ ഹൈസ്ക്കൂളുകൾക്കും കംപ്യൂട്ടർ ലഭ്യമാക്കിക്കൊണ്ട് ഇൻഡ്യയിൽ സമ്പൂർണ്ണ സ്കൂൾ കംപ്യൂട്ടർവൽക്കരണം നടത്തിയ ഏക സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചിരിക്കുകയാണ്. 286 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചു. 2222 സീനിയർ ഹയർ സെക്കന്ററി അദ്ധ്യാപകരെ നിയമിച്ചു. ജൂനിയർ അദ്ധ്യാപകരുടെ ഒഴിവുകൾ ഇനിയും നികത്തപ്പെടാതെ കിടക്കുകയാണ്. അത് നികത്താൻവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണം. ലാബ് അസിസ്റ്റന്റുമാരുടെ നിയമനത്തിന് അംഗീകാരം നൽകിയത് വളരെ വർഷങ്ങളുടെ നീണ്ട കാത്തിരിപ്പിനുശേഷമാണെങ്കിലും അത് സന്തോഷകരമായ കാര്യമാണ്. പ്രിൻസിപ്പൽ നിയമനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. എച്ച്.എസ്.എ. ആയി സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർക്ക് പ്രൈമറി സ്കൂളുകളുടെ സേവനം ഗ്രേഡിന് കണക്കാക്കാൻ തീരുമാനിച്ചതും വളരെ ആശ്വാസകരമായ തീരുമാനമാണ്. ഡിവിഷൻ ഫാൾ കൊണ്ട് തസ്തിക നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് 1:40 എന്ന ആനുകൂല്യം നൽകി അതേ സ്കൂളിൽ തന്നെ നിയമിക്കാനുള്ള തീരുമാനവും വളരെ സ്വാഗതാർഹമായി. എന്റെ നിയോജക മണ്ഡലത്തിൽ ഒരു ഹൈസ്കൂൾപോലും ഇല്ലാത്ത പഞ്ചായത്തുമുണ്ട്. ഈ നിയമസഭയിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് സബ്മിഷൻ നേരത്തെ ഉന്നയിച്ചതാണ്. പൊൻകുന്നം പഞ്ചായത്തിൽ അടിയന്തിരമായി ഹൈസ്കൂൾ ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ആവശ്യമുള്ള സ്ഥലങ്ങളിൽ നിലവിലുള്ള ഗവൺമെന്റ് ഹൈസ്കൂളുകളെ അപ്ഗ്രേഡ് ചെയ്യാനുള്ള തീരുമാനം ഉണ്ടാകണം. അതുപോലെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകൾ അനുവദിക്കാനുള്ള തീരുമാനവും വളരെ പെട്ടെന്നുതന്നെ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഹയർ സെക്കന്ററിക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഓഫീസുകൾ തുറക്കാനുള്ള തീരുമാനത്തിന് നടപടിയായിട്ടുള്ളത് വളരെ സ്വാഗതാർഹമായ കാര്യമാണ്. വിസ്തീർണ്ണത്തിലും ജനസംഖ്യയിലും കുട്ടികളുടേയും അദ്ധ്യാപകരുടേയും എണ്ണത്തിലും സ്കൂളുകളുടെ എണ്ണത്തിലും മുൻപന്തിയിൽ നിൽക്കുന്ന മലപ്പുറം ജില്ലയിൽ നിലവിലുള്ള വിദ്യാഭ്യാസ ജില്ലയെ വിഭജിച്ച് പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിലൂടെ ഇപ്പോൾ പ്രത്യേകമായ നേട്ടമാണ് കൈവരിച്ചത്. സംസ്ഥാനത്തൊട്ടാകെ ഉണ്ടായിരുന്ന 488 ഓലമേഞ്ഞ സ്കൂളുകൾ ഓടാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. മുസ്ലീം, നാടാർ പെൺകുട്ടികളുടെ സ്കോളർഷിപ്പിന്റെ പ്രശ്നം എപ്പോഴും നിയമസഭയിൽ വരുന്നതാണ്. കാരണം

LIBRARY ARCHIVES Kerala Legislative Assembly

വളരെ കാലതാമസം ഇക്കാര്യത്തിൽ ഉണ്ടാകാറുണ്ട്. അത് പരിഹരിക്കുന്നതിന്റെ ഭാഗമായി ഡി.പി.ഐ. ഓഫീസിൽത്തന്നെ പ്രത്യേക സമിതി രൂപീകരിച്ചുകൊണ്ട് സമയബന്ധിതമായി സ്കോളർഷിപ്പ് നൽകാനുള്ള തീരുമാനം വിജയകരമായി നടക്കുന്നു എന്നതിൽ സന്തോഷമുണ്ട്. വികലാംഗരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മാനസിക വൈകല്യമുള്ള കുട്ടികളുള്ള സ്കൂളുകളുടെ നിയന്ത്രണം വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കാനുള്ള തീരുമാനം വളരെ സ്വാഗതാർഹ മാണ്. അതുപോലെ സന്നദ്ധ സംഘടനകൾ നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് ഘട്ടംഘട്ടമായി എയിഡഡ് പദവി നൽകാൻ ആലോചിക്കുന്നുണ്ട് എന്ന് ബജറ്റ് പ്രസംഗത്തിൽ കാണുന്നുണ്ട്. അക്കാര്യവും സ്വാഗതാർഹമാണ്. എസ്.എസ്.എൽ.സി. പാസ്സാകാത്തതിന്റെ പേരിൽ ഗൾഫ്നാടുകളിലേക്ക് പോകാൻകഴിയാതെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ സംസ്ഥാന സാക്ഷരതാ മിഷൻ തുല്യതാ പരീക്ഷയ്ക്ക് അംഗീകാരം നൽകിയ നടപടി വളരെയധികം അഭിനന്ദനാർഹമായ കാര്യമാണ്. സംസ്ഥാനത്ത്, കോഴിക്കോട്ട് ഐ.ഐ.എം. ആദ്യമായി സ്ഥാപിക്കാൻ കഴിഞ്ഞത് ബഹുമാന്യനായ ഇപ്പോഴത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ്. ഇപ്പോൾ അദ്ദേഹം വീണ്ടും വിദ്യാഭ്യാസ മന്ത്രിയായപ്പോൾ സംസ്ഥാനത്ത് പുതിയ ഐ.ഐ.ടി. നിലവിൽ വരാൻ പോകുകയാണ്. അതിനുള്ള കാർമ്മികത്വം വഹിക്കാൻ അദ്ദേഹത്തിന് ഭാഗ്യമുണ്ടാ യതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരുപാട് സാങ്കേതിക സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജുകളും മറ്റുമൊക്കെ സംസ്ഥാനത്ത് ഇപ്പോൾ പുതിയതായി വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അതിന്റെയെല്ലാം ഒരു അപ്പെക്സ് ബോഡി എന്ന നിലയിൽ ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുള്ള തീരുമാനവും അതിനുള്ള സ്പെഷ്യൽ ഓഫീസറെ നിയമിച്ച കാര്യവും സ്വാഗതാർഹമാണ്. ആദ്യത്തെ നിയമ സർവ്വകലാശാല കൊച്ചിയിൽ സ്ഥാപിക്കാൻ പോകുന്നു എന്നുള്ളതും ഈ രംഗത്ത് ഏറ്റവും വിപ്ലവകരമായ ഒരു നേട്ടമായി നമുക്ക് കാണാൻ കഴിയും. സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ സമിതിക്ക് രൂപം നൽകും എന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. സംസ്ഥാനത്ത് ആദ്യമായി നാല് സർക്കാർ കോളേജുകൾക്ക് സർവ്വകലാശാലകളുടെ പദവി നൽകുന്ന കാര്യം യു.ജി.സി. തത്വത്തിൽ അംഗീകരിച്ചു. കേരളത്തിലെ മുഴുവൻ സർക്കാർ കോളേജുകളുടേയും സമഗ്രമായ വികസനത്തിനുവേണ്ട പദ്ധതികൾ യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കോളേജ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ വിദ്യാഭ്യാസ മേഖലയെ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകുന്നുണ്ട് എന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. അതോടൊപ്പം യുവജനങ്ങൾക്ക് സംസ്ഥാനത്തിനു പുറത്തും വിദേശത്തും തൊഴിൽ ലഭിക്കാൻ സഹായകമാകുന്ന വിധത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലധിഷ്ഠിത കോഴ്സുകൾ നൽകുന്നതിനും നിലവിലുള്ള കോഴ്സുകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള തീരുമാനവും സ്വാഗതാർഹമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 53 എഞ്ചിനീയറിംഗ് കോളേജുകളും 8 മെഡിക്കൽ കോളേജുകളും 6 ഡെന്റൽ കോളേജുകളും 18 ഫാർമസ്യൂട്ടിക്കൽ ഇൻസ്റ്റിറ്റ്യൂഷനുകളും 41 നഴ്സിംഗ് സ്ഥാപനങ്ങളും അനുവദിച്ചു. ഇതുവഴി മെഡിക്കൽ രംഗത്ത് 4230 സീറ്റും എഞ്ചിനീയറിംഗ് രംഗത്ത് 110,67 സീറ്റും പുതുതായി ലഭിക്കുകയുണ്ടായി. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ തിരുവനന്തപുരത്ത് മാത്രമാണ് ഇക്കാലമത്രയും നടന്നുവന്നിരുന്നത്. ഈ വർഷം മുതൽ അത് എറണാകുളത്തും കോഴിക്കോട്ടും നടത്താൻ തീരുമാനിച്ചത് ആ പ്രദേശങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സ്വാഗതാർഹമായ ഒരു തീരുമാനമാണ്. അതുപോലെ അഖിലേൻഡ്യാ മെഡിക്കൽ പ്രവേശന പരീക്ഷയ്ക്കും ഈ മൂന്ന് കേന്ദ്രങ്ങളിലും കൗൺസിലിംഗ് ഏർപ്പെടുത്താനുള്ള തീരുമാനവും സ്വാഗതാർഹമാണ്. അഖിലേൻഡ്യാ തലത്തിലുള്ള മൽസര പരീക്ഷകളിൽ നമ്മുടെ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശമാണ്. മൽസര പരീക്ഷകളിലും തുടർന്നുള്ള കായികക്ഷമതാ പരീക്ഷകളിലും കൂടിക്കാഴ്ചകളിൽപ്പോലും മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുന്നതിന് പ്രയോജനപ്പെടുന്ന വിധത്തിൽ നമ്മുടെ യുവജനങ്ങളെ സജ്ജമാക്കുന്നതിന് അഖിലേൻഡ്യാ നിലവാരത്തിലുള്ള ഒരു പരിശീലന സ്ഥാപനം തിരുവനന്തപുരത്ത് തുടങ്ങും എന്നുള്ള ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കലാ സാംസ്കാരിക മേഖലയിൽ സംസ്ഥാനത്ത് സാംസ്കാരിക നായകൻമാരേയും സാഹിത്യകാരൻമാരേയും പ്രശസ്ത വ്യക്തികളേയുമൊക്കെ സന്ദർശിച്ച് അവരുടെ ഉപദേശനിർദ്ദേശങ്ങൾ തേടി സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനത്തിന് പുതിയ രൂപവും ഭാവവും നൽകാനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമങ്ങൾ വളരെയധികം സ്വാഗതാർഹമാണ്. കലാകാരൻമാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയ തീരുമാനം, ടി.വി. അവാർഡുകൾ ശാസ്ത്രീയമായി പുനഃക്രമീകരിക്കാൻ തീരുമാനിച്ചത്, റേഡിയോ കലാകാരൻമാർക്ക് പുതിയതായി അവാർഡ് ഏർപ്പെടുത്താൻ തീരുമാനിച്ചത് ഇതെല്ലാം ഈ രംഗത്ത് പുതിയ തീരുമാനങ്ങളായി നിലനിൽക്കുകയാണ്. സാംസ്കാരിക പഠനത്തിന് ഉപകരിക്കുന്ന വിധത്തിൽ അതിൽ ആധികാരികത കൈവരുത്തുന്നതിനുവേണ്ടി കലാമണ്ഡലം കേന്ദ്രമായി പുതിയ സാംസ്കാരിക സർവ്വകലാശാലയ്ക്ക് രൂപം നൽകാനുള്ള തീരുമാനവും പ്രത്യേകം ശ്രദ്ധേയമാണ്. പുതിയ കായികതാരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പി. ടി. ഉഷ സ്ഥാപിച്ച അത്ലറ്റിക് സ്കൂളിന് 30 ഏക്കർ സ്ഥലം ദീർഘകാലമായി അവർ ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. അത് നൽകാനുള്ള തീരുമാനം പുതിയ മന്ത്രി വന്നതിനു ശേഷമാണ് ഉണ്ടായത്. അക്കാര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അതുപോലെ 100 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകാൻ സാധിച്ചു എന്നുള്ളതും എടുത്തുപറയേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയതലത്തിലും മറ്റും മികച്ച നേട്ടം കൈവരിക്കുന്ന കായികതാരങ്ങൾക്ക് പ്രോൽസാഹനാർത്ഥം ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയിൽ ഇടതുപക്ഷ മുന്നണി സർക്കാർ രണ്ട് കോടി രൂപയാണ് കുടിശ്ശിക വരുത്തിയത്. ആന്റണി സർക്കാരാണ് ആ കുടിശ്ശിക കൊടുത്തുതീർത്തത്. ദേശീയ തലത്തിൽ മികച്ച നേട്ടം കൈവരിക്കുന്ന താരങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിക്ക് 1997-1998-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ രൂപംകൊടുത്തു എങ്കിലും ഒരു പൈസപോലും ആ ഇനത്തിൽ അവർ നൽകുകയുണ്ടായില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം സന്തോഷ് ട്രോഫി ജേതാക്കൾക്ക് 50,000 രൂപവീതം പാരിതോഷികം നൽകാൻ കഴിഞ്ഞു. അതുപോലെ പെൺകുട്ടികളിൽ ദേശീയ വനിതാ വോളിബോൾ കിരീടം നേടിയവർക്കും പതിനായിരം രൂപ, അയ്യായിരം രൂപ വച്ചുള്ള ധനസഹായങ്ങൾ അനുവദിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. നമ്മുടെ കളിക്കളങ്ങളുടെ നിലവാരം മെച്ചപ്പെടുത്താനും മികവ് തെളിയിക്കുന്ന കായികതാരങ്ങളെ ഏറ്റെടുത്ത് ശരിയായ രീതിയിൽ അവരെ നയിക്കാനും ഒരു പ്രൊഫഷണൽ സമീപനം ഈ രംഗത്ത് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്പോർട്ട്സ് സ്കൂൾ ആരംഭിക്കും എന്ന ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. ഈ മൂന്ന് മന്ത്രിമാരുടേയും വകുപ്പുകൾക്കുവേണ്ടി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി ശക്തമായി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ പിരപ്പൻകോട് മുരളിയേട്ടൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചു. ഞാനും അതിൽപങ്കുചേരുന്നു. ഇന്ന് വിദ്യാഭ്യാസ വകുപ്പിന്റെ നിയമങ്ങളൊക്കെ കാറ്റിൽ പറത്തുകയാണ്. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് ധനമേലാളൻമാർ കൈകാര്യം ചെയ്യുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. അത് പരിശോധിക്കണം, അതുണ്ടാകാൻ പാടില്ല. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം ഇവ നാലും ചേർന്നുകൊണ്ടുള്ള ഒരു വിദ്യാഭ്യാസമുണ്ട്. 'കളരിപ്പയറ്റ്' അങ്ങ് വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. വിദ്യാലയങ്ങളിൽ കായികവിനോദം പാഠ്യവിഷയമാക്കണം. കേരളത്തിന്റെ തനതായ ആയോധനകല എന്നതിനെക്കാളുപരി വളർന്നുവരുന്ന കുരുന്നുകൾക്ക് സ്വയം നിയന്ത്രിക്കാനും സന്ദർഭോചിതമായി പെരുമാറുവാനും മനസ്സുകൊണ്ട് എന്ത് ചെയ്യണമെന്ന് ആലോചിക്കുന്നതിനും മെയ്വഴക്കം കൂട്ടാനും ആരോഗ്യം സംരക്ഷിക്കാനും കേരളത്തിന്റെ പൈതൃകമായിട്ടുള്ള കല കളരിയാണ്. അതുണ്ടാകണം. നിയമസഭയിൽത്തന്നെ ഏകദേശം 50 ശതമാനത്തിൽപ്പരം ആളുകളും രോഗികളാണ്; എന്തെങ്കിലും രോഗം ഉള്ളവരാണ്. ഞാൻ അന്വേഷിച്ചു. ലാബിലൊക്കെ അന്വേഷിച്ചപ്പോൾ 50 ശതമാനം ആളുകളും അവിടെപ്പോയി

2/675/2012—36.

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചിട്ടുണ്ട്. കളരിക്ക് ഒരു അക്കാദമി ഉണ്ടാകുന്നുണ്ട് എന്നുപറഞ്ഞു, അത് പെട്ടെന്നുതന്നെ നടപ്പിലാക്കണം. വിദ്യാലയങ്ങളിൽ കളരി പാഠ്യവിഷയമാക്കണം. അതോടൊപ്പം നമ്മുടെ വിനോദവുമാക്കണം. സ്പോർട്ട്സിന് കിറ്റുകളൊക്കെ അനുവദിച്ചു, 30 രൂപ 45 രൂപയാക്കി, 40 രൂപ പോക്കറ്റ് മണിയൊക്കെയുണ്ട്. പക്ഷേ കണ്ണൂർ സ്പോർട്ട്സ് ഡിവിഷന്റെ കാര്യത്തിൽ ഇതൊന്നും ബാധകമല്ല. വളരെ ശോച്യാവസ്ഥയാണ്. അവിടെ ഹോസ്റ്റലുകളിൽ ഭക്ഷണം കഴിക്കുന്ന സ്ഥലത്തു പോലും പെരുച്ചാഴികളാണുള്ളത്. മുമ്പത്തെ മന്ത്രി ഇത് മാറ്റാം എന്നു പറഞ്ഞിരുന്നു, പക്ഷേ നടന്നില്ല. ഹോസ്റ്റലിൽ കിടന്നുറങ്ങുന്ന സ്ഥലത്തുപോലും പെരിച്ചാഴിയാണ്. അതുകൊണ്ടുതന്നെ കായികരംഗത്തെ കുട്ടികൾ, പ്രത്യേകിച്ച് പെൺകുട്ടികൾ ഉറങ്ങാറേയില്ല. അതുകൊണ്ടു തന്നെ കായികരംഗത്ത് പ്രവർത്തിക്കാൻ അവർക്ക് കഴിയുന്നില്ല. പ്ലസ് ടുവിൽ ലാബ് അസിസ്റ്റന്റുമാർക്ക് ഒക്കെ അപ്രൂവൽ കൊടുത്തു എന്ന് അങ്ങ് പറഞ്ഞു. പക്ഷേ പല വിദ്യാലയങ്ങളിലും അപ്രൂവൽ കിട്ടുന്നില്ല. ഇവിടെ പറഞ്ഞതുപോലെ വിദ്യാഭ്യാസവും കായികവും ഇന്ന് ഇടചേർന്നുകൊണ്ടാണുള്ളത്. അത് കുറച്ചുകൂടി നന്നാക്കിയെടുക്കാൻ വേണ്ടി പി.ഇ.ടി.-മാരെ നിയമിക്കണം. എങ്ങനെ നിയമിക്കണം? ഇപ്പോൾ അതിന് ഒരു മാർജിൻ വച്ചിട്ടുണ്ട്. 500 വിദ്യാർത്ഥികൾ എന്നത് മാറ്റണം. എവിടെയെങ്കിലും കായിക പരിശീലനം നൽകണമെന്നും സ്പെഷ്യലൈസ്ഡ് അധ്യാപകൻമാരെ വയ്ക്കണം എന്നുമൊക്കെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് നിർബന്ധമായും വയ്ക്കണം. അതിന് ഒരു നിബന്ധന വയ്ക്കരുത്. കേരളത്തിന്റെ ആവശ്യമാണിത്. കേരളം ഇപ്പോൾ പി. ടി. ഉഷയേയും അതുപോലുള്ള ആളുകളേയുമൊക്കെക്കുറിച്ച് ഊറ്റംകൊള്ളുന്നു. അങ്ങനെയുള്ള ആളുകളെ വളർത്തിയെടുക്കാൻ നമുക്ക് സാധിക്കണം. ആ രീതിയിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു നിർബന്ധമായി വന്നിരിക്കുകയാണ്. അതുപോലെ കലയേയും സംസ്കാരത്തെയും കുറിച്ച് പറഞ്ഞു, കാവും, കുളങ്ങളും, വയലേലകളും നിറഞ്ഞ കേരള ഗ്രാമം ഇന്ന് ഗൃഹാതുരമായ സ്മരണയാണ്. സർ, ഇവിടെ പറഞ്ഞതുപോലെ സാംസ്കാരിക വകുപ്പിന് ഒരു പുത്തൻ ഉണർവ്വ് നൽകിക്കൊണ്ട് പുതിയ മന്ത്രി മുന്നോട്ടുപോകുന്നു. എന്നിരുന്നാലും ഇതൊന്നും സംരക്ഷിക്കപ്പെടുന്നില്ല. അങ്ങേക്ക് ഇഷ്ടമുള്ള കളരിയെപ്പറ്റിയാണ് പറയുന്നത്. ഇതൊക്കെത്തന്നെ സംരക്ഷിക്കുമ്പോൾ നമ്മൾ പറയുന്നത് ഒന്നും നടപ്പിലാക്കുന്നില്ല. അതാണ് ഞാൻ നേരത്തെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് പറഞ്ഞതും. എല്ലാ വകുപ്പിനെക്കുറിച്ചും നമ്മൾ പറയും. ചെറിയ കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഉറക്കെ പ്രഖ്യാപിക്കുന്നു. ഇവിടെ മൂന്ന് മന്ത്രിമാർ ചേർന്നുകൊണ്ട് ചെയ്യാവുന്ന ചെറിയ കാര്യമാണ് ഞാൻ പറഞ്ഞത്. കളരി നിർബന്ധമാക്കണം. അത് ഒരാവശ്യമാണ്. വളർന്നുവരുന്ന തലമുറയ്ക്ക് കുറച്ചുകൂടി ഉൻമേഷവും ഊർജ്ജവും ഉണ്ടാകാനും നല്ല ആരോഗ്യവാൻമാരായി എന്തിനേയും നേരിടാനുള്ള ഒരു ശക്തി സംഭരിക്കാനും വേണ്ടിയാണ് കളരി.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u>: സർ, കളരി വിദ്യാഭ്യാസത്തെപ്പറ്റിയാണ് സംസാരിക്കാൻ പോകുന്നത്. കേരളത്തിൽ മറ്റെല്ലാം മറന്നാലും കളരി വിദ്യാഭ്യാസം മറക്കാൻ പറ്റാത്തതാണ്. പണ്ട് ആയോധനവിദ്യയുടെ ആരംഭം ഇതായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ കളരി പഠിച്ചിട്ടുണ്ടെന്ന് തോന്നുന്നരീതിയിലാണ് പ്രസംഗിച്ചത്. ആംഗ്യമെങ്കിലും പഠിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. ഞങ്ങളൊക്കെ കളരിയിൽ പഠിച്ചവരാണ്. ഇത്രയുംകാലം വരെ ഒരു ജലദോഷം പോലുമുണ്ടാകാതെ നടക്കാൻ കഴിഞ്ഞത് കളരിപ്പയറ്റുകൊണ്ടാണ്. അതുകൊണ്ട് നിർബന്ധമായും കളരി വിദ്യാഭ്യാസം മിഡിൽ സ്കൂൾ തൊട്ടെങ്കിലും സാർവത്രികമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. പി. മോഹനൻ</u>: കുറുപ്പ് ചേട്ടന് കളരിയെക്കുറിച്ച് അറിയാവുന്നതുകൊണ്ടാണ് പറയുന്നത്. കുറുപ്പുചേട്ടൻ ഇപ്പോൾ നടുത്തളത്തിലിറങ്ങി ചെയ്യാമെങ്കിൽ ഞാൻ ഇവിടന്ന് വായ്ത്താരി പറയാം. അമർന്ന്, അമർച്ചയിൽ ഇടതുവച്ച്, വലതുവച്ച് ചവിട്ടി, വലിഞ്ഞമർന്ന് ചെയ്യാമോ. അതുപോലെ നമ്മെ സംബന്ധിച്ചിടത്തോളം കളരി മെയ്വഴക്കം, അതുപോലെതന്നെ ബുദ്ധിയും കൂട്ടാനുള്ള ഏറ്റവും വലിയ വിനോദമാണ്. അത് പാഠ്യപദ്ധതിയിൽപ്പെടുത്തണമെന്നുള്ള അപേക്ഷയാണ് എനിക്കുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി എതിർക്കുകയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്നീ വകുപ്പുകൾക്ക് വേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ആധുനികവൽക്കരണത്തിന് പിറവി നൽകിക്കൊണ്ട് ജൈത്രയാത്ര നടത്തുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അങ്ങേയറ്റം അനുമോദിക്കുന്നു. നാടിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കാൻ പര്യാപ്തമായ പുതിയ തലമുറയെ വാർത്തെടുക്കാനുള്ള ശ്രമത്തിലാണ് ബഹുമാനപ്പെട്ട മന്ത്രി. റാങ്കിനും മാർക്കിനും വേണ്ടി കുട്ടികളെ തീ തീറ്റുകയും അവസാനം ആത്മഹത്യയ്ക്കുവരെ വഴിതെളിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിന് അന്ത്യം കുറിക്കാൻ ഈ ഗവൺമെന്റിന് ഇന്നലെക്കൊണ്ടു കഴിഞ്ഞു എന്നുള്ളത് ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു യാഥാർത്ഥ്യമാണ്. എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായ കേരളത്തിന് ഇന്ന് അഭിമാനത്തിന്റെ നിമിഷങ്ങളാണ്. രാജ്യമെമ്പാടും നമ്മെ ശ്രദ്ധിക്കുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ വകുപ്പിനേയും അതിലുപരി വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. ഇന്ന് ഈ സഭയിലെ അംഗങ്ങളുടെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു; പ്രതിപക്ഷ അംഗങ്ങൾക്കുപോലും മനസ്സു തുറന്ന് ഒരു യാഥാർത്ഥ്യം അംഗീകരിച്ച നിമിഷമാണ് ഈ സഭയിൽ ഇന്നുണ്ടായതെന്നുള്ളത്. അത് ഏറെ സന്തോഷകരമായ സാഹചര്യത്തിന് ഇട നൽകുകയാണ്. ഗ്രേഡിംഗ് സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം അത് നടപ്പിലാക്കാൻ കഴിഞ്ഞതിൽ ഏറെ ബുദ്ധിമുട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹിക്കേണ്ടിവന്നിട്ടുണ്ട്. അതിന്റെ നടപടിക്രമം പൂർത്തിയാക്കാൻ ഏറെ ത്യാഗം സഹിച്ചിട്ടുണ്ട്. പക്ഷേ കുറ്റമറ്റതായി അത് നടപ്പിലാക്കാൻ കഴിഞ്ഞ വകുപ്പിനെയും മന്ത്രിയേയും അനുമോദിക്കാതിരിക്കാൻ നിർവ്വാഹമില്ല. ഞാൻ ഓർക്കുകയാണ്. 1986-ൽ പ്രീഡിഗ്രി ഡീ-ലിങ്ക് ചെയ്യാൻ എടുത്ത ഒരു തീരുമാനം നടപ്പിലാക്കാൻ വേണ്ടി നമുക്ക് പത്ത് വർഷത്തോളം കാത്തിരിക്കേണ്ടിവന്നു. നമ്മുടെ ഒരു തലമുറയെപ്പോലും ഉപേക്ഷിച്ച സ്ഥിതിയിലേക്ക് വിദ്യാഭ്യാസരംഗം പുറകോട്ടുപോയി. പക്ഷേ ഇത് ഇൻഡ്യാ രാജ്യത്തിന് അഭിമാനകരമാകുംവിധം പ്രാഥമികമായ ഒരു ചുവടുവയ്പിന് അവസരം ഒരുക്കാൻ കഴിഞ്ഞ നിമിഷത്തിൽ ഈ സഭയിൽ അംഗമായിരിക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനവും സന്തോഷവുമുള്ള ഒരു വ്യക്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ഒരിക്കൽക്കൂടി ഇക്കാര്യത്തിൽ അഭിനന്ദിക്കട്ടെ. വിദ്യാർത്ഥികളുടെ സർവതോമുഖമായ കഴിവുകളെ ഒരു ഗ്രേഡിംഗ് സമ്പ്രദായത്തിലൂടെ കണ്ടെത്താൻ കഴിയുകയെന്നത് നിസ്സാരമായി കാണുന്നില്ല. എന്റെ ഒരഭിപ്രായം ഇത് താഴെത്തട്ടിൽക്കൂടി വരണം എന്നുള്ളതാണ്. ഇത് ഹൈസ്കൂൾ ലെവലിൽ മാത്രം പോരാ. കഴിയുമെങ്കിൽ ഏറ്റവും താഴെ തലത്തിൽത്തന്നെ ഗ്രേഡിംഗിനുള്ള ഒരു സംവിധാനം ഉണ്ടാക്കിക്കൊണ്ടുവരുന്നത് വരുംകാലങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾക്ക് അനുസൃതമായി വിദ്യാർത്ഥി കളുടെ മാനസിക വളർച്ചയെ വളർത്തിയെടുക്കാൻ ഉതകും. ഇവിടെ പലരും സംസാരിച്ചപ്പോൾ ശ്രദ്ധിച്ചു. നമുക്ക് അഖിലേന്ത്യാ മത്സര പരീക്ഷകളിൽ മുൻപന്തി യിലെത്താൻ കഴിയുന്നില്ല. ഒരുപക്ഷേ സാമ്പത്തികത്തിന്റെ കുറവായിരിക്കാം. പക്ഷേ അതിന് മാറ്റംവരുത്താൻ കഴിയണം. ഇന്ന് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം തൊഴിൽരഹിതരായ അഭ്യസ്തവിദ്യരാണ്. അത് നാൽപ്പത്തിയഞ്ച് ലക്ഷത്തിലേറെ കഴിഞ്ഞിരിക്കുന്നു. ഒട്ടേറെ സമരങ്ങൾ നമ്മൾ കണ്ടിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് സമരങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ ഒരു വിദ്യാർത്ഥി സംഘടനാ പ്രതിനിധിയായി രാഷ്ട്രീയരംഗത്ത് പ്രവർത്തിച്ചുവന്ന വ്യക്തിയാണ്. എത്രമാത്രം സമരങ്ങൾ നടക്കുമ്പോഴും അതിന് രാഷ്ട്രീയമുഖമുണ്ടായിരുന്നു. പക്ഷേ ഗവൺമെന്റിന്റെ തീരുമാനങ്ങളിൽ വിദ്യാർത്ഥികൾക്കും അതോടൊപ്പം വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നങ്ങളിലും ഗുണകരമായിട്ടുള്ള തീരുമാനം എടുക്കുമ്പോൾ എല്ലാ സംഘടനകളും അത് അംഗീകരിച്ചിട്ടുണ്ട്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഗ്രേഡിംഗ് സിസ്റ്റം. അതോടൊപ്പം ഞാൻ സൂചിപ്പിക്കുന്നത്, പുറത്ത് ഇന്ന് പ്രതിപക്ഷാംഗങ്ങൾ സമരം നടത്തുകയാണ്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ ആയിരിക്കാം, അങ്ങനെ പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഉള്ളപ്പോഴും മാനവശേഷി വളർത്തിയെടുത്ത് കയറ്റുമതി ചെയ്യുന്ന തീരുമാനമാണ് വരും നാളുകളിൽ കേരളത്തിന് രക്ഷപ്രാപിക്കാനുള്ള ഏകമാർഗ്ഗമെന്ന് നമ്മൾ എല്ലാവരും അംഗീകരിച്ചേ പറ്റൂ, നമ്മുടെ കാർഷികോൽപ്പന്നങ്ങൾ മാത്രംകൊണ്ട് കേരളത്തെ ധന്യമാക്കാമെന്ന് വിചാരിക്കുന്നത് ഭൂഷണമല്ല എന്നാണ് എന്റെ അഭിപ്രായം. അതിനനുസൃതമായ ഒരു വിദ്യാഭ്യാസ പരിഷ്ക്കാരവും അതിനനുസൃതമായ ഒരു

സാഹചര്യവും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥികളെപ്പോലെ ടെക്നിക്കൽ സ്കിൽ ഉള്ള വിദ്യാർത്ഥികൾ ലോകത്തെവിടെയെങ്കിലും ഉണ്ടോ? പക്ഷെ എന്താണ് കുഴപ്പം? അവിടെ ഒരു ചെറിയ പ്രോബ്ലം നമ്മൾ നേരിടുകയാണ്. അതോടൊപ്പം അവർക്ക് കാര്യമായ കമ്മ്യൂണിക്കേഷൻ സ്കിൽ ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നഴ്സിംഗ്, മെഡിക്കൽ, എഞ്ചിനീയറിംഗ് ഇക്കാര്യത്തിലൊക്കെയുള്ള നമ്മുടെ ടെക്നിക്കൽ സ്കില്ലിനോടൊപ്പം കമ്മ്യൂണിക്കേഷൻ സ്കിൽകൂടി വളർത്തിയെടുക്കാൻ ആവശ്യമായ ഇംഗ്ളീഷ് വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസക്രമം താഴെത്തലംമുതൽ മുകളിലേക്ക് വളർത്തിയെടുത്ത്, നമ്മുടെ മാനവശേഷിയെ വളർത്തിയെടുത്ത് ഈ വിദ്യാർത്ഥികളിലൂടെ രാജ്യത്തെമ്പാടും സംസ്ഥാനത്തിന്റെ രക്ഷയെക്കൂടി കണക്കാക്കുന്ന പുതിയ രീതി അവലംബിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പംതന്നെ ഞാൻ ഓർക്കുന്നു, കഴിഞ്ഞ 12 വർഷങ്ങൾക്കുമുൻപ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ മന്ത്രിയായിരുന്ന സമയത്തുതന്നെ ഐ.ഐ.ടി. കൊണ്ടുവരാൻവേണ്ടി നടത്തിയ ശ്രമങ്ങൾ നമ്മൾ മറന്നില്ല. പക്ഷെ അന്നത് ഫലപ്രാപ്തിയിലെത്താൻ കഴിഞ്ഞില്ലായെങ്കിലും ഐ.ഐ.എം. കൊണ്ടുവരാൻ കഴിഞ്ഞു എന്നുള്ളത് എടുത്തു സമ്മതിക്കേണ്ടതായിട്ടുണ്ട്. ഇന്ന് എന്താണ് സ്ഥിതി? ഇന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും, ഇക്കാര്യത്തിൽ ഉറപ്പു വാങ്ങിക്കാനും കഴിഞ്ഞിരിക്കുന്നു എന്നുള്ളതും നിഷേധിക്കാൻ പറ്റുന്ന കാര്യമല്ല. അതോടൊപ്പം ഹയർസെക്കന്ററി സ്കൂളിനെക്കുറിച്ച് സംസാരിച്ച പല മെമ്പർമാരും ധാരാളം വിമർശനങ്ങൾ നടത്തിയിട്ടുണ്ട്, കേരളത്തിൽ ഹൗസിംഗ് ബോർഡ് കെട്ടിടത്തിന്റെ രണ്ടോ മൂന്നോ മുറിക്കകത്ത് ഒന്നിക്കുന്ന ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഓഫീസും ഒരു ഡയറക്ടറും ഉണ്ട്. ആവശ്യമുള്ള സൗകര്യങ്ങളുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി തിരക്കാതെ അതിനെതിരെ ആക്ഷേപശരങ്ങൾ മാത്രം വിടുന്നത് വിദ്യാഭ്യാസ ചർച്ചകൾ നടക്കുമ്പോൾ ഭൂഷണമല്ല. ഇന്ന് മേഖലാ ആഫീസുകൾ തുറക്കാൻ തീരുമാനമെടുത്തിരിക്കുന്നു എന്നുള്ളത് ഏറെ ശ്ലാഘനീയമാണ്. ഞാൻ ഹയർ സെക്കന്ററി ഡിപ്പാർട്ടുമെന്റ് ജീവനക്കാരെ അഭിനന്ദിക്കുകയാണ്. അവിടെ ഓരോ കാര്യങ്ങൾക്ക് ചെല്ലുമ്പോൾ താമസം നേരിടുന്നുണ്ടെങ്കിലും പരിമിതമായ സൗകര്യങ്ങളാണ് അവിടെയുള്ളത്. ആ സൗകര്യങ്ങൾ മാറ്റി മേഖലാ ഓഫീസുകളിലേക്ക് വരുമ്പോൾ വിദ്യാർത്ഥികൾക്കും അത് ഗുണകരമായി ഭവിക്കുന്നതോടൊപ്പം ഏറിയ സൗകര്യങ്ങളോടുകൂടി പോകുമ്പോൾ വിദ്യാഭ്യാസ നിലവാരം പുലർത്താനും കഴിയുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതോടൊപ്പം കാലോചിതമായ മാറ്റങ്ങളിലേക്ക് പോകണം. ഇന്ന് നിയമ ഗവേഷണരംഗത്ത് ശ്രദ്ധേയമായ ചുവടുവയ്പ് നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. നിയമ സർവകലാശാല കൊച്ചിയിൽ സ്ഥാപിക്കാൻ അനുമതി നല്കിയിരിക്കുന്നു എന്നുള്ളതും ഏറിയ സന്തോഷമുള്ള കാര്യമാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഒരു എളിയ അപേക്ഷയുണ്ട്. ഞാൻ ഒരു പിന്നോക്ക ജില്ലയിലെ പ്രതിനിധിയാണ്. ഇടുക്കിപോലുള്ള പ്രദേശം, വിദ്യാഭ്യാസ സൗകര്യങ്ങൾ ഇനിയും വളരെയേറെ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഞാൻ ഓർക്കുന്നു, ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ സഭയിൽ ആദ്യമായി അൺഇക്കണോമിക് എന്ന വാക്കുപയോഗിച്ചുകൊണ്ട് സ്കൂളുകൾ നിർത്തലാക്കാൻ ചില തീരുമാനങ്ങൾ വരുന്നു എന്നു കേട്ടപ്പോൾ അതിനെതിരെ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ച ആളാണ് ഞാൻ. പ്രാഥമിക വിദ്യാഭ്യാസം നമ്മുടെ ആവശ്യമാണ്. അതിനുവേണ്ടി വിദ്യാർത്ഥികൾക്ക് അനേകം കിലോമീറ്ററോളം ദൂരം പോകേണ്ടിവരുന്നുണ്ട്. അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സ്കൂളുകൾ നിർത്തലാക്കുന്നത് ശരിയല്ല. ഞാൻ ഓർക്കുന്നു. ഈ സഭയിൽ ഞാൻ പറഞ്ഞതാണ്. എന്റെ നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴി പഞ്ചായത്തിലെ വെൺമണി ഗ്രാമത്തിൽ വൈദ്യുതി എത്തിയത്, ബഹുമാനപ്പെട്ട അനിൽകുമാർ മന്ത്രി രണ്ടാഴ്ച മുൻപ് ആ ഗ്രാമത്തിൽ വൈദ്യുതി കൊടുത്തുകൊണ്ടുള്ള ഒരു ചടങ്ങ് നിർവഹിച്ചതിനുശേഷമാണ്. ഒരു ട്രൈബൽ ഏരിയായിൽ ഒരു യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കിയില്ലായെങ്കിൽ 8 കിലോമീറ്റർ ദൂരം വിദ്യാർത്ഥികൾ നടന്ന് വേറൊരു ഹൈസ്കൂളിലേക്ക് പോകേണ്ടിവരും. പകൽ വെളിച്ചത്തിൽ അവർക്ക് പുസ്തകം വായിക്കാൻ കഴിയില്ല. ഏഴര മണിക്ക് സ്കൂളിൽ പോകണം. തിരിച്ച് ഏഴര മണിക്ക് മടങ്ങിവരും. ഈ സ്ഥിതിയിൽ മാറ്റമുണ്ടാകണം. ബദൽ സ്കൂളുകളിലേക്കും അതുപോലെ ഏഴെട്ടു കിലോമീറ്റർ ദൂരം നടക്കണം. ഈ മാനദണ്ഡങ്ങൾ സഭയുടെ വികാരമായിട്ടെടുക്കാൻ എല്ലാ അംഗങ്ങളും ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എയിഡഡ് സ്കൂൾ ആണെങ്കിലും, അൺ എയിഡഡ് സ്കൂൾ ആണെങ്കിലും പോളിസി ഏതാണെങ്കിലുംശരി വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പോലും സാഹചര്യങ്ങൾ നിഷേധിക്കുന്ന അവസ്ഥയുണ്ടെങ്കിൽ അത് മാറ്റിയെടുക്കാനായി ചിന്തിച്ചുകൊണ്ട് വെൺമണിയിലും ബദലിലും യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ എന്റെ മണ്ഡലത്തിലെ കാൽവരി സ്കൂൾ സ്പോർട്ട്സ് ഹോസ്റ്റലുള്ള ഒരു സ്കൂളാണ്. കേരളത്തിനു നൽകിയ സംഭാവനകളിൽ നല്ല പങ്കും ആ സ്കൂളിൽനിന്നുള്ള കുട്ടികളാണ് നൽകിയിട്ടുള്ളത്. ഈ സ്കൂളുകൾ കായിക രംഗത്ത് നിരവധി നേട്ടം കൊയ്തെടുത്തിട്ടുണ്ട്. അവരുടെ സങ്കടം അവിടെ ഹയർ സെക്കണ്ടറി സ്കൂൾ ഇല്ലെന്നുള്ളതാണ്. അവിടെയൊരു വി.എച്ച്.എസ്.എസ്. നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുകയാണ്. കായികരംഗവും വിദ്യാഭ്യാസ രംഗംപോലെതന്നെ പ്രധാനപ്പെട്ടതാണ്. കായികരംഗത്തേയ്ക്കുവരുന്നതിനുമുമ്പ് സ്കൂൾ കായികരംഗംകൂടി പരാമർശിക്കട്ടെ. ഇന്ന് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ സ്റ്റേറ്റുമെന്റിൽ അക്കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. സ്പോർട്ട്സിനുവേണ്ടി അനുവദിക്കുന്ന തുക സ്കൂളുകളിലേക്ക് എത്താതെ

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടുകൾ ഇല്ലായ്മ ചെയ്യപ്പെടുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അതിന് മാറ്റം വരണം. നല്ല കുട്ടികളെ സെലക്ട് ചെയ്യുന്നത് സ്കൂളുകളിലാണ്. അവരുടെ കായിക വിനോദത്തിനാവശ്യമായിട്ടുള്ള അന്തരീക്ഷം കൊടുക്കാനുള്ള ബാദ്ധ്യത ആ രംഗത്തിനുണ്ട്. കായികാദ്ധ്യാപകർ അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ട് വകയിരുത്താൻ തയ്യാറാകണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ അടിസ്ഥാന വികസനത്തിനുവേണ്ടി നടപ്പിലാക്കിയ കാര്യങ്ങൾ ഏറെ പ്രശംസനീയമാണ്. അറിയപ്പെടാത്ത ധാരാളം കാര്യങ്ങൾ ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ നൽകുന്ന ഉറപ്പും പിന്തുണയും തീരുമാനവും ശ്രദ്ധേയവും അഭിമാനകരവുമാണ്. കായികതാരങ്ങൾക്ക് എല്ലാ പിന്തുണയും മികച്ച പരിശീലനവും നൽകുകവഴി ഈ മേഖലയിൽ കൊയ്തിട്ടുള്ള നേട്ടം സർവ്വകാല റിക്കോർഡാണ്. ദേശീയ സ്കൂൾ അത്ലറ്റിക്സിൽ കുട്ടികൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ദേശീയ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ചരിത്രവിജയം കൈവരിച്ച നമ്മുടെ കുട്ടികൾ കേരളത്തിന്റെ യശസ്സുയർത്തി. പൂനയിൽവച്ച് നടന്ന ദേശീയ സ്കൂൾ മീറ്റിൽ ദേശീയ റിക്കോർഡ് തകർത്ത പ്രകടനം കാഴ്ച വച്ചതിൽ അഭിമാനമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കുട്ടികളാണ് ദേശീയ റിക്കോർഡ് തിരുത്തിയത്. കേരളത്തിന് അഭിമാനമായി മാറിയവരാണ് ഷെമീന ജബ്ബാറും ഷാർളിൻ ജോസഫും. അവർക്ക് പരിശീലനവും അവസരങ്ങളും കൂടുതലായി കിട്ടാനും തുടർ നടപടികളുമായി മുന്നോട്ടുപോകാനും അവരെ സഹായിക്കണം. ഗവൺമെന്റ് ഇക്കാര്യങ്ങൾ ശ്രദ്ധിച്ചുപോകുമ്പോൾ കായികരംഗത്ത് ഇനിയും തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിയും. ദേശീയ വോളിബോളിൽ വെന്നിക്കൊടി പാറിച്ച കേരളത്തിന്റെ വനിതാതാരങ്ങൾക്ക് അവരുടെ ക്വാളിഫിക്കേഷൻ അനുസരിച്ച് ജോലി നൽകി എന്നുള്ളത് ഏറെ സന്തോഷകരമാണ്. സന്തോഷ് ട്രോഫി നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. അവർക്ക് ക്യാഷ് അവാർഡും നൽകി. ഇതുകൊണ്ടുമാത്രം കാര്യമില്ല. കായികതാരങ്ങളിൽ 100 പേർക്ക് ജോലി കൊടുത്തു കഴിഞ്ഞു. തത്വത്തിൽ ഗവൺമെന്റ് കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു തീരുമാനം എടുക്കണം. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടിരിക്കുകയാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം കായികതാരങ്ങളുണ്ട്. നാഷണൽ റെപ്രസന്റേഷൻ ഉണ്ടായിട്ട് വർഷങ്ങളായി. ഇതിന്റെ പേരിൽ സർട്ടിഫിക്കറ്റുമായി കയറിയിറങ്ങുന്ന പാവപ്പെട്ട കായികതാരങ്ങളെ ഒരുകാലഘട്ടത്തിൽ ഈ സംസ്ഥാനം ഉപയോഗിച്ചു. എന്തിനു വേണ്ടി? ദേശീയ റിക്കോർഡിട്ടപ്പോൾ സംസ്ഥാനത്തിന് അഭിമാനമായി എന്ന് പറയാൻ മാത്രം. അവരുടെ കുടുംബപശ്ചാത്തലത്തിലേക്ക്, ജീവിതം വഴിമുട്ടി നിൽക്കുന്ന യാഥാർത്ഥ്യങ്ങളിലേക്ക് തിരിഞ്ഞുനോക്കാൻ സർക്കാരുകൾ തയ്യാറായിട്ടില്ല. അവർക്കുകൂടി ആനുപാതികമായി സ്റ്റേറ്റ് സഹകരണ ബാങ്കുകളിൽ നിയമനം നൽകണം. ഞാൻ പറയാൻ കാരണം, അവിടെയൊക്കെ കൂടുതൽ നിയമനംവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യമുണ്ട്. അവിടെ ഒരു ചെറിയ ശതമാനം ഇവർക്കുവേണ്ടി മാറ്റിവയ്ക്കണം. അവരെ സംരക്ഷിക്കണം. കായിക രംഗത്ത് ഏറെ സംഭാവനകൾ നൽകിയിട്ടുള്ള ജില്ലയാണ് ഇടുക്കി. കഴിഞ്ഞ ബഡ്ജറ്റ് സ്പീച്ചിൽ ഇടുക്കി ജില്ലയിൽ വോളിബോൾ അക്കാഡമിയും സൈക്കിൾ വെലോഡ്രോമും ഉണ്ടായിരുന്നു. അത് താമസിയാതെ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കണം. സായി സെന്റർ ഇടുക്കിയിൽ അനുവദിച്ചതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യത്തിൽ ഞങ്ങളെ അനുഗ്രഹിച്ചു എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാംസ്കാരികരംഗം ജീവസ്സുറ്റ പ്രവർത്തന ശൈലിയിലൂടെ ബഹുദൂരം മുന്നേറി എന്നു പറയുന്നതിൽ അഭിമാനമുണ്ട്. അതിന് നേതൃത്വം കൊടുത്ത വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരള ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനും കലാ സാംസ്കാരിക രംഗത്തെ പ്രമുഖരെ ആദരിക്കുന്നതിനും ഈ വകുപ്പ് നിതാന്ത ജാഗ്രത പുലർത്തുന്നത് നിസ്സാരമായി കാണാൻ കഴിയില്ല. കേരളത്തിലെ പടയോട്ട കാലത്ത് വീരേതിഹാസം രചിച്ച കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാരുടെ പാവനസ്മരണകൾ ഉറങ്ങുന്ന മ്യൂസിയം പൊതുജനങ്ങൾക്കുവേണ്ടി തുറന്നുകൊടുക്കാൻ കഴിഞ്ഞതും നിസാരമായി കാണുന്നില്ല. വിദ്യാഭ്യാസ രംഗത്ത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ തീരുമാനങ്ങൾ വരുംഭാവിയിൽ ഏറെ ഗുണകരമായ സംഭാവനകൾക്ക് നേതൃത്വം കൊടുക്കാനുള്ള വലിയ ചൂണ്ടുപലകയായി കാണുന്നു. ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പത്താംക്ലാസ്സ് പരീക്ഷയെഴുതിയ വിദ്യാർത്ഥികൾക്കൊപ്പം നിന്ന രംഗം ടെലിവിഷനിലും പത്രത്തിലും കണ്ടു. അവരെ നോക്കി അദ്ദേഹം സന്തോഷം പങ്കിട്ട് പോന്നത് ഞാൻ ഓർക്കുന്നു. കായിക രംഗത്ത് നേട്ടം കൈവരിച്ച് സ്വർണ്ണവുമായി തിരിച്ചെത്തിയ കായിക താരങ്ങളെ സ്വീകരിക്കുന്നതുപോലെയാണ് സ്കൂൾ കുട്ടികൾക്കു ചുറ്റും മന്ത്രി ഓടി നടക്കുന്ന രംഗം കണ്ടപ്പോൾ ഓർമ്മവന്നത്. ഇത് കേരള ചരിത്രത്തിൽ ആദ്യമാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി പത്താം ക്ലാസ് പരീക്ഷ നടക്കുന്ന സമയത്ത് സ്കൂളിൽ ചെല്ലുകയും അവരുടെ സന്തോഷം ഏറ്റുവാങ്ങുകയും ചെയ്ത സ്ഥിതിവിശേഷം ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടില്ല. അതിനെ മുക്തകണ്ഠം പ്രശംസിക്കേണ്ട സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നയപരമായ തീരുമാനം ഈ രാജ്യത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചിരിക്കുകയാണ്. പുതിയ മാനവ വിഭവശേഷി വളർത്തി രാജ്യത്തെ സംരക്ഷിക്കേണ്ട തലമുറയെ കണ്ടെത്തുവാൻ അദ്ദേഹത്തിന് കഴിയട്ടെ എന്ന് ഒരിക്കൽക്കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. അതിബൃഹത്തായ ഈ വകുപ്പുകളെക്കുറിച്ച് സംസാരിക്കുന്നതിന് കേവലം 17 മിനിട്ട് മാത്രമാണുള്ളത്. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളെക്കുറിച്ചും സവിസ്തരം ഇവിടെ പ്രതിപാദിക്കുന്നില്ല. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഗ്രേഡിംഗ് ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം എന്ന ബഹുമതി നേടിയെടുക്കുകയും യുണിസെഫിന്റെ പ്രശംസ പിടിച്ചുപറ്റുകയും ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിനേയും അതിന്റെ പ്രഗൽഭനായ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനേയും ഞാൻ അഭിനന്ദിക്കുകയാണ്. ഈ ചർച്ച ഇവിടെ നടക്കുമ്പോൾ ഒൻപതു ലക്ഷം കുട്ടികൾ പരീക്ഷാഹാളിൽ ആണെന്നുള്ള പ്രത്യേകതയുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. റോഷി അഗസ്റ്റിൻ കുട്ടികളെ കാണാൻ പോയ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഉദ്യമത്തെക്കുറിച്ച് ഇവിടെ വിവരിക്കുകയുണ്ടായി. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഐ.ടി. പരീക്ഷ കരിക്കുലത്തിന്റെ ഭാഗമാക്കാനും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പാഠ്യപദ്ധതിയിലുള്ള പരിഷ്ക്കരണമായാലും അദ്ധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിലായാലും അതുപോലെ ഐ.ഐ.ടി. സ്ഥാപിക്കാനുള്ള ശ്രമംതൊട്ട് ഒരുപാട് കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പ് ചെയ്തിട്ടുണ്ട്. ഐ.എ.എസ്. പരിശീലനകേന്ദ്രം ആരംഭിക്കാനുള്ള തീരുമാനം വിദ്യാഭ്യാസ വകുപ്പിലെ നിർണ്ണായകമായ നേട്ടമായി ഞാൻ കരുതുന്നു. യുവജനോൽസവത്തിൽനിന്നും സിനിമാറ്റിക് ഡാൻസ് എടുത്തു കളഞ്ഞു. അതു പോലെ മൊബൈൽ ഫോൺ നിരോധിച്ചതിനേയും ഞാൻ അഭിനന്ദിക്കുകയാണ്. സിനിമാറ്റിക് ഡാൻസ് നമ്മുടെ യുവജനോൽസവത്തിലെ ഒരു പ്രധാന പോരായ്മയായിരുന്നു. യുവജനോൽസവ മാനുവൽ പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അനശ്വരനായ വയലാർ രാമവർമ്മയുടെ മനോഹരമായ ഗാനങ്ങൾ ദേവരാജൻ മാസ്റ്ററുടേയും അതുപോല ദക്ഷിണാമൂർത്തി സ്വാമിയുടേയും സംഗീതത്തിൽ ശ്രീ. യേശുദാസ് ആലപിച്ചത് നാം കേട്ടിട്ടുണ്ട്. അങ്ങനെയുള്ള മലയാള ചലച്ചിത്ര ഗാനരംഗത്ത് "ഇഷ്ടമല്ലെടാ, ഇഷ്ടമല്ലെടാ......" എന്നും "രാക്ഷസീ, രാക്ഷസീ......" എന്നുമുള്ള പാട്ടുകൾ മാത്രമല്ല മഡോണയുടേയും റിക്കി മാർട്ടിന്റേയും അതുപോലെ മൈക്കിൾ ജാക്സന്റേയും ശൈലിയുള്ള ആഭാസ നൃത്തങ്ങൾവരെ സിനിമാറ്റിക് ഡാൻസിന്റെ പേരിൽ നമ്മുടെ യുവജനോൽസവങ്ങളിലുണ്ടായിരുന്നു. എന്റെ കുട്ടി നന്നായി സെക്സിയായി ഡാൻസ് ചെയ്യുന്നു എന്ന് അഭിമാനം കൊള്ളുന്ന രക്ഷാകർത്താക്കളെപ്പോലും യുവജനോൽസവ വേദികളിൽ കാണാൻ സാധിച്ചിരുന്നു. അത് നിരോധിച്ചതിന് ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. 50 വർഷത്തിനിടയ്ക്ക് നമ്മുടെ വിദ്യാലയങ്ങളിലെ അദ്ധ്യാപകരും രക്ഷാകർത്താക്കളും ഒരുപാട് മാറിയിട്ടുണ്ട്. മാനേജർമാരുടെ നാമമാത്രമായ ശമ്പളംകൊണ്ട് അവശതയനുഭവിക്കുകയും പണമുള്ള വീടുകളിലെ കുട്ടികൾ കൊണ്ടുവരുന്ന ചോറ്റുപാത്രത്തിലെ ചോറ് വിശപ്പ് സഹിക്കവയ്യാതെ എടുത്തുകഴിക്കുകയും ചെയ്ത കാരൂർ നീലകണ്ഠപിള്ളയുടെ കഥയിലെ അവശനും ഹതഭാഗ്യനുമായ അദ്ധ്യാപകൻ ഇന്ന് നമ്മുടെ സമൂഹത്തിലില്ല. 50 വർഷത്തിനു മുമ്പ് നമ്മുടെ നാട്ടിലെ കുട്ടികൾക്ക് മിഠായിപോലും ഒരു സ്വപ്നമായിരുന്നു. ഇന്ന് നമ്മുടെ കുട്ടികൾ തനിക്ക് ഇന്ന ബ്രാൻഡ് മിഠായി വേണമെന്ന് രക്ഷാകർത്താവിനോട് പറയുന്ന കാലമാണ്. കുട്ടികളുടെ ഭൗതിക സാഹചര്യങ്ങൾ ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്. അക്ബർ കക്കട്ടിലിന്റെ കഥയിൽ പറഞ്ഞതുപോലെ 10 മണിമുതൽ 4 മണിവരെ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെയെങ്കിലും എന്റെ കുട്ടിയെ സ്കൂളിൽ പിടിച്ചിരുത്തണമെന്ന് പഠിപ്പിക്കുന്ന അദ്ധ്യാപകനോട് കെഞ്ചുന്ന രക്ഷിതാവല്ല ഇന്ന്. കുട്ടികൾ വീട്ടിൽ വികൃതി കാണിക്കാതിരിക്കാനാണ് പ്രത്യേകിച്ച് മലബാർ മേഖലയിൽ ഇന്ന്

1.00 P.M.] വിദ്യാലയങ്ങളിലേക്ക് പറഞ്ഞയച്ചിരുന്നത്. ഇന്ന് നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭൗതികമായി മാറിയിട്ടുണ്ട്. പക്ഷേ ഭൗതികമായ മാറ്റങ്ങൾ കൊണ്ട് മാത്രമായോ? മഹാനായ രവീന്ദ്രനാഥ് ടാഗോർ തന്റെ വിശ്വവിദ്യാലയമായ 'ശാന്തിനികേതൻ' സ്ഥാപിച്ചപ്പോൾ അവിടെ ആവശ്യത്തിന് കെട്ടിടങ്ങൾ ഉണ്ടായിരുന്നില്ല. അതിരുകളില്ലാത്ത ആകാശവും വൃക്ഷങ്ങളുടെ കൊമ്പുകളുമായിരുന്നു മഹാനായ ടാഗോറിന്റെ ശാന്തിനികേതന്റെ മേൽക്കൂരയായി ഉണ്ടായിരുന്നത്. അവിടെ ഉണ്ടായിരുന്ന ഏക കെട്ടിടത്തിന്റെ നെറ്റിയിൽ അദ്ദേഹം എഴുതിവെച്ചു "യത്ര വിശ്വം ഭവത്യേക നീഡം", "ഈ വിശ്വം മുഴുവൻ ഒരു പക്ഷിക്കൂടാണ്". ഒരു പക്ഷിക്കൂട്ടിൽ എങ്ങനെ പക്ഷികൾ കൊക്കൊരുമ്മി ഒന്നായി ജീവിക്കുന്നുവോ അതുപോലെ ഈ മനുഷ്യ സമൂഹം ഒന്നായി ജീവിക്കണം എന്നാണ് ടാഗോർ ആഗ്രഹിച്ചത്. അവിടെയാണ് ആരാധ്യയായ ഇന്ദിരാഗാന്ധിയെപ്പോലുള്ളവർ പഠിച്ചത്. മാനവികതയായിരുന്നു ടാഗോറിന്റെ സ്ഥാപനത്തിന്റെ മുഖമുദ്ര. രാഷ്ട്രപിതാവിന്റെ വിദ്യാഭ്യാസ സങ്കൽപ്പവും അതായിരുന്നു. ഓരോ സമുദായവും ഓരോ കാലഘട്ടത്തിൽ ആവശ്യപ്പെട്ട വിദ്യ അഭ്യസിപ്പിച്ച് തുടങ്ങിയെന്ന് ഇതിഹാസങ്ങളും ചരിത്രങ്ങളും പറയുന്നു. ദ്രോണാചാര്യർ തന്റെ കുട്ടികളെ പഠിപ്പിച്ചത് സയൻസോ ടെക്നോളജിയോ അല്ല. ആ കാലഘട്ടത്തിലെ സാമൂഹിക വ്യവസ്ഥയിലെ നിലനിൽപ്പിന് ആധാരമായ ആയോധന കലയിലുള്ള പ്രാവീണ്യമായിരുന്നു. ആ ഇതിഹാസം മുതൽ ഏതാണ്ട് 50 കൊല്ലംവരെ വരേണ്യവർഗ്ഗത്തിന്റെ കുത്തകയായ വിദ്യാഭ്യാസം ജനാധിപത്യവൽക്കരണത്തിലൂടെ, പുരോഗതിയിലൂടെ ഇന്ന് സാധാരണക്കാരന് പ്രാപ്യമായിരിക്കുകയാണ്. കർണ്ണനോട് ദ്രോണാചാര്യർ ചോദിച്ചത് തന്റെ അച്ഛൻ ആരാണ് എന്നാണ്. ഏകലവ്യനോട് പെരുവിരൽ മുറിച്ചു വാങ്ങാൻ ദ്രോണാചാര്യർ തയ്യാറായതും ആ വരേണ്യവർഗ്ഗത്തിന്റെ വിദ്യാഭ്യാസ കുത്തക കൊണ്ടായിരുന്നു. ഇന്ന് പലർക്കും പഠിക്കാനുള്ള സൗകര്യമുണ്ട്. ഞാൻ ഒരു കാര്യം മാത്രം പറയുന്നു; വിദ്യാഭ്യാസംകൊണ്ട് സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിയണം. മനുഷ്യന്റെ ജീവിതത്തിലുള്ള പരീക്ഷയാണ് ഏറ്റവും വലിയ പരീക്ഷ. ഇന്ന് ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും നേടാൻ രക്ഷിതാക്കൾ മക്കളെ പരിശീലിപ്പിക്കാനായി പാടുപെടുന്ന ഒരു സാമൂഹിക വ്യവസ്ഥയിലാണ് നമ്മളൊക്കെ ജീവിക്കുന്നത്. ആ മക്കളെ ഇറച്ചിക്കോഴിയെപ്പോലെ ആരംഭംതൊട്ട് പഠിപ്പിച്ച് വളർത്തി വലുതാക്കി വിവാഹ കമ്പോളത്തിൽ ലക്ഷങ്ങൾ സ്ത്രീധനം വാങ്ങുന്നവരും അതുപോലെ നൂറുകണക്കിന് പവൻ ആഭരണങ്ങൾ വാങ്ങുന്നവരുമായി മാറ്റി. ആ മക്കൾ തങ്ങളെ പഠിപ്പിച്ച രക്ഷിതാക്കളെ ഏത് പഞ്ചനക്ഷത്ര വൃദ്ധസദനങ്ങളിലാണ് ആക്കേണ്ടത് എന്ന് ആലോചിക്കുന്ന ആസുരമായ ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. മനുഷ്യന്റെ ജീവിതത്തിൽ ആവശ്യമായ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ വിദ്യകൊണ്ട് നേടുന്നില്ല. ആയിരക്കണക്കിന് മോട്ടോർ അപകടങ്ങൾ ഉണ്ടാകുന്ന സംസ്ഥാനത്ത് ബിരുദാനന്തര വിദ്യാഭ്യാസം നേടിയ ഒരാൾക്ക് പോലും ഡ്രൈവിംഗ് അറിയാമെങ്കിലും മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ പ്രാഥമിക പാഠങ്ങൾപോലും അറിയില്ല. നിയമ സാക്ഷരത അറിയുന്നവർ വളരെ അപൂർവ്വമാണ്. പരിസ്ഥിതി അവബോധത്തെക്കുറിച്ച് പറയുന്നവരും ചിന്തിക്കുന്നവരും വളരെ വിരളമാണ്. ഇവിടെ എല്ലാവരും മതവിശ്വാസികളാണ്. എന്തിനേറെ, അന്യമതങ്ങളെ പോയിട്ട് സ്വന്തം മതത്തെപ്പറ്റിപോലും പഠിക്കാൻ ഇന്നത്തെ സമൂഹം തയ്യാറല്ല. ഇവിടെ സുനാമി ദുരന്തം ഉണ്ടായി. മനുഷ്യശരീരം ചീഞ്ഞളിഞ്ഞ ശവങ്ങളിൽ കൊത്തി കാകനും കഴുകനും വിശപ്പാറ്റുമ്പോൾ അത് സംസ്ക്കരിക്കാൻ എല്ലാ മനുഷ്യരും ഒരുമിച്ചുവന്നു. പക്ഷേ സംസ്ഥാനത്തെ ഞാൻ അടക്കമുള്ള ജനപ്രതിനിധികൾക്കോ അഭ്യസ്തവിദ്യരായ തലമുറയ്ക്കോ ഉദ്യോഗസ്ഥ മേധാവികൾക്കോ എന്താണ് ഈ സുനാമിയുടെ അടിസ്ഥാന കാരണം എന്നുള്ളതിന്റെ പ്രാഥമികമായ അറിവുപോലും ഉണ്ടായിരുന്നില്ല. അതിനുവേണ്ടി പുസ്തകങ്ങളേയും അതിനെപ്പറ്റി അറിവുള്ളവരുടെ പ്രഭാഷണങ്ങളേയും ആശ്രയിക്കേണ്ടി വന്നു. അതുകൊണ്ട് കാലഘട്ടത്തിന് അനുസൃതമായി സിലബസ് പരിഷ്ക്കരിക്കണം. വിദ്യാഭ്യാസത്തിന്റെ അജണ്ട നിശ്ചയിക്കുന്നത് കേവലം അദ്ധ്യാപക സംഘടനകളല്ല. ഇവിടെ മൈക്രോസോഫ്റ്റ് ഐ.ടി. പരീക്ഷ നടത്തുന്നതിനെക്കുറിച്ച് പറഞ്ഞു. ലോകം ഓടുമ്പോൾ അതിനനുസരിച്ച് നമുക്ക് ഓടാൻ കഴിയണം തങ്ങളുടെ സ്ഥാപനങ്ങളിൽ മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ്വെയർ ഉപയോഗിക്കുകയും തങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽത്തന്നെ അത് ഉപയോഗിക്കാൻ അനുവദിക്കുകയും ചെയ്തുകൊണ്ട് ഇവിടുത്തെ കുട്ടികളുടെ ഭാവിയെ പന്താടുന്നത് ശരിയായ സമീപനമല്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാംസ്ക്കാരിക രംഗത്തെക്കുറിച്ച് പറയുമ്പോൾ ഒരുപാട് പറയാനുണ്ട്. “ഒരു തിരയല്ല സാഗരം, ഒരു മരമല്ല കാനനം, ഒരു നിറമല്ല മഴവില്ലൊരു സ്വരമല്ല സംഗീതം” എന്നു പറയുന്നതുപോലെ ഏതാനും അക്കാദമികളും സാംസ്ക്കാരിക സ്ഥാപനങ്ങളും മാത്രമല്ല നമ്മുടെ രാജ്യത്ത് സംസ്ക്കാരത്തെ നിയന്ത്രിക്കുന്നത്. നൂറ്റാണ്ടുകളുടെ പാരമ്പര്യത്തിൽനിന്ന് ഉരുത്തിരിയുന്നതാണ് നമ്മുടെ സംസ്ക്കാരം. നമ്മുടെ പൈതൃകത്തിലാണ് സംസ്ക്കാരത്തിന്റെ അടിവേരുകൾ. ആ പൈതൃകങ്ങളെ സംരക്ഷിക്കുവാനും പാരമ്പര്യങ്ങളെ ഉൾക്കൊള്ളുവാനും അതിൽനിന്ന് ശക്തി സംഭരിക്കാനും ഒരു സമൂഹത്തിന് കഴിയുമ്പോഴേ സംസ്ക്കാര സമ്പന്നമായ ഒരു സമൂഹത്തിനെ സൃഷ്ടിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. ഇവിടെ ഒരുപാട് അക്കാദമികളുണ്ട്. ആ അക്കാദമികൾ ഉണ്ടായതുകൊണ്ട് കാര്യമുണ്ടോ? ആ അക്കാദമികൾ നല്ല കാര്യം തന്നെയാണ്. അവർ അവാർഡ് കൊടുക്കുന്നുണ്ട്. അവർ സാഹിത്യരംഗത്തും സംഗീതരംഗത്തും ലളിതകലാരംഗത്തുമൊക്കെ ഒരുപാട് സേവനങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഈ അക്കാദമികൾക്ക് ഗവൺമെന്റിനോട് വല്ല അക്കൗണ്ടബിലിറ്റിയും ഉണ്ടോ? അക്കാദമി വേണ്ടാ എന്ന് ഞാൻ പറയുന്നില്ല; വേണം.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഈ അക്കാദമികളുടെ കാര്യം പുനഃപരിശോധിക്കുവാനും അവലോകനം ചെയ്യുവാനും സമയമായി എന്ന് ഞാൻ കരുതുകയാണ്. ശ്രീ. അനിൽകുമാറിനു മുമ്പുള്ള സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. ജി. കാർത്തികേയൻ അക്കാദമികളുടെ അദ്ധ്യക്ഷ പദവിയിലേയ്ക്ക് രാഷ്ട്രീയം നോക്കാതെ കേരളത്തിലെ അറിയപ്പെടുന്ന പ്രഗൽഭന്മാരെയാണ് നിയമിച്ചത്. എന്റെ പ്രിയപ്പെട്ട അനിൽകുമാർ സാംസ്കാരിക വകുപ്പിന്റെ നേതൃത്വം ഏറ്റെടുത്തതിനുശേഷം രാഷ്ട്രീയത്തിനതീതമായി അർഹതയുള്ളവരെ അംഗീകരിക്കുന്ന ഒരു സമീപനമാണ് പുലർത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഈ അക്കാദമികൾക്ക് അവാർഡ് കൊടുക്കൽ മാത്രമാണോ സാഹിത്യ പ്രവർത്തനം? അവാർഡ് കൊടുക്കൽ മാത്രമാണോ സംഗീത പ്രവർത്തനം? നമ്മുടെ ഇതിഹാസങ്ങളും സ്മൃതികളുംതൊട്ട് ഏറ്റവും ഉത്തരാധുനിക സാഹിത്യംവരെയുള്ള സാഹിത്യ സൃഷ്ടികളും കാട്ടിലെ പാഴ്മുളം തണ്ടുകൊണ്ട് പാട്ടിന്റെ പാലാഴി തീർത്ത ഭഗവാൻ ശ്രീകൃഷ്ണൻ തൊട്ട് ഏറ്റവും ആധുനിക സംഗീതം വരെയുള്ള സംഗീത പാരമ്പര്യങ്ങളും മഹാഭാരതത്തിലെ കൊട്ടാരംതൊട്ട് ഏറ്റവും ആധുനിക ലളിതകലകളും വരെ പാരാവാരം പോലെ വിസ്തൃതമായ സാംസ്കാരിക പാരമ്പര്യത്തിന്റെ ചേതന ഉൾക്കൊള്ളുവാൻ നമ്മുടെ അക്കാദമികൾക്കും സാംസ്കാരിക വകുപ്പിനും കഴിയണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നത്തെ സമൂഹം സംസ്കാരത്തിന്റെ നിർമ്മാതാക്കളല്ല; സംസ്കാരത്തിന്റെ വില്പനക്കാരാണ്. നാം എത്തിച്ചേർന്ന ലോകമല്ല നാം എത്തിച്ചേരേണ്ട ലോകം എന്നു പറയുമ്പോൾ സാംസ്കാരിക രംഗത്ത് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യുവാനുണ്ട്. മനുഷ്യസ്നേഹത്തിന് വിലയില്ലാത്ത പാരമ്പര്യങ്ങളെക്കുറിച്ച് അഭിമാനം കൊള്ളാത്ത ആസുരമായ ഈ ലോകത്തെക്കുറിച്ച് നമുക്ക് സാംസ്കാരിക രംഗത്ത് പുതിയ അവബോധം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസക്തിയോടുകൂടി ചിന്തിക്കേണ്ടി വരുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് വളരെ വിജ്ഞാനപ്രദവും കാര്യമാത്ര പ്രസക്തവുമായ പ്രസംഗത്തിലൂടെ ഈ സഭയുടെ ശ്രദ്ധ ആകർഷിക്കുകയാണ്. പക്ഷേ പഠിച്ച ആളുകൾ ചില പ്രശ്നങ്ങൾ വരുമ്പോൾ ഒളിച്ചോടുകയാണ്. അതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ബഹുമാന്യനായ മുൻമന്ത്രി ഡോ. എം. എ. കുട്ടപ്പന്റെ പി. എ. ആയ ചെമ്പഴന്തി സുനിൽ. അദ്ദേഹത്തിന് പരിക്ക് പറ്റി ഒരു മണിക്കൂറോളം റോഡിൽ കിടന്നിട്ട് തിരിഞ്ഞു നോക്കാൻ വിദ്യാസമ്പന്നർ ഈ നഗരത്തിൽ ഉണ്ടായിരുന്നില്ല എന്ന ദുഃഖസത്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ്: സർ, വർത്തമാനകാല മനുഷ്യന്റെ സ്വാർത്ഥതയുടെ പ്രതീകമാണ് ഈ സംഭവം. അത് ചെമ്പഴന്തി സുനിലിന്റെ കാര്യത്തിൽ മാത്രമല്ല ഒരു മനുഷ്യൻ വെള്ളത്തിൽ മുങ്ങിമരിക്കാൻ പോകുമ്പോൾ മറ്റുള്ളവർ

LIBRARY ARCHIVES Kerala Legislative Assembly

നോക്കിനിൽക്കേ അദ്ദേഹത്തെ രക്ഷിക്കാനായി വെള്ളത്തിലേയ്ക്ക് എടുത്തുചാടിയ ഒരു വിദേശി കരയിൽ ഊരിവച്ച വസ്തുക്കൾ നഷ്ടപ്പെട്ട ചരിത്രം നമ്മുടെ നാട്ടിനുണ്ട്. മനുഷ്യന്റെ ധാർമ്മിക ബോധത്തിന്റെ അഭാവവും സാമൂഹിക അവബോധമില്ലായ്മയുമാണ് അതിന് പ്രധാനപ്പെട്ട കാരണമെന്ന് നാം മനസ്സിലാക്കണം. അത് പരിഹരിക്കുന്നതിന് നമ്മുടെ വിദ്യാഭ്യാസ രീതിക്കും അതുപോലെ സാംസ്ക്കാരിക അവബോധത്തിനുമൊക്കെ ഒരു പരിധിവരെ കഴിയുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാംസ്ക്കാരിക സർവ്വകലാശാല ആരംഭിക്കാനുള്ള ശ്രമത്തെ ഞാൻ അഭിനന്ദിക്കുകയാണ്. മഹാനായ വള്ളത്തോൾ ആരംഭം കുറിച്ച കലാമണ്ഡലം കേന്ദ്രമാക്കിയിട്ടുള്ള ആ സാംസ്ക്കാരിക സർവ്വകലാശാലയ്ക്ക് ഒരു സ്പെഷ്യൽ ആഫീസറെ നിശ്ചയിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. അതിന് അടിയന്തിരമായി തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കാവും കുളവും വയലും നിറഞ്ഞ കേരള ഗ്രാമത്തിന്റെ പശ്ചാത്തലം പുനഃസൃഷ്ടിക്കുമെന്നു സാംസ്ക്കാരിക വകുപ്പ് മന്ത്രി പറഞ്ഞതായി ഞാൻ വായിച്ചു. നമ്മുടെ ഭാവി തലമുറയ്ക്ക് കാണുന്നതിനുവേണ്ടി കേരളത്തിൽ അങ്ങനെയൊരു ഗ്രാമം സൃഷ്ടിക്കുന്നതിൽ തെറ്റില്ല. പക്ഷേ നാഗരികതയുടെ എല്ലാ വൃത്തികെട്ട ശൈലികളും ആ ഗ്രാമത്തിൽ ഉണ്ടാകരുത്. ടൂറിസ്റ്റുകളെ വരുത്തി പ്ലാസ്റ്റിക്കും മാലിന്യങ്ങളും നിറച്ച് ആ ഗ്രാമമെന്ന സങ്കൽപ്പത്തെ ഒരിക്കലും അലങ്കോലപ്പെടുത്തരുത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നൂറ്റിമുപ്പതു കോടി ജനങ്ങളുള്ള ഇന്ത്യൻ കായിക രംഗത്തിന്റെ കൂരിരുട്ടിൽ പലപ്പോഴും ഒരു മെഴുകുതിരി വെട്ടമെങ്കിലും കാണിച്ചിട്ടുള്ളത് കേരള സംസ്ഥാനം തന്നെയാണ്. പി. ടി. ഉഷയെയും ഷൈനി എബ്രഹാമിനേയുമൊക്കെ സൃഷ്ടിച്ച കേരള സംസ്ഥാനത്ത് ചുരുങ്ങിയ കാലംകൊണ്ട് സ്പോർട്ട്സ് വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ശ്രീ. ഡൊമിനിക് പ്രസന്റേഷന് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. 3 കോടി 30 ലക്ഷം ജനങ്ങളുള്ള കേരള സംസ്ഥാനത്ത് ഇന്ത്യയ്ക്കുതന്നെ മാതൃകയായിക്കൊണ്ട് കേരളത്തിന്റെ കായികരംഗം പലപ്പോഴും മുന്നോട്ടുപോയിട്ടുണ്ട്. 130 കോടി ജനങ്ങളുള്ള ഇന്ത്യാ രാജ്യത്ത് ഇക്കണ്ട കാലമത്രയും ഇന്ത്യ പല കളികളിലും മുന്നോട്ടുപോയപ്പോൾ ഒളിമ്പിക്സിൽ ഒരു സ്വർണ്ണമെഡൽ പോലും നമുക്ക് നേടുവാൻ സാധിച്ചിട്ടില്ല. രാഷ്ട്രീയ അതിപ്രസരവും അതുപോലെ തൊഴുത്തിൽക്കുത്തും കുതികാൽ വെട്ടുമൊക്കെ പല മേഖലയേയും നശിപ്പിക്കുന്നതുപോലെ അത്ര ഇല്ലെങ്കിലും ചെറിയ തോതിലുള്ള അതിപ്രസരം കായിക രംഗത്തും ഉണ്ടാകുന്നുണ്ടെന്നുള്ളത് നാം കാണാതിരുന്നുകൂടാ. അതുപോലെ നമ്മുടെ കായിക പ്രതിഭകൾക്ക് കളിക്കുവാനും അവർക്ക് പ്രോത്സാഹനം നല്കുവാനും കൂടുതൽ സംവിധാനമുണ്ടാകണമെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മൂന്നു വകുപ്പുകളും ജീവിതത്തിന്റെ നിർണ്ണായകമായ ഭാഗമാണ്. അതുകൊണ്ട് ഈ മൂന്നു വകുപ്പുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ചുരുങ്ങിയകാലംകൊണ്ട് ഒരുപാട് മാറ്റങ്ങളുണ്ടായി. വിദ്യാഭ്യാസ രംഗത്ത് ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത പരിവർത്തനം ശ്രീ. എ. കെ. ആന്റണിയും ശ്രീ. നാലകത്ത് സൂപ്പിയുമടക്കമുള്ള മന്ത്രിസഭയും ഉണ്ടാക്കിയിട്ടുണ്ട്. ഇന്ന് ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും അടക്കമുള്ള മന്ത്രിസഭയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. സാംസ്ക്കാരിക രംഗത്തും അത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഒരുപാടു മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ അന്തർദ്ദേശീയ നിലവാരത്തിൽത്തന്നെ ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യത ലഭിക്കുന്ന വിധത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും ഒരുപാട് പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇന്ന് ചോദ്യോത്തര വേളയിൽ അക്കാര്യം വിശദമായി ചർച്ച ചെയ്തതുകൊണ്ടുതന്നെ അതിനെക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നില്ല. ഒരു ഗവൺമെന്റിനെ ഏറ്റവുമധികം ചിത്രവധം ചെയ്യുന്നതും ഒരു ഗവൺമെന്റിന്റെ പേര് കളയുന്നതും പലപ്പോഴും വിദ്യാഭ്യാസ വകുപ്പാണ്. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർക്കുപോലും ഗ്രേഡിംഗ് സമ്പ്രദായത്തെ അഭിനന്ദിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കേണ്ടിവന്നു. അതിന് ഞാൻ പ്രതിപക്ഷത്തെ അഭിനന്ദിക്കുകയാണ്. നല്ല കാര്യങ്ങൾ ചെയ്താൽ നല്ലതാണ് എന്നു പറയണം. അതുപോലെ നമ്മുടെ യൂണിവേഴ്സിറ്റികളെ രാഷ്ട്രീയ അതിപ്രസരത്തിൽനിന്ന് ഒഴിവാക്കണം. ഇതിനുമുമ്പ് ഈ സഭയിൽ ശങ്കരാചാര്യ സർവ്വകലാശാലയെക്കുറിച്ചും അതിന്റെ ബില്ലിനെക്കുറിച്ചും ചർച്ച നടന്നതാണ്. രാഷ്ട്രീയ അതിപ്രസരംകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് ഒരുപാട് പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവിടെ വിദ്യാർത്ഥി രാഷ്ട്രീയത്തിനെ ചില മാനേജുമെന്റുകാർ നിരോധിച്ചതിനെക്കുറിച്ച് പറഞ്ഞു. ഞാൻ വിദ്യാർത്ഥി രാഷ്ട്രീയത്തെ എതിർക്കുന്ന ഒരു പൊതുപ്രവർത്തകനല്ല. പക്ഷേ പതിനെട്ട് വയസ്സായ വിദ്യാർത്ഥികൾക്ക് ഒരു പൗരൻ എന്നുള്ള നിലയിൽ രാഷ്ട്രീയ അവബോധം ഉണ്ടാക്കുന്നതോടൊപ്പംതന്നെ പതിനെട്ട് വയസ്സിനു താഴെയുള്ള ഹൈസ്ക്കൂൾ വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം തകരാറിലാക്കിക്കൊണ്ട് വൃത്തികെട്ട രീതിയിൽ രാഷ്ട്രീയക്കളി നടത്തുന്ന രീതിയിൽനിന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പിന്മാറേണ്ടത് അത്യാവശ്യമാണ്. ഇവിടെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ടുവന്നതിനെ പലരും എതിർത്തു. അങ്ങനെ എതിർത്ത പലർക്കും അവരുടെ ജീവിതത്തിൽ സ്വന്തം മക്കളെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഇന്നും ഈ സഭയിൽ അത് കൊണ്ടുവന്നതിനെ എതിർത്തവർക്ക് അവരുടെ മക്കളെ വേണ്ടിവന്നാൽ അത്തരത്തിലുള്ള സ്ഥാപനങ്ങളിൽ അയച്ചു പഠിപ്പിക്കുവാൻ സർവ്വേശ്വരനായ ജഗദീശ്വരൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. പി. കെ. കെ. ബാവ]

ശ്രീ. ജോണി നെല്ലൂർ: സർ, വിദ്യാഭ്യാസം, കല, കായിക വിനോദം, സംസ്കാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥന ചർച്ചകൾ നടക്കുമ്പോൾ വിദ്യാഭ്യാസ രംഗത്ത് കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വളരെ അഭിമാനത്തോടുകൂടിയാണ് ആർക്കും കാണുവാൻ കഴിയുക എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ നേട്ടങ്ങൾ എല്ലാവരും അംഗീകരിക്കുന്നു എന്നുള്ളതിന്റെ തെളിവാണ് പ്രതിപക്ഷത്തുനിന്നും സംസാരിച്ച അംഗങ്ങൾപോലും പിന്തുണച്ചുകൊണ്ട് സംസാരിച്ചത് എന്നു ഞാൻ മനസ്സിലാക്കുകയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുന്നില്ല. എങ്കിൽപ്പോലും ചുരുക്കം ചില കാര്യങ്ങൾ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസ രംഗം അടുക്കോടും ചിട്ടയോടുംകൂടി ആക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമത്തിലാണ് നാം ഇപ്പോൾ. ലാബ് അസിസ്റ്റന്റ് വിഭാഗത്തിൽ നിയമനം കൊടുത്തു. അവരുടെ നിയമനത്തിനു അംഗീകാരം കൊടുത്തു. അതും ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തതും ഉൾപ്പെടെ ആ രംഗത്ത് അടുക്കും ചിട്ടയും ഉണ്ടാക്കിക്കൊണ്ടു വരുന്ന ഈ സന്ദർഭത്തിൽ ഒരുപക്ഷേ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി നന്നായി മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യമാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ അസൗകര്യങ്ങൾ. ഈ സഭയിൽ നിരവധി തവണ ഉയർന്നു വന്നിട്ടുള്ള ഒരു കാര്യമാണത്. ഡയറക്ടറേറ്റിലുള്ള അസൗകര്യത്തെക്കുറിച്ച്, ഇതേ സഭയിൽത്തന്നെ രണ്ട് ബജറ്റ് സമ്മേളനങ്ങൾക്കു മുമ്പ് അങ്ങയുടെ മുൻഗാമിയായിരുന്ന ശ്രീ. നാലകത്ത് സൂപ്പിയുടെ മുമ്പാകെ ഞാൻ പറഞ്ഞു. മേഖലാ ഓഫീസുകൾ ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ചും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ചും അന്ന് ഞാൻ പറഞ്ഞിരുന്നു. കൂടുതൽ സ്റ്റാഫിനെ നിയോഗിച്ചുകൊണ്ട് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ സൗകര്യപ്രദമായി ആളുകൾക്ക് കടന്നുവരുവാൻ കഴിയുന്ന സൗകര്യമുണ്ടാക്കുന്ന ഒരു ഓഫീസാക്കി മാറ്റണമെന്ന് പറഞ്ഞപ്പോൾ അന്ന് മറുപടി പറഞ്ഞ വിദ്യാഭ്യാസവകുപ്പുമന്ത്രി എത്രയും പെട്ടെന്ന് മേഖലാ ഓഫീസുകൾ ഉണ്ടാക്കുമെന്ന് പറയുകയുണ്ടായി. രണ്ട് വർഷം പിന്നിട്ടു. അങ്ങും അതുപോലൊരു മറുപടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കരുത്. നിർബന്ധമായും അങ്ങയുടെ കാലാവധിക്കുള്ളിൽത്തന്നെ മേഖലാ ഓഫീസുകൾ ഉണ്ടാക്കണം. അതുവഴി കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ആളുകൾക്ക് ബന്ധപ്പെടുന്നതിന് സൗകര്യമുണ്ടാക്കിക്കൊടുക്കുന്ന, സൗകര്യപ്രദമായ ഒരു സ്ഥാപനമാക്കി ഹയർ സെക്കന്ററി ഡയറക്ടറേറ്റിനെ മാറ്റാൻ അങ്ങേയ്ക്കു കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. അങ്ങയുടെ മറുപടിയിൽ ഞാൻ അത് പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം എനിക്കു സൂചിപ്പിക്കുവാനുള്ളത്; ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നമ്മൾ അംഗീകാരം കൊടുത്തു. ഭൗതിക സൗകര്യങ്ങളുള്ള, നല്ല നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നത് എപ്പോഴും നല്ലതാണ്. അങ്ങ് ഉൾപ്പെടെ കഴിഞ്ഞ അഞ്ച് വർഷക്കാലം നാം പ്രതിപക്ഷത്തിരുന്നപ്പോൾ നിലവിലുള്ള നല്ല സ്കൂളുകൾക്ക്, ഭൗതിക സൗകര്യം ഉള്ള സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കാത്തതിന്റെ പേരിൽ നാം സമരംവരെ സംഘടിപ്പിച്ചത് ഞാൻ ഓർക്കുകയാണ്. അതിന്റെയൊക്കെ ഫലമായി നമ്മൾ കുറേയേറെ സ്ക്കൂളുകൾക്ക് അംഗീകാരം കൊടുത്തു. അവിടെ വന്ന ചില പാകപ്പിഴകൾ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രിലിമിനറി ലിസ്റ്റ് പുറത്തു വന്നപ്പോൾ ഒട്ടേറെ നല്ല സ്ക്കൂളുകൾ അതിനകത്ത് കടന്നുവന്നു. അധികമായി പറയുന്നില്ലെങ്കിലും പ്രിലിമിനറി ലിസ്റ്റ് പുറത്തു വന്നപ്പോൾ ആ ലിസ്റ്റിൽ എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് സ്ക്കൂളുകൾ എന്നു പറഞ്ഞാൽ ഏറ്റവും നല്ല നിലവാരമുള്ള, ഭൗതിക സൗകര്യമുള്ള നല്ല രണ്ടു സ്കൂളുകൾ ഉണ്ടായിരുന്നു. അവസാന ലിസ്റ്റിൽ ഇല്ലായിരുന്നു. മൂവാറ്റുപുഴയിലെ വിവേകാനന്ദ സ്ക്കൂളും മാറാടിൽ ഉള്ള വിദ്യാധിരാജാ ഹൈസ്ക്കൂളും. രണ്ട് സ്ക്കൂളിലും പത്താം ക്ലാസ് വരെയുണ്ട്. ഞാൻ അവിടെ സ്ഥിരമായി പോകുന്നതാണ്. നല്ല സൗകര്യങ്ങളുണ്ട്. നല്ല വിദ്യാഭ്യാസ രീതി. ആദ്യ ലിസ്റ്റിൽ രണ്ട് സ്ക്കൂളും ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ അവസാന ലിസ്റ്റ് പുറത്തുവന്നപ്പോൾ ആ രണ്ട് സ്ക്കൂളുകളും ലിസിറ്റിൽ ഉണ്ടായില്ല. എനിക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടായി എന്നു പറയട്ടെ. അഞ്ച് സ്ക്കൂളുകളായിരുന്നു അവിടെനിന്നും അംഗീകാരത്തിനായി ആദ്യ ലിസ്റ്റിൽ കടന്നുവന്നത്. മൂന്ന് സ്ക്കൂളുകൾക്ക് അംഗീകാരം കിട്ടി. രണ്ട് സ്ക്കൂളുകൾക്ക് കിട്ടാതെ വന്നു. സാമൂഹ്യപരമായ കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥിതി അങ്ങേയ്ക്ക് അറിയാം. ഇവിടെ വന്ന ഒരു പ്രശ്നം, അഞ്ച് സ്ക്കൂളുകളിൽ മൂന്ന് സ്ക്കൂളുകൾക്ക് അംഗീകാരം കിട്ടിയപ്പോൾ ഒരു സ്ക്കൂൾ ക്രൈസ്തവ മാനേജുമെന്റിന്റേയും രണ്ട് സ്ക്കൂളുകൾ മുസ്ലീം മാനേജു മെന്റിന്റേയുമായിരുന്നു. അംഗീകാരം കിട്ടാത്ത സ്ക്കൂളുകൾ ഹിന്ദു മാനേജു മെന്റിന്റേയുമായപ്പോൾ അവിടുത്തെ ജനപ്രതിനിധിയായ എനിക്കുണ്ടായ മാനസിക ആഘാതം, അത് എന്റെമേൽ വലിയ ഒരു പഴിയായി മാറി എന്നുള്ളത് ഞാൻ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. അന്വേഷണം നടന്നപ്പോൾ ഈ രണ്ട് സ്ക്കൂളുകളിലും ഭൗതിക സൗകര്യമില്ലെന്ന് തെറ്റായി റിപ്പോർട്ട് ചെയ്ത ഉദ്യോഗസ്ഥന്റെ വ്യാജ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇതിന് അംഗീകാരം കിട്ടാതെ പോയത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ രണ്ട് സ്ക്കൂളുകൾ മാത്രമല്ല, കേരളത്തിൽ ഒട്ടേറെ സ്ഥലങ്ങളിൽ ആദ്യ ലിസ്റ്റിൽ വരികയും അവസാന ലിസ്റ്റിൽ ഒഴിവായി പോകുകയും ചെയ്യുന്ന സ്ക്കൂളുകളുണ്ട്. അങ്ങനെയുള്ള സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കേണ്ടത് നമ്മുടെ സാമൂഹ്യ നീതിക്ക് ചേർന്നതാണ് എന്നുള്ളതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങളിൽ അങ്ങേയറ്റം ദീർഘവീക്ഷണത്തോടുകൂടി പ്രവർത്തിക്കുന്ന ബഹുമാന്യനായ ഇ. ടി. മുഹമ്മദ് ബഷീർ ഇതുപോലെ അവസാന ലിസ്റ്റിൽ അംഗീകാരം കിട്ടാതെ

LIBRARY ARCHIVES Kerala Legislative Assembly

പോയ, സ്ക്കൂളുകളെ പ്രത്യേകം പരിഗണിച്ച് നിലവാരമുള്ള സ്ക്കൂളുകൾക്ക് അംഗീകാരം കൊടുക്കുവാൻ തയ്യാറാകണമെന്ന് ഇത്തരുണത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ധാരാളം സ്പെഷ്യൽ സ്ക്കൂളുകളുണ്ട്, അന്ധ-മൂക-ബധിര വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സ്ക്കൂളുകൾ ഉണ്ട്. അതുപോലെ മെന്റലി റിറ്റാർഡഡ് ആയിട്ടുള്ള കുട്ടികൾക്ക് പരിശീലനം കൊടുക്കുന്ന സ്ക്കൂളുകളുണ്ട്. അതൊന്നും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലല്ല. മെന്റലി റിറ്റാർഡഡ് ആയിട്ടുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ക്കൂളുകൾ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലാണ്. അവിടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുവാൻ എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇരുന്നൂറ്റിയമ്പതോളം കുട്ടികളുള്ള ഇതുപോലുള്ള സ്ക്കൂളുകളിൽ കടന്നുചെല്ലുമ്പോൾ ആ കുട്ടികൾക്ക് പരിശീലനം കൊടുക്കുവാനുള്ള സൗകര്യങ്ങൾ ഇല്ല എന്നുള്ളത് നമ്മെയൊക്കെ വേദനിപ്പിക്കുകയാണ്. ഇതുപോലുള്ള ഈ സ്പെഷ്യൽ സ്ക്കൂളുകൾ, മന്ദബുദ്ധികളെ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങളൊക്കെ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നുവെന്ന് ഒരു പ്രാവശ്യം അങ്ങ് പറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. അതിന് അടിയന്തിരമായ നടപടി സ്വീകരിക്കണം. എസ്.എസ്.എ.-യുടെ ഫണ്ടുകൾ മുഴുവനായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം പോലും നിലവിലുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇവിടെ ഫണ്ട് ലാപ്സായിപോകുമ്പോൾ ഇതുപോലുള്ള സ്ക്കൂളുകൾക്ക് എസ്.എസ്.എ. ഫണ്ടുപയോഗിച്ച് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കുവാൻ കഴിഞ്ഞാൽ എത്രയോ വലിയ കാര്യമാണ്. ആ കാര്യത്തിൽ അറിയാവുന്ന കാര്യങ്ങൾ ചെയ്യണം. ഈ കാലാവധിക്കുള്ളിൽത്തന്നെ ആ കാര്യങ്ങളെല്ലാം ചെയ്തുകൊണ്ട് ഇതുപോലുള്ള സ്ക്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലേക്ക് കൊണ്ടുവരുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വാശ്രയ കോളേജുകൾ അനുവദിച്ച കാര്യത്തെക്കുറിച്ച് ചിലർ പറഞ്ഞു, ചിലർ എതിർപ്പും പറഞ്ഞു. ഞാൻ ഒന്നു ചോദിക്കട്ടെ, സ്വാശ്രയ കോളേജുകളെക്കുറിച്ച് എതിർപ്പ് പറയാൻ നിങ്ങൾ ഇനിയും എന്തിനാണ് തയ്യാറാകുന്നത്? ആരാണ് സ്വാശ്രയ കോളേജുകൾ ആദ്യമായി കേരളത്തിൽ തുടങ്ങിയത്? ആദ്യമൊക്കെ എതിർത്തു. ഇടതുപക്ഷം കേരളത്തിന്റെ വിദ്യാഭ്യാസരംഗത്തെ പുറകോട്ട് കൊണ്ടുപോകുന്ന സമീപനം സ്വീകരിക്കുന്നു. ഞാൻ അത് പറയുമ്പോൾ ആരും ദുഃഖിക്കേണ്ട. നിങ്ങളുടെ സമീപനത്തോടുള്ള എതിർപ്പാണ് ഞാൻ ഇവിടെ പ്രകടിപ്പിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. പി. ജെ. ജോസഫ് സ്വാശ്രയ കോളേജുകൾ തുടങ്ങാൻ തീരുമാനമെടുത്തപ്പോൾ മൂകരായിരുന്നിട്ടാണെങ്കിലും നിങ്ങൾ അതിനെ സപ്പോർട്ട് ചെയ്തവരാണ്. എന്നിട്ട് ഇപ്പോൾ എതിർപ്പാണ്. നല്ല നിലവാരമുള്ള എഞ്ചിനീയറിംഗ് കോളേജുകൾ വരട്ടെ. അതിനെ എന്തിനാണ് എതിർക്കുന്നത്?...........(ബഹളം).................. പുറമ്പോക്കിലാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിലും പറയേണ്ട കാര്യങ്ങൾ പറയും. അതിനുള്ള ആർജ്ജവം ഉണ്ട്. അത് ആരുടെ മുഖത്ത് നോക്കിയും പറയും. അതിന് ഒരു ബുദ്ധിമുട്ടുമില്ല. വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ കാര്യമൊക്കെ ഇവിടെ പറഞ്ഞു. നമ്മൾ പരിഷ്കാരത്തിനുവേണ്ടി ദാഹിക്കുന്നവരാണ്. വിദേശ യൂണിവേഴ്സിറ്റി കേരളത്തിൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് എന്തുകൊണ്ട് ആലോചിച്ചുകൂടാ? ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ രംഗത്തൊക്കെ വളരെ ഭാവനയോടുകൂടി ചിന്തിക്കുന്ന ആളാണല്ലോ. നമ്മുടെ കുട്ടികൾക്ക് ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും മറ്റുമുള്ളവരോട് കിടപിടിക്കുന്ന തരത്തിലുള്ള പരിശീലനം കൊടുക്കാൻ നല്ല സിലബസ് അനുസരിച്ച് വിദ്യാഭ്യാസ രംഗത്ത് പുരോഗതി പ്രാപിച്ച് മുന്നോട്ട് പോകാൻ വിദേശ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്. ഇതുപോലുള്ള കാര്യങ്ങളിൽ യാതൊരു വിധത്തിലുള്ള അലംഭാവവും കാണരുതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ ശാസ്ത്ര-സാങ്കേതിക ബിരുദധാരികൾക്ക് ജോലി ലഭിക്കാനുള്ള സാദ്ധ്യതാ പഠനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇന്ന് ധാരാളം കുട്ടികൾ തൊഴിൽ അന്വേഷിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഉപരിപഠനത്തിന് പോകുന്നുണ്ട്. ധാരാളം തൊഴിലവസരങ്ങളു ണ്ടാകുമെന്ന് പരക്കെ പറയുന്ന വിഭാഗമാണ് ബയോ ടെക്നോളജി. കേരളത്തിൽ ബയോടെക്നോളജിയും ഗ്രാഡ്യുവേഷനും പോസ്റ്റ് ഗ്രാഡ്യുവേഷനുമൊക്കെ തുടങ്ങിയിട്ടുണ്ട്. പക്ഷേ വിദ്യാഭ്യാസ മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. ബയോടെക്നോളജി ബിരുദം നേടിയ ധാരാളം കുട്ടികൾ സംസ്ഥാനത്ത് വരുംവർഷങ്ങളിൽ ഉണ്ടാകാൻ പോവുകയാണ്. ബയോടെക്നോളജി ഒരു യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടില്ല. അമേരിക്കയിലും ഇംഗ്ലണ്ടിലും മറ്റും തൊഴിൽ സാദ്ധ്യതകളുള്ള ബയോടെക്നോളജി തൊഴിൽ നൽകുന്ന പി.എസ്.സി. പോലും അംഗീകരിക്കാൻ തയ്യാറായിട്ടില്ലെങ്കിൽ അത് വളരെ ഗൗരവതരമായി നമ്മൾ കാണേണ്ടിയിരിക്കുന്നു. ബയോടെക്നോളജി പോലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾക്ക് അംഗീകാരം കൊടുക്കാനുള്ള നടപടികളിലേയ്ക്ക് പി.എസ്.സി. പോകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന യുവജനോത്സവ പരിപാടികൾ വളരെ നല്ല കാര്യമാണ്. കേരളത്തിലെ കുട്ടികൾക്ക് കലാ രംഗത്ത് നല്ല രീതിയിൽ പ്രോത്സാഹനം കൊടുക്കുന്ന ഏറ്റവും ശ്ലാഘനീയമായ ഒരു പ്രവർത്തനമാണത്. ഒരു കാര്യം നാം ആലോചിക്കണം. സബ്ജില്ലാ തലത്തിലും ജില്ലാതലത്തിലും റവന്യൂ ജില്ലാ തലത്തിലുമൊക്കെ നടക്കുന്ന കലോത്സവങ്ങൾക്ക് വേണ്ടിവരുന്ന ചെലവ് എത്രയാണ്? അതിന് ഗവൺമെന്റ് നീക്കിവച്ചിരിക്കുന്നത് വളരെ തുച്ഛമായ തുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ധാരാളം പണം മുടക്കുന്നുണ്ട്; അത് ഞാൻ അംഗീകരിക്കുന്നു. കലാരംഗത്തിന് വലിയ പ്രോത്സാഹനം കൊടുക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് എന്നുള്ള നിലയിൽ തീർച്ചയായും കലോത്സവങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചുകൊണ്ട് ആ രംഗത്ത് കുറേക്കൂടി പ്രോത്സാഹനം കൊടുക്കാൻ തയ്യാറാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ രംഗത്തുള്ള കിടമത്സരങ്ങളെക്കുറിച്ച് ധാരാളം ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. യുവജനോത്സവ പരിപാടികളൊക്കെ വിദ്യാർത്ഥികൾ തമ്മിലുള്ള മത്സരങ്ങൾക്ക് അപ്പുറത്ത് മാതാപിതാക്കന്മാർ തമ്മിലുള്ള മത്സരമായി, അദ്ധ്യാപകർ തമ്മിലുള്ള മത്സരമായി മാറുന്നുണ്ട് എന്നുള്ളതും ഞാൻ വിസ്മരിക്കുന്നില്ല. ഒരു യാഥാർത്ഥ്യമുണ്ട്. കലോത്സവ് പരിപാടികളിൽ പങ്കെടുക്കാൻ വരുന്ന നിരവധി കുട്ടികളുടെ വേഷവിധാനങ്ങൾക്ക്. വേണ്ടിവരുന്ന വലിയ തുക സാധാരണക്കാരായ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന സാഹചര്യം കണക്കിലെടുത്ത് അനാവശ്യമായ ആർഭാടങ്ങളും വേഷഭൂഷാദികളും ഒഴിവാക്കി ഈ രംഗത്ത് തുല്യത കൈവരിക്കാനും കുട്ടികളിൽ അപകർഷതാബോധം ഉണ്ടാകാതിരിക്കാനുമുള്ള നിർദ്ദേശം കൊടുക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആലോചിക്കണം.

അതുപോലെ സാംസ്കാരിക വകുപ്പിന്റെ ചുമതല പ്രിയപ്പെട്ട, ചെറുപ്പക്കാരനായ ശ്രീ. എ. പി. അനിൽകുമാറിനാണ്. അദ്ദേഹം ചുമതലയേറ്റിട്ട് വളരെ കുറച്ച് കാലമേ ആയിട്ടുള്ളൂ എങ്കിലും വളരെ ശ്രദ്ധേയമായ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു എന്നുള്ളതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ഒരു കാര്യം ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ എന്തിനാണ് അവിടെ പ്രവർത്തിപ്പിക്കുന്നത്? തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും മാത്രം കൊടുക്കാൻ വേണ്ടിയുള്ള ഒരു സ്ഥാപനമായി മാത്രം അത് മുന്നോട്ട്കൊണ്ടുപോകാൻ കഴിയുമോ? പുതിയ സിനിമകൾ ഇറങ്ങുമ്പോൾ പ്രോസസ്സിംഗിന് അങ്ങോട്ട് പോകുന്നില്ല. അവിടെ അതിനുള്ള സൗകര്യങ്ങളില്ല. മെഷിനറി ഇല്ല. എന്തുകൊണ്ടാണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്രയിലേയ്ക്ക് ആളുകൾ പോകുന്നത്? ഞാൻ അതിന് എതിരല്ല. വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്ര സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഫിലിം പ്രോസസ്സിംഗിനൊക്കെയുള്ള സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ അനാഥമായി കിടക്കുമ്പോൾ കിൻഫ്രയുടെ സ്ഥാപനത്തിലേക്ക് നമ്മുടെ ഫിലിം നിർമ്മാതാക്കൾ പോകുന്നു എന്നുള്ളത് ഗൗരവമായി കാണണം. അതുകൊണ്ട് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ പ്രവർത്തനം വേണ്ടെന്ന് വയ്ക്കണം.

ഒരു വാക്ക് കായിക വിനോദ വകുപ്പിനെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സ്പോർട്സ് രംഗത്ത് വളരെ ശ്രദ്ധേയമായ നേട്ടങ്ങളാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. നാളിതുവരെ ആ രംഗത്ത് ചക്രവർത്തിയെപ്പോലെ വാണിരുന്ന കോരുത്തോട് സ്കൂളിനെ പിന്നിലാക്കിക്കൊണ്ട് ഇത്തവണത്തെ സംസ്ഥാന സ്കൂൾ കായിക മേളയിൽ കോതമംഗലം സെന്റ് ജോർജ്ജ് ഹയർ

LIBRARY ARCHIVES Kerala Legislative Assembly

സെക്കണ്ടറി സ്കൂൾ ആ രംഗത്തേക്ക് കടന്നുവന്നു. എനിക്ക് അതിൽ അഭിമാനം തോന്നുന്നു. ഞാൻ ആ സ്കൂളിലെ പി.ടി.എ. പ്രസിഡന്റാണ്. മുൻ സ്പോർട്ട്സ് വകുപ്പുമന്ത്രിയായിരുന്ന എന്റെ പ്രിയ സുഹൃത്ത് ശ്രീ. കെ. സുധാകരൻ ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം മന്ത്രിയായിരുന്ന സന്ദർഭത്തിൽ കോതമംഗലം സെന്റ് ജോർജ്ജ് സ്കൂളിൽ സ്പോർട്ട്സിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് തരണമെന്ന് ആവശ്യപ്പെടുകയും അദ്ദേഹം അതൊക്കെ ചെയ്യുമെന്ന് ഉറപ്പുതരികയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ ആ ഉറപ്പ് പാലിക്കാൻ കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹം മന്ത്രി അല്ലാതായി. ഇവിടെനിന്ന് അങ്ങ് പോയതോടുകൂടി ഞങ്ങളും പോയി. സുനാമി പോയതുപോലെ പോയി. ഏതായാലും ബഹുമാന്യനായ ഡൊമിനിക് പ്രസന്റേഷൻ കോതമംഗലത്ത് വരികയും ഈ സ്കൂളിലെ കാര്യങ്ങൾ കാണുകയും സമ്മാനങ്ങൾ വാരിക്കൂട്ടിയ ചാമ്പ്യന്മാരായ സ്പോർട്ട്സ് താരങ്ങളെ അഭിനന്ദിക്കുകയും ചെയ്യുകയുണ്ടായി. ഏറ്റവും മികച്ച സ്കൂൾ എന്ന നിലയിൽ രണ്ടാം സ്ഥാനത്ത് കോതമംഗലത്തെ മാർ ബേസിൽ സ്കൂളാണ്. ഇതുപോലുള്ള സ്കൂളുകൾക്ക് സ്പോർട്ട്സിന് കുറേക്കൂടി സൗകര്യങ്ങളും, സ്പോർട്ട്സ് ഉപകരണങ്ങളും സ്പോർട്ട്സ് കൗൺസിലിൽ നിന്ന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കായിക രംഗത്ത് മികവ് തെളിയിക്കുന്ന ആളുകൾ ഇവിടെ ജോലി സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് മറ്റുള്ള സ്ഥലങ്ങളിലേക്ക് പോകുന്നു, റെയിൽവേ പോലുള്ള സ്ഥാപനങ്ങളിലേയ്ക്ക് പോകുന്നു. കായിക രംഗത്ത് അഭിമാനകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് കേരളത്തിൽത്തന്നെ ജോലി കൊടുക്കാനുള്ള അടിയന്തിരമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. സ്വാമി വിവേകാനന്ദൻ "എഡ്യൂക്കേഷൻ" എന്നപേരിൽ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. "Knowing is unveiling" എന്നാണ് അടിവരയിട്ട് വിദ്യാഭ്യാസത്തെപ്പറ്റി അദ്ദേഹം പറയുന്ന ഒരു കാര്യം. അതോടൊപ്പംതന്നെ "A goal of man making" എന്ന അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വ്യാഖ്യാനം. Education for the formation of character, എന്നും Education for humanisation എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഇന്ന് നടപ്പാക്കുന്നുണ്ടോ, വിദ്യാഭ്യാസംകൊണ്ട് ഈ കാര്യങ്ങൾ നേടുന്നുണ്ടോ എന്നുള്ളതാണ് ഈ ചർച്ചകൾ നടക്കുന്ന സന്ദർഭത്തിൽ നാം വിലയിരുത്തേണ്ടത്. 100 ശതമാനം സാക്ഷരത നേടിയത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാൻ കഴിയുന്ന ഒന്നാണെന്ന് പറയാമെങ്കിലും വിദ്യാഭ്യാസ രംഗത്തെ മൂല്യത്തകർച്ചയെ ചെറുതായി കാണാൻ കഴിയില്ല എന്നതാണ് എടുത്ത് പറയേണ്ട ഒരു കാര്യം. ഒട്ടേറെ കാലോചിതമായ പരിഷ്കാരങ്ങൾ വിദ്യാഭ്യാസ രംഗത്ത് വരുത്താൻ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനും മുൻമന്ത്രി ശ്രീ. നാലകത്ത് സൂപ്പിക്കും കഴിഞ്ഞിട്ടുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങളൊക്കെത്തന്നെ വിദ്യാഭ്യാസ രംഗത്ത് ഒരു വലിയ മാറ്റം ഉണ്ടാകണമെന്നുള്ള ലക്ഷ്യം മുൻകൂട്ടി കണ്ടുകൊണ്ടാണെന്ന് നമുക്കറിയാം. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ഒരു സങ്കൽപ്പം പൂർത്തീകരിക്കത്തക്ക വിധത്തിലുള്ള നടപടികളുമായാണ് നാം മുന്നോട്ട് പോയത്. ഇവിടെ സ്വാശ്രയ വിദ്യാഭ്യാസത്തെ സംബന്ധിച്ച് പറഞ്ഞു. കർണ്ണാടകയിലും തമിഴ്നാട്ടിലും പോയി ലക്ഷക്കണക്കിന് രൂപ ക്യാപ്പിറ്റേഷൻ ഫീ നൽകി അഡ്മിഷൻ വാങ്ങി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് മികവ് കാണിക്കാൻ കേരളീയർക്കുണ്ടായ സാഹചര്യം ഒഴിവാക്കാൻ വേണ്ടിയാണ് രണ്ട് സ്വാശ്രയ സ്ഥാപനത്തിന് സമം ഒരു ഗവൺമെന്റ് സ്ഥാപനം എന്നുള്ള കാഴ്ചപ്പാടോടെ ഗവൺമെന്റ് ഈ രംഗത്ത് വന്നത്. ഒട്ടേറെ എഞ്ചിനീയറിംഗ് കോളേജുകളും, മെഡിക്കൽ കോളേജുകളും കേരളത്തിൽ വന്നു. ആ സ്ഥാപനങ്ങൾ വന്നപ്പോഴൊക്കെ അതിന് എതിരായി ശക്തമായ സമരം പ്രതിപക്ഷം നടത്തി; എന്തിനാണ് അവർ ഈ സമരം നടത്തിയത്? പലപ്പോഴും അതിനെപ്പറ്റി വ്യാഖ്യാനങ്ങൾ വന്നു. കർണ്ണാടക തമിഴ്നാട് ലോബികളെ സഹായിക്കാനാണ് ഈ സമരങ്ങളെന്ന് വിശേഷിക്കപ്പെട്ടു. ആ സമരങ്ങൾ വിലയിരുത്തുമ്പോൾ കേരളത്തിലെ ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് ഒരു സമരരംഗത്ത് വരാൻ കഴിഞ്ഞ കാലങ്ങളിൽ കഴിഞ്ഞിട്ടില്ല. മറിച്ച് വിദ്യാഭ്യാസ രംഗത്ത് അരാജകത്വം സൃഷ്ടിക്കുന്ന, വിദ്യാഭ്യാസ രംഗത്തെ സമാധാനം നഷ്ടപ്പെടുത്തുന്ന പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ട് പോയതെന്ന് കഴിഞ്ഞ കുറേ നാളുകൾകൊണ്ട് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. നമ്മെ സംബന്ധിച്ചിടത്തോളം സ്വാശ്രയ സംവിധാനങ്ങൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതോടൊപ്പംതന്നെ മറ്റു കാര്യങ്ങൾ കൂടി വിലയിരുത്തേണ്ടതുണ്ട്. സി.ബി.എസ്.ഇ. സിലബസ്സിലുള്ള അഖിലേൻഡ്യാ പരീക്ഷകൾ നടത്തുന്ന സംസ്ഥാനങ്ങളിൽ ഇന്ന് രണ്ട് ലക്ഷത്തിൽ ചില്വാനം കുട്ടികൾ മാത്രമാണ് പഠിക്കുന്നതെങ്കിൽ ഏതാണ്ട് 51 ലക്ഷത്തോളം കുട്ടികൾ സംസ്ഥാനത്ത് എയിഡഡ് സെക്ടറിലും ഗവൺമെന്റ് സെക്ടറിലും ഒക്കെയുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നുവെന്ന് പറയുമ്പോൾ ആ മേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. പലപ്പോഴും ഇന്ന് ആ നിലയിൽ നിലവാരം വളർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. നാം ഡി.പി.ഇ.പി. സംവിധാനം കൊണ്ടുവന്നു. ഡി.പി.ഇ.പി. പല രാജ്യങ്ങളിലും നടപ്പാക്കി. ഇന്ത്യയിൽത്തന്നെ അഞ്ച് സംസ്ഥാനങ്ങളിൽ നടപ്പാക്കി. നാം അത് വൈന്റ് അപ് ചെയ്തുകൊണ്ട് പുതിയ സർവ്വ ശിക്ഷാ അഭിയാൻ ഇവിടെ നടപ്പാക്കിവരികയാണ്. ആരോ ഇവിടെ പറഞ്ഞു, ഗവൺമെന്റ് ആ രംഗത്ത് കൊണ്ടുവന്ന പണം ചെലവാക്കിയില്ലെന്ന്. അത് ശരിയല്ല. ഞാൻ ശേഖരിച്ച കണക്കനുസരിച്ച് 2004-05-ൽ 89.39 കോടി രൂപ ലഭിച്ചപ്പോൾ 31-1-2005 വരെ 64.5 കോടി രൂപ ചെലവഴിച്ചുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. 28 കോടി രൂപ കിട്ടി; അതിൽ 8 കോടി രൂപയേ ചെലവാക്കിയുള്ളൂ എന്ന് ഇവിടെ പറഞ്ഞു. അടുത്ത ഫെബ്രുവരി-മാർച്ച്

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങളിലെ കണക്ക് കൂടി കിട്ടുമ്പോഴേ ഇതു സംബന്ധിച്ച് പൂർണ്ണമായ വിലയിരുത്തൽ നടത്താൻ കഴിയുകയുള്ളൂ. ആ നിലയിൽ എസ്.എസ്.എ. (സർവ്വ ശിക്ഷാ അഭിയാൻ) കുറേക്കൂടി കാര്യക്ഷമമായി, അക്കൗണ്ടബിലിറ്റിയോടെ നടപ്പാക്കാനുള്ള സാഹചര്യമുണ്ടാകണം. ഇതിനുള്ള നേതൃത്വപരമായ കഴിവുള്ള അങ്ങേക്ക് അത് നടപ്പാക്കാൻ കഴിയും. അത് നടപ്പാക്കാൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസമാണ് എനിക്കുള്ളത്. അഖിലേൻഡ്യാ പരീക്ഷകളുടെ സ്ഥിതി എന്താണ്? ഒരുകാലത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ രംഗങ്ങളിൽ കേരളത്തിലെ വിദ്യാർത്ഥികളായിരുന്നു ഏറ്റവും മികവ് പുലർത്തിയിരുന്നത്. ഇന്ന് ഒരാളെപ്പോലും അഖിലേൻഡ്യാ പരീക്ഷയിൽ ജയിപ്പിക്കുവാൻ കഴിയുന്നില്ലെന്നുള്ളത് അപമാനകരമാണ്. നാമൊക്കെ അക്രമത്തിന്റെ സംസ്ഥാനമായി കാണുന്നതും വളരെ അധികം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതുമായ ബീഹാർ പോലുള്ള സംസ്ഥാനങ്ങൾ ഇന്ന് വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് നല്ല മികവ് കാട്ടുന്നത് നമുക്ക് കാണാൻ കഴിയും. ബീഹാർ പോലുള്ള സംസ്ഥാനങ്ങളിൽ ഇന്ന് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ അഖിലേൻഡ്യാ പരീക്ഷ ജയിച്ചുവരുന്നു. നമ്മുടെ വിദ്യാഭ്യാസത്തിന്റെ അപാകതയായിട്ടാണ് എനിക്ക് തോന്നുന്നത്. അഖിലേൻഡ്യാ പരീക്ഷകൾക്ക് വിജയിക്കണമെങ്കിൽ അഖിലേൻഡ്യാ അടിസ്ഥാനത്തിലുള്ള പഠന സംവിധാനം സംസ്ഥാനത്ത് ഉണ്ടാകണം. പാഠപുസ്തകങ്ങളുടെ സ്ഥിതിയെന്താണ്? നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് 85 ശതമാനം പാഠപുസ്തകങ്ങളും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ അതുപോലെ തന്നെ സർക്കാർ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്കൂളുകൾ, കോളേജുകൾ സർവ്വകലാശാലകൾ എന്നുവേണ്ട മറ്റ് ഗവേഷണ സ്ഥാപനങ്ങളിലൊക്കെയായിട്ടാണ് ചെലവാകുന്നത്. അങ്ങനെ വാങ്ങുന്ന പുസ്തകങ്ങളുടെ വിലനിലവാരം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തുന്നുണ്ടോ? എന്തെങ്കിലും മാനദണ്ഡങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാക്കുവാൻ കഴിയുമോ? ഏകപക്ഷീയമായി വില നിശ്ചയിച്ച പുസ്തകങ്ങൾ വിൽപ്പന നടത്തുന്ന ഒരു സംവിധാനമായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുസ്തകവില നിശ്ചയിക്കുന്നതിനും, അതിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും റെഗുലേറ്ററി അതോറിറ്റിയെ ഗവൺമെന്റ് നിയമിക്കുകയും പുസ്തകങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി അതനുസരിച്ച് പാഠ്യപദ്ധതി ക്രമീകരിച്ച് കൂടുതൽ കുട്ടികളെ നല്ല രീതിയിൽ വിദ്യാഭ്യാസം നടത്താനുള്ള സാഹചര്യം ഒരുക്കുകയും വേണമെന്നാണ് എനിക്ക് പറയാനുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരുകാലത്തെ സ്ഥിതിയെന്തായിരുന്നു? 50 വർഷം മുൻപ് 25 സർവ്വകലാശാലകൾ ഉണ്ടായിരുന്ന സ്ഥലത്ത് ഇന്ന് 350 സർവ്വകലാശാലകൾ ഉണ്ട്. 700 കോളേജുകൾ ഉണ്ടായിരുന്ന സ്ഥലത്ത് 16,000 കോളേജുകൾ ഉണ്ട്. 15,000 അധ്യാപകർ ഉണ്ടായിരുന്ന സ്ഥലത്ത് 475 ലക്ഷം അധ്യാപകർ ഉണ്ട്. കുട്ടികളുടെ എണ്ണം, കോളേജുകളുടെ എണ്ണം, സർവ്വകലാശാലകളുടെ എണ്ണം,

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ 7 ശതമാനം പേർ മാത്രമാണ് ഇൻഡ്യാരാജ്യത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കടന്ന് വരുന്നതെന്ന് പറയുമ്പോൾ കേരളത്തിന്റെ സ്ഥിതിയും ഇന്ത്യയുടെ സ്ഥിതിയും വേർതിരിച്ചാൽ അത് ഭിന്നമാണെന്ന് കാണാൻ കഴിയില്ല. പന്ത്രണ്ടാം ക്ലാസ്സ് വരെ സൗജന്യ വിദ്യാഭ്യാസം നടത്തുന്ന സംസ്ഥാനത്ത് പന്ത്രണ്ടാം ക്ലാസ്സ് വരെ കഴിയുന്നത്ര പഠിച്ച് പഠനം അവസാനിപ്പിച്ച് മറ്റ് മേഖലകളിലേക്ക് തിരിയുന്ന കുട്ടികളാണ് ബഹുഭൂരിഭാഗവും എന്നുള്ളത് നമ്മുടെ വിദ്യാഭ്യാസ രംഗത്തിന്റെ പാളിച്ചയായി നാം കാണേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ ഒരുപാട് സ്ഥാപനങ്ങൾ ഇവിടെ തുടങ്ങാൻ കഴിഞ്ഞു എന്ന കാര്യം ഞാൻ സൂചിപ്പിക്കുകയുണ്ടായി. അവിടേയും അതിന്റെ നിലവാരം പരിശോധിക്കാൻ കഴിയണം. ഇന്ന് ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടായിട്ടുള്ള വളരെയധികം പുരോഗമനപരമായ പ്രവർത്തനങ്ങളെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തെ സംബന്ധിച്ചിടത്തോളം നാല് സ്ഥാപനങ്ങളെ സർവ്വകലാശാലകളാക്കാൻ തക്കവിധത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തും. അതുപോലെ ഐ.ഐ.ടി. നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാനുള്ള ശ്രമം നടത്തുമെന്ന് പ്രധാനമന്ത്രി തന്നെ കേരളത്തിൽ വന്നപ്പോൾ ഉറപ്പ് നൽകിയതാണ്. വിദ്യാഭ്യാസപരമായി ഇത്രയും ഉയർന്ന സംസ്ഥാനത്ത് അങ്ങനെ ഒരു സ്ഥാപനം തുടങ്ങിയാൽ നമ്മുടെ ഉന്നത വിദ്യാഭ്യാസത്തിന്റെ മികവ് വളർത്തിയെടുക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ആരോഗ്യ രംഗത്തും വിദ്യാഭ്യസ രംഗത്തുമാണ് നമ്മുടെ സംസ്ഥാനം മികവിൽ നിൽക്കുന്നത്. ഈ ആരോഗ്യ രംഗത്തേക്കും, വിദ്യാഭ്യാസരംഗത്തേക്കും കേന്ദ്രഗവണ്മെന്റ് കാര്യമായ സഹായം ചെയ്യുന്നില്ല എന്നുള്ള വേദനാജനകമായ ഒരു അവസ്ഥാവിശേഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിന് മുൻകയ്യെടുക്കുന്നുണ്ടെന്ന് അറിയാം. കേന്ദ്ര മാനവ വിഭവശേഷി വകുപ്പു മന്ത്രിയടക്കമുള്ളവരെ കണ്ട് ഇക്കാര്യം ധരിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യം ധരിപ്പിച്ചിട്ടുണ്ട്. എ.ഐ.ടി.ഇ.-യും അതുപോലെ തന്നെ All India Institute of Medical Sciences എന്ന ഒരു സ്ഥാപനവും സംസ്ഥാനത്ത് ഉണ്ടാകും. അതിനുള്ള നടപടികൾ ഉണ്ടാകുമെന്ന് പ്രധാനമന്ത്രിയും പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. തീർച്ചയായും കൂടുതൽ അവസരങ്ങളും കൂടുതൽ സാമ്പത്തികസഹായവും ലഭിക്കാനുള്ള സമ്മർദ്ദം സംസ്ഥാനത്ത് ഉണ്ടാകണം. നിയമസഭയിൽ അംഗങ്ങളായിട്ടുള്ള എല്ലാ രാഷ്ട്രീയ കക്ഷികളും പിൻതുണയ്ക്കുന്ന ഒരു വലിയ സംവിധാനത്തിലാണ് കേന്ദ്രഗവണ്മെന്റ് നിലകൊള്ളുന്നത്. തീർച്ചയായും കേന്ദ്രത്തിൽ ഇന്നത്തെ സാഹചര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തി നമുക്ക് ആനുകൂല്യം നേടിയെടുക്കാൻ കഴിയണം. ഉന്നതവിദ്യാഭ്യാസ രംഗത്തെ മൂല്യം ഉയർത്തിപ്പിടിക്കാൻ കഴിയുന്ന, മൂല്യം വർദ്ധിപ്പിക്കാൻ കഴിയുന്ന നടപടികളുമായി

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ട് പോകണം. വിദ്യാഭ്യാസ രംഗത്തെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യം കൂടി പറയാം. കലാലയ രാഷ്ട്രീയത്തെപ്പറ്റി ഇവിടെ ആരും സൂചിപ്പിച്ചില്ല. കലാലയ രാഷ്ട്രീയം അനുവദിക്കണമെന്ന് ഇവിടെ ശ്രീ. സുജനപാൽ പറഞ്ഞു. കലാലയ രാഷ്ട്രീയം വേണ്ടായെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷെ അക്രമാസക്തമായ ഒരു രാഷ്ട്രീയ രംഗമാണ് കലാലയങ്ങളിൽ കാണാൻ കഴിയുന്നത്. സർവ്വകലാശാലകളെ ഒരു സർവ്വ കലാപ ശാലകളായിട്ടാണ് കാണാൻ കഴിയുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, അങ്ങ് കലാലയ രാഷ്ട്രീയം ആവശ്യമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം കൊണ്ട് അക്രമം ഉണ്ടാകുന്നതുകൊണ്ടാണ് വിദ്യാർത്ഥി രാഷ്ട്രീയത്തിനെതിരായിട്ടുള്ള ഒരു നിലപാടിലേക്ക് വരുന്നത്. അതുകൊണ്ട് അക്രമ രാഷ്ട്രീയം പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് കലാലയ രാഷ്ട്രീയം ശക്തമായി മുന്നോട്ട് പോകുന്നതിന് സൗകര്യമൊരുക്കുന്നതിനുവേണ്ടി ഒരു ബിൽ ഗവണ്മെന്റ് കൊണ്ടുവരുന്നതിനെ സംബന്ധിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. പി. ജെ. ജോയി.</u> കലാപ രാഷ്ട്രീയം സർവ്വകലാശാലകളിൽ ഒഴിവാക്കാൻ അങ്ങയുടെ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന സി.പി.ഐ. (എം)-നോട് പറഞ്ഞ് ബോധ്യപ്പെടുത്തിയാൽ മതി. വേറെ ആരുടെ ഭാഗത്തുനിന്നും കലാപം ഉണ്ടാകുകയില്ല. ഭരണരംഗത്തിരിക്കുമ്പോൾ ഭരണത്തിന്റെ മെഷീനറി ഉപയോഗിച്ചുകൊണ്ടും, പ്രതിപക്ഷത്താകുമ്പോൾ തണ്ടുപയോഗിച്ചുകൊണ്ടും സർവ്വകലാശാലകളെ പിടിച്ചെടുക്കാൻ വേണ്ടി പല ശ്രമങ്ങളും നമുക്ക് കാണാൻ കഴിയും.

<u>ശ്രീ. രാജു എബ്രഹാം:</u> സർ, കേരളത്തിലെ കലാലയങ്ങളിൽ കുത്തേറ്റ് മരിച്ചിട്ടുള്ളത് മുഴുവൻ എസ്.എഫ്.ഐ.-ക്കാരാണെന്നും അതിൽ കൂടുതൽ കേസുകളിൽ പ്രതികളായിട്ടുള്ളത് കെ.എസ്.യു.-ക്കാരാണെന്നും അങ്ങേക്ക് അറിയാമോ?

<u>ശ്രീ. പി. ജെ. ജോയി:</u> സർ, അതുതന്നെയാണ് എനിക്ക് പറയാനുള്ളത്. മാർക്സിസ്റ്റ് പാർട്ടി ഭരിക്കുമ്പോൾ കെ.എസ്.യു.-ക്കാരായ ഒട്ടേറെ പേരെ കള്ളക്കേസിൽ പ്രതികളാക്കി. അത്തരം ഒരനുഭവം ഉണ്ടാകരുത് എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്ത് 140 നിയോജകമണ്ഡലങ്ങളുണ്ട്. കോളേജുകളിൽ എല്ലാവരും എല്ലാ സ്ഥാനത്തേക്കും വോട്ട് ചെയ്യണമെന്ന നിഷ്കർഷ അവസാനിപ്പിക്കണം. ക്ലാസ് റൂമുകൾ ഒരു കോൺസ്റ്റിറ്റ്യുവൻസിയായി എടുത്ത്, കെ.എസ്.യു. ആകട്ടെ, എസ്.എഫ്. ഐ. ആകട്ടെ എതു ലേബലിലായാലും സ്ഥാനാർത്ഥിയായിക്കൊള്ളട്ടെ അതിന് വലിയ തുക ചെലവാകുന്ന പ്രചരണ പരിപാടി അവസാനിപ്പിക്കണം. ഭയങ്കരമായ പണക്കൊഴുപ്പിന്റെ അതിപ്രസരമല്ലേ അവിടെ കാണാൻ കഴിയുന്നത്? ആ അതിപ്രസരത്തെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിലേക്കും, ഗ്രാമപഞ്ചായത്തിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പിനേക്കാൾ കൂടുതൽ പണം ചെലവ് ചെയ്ത് മാഫിയകളുടെ സഹായത്തോടെ തെരഞ്ഞെടുപ്പ് നടത്തുന്ന ഈ കലാപ കലുഷിതമായ വിദ്യാഭ്യാസാന്തരീക്ഷം ഒഴിവാക്കണം. അതിനനുസൃതമായ നിയമം കൊണ്ടുവരുമെങ്കിൽ തീർച്ചയായും അതിനെ സ്വാഗതം ചെയ്യും. രാഷ്ട്രീയത്തെ അല്ല എതിർക്കുന്നത്, രാഷ്ട്രീയ രംഗത്തെ അക്രമത്തെയാണ് എതിർക്കുന്നത്. എന്തും ചെയ്യാൻ മടിയില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചപ്പോൾ പറഞ്ഞല്ലോ. സ്പീക്കർ ആ കസേരയിൽ ഇരുന്നാൽ ജനം ഇരച്ചു കയറിയാൽ സ്പീക്കർ പോലും ഓടിപ്പോകുമെന്ന് ചെയറിനെ നോക്കി പ്രസംഗിച്ചത് ആർക്കും മനസ്സിലാക്കാൻ കഴിയില്ലേ? എന്താണതിന്റെ മെസ്സേജ്? നിങ്ങൾ ഞങ്ങൾ പറയുന്നതുപോലെ ചെയ്തില്ലെങ്കിൽ നിങ്ങൾ ഈ ഭൂമുഖത്ത് ഉണ്ടാകില്ല എന്നുള്ള മെസ്സേജല്ലേ അത്? ആ പ്രസംഗത്തിൽനിന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് അതാണ്. ജനാധിപത്യ വിരുദ്ധമായ, അക്രമ പ്രവണത ഉണ്ടാക്കുന്ന, അക്രമചിന്തകൾ ഉണ്ടാക്കുന്ന അത്തരം പ്രസംഗങ്ങൾ നമ്മുടെ ജനാധിപത്യത്തിന് വിരുദ്ധമാണ്. ഹൈക്കോടതി തന്നെ പറഞ്ഞു, ഗവൺമെന്റ് ഒരു ഇച്ഛാശക്തി കാണിക്കണം എന്ന്. ഞാൻ ആ അഭിപ്രായക്കാരനാണ്. അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റിനുവേണ്ടി പറഞ്ഞു, കോടതി എന്തു തീരുമാനിച്ചാലും ഞങ്ങൾ നടപ്പാക്കും എന്ന്. അത്പോരാ. ഗവൺമെന്റിന് ഒരഭിപ്രായം വേണം. ഇന്നത് തീരുമാനിക്കണമെന്ന് പറയാനും, ആ തീരുമാനം കേരളത്തിലെ വിദ്യാർത്ഥികൾ അനുകൂലമായി പ്രയോഗിക്കാനും കഴിയുന്ന ഒരു തീരുമാനം എടുക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഞാൻ നീട്ടുന്നില്ല. സ്പോർട്സ് വകുപ്പുമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, സ്ഥാനം ഏറ്റെടുത്തിട്ട് അധിക നാളായിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് സ്പോർട്സ് രംഗത്ത് ഈ ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ പ്രോൽസാഹന ജനകമായി ചെയ്തിട്ടുണ്ട്. സാമ്പത്തിക പരിമിതിക്ക് അകത്തുനിന്നുകൊണ്ട് ചെയ്ത കാര്യങ്ങൾ ആർക്കും മറക്കാൻ കഴിയില്ല. ഇവിടെ സ്പോർട്സ് ബിൽ കൊണ്ടുവന്നു. ആ ബിൽ നിയമമാക്കാൻ ശ്രീ. കെ. സുധാകരൻ മന്ത്രി ആയിരിക്കുമ്പോൾ അതിന്റെ റൂൾസ് ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഞങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിന്റെ സ്ഥിതിയെന്താണ്? ഞാനടക്കം പങ്കെടുത്ത സെലക്റ്റ് കമ്മിറ്റി കേരളത്തിലെ 14 ജില്ലകളിലും തെളിവെടുപ്പുനടത്തി രൂപം കൊടുത്ത ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ആ ബില്ലിന് റൂൾസായോ? അതു നടപ്പാക്കാൻ കഴിയുമോ? തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് സ്പോർട്സ് പ്രോൽസാഹിപ്പിക്കാൻ വേണ്ടിയാണ് ആ നിയമം ദിനരാത്രങ്ങൾ അല്ലെങ്കിൽ ഒട്ടേറെ സമയം ചെലവഴിച്ച് നിയമസഭയിൽ പാസ്സാക്കിയത്. ബഹുമാനപ്പെട്ട മന്ത്രി അതിന്മേൽ മറുപടി പറയും എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി വളരെ ചെറുപ്പമാണ്. ശ്രീ. ജി. കാർത്തികേയൻ സാംസ്കാരിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം കൊടുത്ത ഒരു മന്ത്രിയായിരുന്നു. ചെറുപ്പക്കാരനായ ശ്രീ എ. പി. അനിൽകുമാർ ആ ചുമതല ഏറ്റെടുത്തതിന് ശേഷം കഴിഞ്ഞ 6 മാസക്കാലത്തിനിടയിൽ സാംസ്കാരിക നായകൻമാരെ ആദരിക്കുന്നതിനും ആ രംഗത്ത് വളർച്ച കൈവരിക്കുന്നതിനും അവർക്കൊക്കെ ആ നിലയിൽ മാന്യമായ അംഗീകാരം നൽകുന്നതിനുമൊക്കെ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുവന്നു. സാംസ്കാരിക നായകന്മാരുടെ വീടുകൾ വരെ സന്ദർശിച്ച് അവരെ ആദരിക്കാൻ തയ്യാറായി. ഒരുപാട് സ്മാരകങ്ങൾ അതുമായി ബന്ധപ്പെട്ട് ഉണ്ടാക്കാനും പ്രതിജ്ഞാബദ്ധമായി. പണം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടെങ്കിൽപ്പോലും അത് കണ്ടെത്താനും അതുവഴി സാംസ്കാരിക രംഗവും, കലാരംഗവും,' പോഷിപ്പിക്കാനുമുള്ള നടപടികളുമായി മുന്നോട്ടുവന്നു. ഞാനതിനെ അഭിനന്ദിക്കുന്നു. ആ കൂട്ടത്തിൽ ശക്തൻ തമ്പുരാനെ ഒന്ന് ഓർക്കണം. നമ്മുടെ ചരിത്രത്തിലെ ഒരു വലിയ അവതാരപുരുഷനായ ശക്തൻതമ്പുരാൻ ജനിച്ചത് അങ്കമാലി നിയോജകമണ്ഡലത്തിലെ, കാഞ്ഞൂരിലെ പുതിയേടം എന്ന സ്ഥലത്താണ്. പുതിയേടത്ത് ശക്തൻ തമ്പുരാന്റെ ഓർമ്മ നിലനിർത്തുന്നതിന് ഒരു സ്മാരകം ഉണ്ടാക്കണം എന്ന് ഞാൻ പല പ്രാവശ്യം അഭ്യർത്ഥിച്ചിട്ടുണ്ട്. അത് പ്രായോഗികമാക്കാൻ എന്തു ചെയ്യാൻ കഴിയും? ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നു അതിന് സ്ഥലം തരാൻ ഞങ്ങൾ തയ്യാറാണ്. ശക്തൻ തമ്പുരാന്റെ ജൻമസ്ഥലമായ കാഞ്ഞൂരിൽ ഉചിതമായ ഒരു സ്മാരകം ഉണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണം. അദ്ദേഹം ജനിച്ചത് അവിടെയാണ്. വളർന്നത് തൃശൂരും. അദ്ദേഹത്തിന്റെ ഓർമ്മയിലുള്ള സാംസ്കാരിക നിലയം കൂടി അവിടെ നിർമ്മിക്കാൻ തയ്യാറാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. അപ്പുറത്തുമിപ്പുറത്തുമുള്ള ആളുകൾ പറയുന്നത് ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ശ്രീ. പിരപ്പൻകോട് മുരളി വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അഭിനന്ദനം എന്നുപറഞ്ഞുകൊണ്ടാണ് ചർച്ച ആരംഭിച്ചതുതന്നെ. അത് ശുഭോദർക്കമായ ഒരു കാര്യമാണ്; നിസാരമായ സംഭവമല്ല. വിദ്യാഭ്യാസരംഗത്തെക്കുറിച്ച് വിമർശനങ്ങൾ മാത്രം നടത്തുകയും ആ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രക്ഷോഭങ്ങൾ ആരംഭിക്കുകയും ഇപ്പോൾ അഭിനന്ദനത്തിൽ എത്തിനിൽക്കുകയും ചെയ്യുന്ന മാറ്റം നിസ്സാരമായി കാണാൻ കഴിയില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ കാരണം അദ്ദേഹം വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങൾ വളരെ ദിശാബോധത്തോടെ നോക്കിക്കാണുകയും ഉൾക്കാഴ്ചയോടുകൂടി കാര്യങ്ങൾ മനസ്സിലാക്കി ചെയ്യുവാനും പ്രാപ്തനായ ഒരു മന്ത്രിയായതുകൊണ്ടാണ്. അദ്ദേഹം ഏറ്റവും ഒടുവിലായി കൊണ്ടുവന്ന പരിഷ്കാരം എസ്.എസ്.എൽ.സി. ഗ്രേഡിംഗ് സിസ്റ്റം ആണ്. പലരും അറച്ചു നിൽക്കുകയും മടിച്ചുനിൽക്കുകയും ചെയ്ത ഒരു സമ്പ്രദായമാണ് അത്. ആ സമ്പ്രദായം കൊണ്ടുവരുന്നതിനു മുൻപായി അതിന് നടത്തിയിട്ടുള്ള ഹോം വർക്ക് ആണ് പ്രധാനം. ഒരു സംഗതി നടപ്പാക്കാൻ

എളുപ്പമാണ്. അത് എങ്ങനെ നടപ്പാക്കണമെന്നതാണ് പ്രധാനമായ കാര്യം. അദ്ദേഹം അത് നടപ്പാക്കുന്നതിനുമുൻപായി ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും മൊത്തത്തിൽ എല്ലാവർക്കും അതേക്കുറിച്ച് മനസ്സിലാക്കുന്നതിനായി നന്നായി ഹോം വർക്ക് ചെയ്തു. വളരെ സൂക്ഷ്മത പാലിച്ചുകൊണ്ട് ലഘുലേഖ വിതരണം ചെയ്തും സി.ഡി. ഉപയോഗിച്ചും ഒന്നരമാസക്കാലം ദൂരദർശനിലൂടെയും ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് അദ്ദേഹം നടത്തിയ ധീരോദാത്തമായ പ്രവർത്തനത്തെ അഭിനന്ദിക്കാതെ വയ്യ. പ്രൈമറിതലംതൊട്ട് ഉന്നത വിദ്യാഭ്യാസ മേഖലവരെയുള്ള സകലമാന മേഖലകളേയും ഒരു പുതിയ ഉൾക്കാഴ്ചയോടുകൂടിയും ദിശാബോധത്തോടുകൂടിയും നോക്കിക്കാണുകയും അതനുസരിച്ച് പ്രവർത്തനം സംഘടിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ കാഴ്ചപ്പാട് അഭിനന്ദിക്കേണ്ടതാണ്. തീർച്ചയായും ശ്രീ. മുഹമ്മദ് ബഷീർ എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി, സാഹിത്യലോകത്ത് തന്റെ അനർഘമായ സംഭാവനകളാൽ ബേപ്പൂർ സുൽത്താനായി അറിയപ്പെട്ട വൈക്കം മുഹമ്മദ് ബഷീറിനെപ്പോലെ വിദ്യാഭ്യാസത്തിന് അനർഘമായ സംഭാവനകൾ നൽകിയിരിക്കുകയാണ്. ജനമനസ്സുകളും ഇളംമനസ്സുകളും എന്നും വാഴ്ത്തുന്ന ഒരു കേരള സുൽത്താനായി അങ്ങ് എക്കാലവും വാഴ്ത്തപ്പെടുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രധാനപ്പെട്ട മറ്റൊരുകാര്യം, നമ്മുടെ വിദ്യാഭ്യാസ രംഗം വമ്പിച്ച മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും വലിയ പ്രശ്നം. ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികളും നഗരമേഖലയിലെ വിദ്യാർത്ഥികളും തമ്മിൽ വലിയൊരു ഡിസ്പാരിറ്റിയുണ്ട് എന്നുള്ളതാണ്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായ ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഗ്രാമീണ മേഖലകളിൽ കോട്ടും ടൈയുമില്ലാത്ത ചോറുപാത്രംപോലും കൊണ്ടുപോകാനില്ലാത്ത പാവങ്ങളായ വിദ്യാർത്ഥികളുണ്ട്. അവരെ സ്കൂളിൽ കൊണ്ടുവിടാൻ വാഹനങ്ങളില്ല. പാവപ്പെട്ട സാധാരണക്കാരന്റെ കുട്ടികൾക്ക് ബുദ്ധിയും കഴിവും ഉണ്ടായാൽപോരാ ബാങ്ക് ബാലൻസ് ഉണ്ടെങ്കിൽ മാത്രമേ വിദ്യാഭ്യാസം ലഭിക്കുകയുള്ളൂ എന്ന ഘട്ടത്തിലേക്ക് എത്തുന്നു. ഈ ഘട്ടത്തിൽ പാവങ്ങളായ വിദ്യാർത്ഥികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളിലേക്ക് അവരേയും കൈപിടിച്ചു കൊണ്ടുവരുന്നതിന് സാധിക്കുകയുള്ളൂ. അതുകൊണ്ട് ഗ്രാമീണ മേഖലകളിലെ സാധാരണക്കാരായ പ്രൈമറി വിദ്യാർത്ഥികളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് അവർക്ക് വിദ്യാഭ്യാസം നൽകാനുള്ള ക്വാളിറ്റി ഇംപ്രൂവ്മെന്റ് പോലുള്ള ശക്തമായ നിലപാട് സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഞാൻ കഴിഞ്ഞ ദിവസം calling attention-ലൂടെ പറഞ്ഞകാര്യം, പ്രാഥമിക വിദ്യാഭ്യാസം മൗലികാവകാശമായി 81-ാം ഭരണഘടനാ ഭേദഗതിയിലൂടെ നിർദ്ദേശിച്ചിട്ടും അത് ഇപ്പോഴും ലഭിക്കാത്ത വിഭാഗം വനാന്തരമേഖലകളിലും ഗ്രാമീണ മേഖലകളിലും ആദിവാസിമേഖലകളിലും ഉണ്ട് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രൈമറി എഡ്യൂക്കേഷന്റെ

2/675/2012—39a.

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ അഖിലേന്ത്യാതലത്തിൽ 70.71 ശതമാനത്തിലാണെങ്കിൽ സ്റ്റേറ്റ് ലെവലിൽ 54.61 ശതമാനത്തിൽ നിൽക്കുകയാണ്. ഹയർ സെക്കണ്ടറി തലത്തിൽ നാഷണൽ ലെവലിനേക്കാൾ നമ്മൾ ഉയർന്നിട്ടുണ്ട്. എങ്കിലും എലിമെന്ററി എഡ്യുക്കേഷന്റെ കാര്യത്തിൽ ഇൻഡ്യയിൽ 87 ശതമാനത്തിൽ എത്തിനിൽക്കുമ്പോൾ കേരളം 79.35 ശതമാനത്തിലേ എത്തിയിട്ടുള്ളു. പ്രൈമറി മേഖലകളിലും പ്രീപ്രൈമറി മേഖലകളിലും കാര്യമായ ശ്രദ്ധയുണ്ടെങ്കിൽ മാത്രമേ അവരെ പൊതുധാരയിലേക്ക് കൈപിടിച്ചുകൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്ന രീതിയിൽ നിലവാരമുള്ള വിദ്യാഭ്യാസം അവർക്കുകൂടി കൊടുക്കുന്നതിനും കഴിയുകയുള്ളു. അതിന് കേന്ദ്ര ഗവൺമെന്റ് എസ്.എസ്.എ. പദ്ധതിയിലൂടെ കണ്ടമാനം പണം തരുന്നുണ്ട്. Quality Improvement, Teachers Training, Early Childhood Care and Education, അതുപോലെതന്നെ Computer Aided Learning, Distance Education എന്നിങ്ങനെ കുറേ പദ്ധതികൾ അതിൽപ്പെടുന്നുണ്ട്. SSA പദ്ധതിയിലും കേന്ദ്ര ഗവൺമെന്റ് തന്ന പണത്തിന്റെ 30 ശതമാനം ഫണ്ട് മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളു. ഈ കാര്യം കഴിഞ്ഞ വിലയിരുത്തൽ സമയത്ത് മനസ്സിലാക്കാൻ കഴിഞ്ഞു. അതിനെക്കുറിച്ച് പഠിച്ചപ്പോൾ, 16789.7 ലക്ഷം രൂപ കേന്ദ്രത്തിൽനിന്ന് അതിനുവേണ്ടി അലോട്ട്മെന്റ് ഉള്ളതിൽ 12593 ലക്ഷം രൂപ കേന്ദ്രത്തിൽ നിന്നും 4197 ലക്ഷം രൂപ സ്റ്റേറ്റിൽ നിന്നും വിഹിതം കിട്ടിയപ്പോൾ അതിൽ 30 ശതമാനം മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളു എന്നുപറഞ്ഞു. അതിന്റെ കാരണം അന്വേഷിച്ചപ്പോൾ ഇത് ജില്ലയിൽ നടപ്പാക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ വേണം എന്നാണ് അറിയുന്നത്. ജില്ലയിൽ നിന്ന് സമർപ്പിക്കുന്ന പദ്ധതികൾ അപ്രൂവലിനുവേണ്ടി സമർപ്പിച്ചപ്പോൾ പണം അനുവദിക്കുകയും ചെയ്തിട്ട് പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ പേരിൽ ഇത്രയും തുക നഷ്ടപ്പെടുന്നു എന്നുമാത്രമല്ല നിലവാരം ഉയർത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ ജില്ലയിലും നാല് വീതം പ്രോഗ്രാം ഓഫീസർമാർ വേണമെന്നാണ് കണക്ക്, എത്ര നിയമിച്ചു? പല ജില്ലകളിലും പ്രോഗ്രാം ഓഫീസർമാർ ഇല്ല. വളരെ ഗൗരവമായി കാണേണ്ട കാര്യമാണിത്. ആന വാങ്ങാൻ കഴിയും തോട്ടി വാങ്ങാൻ കഴിയില്ലെങ്കിൽ പിന്നെ എങ്ങനെ നടപ്പാക്കാൻ കഴിയും? ഒരു പദ്ധതി ഉണ്ടെങ്കിൽ നടപ്പാക്കാൻ ആളുകൾ വേണം, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണം. ഡെപ്യൂട്ടേഷൻ അനുവദിക്കുമ്പോൾ അതിന്റെ ഒഴിവു നികത്താൻ സംവിധാനം ഉണ്ടാകണം. അതിനെക്കുറിച്ച് യാതൊന്നും പറയാതെ ഫിനാൻസിന്റെ ഉടക്കുണ്ട്, അതുചെയ്തില്ല, ഇതുചെയ്തില്ല എന്ന് പറഞ്ഞ് കോടിക്കണക്കിന് രൂപ ലഭിച്ചിട്ടും അത് ഉപയോഗപ്പെടുത്താൻ കഴിയാത്തത് കേവലം പത്തോ അൻപതോ ഉദ്യോഗസ്ഥരുടെ കുറവുകൊണ്ടാണെന്ന് പറയുന്നത് നാണക്കേടാണ്. ഇത് സംസ്ഥാനത്തിന് ലജ്ജാകരമല്ലേ? ഈ വിഹിതം കേന്ദ്ര ഗവൺമെന്റ് ഇരട്ടിയാക്കി. പ്രൈമറി എഡ്യൂക്കേഷനുവേണ്ടി, Early Childhood Care and Education-നുവേണ്ടി ചെലവഴിക്കേണ്ട സംഖ്യ ലാപ്സായി പോകുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഗൗരവമായി കണ്ടുകൊണ്ട് ലാപ്സാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെയാണ് ഐ. ടി. മേഖലയിലെ മാറ്റവും. ഇപ്പോൾ കേരളത്തിലെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതി. ഐ.ടി-ക്ക് അഞ്ചുമാർക്കാണ് എന്നൊക്കെ പറയുന്നു. എല്ലാ വിദ്യാർത്ഥികളും ഐ.ടി. എന്താണെന്നും കമ്പ്യൂട്ടർ എന്താണെന്നും അതിന്റെ ഓപ്പറേഷൻ എന്താണെന്നും മനസ്സിലാക്കിക്കഴിഞ്ഞു. വളരെ ലളിതമായ രീതിയിൽ ഐ.ടി. നടപ്പാക്കിയതിന്റെ ക്രെഡിറ്റ് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അവകാശപ്പെട്ടതാണ്. നിയമസഭയിൽ അതിനെപ്പറ്റി പറഞ്ഞപ്പോൾ ശ്രീ. മത്തായി ചാക്കോ അതെങ്ങനെ നടപ്പാക്കുമെന്ന് ചോദിച്ചു. അവസാനം നടപ്പാക്കാൻ സഹകരിക്കാമെന്ന് സമ്മതിച്ചു, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളൊന്നും എറിഞ്ഞുതകർക്കുന്നില്ല എന്താണ് കാരണം? ഇനി നമുക്ക് കെ.എസ്.ആർ.ടി.സി ബസ് എറിയേണ്ട എന്നു തീരുമാനിക്കാം എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, ആ തീരുമാനത്തോടുകൂടി കെ.എസ്.ആർ.ടി.സി ബസുകൾ പൊളിയുന്നില്ല അങ്ങനെ ഒരു തീരുമാനം എല്ലാ കാര്യത്തിലും എടുത്താൽ എളുപ്പമാണ്. ഇവിടെ ഐ.ടി.-യെക്കുറിച്ചും സോഫ്റ്റ്വെയറിനെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചുമൊക്കെ എന്തൊരു കോലാഹലമായിരുന്നു. ചൈനീസ് കമ്മ്യൂണിസ്റ്റുപാർട്ടിയും ബംഗാളുമൊക്കെ നാനോ ടെക്നോളജി എന്നു പറയുന്ന പുതിയ ടെക്നോളജിയിലേക്ക് പോകുമ്പോൾ കേരളത്തിലെ സി.പി.ഐ.(എം.) 'നോ, നോ' ടെക്നോളജി എന്നു പറയുന്നു. ഇവിടെ ഒരു ടെക്നോളജിയും വേണ്ടെന്നു പറഞ്ഞാൽ ചൈനയിലേക്കും ബാംഗ്ലൂരിലേക്കുമുള്ള ദൂരം എത്രയാണ്? ജനങ്ങൾ കൈ ഒഴിയേണ്ടിവരും മാറ്റങ്ങൾ ഉൾക്കൊള്ളണം. അവിടെ ഉൾക്കൊള്ളാമെങ്കിൽ നിങ്ങൾക്കെന്തുകൊണ്ട് ഉൾക്കൊണ്ടുകൂടാ, ഈ സാഹചര്യത്തിൽ ഏറ്റവും മോഡേൺ ആയിട്ടുള്ള ടെക്നോളജി അടക്കം വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു വേണ്ടിയുള്ള സമീപനവുമായി മുന്നോട്ടുപോകുമ്പോൾ രാഷ്ട്രീയപ്രേരിതമായി അതിനെ എതിർക്കുകയും മറ്റും ചെയ്യുന്നത് ശരിയല്ല. കഴിഞ്ഞവർഷം എസ്.എസ്.എൽ.സി-ക്ക് മോഡറേഷൻ കൊടുക്കുന്നതിനു മുൻപ് വിജയശതമാനം 56.69-ഉം അതിനുശേഷം 70.6 ശതമാനവുമാണ്. മോഡറേഷൻ എന്നുപറയുന്ന സംവിധാനമില്ലെങ്കിൽ ഈ രാജ്യത്തെ നാല്പത്തിനാലര ശതമാനം വിദ്യാർത്ഥികൾ പരാജയപ്പെടുകയാണ് ചെയ്യുക. ഈ പരാജയപ്പെടുന്ന കുട്ടികളുടെ സ്ഥിതി പരിശോധിക്കണം. കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഒരു സർവേ നടത്തിയപ്പോൾ എസ്.എസ്.എൽ.സി. പരാജയപ്പെടുന്നതിൽ 90 ശതമാനവും ബി.പി.എൽ. നിരക്കിനു താഴെയുള്ളവരുടെ കുട്ടികളാണ് എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. 49 ശതമാനം വിജയം ഉണ്ടായിരുന്ന നരിക്കുനി ഗവൺമെന്റ് ഹൈസ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ ,വിജയഭേരി പദ്ധതി നടപ്പാക്കിയപ്പോൾ അത് 85 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മലപ്പുറം ജില്ലയിൽ വ്യാപകമായി ജില്ലാ പഞ്ചായത്ത് അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതി നടപ്പാക്കി വിജയിപ്പിച്ചത് അങ്ങേക്ക് അറിയാവുന്നതാണ്. ശ്രമം നടത്തിയാൽ തീർച്ചയായും വിജയം വരിക്കാൻ സാധിക്കും മോഡറേഷനില്ലാതെ പരാജയപ്പെടുന്ന കുട്ടികൾ പിന്നീട് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളോട് ചേർന്ന് പ്രവർത്തിക്കാൻ ഇടയാകുന്നു. അവരെ ഒരിക്കലും ഈ സമൂഹത്തിന് തിരിച്ചുകിട്ടാത്ത ഒരു അവസ്ഥാവിശേഷമുണ്ടാവുകയാണ്. അതുകൊണ്ട് D+ കിട്ടാത്ത ഒരു കുട്ടിയും ഉണ്ടാവരുത് എന്ന നിലയിലൂടെയുള്ള പ്രവർത്തനം വളരെ കാലേകൂട്ടി ആസൂത്രണം ചെയ്യുകയും ത്രിതല പഞ്ചായത്തുകളിൽകൂടി അതുമായി ബന്ധിപ്പിച്ചുകൊണ്ട് ശക്തമായ വിദ്യാഭ്യാസ പ്രവർത്തനത്തിൽ ഭാഗമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് സ്പെഷ്യൽ സ്കൂളിന്റെ കാര്യമാണ്. മന്ദബുദ്ധികളും disabled ആയിട്ടുള്ളതുമായ ഏതാണ്ട് 54874 കുട്ടികൾ 2002-03-ൽ ഈ സംസ്ഥാനത്തുണ്ടായിരുന്നു. മറ്റു കുട്ടികളെപ്പോലെ പഠിക്കാൻ കഴിയാത്ത disabled ആയിട്ടുള്ള കുട്ടികൾ സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുകയാണ്. അവരുടെ കാര്യം വളരെ ദയനീയമാണ്. ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതുവരെ അത്തരം മുഴുവൻ കുട്ടികൾക്കും ആവശ്യമായ ഭക്ഷണം, താമസ സൗകര്യം എന്നിവ പൂർണ്ണമായും സൗജന്യമാക്കി ഗവൺമെന്റ് അവരെ ദത്തെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനായി പ്രത്യേകമായ പദ്ധതി ആവിഷ്ക്കരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാനപ്പെട്ട മെമ്പർ സ്പെഷ്യൽ സ്കൂളുകളുടെ കാര്യമാണ് സംസാരിച്ചുകൊണ്ടിരുന്നത്. ഭരണഘടന അനുശാസിക്കുന്ന സൗജന്യ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം പത്താം ക്ളാസ്സുവരെ എല്ലാ വിദ്യാർത്ഥികൾക്കും ഉണ്ട്. നമ്മൾ ഇവിടെ സർക്കാർ എയ്ഡഡ് സ്കൂളുകൾ നടത്തുമ്പോൾ അവിടെ പഠിക്കാനുള്ള സൗകര്യം മന്ദബുദ്ധികളായ കുട്ടികൾക്കോ സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കോ ലഭിക്കുന്നില്ല. സാമൂഹ്യക്ഷേമവകുപ്പിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന തുച്ഛമായ ഗ്രാന്റ്കൊണ്ട് സ്പെഷ്യൽ സ്കൂൾ നടത്താൻ കഴിയാത്ത സാഹചര്യമാണ് എന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്പെഷ്യൽ സ്കൂളുകൾക്ക് ഒരു മാനദണ്ഡം നിശ്ചയിച്ച് സർക്കാർ സ്കൂളുകളാക്കി, എയ്ഡഡ് സ്കൂളുകൾ പോലെ, സാധാരണ സ്കൂളുകൾ പോലെ ആക്കുന്നതിനു വേണ്ടിയുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്ന് അങ്ങേക്ക് തോന്നിയിട്ടുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: തീർച്ചയായും അക്കാര്യമാണ് ഞാനിവിടെ സൂചിപ്പിച്ചത്. അവരുടെ കാര്യത്തിൽ കക്ഷി വ്യത്യാസമോ മറ്റു വ്യത്യാസമോ ഇല്ലാതെ എല്ലാവരും ഒറ്റക്കെട്ടായി ശബ്ദിക്കുന്ന ഒരു കാര്യമാണ്. തീർച്ചയായും
2.00 P.M.] വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ സ്പെഷ്യൽ സ്കൂളിന്റെ കാര്യത്തിൽ പ്രത്യേകം താത്പര്യം എടുക്കുകയും അതിന് പല പദ്ധതികളും നടപ്പിലാക്കി വരികയും ചെയ്യുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തീർച്ചയായും അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സിനിമാറ്റിക് ഡാൻസും മൊബൈൽ ഫോണുമൊക്കെ നിരോധിച്ച അങ്ങ് ആ കാര്യത്തിൽ വളരെ അഭിനന്ദനമർഹിക്കുന്ന ഒരു നിലപാടാണ് സ്വീകരിച്ചത്. കാരണം ഡാൻസിന്റെ പേരിലും കലയുടെ പേരിലുമൊക്കെ വൈകൃതങ്ങളായ രൂപങ്ങൾ വിദ്യാർത്ഥികളുടെ ഇടയിൽ അവതരിപ്പിച്ചുകൊണ്ട് നമ്മുടെ സംസ്കാരം തന്നെ പിച്ചിച്ചീന്തുന്ന ആ പ്രവണതയ്ക്ക് അറുതി വന്നിരിക്കുകയാണ്. അതോടൊപ്പംതന്നെ ചില സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് കച്ചവടം വ്യാപകമായി നടക്കുകയാണ്. അങ്ങയുടെ പ്രത്യേകമായ ശ്രദ്ധ അക്കാര്യത്തിൽ വേണം. ഗവൺമെന്റ് സ്ക്കൂളുകളുടെ ഒരു യോഗം വിളിച്ചുകൂട്ടിയപ്പോൾ സ്കൂൾ യൂണിഫോമിട്ട് പുറത്തുള്ള കുട്ടി ക്ലാസ്സിൽവന്ന സാഹചര്യവും അവിടെ മയക്കുമരുന്ന് വിതരണം നടത്തിയ ഞെട്ടിപ്പിക്കുന്ന വിവരവും ഹെഡ്മിസ്ട്രസ് പറയുകയുണ്ടായി. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ഹെഡ്മിസ്ട്രസ് ഇങ്ങനെ പരാതി പറഞ്ഞു എന്നതിന്റെ പേരിൽ മയക്കുമരുന്ന് ലോബി അവരെ ഭീഷണിപ്പെടുത്തിയ സംഭവംപോലും നമ്മുടെ നാട്ടിൽ നടക്കുകയാണ് എന്ന് അറിയാൻ കഴിഞ്ഞു. ഗൗരവമായി അക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ആലോചിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം ഉന്നത വിദ്യാഭ്യാസ മേഖലയാണ്. ഞാൻ കൂടുതലൊന്നും പറയുന്നില്ല, ഉന്നത വിദ്യാഭ്യാസ മേഖല മുൻപൊന്നുമില്ലാത്ത വിധം വളരെ വളർച്ച വ്യാപിച്ച ഒരു ഘട്ടമാണ്. കഴിഞ്ഞ ആഴ്ച പത്രത്തിൽ കണ്ടത് കർണാടകയിൽ മറ്റ് സ്റ്റേറ്റുകളിലുള്ള വർക്ക് ഉന്നത വിദ്യാഭ്യാസം നൽകാൻ അനുവദിക്കില്ല അവിടെ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നു എന്നാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇവിടെ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം ബഹളമായിരുന്നു? അന്നത് തുടങ്ങിയില്ലായിരുന്നുവെങ്കിൽ ഇന്ന് നിരോധനത്തിന്റെ പേരിൽ ഇവിടെ ഉന്നത വിദ്യാഭ്യാസം നടത്തിയ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ഒരിക്കലും ഉന്നത വിദ്യാഭ്യാസം നേടാൻ കഴിയുമായിരുന്നില്ല. ഇന്ന് അവിടെ നിരോധനം വന്നപ്പോൾ അവർക്ക് കേരളത്തിൽ പഠിക്കാനുള്ള അവസരമുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെക്കുറിച്ച് ഒരു വാർത്ത വായിച്ചു. അവിടെ റിക്രൂട്ട്മെന്റ് ഡയറക്ടർ വന്നിട്ട് ചരിത്രത്തിൽ ഇന്നുവരെയില്ലാത്ത placement college campus-ൽ നടക്കുകയാണ്. അത്തരം ഉന്നത വിദ്യാഭ്യാസം കൊടുക്കുന്ന, മിടുക്കന്മാരും മിടുക്കികളുമായ വിദ്യാർത്ഥികൾ പഠിച്ചുയരുന്ന ഒരു സംസ്ഥാനമായി കേരളം വളർന്നിരിക്കുകയാണ്. അവരുടെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുവേണ്ടി വളരെയധികം പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചു. 5 കോളേജുകളെ എ.ഐ.സി.ടി.ഇ.-യുടെ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ NAAC-ന്റെ അംഗീകാരം കിട്ടിയ ഒട്ടേറെ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളുണ്ട്. CUSAT അടക്കമുള്ള കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര മേഖലയിലും ഉന്നതമായ നിലവാരം പുലർത്തുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച അങ്ങയെ അഭിനന്ദിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ സ്വതന്ത്രമായി എല്ലാ പ്രൊഫഷണൽ കോളേജുകൾക്കും അക്കാദമിക് സ്വാതന്ത്ര്യം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്തിനാണ് അതിൽ വൈമുഖ്യം കണിക്കുന്നത്? അവർ സ്വാതന്ത്ര്യത്തോടുകൂടി പഠിക്കട്ടെ. നിലവാരമുള്ള കോളേജിലേ കുട്ടികളെ ചേർക്കുകയുള്ളൂ. കോളേജുകളിൽ നിലവാരമില്ലെങ്കിൽ അവിടെ കുട്ടികൾ പോകില്ല. അക്കാഡമിക് നിലവാരം കണ്ടിട്ടാണ് പണം കൊടുത്തിട്ടാണെങ്കിലും അല്ലെങ്കിലും കുട്ടികളെ ചേർക്കുന്നത്. അതുകൊണ്ടുതന്നെ നിലവാരമുള്ള കോളേജുകളാണെങ്കിൽ കുട്ടികൾ അന്വേഷിച്ച് അങ്ങോട്ടുചെല്ലും. ഒരിക്കലും നഷ്ടമുണ്ടാകുന്ന പ്രശ്നം വരുന്നില്ല. അതോടൊപ്പംതന്നെ 50 ശതമാനം കുട്ടികൾക്ക് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സീറ്റ് ഉറപ്പാക്കിക്കൊണ്ട് ബിൽ അവതരിപ്പിച്ച് പാസാക്കി. എന്നാൽ ഇപ്പോൾ സുപ്രീംകോടതി നിർദ്ദേശപ്രകാരം ജസ്റ്റീസ് തോമസ് കമ്മീഷൻ നിർദ്ദേശിച്ച ഫീസ് അടയ്ക്കേണ്ടിവന്നിരിക്കുകയാണ്. അത്തരം 50 ശതമാനം കുട്ടികൾക്ക് open merit-ൽ ഗവൺമെന്റ് ഫീസ് കൊടുക്കുന്ന രീതിയിൽത്തന്നെ കൊണ്ടുവരാൻ ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി യു.പി.എ. ഗവൺമെന്റിനോട് ഇപ്പോഴത്തെ ബന്ധം ഉപയോഗപ്പെടുത്തിക്കൊണ്ട് സമ്മർദ്ദം ചെലുത്തണം. പ്രത്യേകിച്ചും പരീക്ഷ അടക്കമുള്ള കാര്യങ്ങളിൽ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ എസ്.എസ്.എൽ.സി. റിസൾട്ട് വിലയിരുത്തുന്നതിലും മറ്റുമൊക്കെ Audio Conference System ഏർപ്പെടുത്തിയത് വളരെ ശ്ലാഘനീയമായ പരിപാടിയാണ്. അതൊരു സ്ഥിരം സംവിധാനമാക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രി എല്ലാ സ്ഥലത്തും പോയി വിദ്യാഭ്യാസ നിലവാരം അന്വേഷിക്കുന്നതിനുപകരം അപ്പപ്പോൾ തന്നെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും ആവശ്യമായ Audio Conference System ഒരു സ്ഥിരം സംവിധാനമാക്കി മാറ്റാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെയധികം കാര്യങ്ങൾ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറയാനുണ്ട്. സമഗ്രമായ മാറ്റത്തിന് വിധേയമാകുന്ന മേഖലയാണ് വിദ്യാഭ്യാസ മേഖല. അത് അനുസ്യൂതം തുടരട്ടെ എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ സാംസ്ക്കാരിക വകുപ്പിനെക്കുറിച്ച് പറഞ്ഞു, പ്രായത്തിൽ കവിഞ്ഞ പക്വതയും ഭാവനാസമ്പന്നനുമായ ഒരു സാംസ്ക്കാരിക വകുപ്പുമന്ത്രിയാണ് ഇപ്പോൾ ഉള്ളത്. യുവത്വത്തിന്റെ പ്രതീകമായ, ചുറുചുറുക്കുള്ള ശ്രീ. എ. പി. അനിൽകുമാർ ഒരു കുമാരനെപ്പോലെ ഓടിച്ചാടിനടന്ന്, സാഹിത്യ നായകന്മാരെപ്പോലെ ഓടിച്ചെന്ന് ഓരോരുത്തരെ കാണാനും ബന്ധപ്പെടുത്താനും

LIBRARY ARCHIVES Kerala Legislative Assembly

എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് അങ്ങോട്ടുചെന്ന് അന്വേഷിക്കാനും കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനും കഴിയുന്ന ആളാണ്. ഇത്തരം ചുറുചുറുക്കുള്ള മന്ത്രിയെ ഇത്രയുംകാലം കിട്ടാതെപോയതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനം തുടങ്ങാൻപോലും ശ്രീ. എ. പി. അനിൽകുമാർ മന്ത്രിയാകേണ്ടി വന്നുവെന്നുള്ളിടത്ത് കാര്യങ്ങൾ എത്തിയിരിക്കുന്നു. ഇത്രയും ഗംഭീരമായി കാര്യങ്ങൾ നടത്തുന്ന അദ്ദേഹത്തിന് ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധ്യമാകുന്ന എല്ലാവിധ പിന്തുണയും വ്യാഗ്ദാനം ചെയ്യുകയാണ്. അതുപോലെ സ്പോർട്ട്സ് രംഗത്ത് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചെയ്ത സേവനങ്ങളും സ്തുത്യർഹമാണ്. കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ പി. ടി. ഉഷയ്ക്ക് 30 ഏക്കർ സ്ഥലം പ്രസന്റുചെയ്തുകൊണ്ട് അദ്ദേഹം മനോഹരമായ ഒരു പ്രസന്റേഷൻ നമ്മുടെ സമൂഹത്തിന് നൽകിയിരിക്കുകയാണ്. കലാകായിക രംഗത്ത് അദ്ദേഹം ചെയ്യുന്ന പ്രവർത്തനങ്ങൾ, കായിക രംഗത്ത് അദ്ദേഹം കാട്ടുന്ന മികവ് വളരെ പ്രധാനമാണ്. അദ്ദേഹം ഒരു സ്പോർട്ട്സ് താരം കൂടിയായതുകൊണ്ട് അദ്ദേഹത്തിന് കൂടുതൽ സാധ്യമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്പോർട്ട്സ് വികസിപ്പിക്കുന്നതിനുവേണ്ടി 140 നിയോജക മണ്ഡലങ്ങളിലും പ്രത്യേകമായ സ്റ്റേഡിയം കൊണ്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിന് എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു ചെറിയ വിഹിതം തരാം, ബാക്കി ഗവൺമെന്റ് എടുക്കണം. 25 ശതമാനം എം.എൽ.എ. ഫണ്ടിൽ നിന്നും 75 ശതമാനം ഗവൺമെന്റിൽ നിന്നും കൊടുത്തുകൊണ്ട് ഒരു പദ്ധതി അങ്ങ് ആവിഷ്ക്കരിക്കുകയാണെങ്കിൽ തീർച്ചയായും സ്പോർട്ട്സ് രംഗത്തെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കാൻ കഴിയുമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. സുജനപാൽ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണ്. എസ്.എസ്.എൽ.സി. മൂല്യനിർണ്ണയം, ഗ്രേഡിംഗ് തുടങ്ങിയ മാറ്റങ്ങൾ വരുത്തി പരീക്ഷാസമ്പ്രദായത്തെ നവീകരിക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങളെ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ ഇല്ലാതെ എല്ലാ അംഗങ്ങളും അഭിനന്ദിച്ചു. എന്തായാലും വിദ്യാഭ്യാസ വകുപ്പുമന്ത്രി എടുത്ത നടപടി ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്തുതന്നെ ഒരു പുതിയ ചലനം ഉണ്ടാക്കിയിരിക്കുകയാണ്. അതിനുള്ള കാരണത്തെക്കുറിച്ചാണ് ഞാൻ ആലോചിച്ചത്. ഇന്നലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും വിദ്യാർത്ഥികളും ടി. വി.-യിലൂടെ സംസാരിക്കുന്നത് കാണുകയുണ്ടായി. ഞാൻ ആലോചിച്ചുപോയത് ഞാൻ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കാര്യമാണ്. എസ്.എസ്.എൽ.സി. പരീക്ഷ എന്നുപറഞ്ഞാൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ടെൻഷനായിരുന്നു; ഒരു മാനസിക സംഘർഷമാണ്. പരീക്ഷ കഴിയുമ്പോൾ നിരവധി ആത്മഹത്യകൾ വരെയുണ്ടായ സംഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. കാരണം കുട്ടികൾക്കു

2/675/2012—40.

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകുന്ന മാനസികമായ ആഘാതമാണ്. ഇപ്പോൾ അത് പൂർണ്ണമായും ഒഴിവാക്കുകയാണ് ചെയ്തത്. ഇതിനുള്ള കാരണത്തെക്കുറിച്ചാണ് ഞാൻ ആലോചിച്ചത്. എന്തുകൊണ്ട് ശ്രീ ഇ. ടി. മുഹമ്മദ് ബഷീറിന് ഈ രൂപത്തിലുള്ള ഒരു പരിഹാരം നടപ്പിലാക്കാൻ സാധിച്ചു? പലപ്പോഴും വിദ്യാഭ്യാസ രംഗത്ത് രാഷ്ട്രീയ തീരുമാനങ്ങളെടുത്ത് അത് നടപ്പിലാക്കാൻ കഴിയാതെ വരികയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്ത് വിദ്യാഭ്യാസ രംഗത്ത് കേരളം പിന്നോട്ടുപോയത്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അക്കാഡമിക് തീരുമാനമെടുത്ത് നടപ്പാക്കിയതുകൊണ്ടാണ് അത് വിജയകരമാക്കാൻ സാധിച്ചത്. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനപരമായി ഉണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു തുടക്കമാകട്ടെ. അക്കാഡമിക് തലത്തിലുള്ള തീരുമാനങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. കേരളത്തിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റുകളിലെല്ലാംതന്നെ വിദ്യാഭ്യാസത്തിനുവേണ്ടിയും വ്യവസായ വികസനത്തിനുവേണ്ടിയും കാർഷിക വികസനത്തിനുവേണ്ടിയും കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ട്. പക്ഷേ ഇന്ന് ഈ മേഖലയുടെ അവസ്ഥയെന്താണ്? വ്യവസായ രംഗത്തെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. കാർഷിക രംഗത്തെ പ്രശ്നങ്ങൾ നിരവധിയാണ്. ഇവിടെ പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള നേതാക്കന്മാരുടെ നിരാഹാര സമരം നടക്കുകയാണ്. അത് രാഷ്ട്രീയ പ്രേരിതമാണെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷേ കാർഷിക രംഗം നേരിടുന്ന പ്രതിസന്ധി ഗുരുതരമാണ്. അവിടെയൊന്നും കാര്യമായ മാറ്റമുണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞ ഏക മേഖല വിദ്യാഭ്യാസ മേഖലയാണ്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ഉത്തരം പറഞ്ഞ സമയത്ത് ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതലാണെന്ന് പല അംഗങ്ങളും പറയുകയുണ്ടായി. കേരളത്തിൽ നമ്മൾ വികസിപ്പിച്ചെടുക്കുന്ന മനുഷ്യവിഭവശേഷി കേരളത്തിനുവേണ്ടി മാത്രമുള്ളതല്ല, ലോകത്തിനുവേണ്ടിയുള്ളതാണ്. വാസ്തവത്തിൽ ഇന്ന് കേരളത്തിനു വെളിയിൽപോയി പ്രവർത്തിക്കുന്നവർ, വിദേശത്തു പോയി പ്രവർത്തിക്കുന്നവർ, നമ്മുടെ സംസ്ഥാനത്തു തന്നെ തിരിച്ചുവരുന്ന അവസ്ഥയെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ പറ്റുമോ? ഗൾഫിൽ ജോലി ചെയ്യുന്നവർ തിരിച്ചുവരേണ്ട അവസ്ഥയുണ്ടാകുന്ന ഒരു സാഹചര്യം വന്നാൽ അതു വളരെ ദൗർഭാഗ്യകരമായിരിക്കും. കേരളത്തിന്റെ സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകമാണ് അവർ. നമ്മൾ ഏറ്റവും കൂടുതൽ പ്രാധാന്യം കൽപ്പിക്കേണ്ടത് വിദ്യാഭ്യാസ മേഖലയെയാണ്. ആ മേഖലയിൽ മാത്രമേ കേരളത്തിനു പ്രതീക്ഷയുള്ളൂ. ആ മേഖലയെ വികസിപ്പിച്ചെടുക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതിക്ക് നമ്മൾ രൂപം കൊടുക്കണം. അതിൽ രാഷ്ട്രീയം കാണരുത്. അക്കാഡമിക് തലത്തിൽ തീരുമാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊണ്ടുകൊണ്ട് നമ്മൾ മുന്നോട്ടു പോകണം. ഇപ്പോൾ ഐ.ടി. മേഖലയിൽ ഒരുപാട് സാധ്യതകളുണ്ട്. നമ്മുടെ മനുഷ്യവിഭവശേഷി ലോകപ്രസിദ്ധമാണ് അടുത്ത കാലത്ത് എനിക്ക് നേരിട്ടു പരിചയമുള്ള ഒരു സുഹൃത്ത് ജർമ്മനിയിൽ നിന്നും ബാംഗ്ളൂരിൽ വന്നു. ബാംഗ്ളൂരിനെയാണല്ലോ Cyber Capital of India എന്നു പറയുന്നത്. ബാംഗ്ളൂരിൽ വന്ന് കമ്പ്യൂട്ടർ എൻജിനീയർമാരെ സെലക്ട് ചെയ്യാൻ വേണ്ടി 300 പേരെ തെരഞ്ഞെടുത്തതിൽ 200 പേർ മലയാളികളായിരുന്നു. മലയാളികളായിട്ടുള്ള എൻജിനീയർമാർ പലരും വിദേശ രാജ്യങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ ജോലിക്കായി എത്തപ്പെടുന്നു. ബാംഗ്ളൂർ, ഹൈദ്രാബാദ്, തമിഴ്നാട് തുടങ്ങിയ സ്ഥലങ്ങളിൽ ജോലി നോക്കുന്ന ഒട്ടേറെ എൻജിനീയർമാരായ മലയാളികളുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ മുൻതൂക്കം നൽകേണ്ട മേഖലയാണ് ഐ. ടി. ഐ.ടി.-യുടെ വികസനത്തിനനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം. ബഡ്ജറ്റിൽ കോടിക്കണക്കിനു രൂപ പൊതുവിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. 2005-06-ൽ 35.10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രധാന പദ്ധതികളുടെ പുരോഗതിക്കായി, ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് 150 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളുകളിലെ ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇത് മറ്റ് മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്; പ്രത്യേകിച്ച് കേരളത്തെ സംബന്ധിച്ചിടത്തോളം. കേരളത്തിന്റെ പുരോഗതിക്ക് പ്രധാന കാരണം കേരളാ മോഡൽ വികസനമാണ്. അത് ഇന്ന് ലോകപ്രസിദ്ധമാകാൻ കാരണമെന്താണ്? വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളല്ലേ? അതിനു കേന്ദ്രത്തിന്റെ സഹായം ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കേന്ദ്ര സഹായം നിന്നുപോകുന്ന അവസ്ഥ വന്നാൽ നമ്മൾ ഈ മേഖലയിൽ വളരെ പിന്നോട്ടു പോകുകയാണ് ചെയ്യുക. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ആ നയം മാറ്റിയെടുക്കേണ്ട തായിട്ടുണ്ട്. പ്രതിപക്ഷവും ഭരണപക്ഷവും ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേരളത്തിന്റെ മനുഷ്യവിഭവശേഷി വികസിപ്പിച്ചെടുക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതിക്കു രൂപം നൽകേണ്ടതുണ്ട്. ഇന്ന് പുതിയ പുതിയ മേഖലകൾ കണ്ടെത്തു കയാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും മലയാളികളായിട്ടുള്ള ആളുകൾ ഒത്തു ചേർന്ന് ഈ നാട്ടിന് അഭിമാനകരമായ നേട്ടമുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ഇൻഫർമേഷൻ ടെക്നോളജിക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കണം. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ ഇവിടെ അവഗണിക്കുകയാണ് ചെയ്യുന്നത്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനു വളരെയേറെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ചും ആധുനിക വിദ്യാഭ്യാസത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന മേഖലയാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസം. ഇവിടെ അങ്ങനെയൊരു സംവിധാനമില്ല. നേരത്തെ പ്രീ-പ്രൈമറി ഡയറക്ടറേറ്റ് ഉണ്ടാക്കണമെന്നുള്ള നിർദ്ദേശമുണ്ടായിരുന്നു. അതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഇന്നും കോൾഡ് സ്റ്റോറേജിൽ കിടക്കുകയാണ്. അംഗീകാരമില്ലാത്ത നിരവധി പ്രീ-പ്രൈമറി സ്കൂളുകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. അതിനൊരു സംവിധാനമുണ്ടാക്കണം. അതിന് സിലബസ്സ് ഉണ്ടാക്കണം. പരിശീലനം സിദ്ധിച്ച അദ്ധ്യാപകരെ നിയമിക്കണം. പല പാശ്ചാത്യ രാജ്യങ്ങളിലും യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിനു നൽകുന്നതിനേക്കാൾ പ്രാധാന്യമാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനു നൽകുന്നത്. നമ്മുടെ പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗമാകെ അവഗണിക്കപ്പെട്ടുകിടക്കുകയാണ്. ഗവൺമെന്റിന്റെ അംഗീകാരമുള്ള നേഴ്സറി സ്കൂളുകൾ ഇല്ലെന്നു തന്നെ പറയാം. അതിനു പ്രത്യേകമായിട്ടുള്ള സിലബസ്സ് ഉണ്ടാക്കണം, സംവിധാനം ഉണ്ടാക്കണം.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണല്ലോ ചൂണ്ടിക്കാണിച്ചത്. പട്ടണങ്ങളിലായാലും നാട്ടിൻപുറത്തായാലും പ്രീ-പ്രൈമറി സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വ്യക്തമായ യാതൊരു നിബന്ധനയും പാലിക്കേണ്ടതില്ല. ഒരു രജിസ്ട്രേഷനും വേണ്ട എന്നുള്ള അവസ്ഥയാണ് വന്നിരിക്കുന്നത്. യശ്പാൽ കമ്മിറ്റി റിപ്പോർട്ട് അടക്കമുള്ള കാര്യങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന തലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി ശക്തമായ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യത്തെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. സുജനപാൽ: തീർച്ചയായും അംഗീകാരം നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. അതുപോലെ തന്നെ സിലബസ്സ് ശാസ്ത്രീയമായി നവീകരിക്കണം. ഇതൊക്കെ വളരെ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്. പുതിയ തലമുറകൾ പുതിയ വെല്ലുവിളികൾ നേരിട്ടുകൊണ്ട് വളർന്നുവരികയാണ്. അതനുസരിച്ചുള്ള സംവിധാനം ഉണ്ടാക്കണം. ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ലബോറട്ടറി സംവിധാനം വളരെ അപര്യാപ്തമാണ്. കോഴിക്കോട്ടുള്ള പല ഹയർസെക്കന്ററി സ്കൂളുകളിലും എം.എൽ.എ. ഫണ്ടിൽ നിന്നും പണം കൊടുത്തുകൊണ്ടാണ് ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുള്ളത്. കമ്പ്യൂട്ടർ നൽകാൻ വേണ്ടി ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. ഗവൺമെന്റ് സ്കൂളുകളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് അങ്ങേക്കറിയാം. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്ഥാപനമെന്നുള്ള നിലയിൽ, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു മേഖല എന്നുള്ള നിലയിൽ അവരെ പരമാവധി പ്രോൽസാഹിപ്പിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കെട്ടിടങ്ങൾ ഇല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകൾ ഉണ്ട്. കോളേജുകളിൽ നിന്നും പ്ലസ് ടു വിദ്യാഭ്യാസം മാറ്റി. വാസ്തവത്തിൽ അതിനുള്ള ഭൗതിക സൗകര്യങ്ങൾ വളരെ കുറവാണ്. ഇതിനു വളരെയധികം പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. എസ്.എസ്.എ. ഫണ്ട് ഇന്ന് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ നൽകുന്നില്ല. ആ ഒരു നിർദ്ദേശം കൂടി വയ്ക്കുകയാണ്. എസ്.എസ്.എ.

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് ലാപ്സായ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. എസ്.എസ്.എ. ഫണ്ട് ഹൈസ്കൂളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനുപകരം ഹയർ സെക്കന്ററി ലെവലിലും വൊക്കേഷണൽ ഹയർ സെക്കന്ററി ലെവലിലും നൽകുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളണം. കോളേജുകളെ സംബന്ധിച്ചിടത്തോളം, യു.ജി.സി.-യുടെ കാര്യം എത്രയോ വർഷങ്ങളായി പറഞ്ഞിട്ടുള്ളതാണ്. അതുപോലെ ആട്ടോണമസ്സ് കോളേജുകളുടെ കാര്യം. പക്ഷേ ഇരുപത്തിയഞ്ച് വർഷങ്ങളായി ആട്ടോണമസ്സ് കോളേജുകൾക്കുവേണ്ടി യു.ജി.സി. നിരവധി ധനസഹായം നൽകുന്നുണ്ട്. പക്ഷേ കേരളത്തിൽ അതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. കാരണം കേരളത്തിൽ ഒരൊറ്റ ആട്ടോണമസ്സ് കോളേജുകളും ഇല്ലാത്ത അവസ്ഥയായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ ഗവൺമെന്റ് കോളേജുകളെയെങ്കിലും ആട്ടോണമസ്സ് കോളേജുകളാക്കി മാറ്റാൻ വേണ്ടിയുള്ള വകുപ്പുമന്ത്രിയുടെ നിർദ്ദേശം തികച്ചും സ്വാഗതാർഹമായിട്ടുള്ള നടപടിയാണ്. അതുപോലെതന്നെ ഗവേഷണ ങ്ങളുടെ കാര്യം. സർവ്വകലാശാലകളിൽ നടന്നുവരുന്ന ഗവേഷണങ്ങൾ വാസ്തവത്തിൽ ഗൗരവമായി എടുക്കേണ്ടതാണ്. കോടിക്കണക്കിനു രൂപ ഗവൺമെന്റും യു.ജി.സി.-യുമൊക്കെ ഗവേഷണത്തിനുവേണ്ടി വിനിയോഗിക്കുന്നുണ്ട്. പല യൂണിവേഴ്സിറ്റികളിലും ഒരേ സബ്ജക്ടിലാണ് ഗവേഷണങ്ങൾ നടത്തുന്നത്. ഒരേ സബ്ജക്ടിൽ നടക്കുന്ന ഗവേഷണങ്ങളെ നിയന്ത്രിക്കാൻ പറ്റുന്ന സംവിധാനങ്ങൾ ഇന്നില്ല. അതുകൊണ്ട് എനിക്കു നിർദ്ദേശിക്കാനുള്ളത് ഒരു റിസർച്ച് ഗവേണിംഗ് കൗൺസിൽ രൂപീകരിക്കണം എന്നാണ്. കേരളത്തിൽ യൂണിവേഴ്സിറ്റി കളുടെ ഗവേഷണങ്ങളെ സമന്വയിപ്പിക്കാൻ വേണ്ടിയുള്ള ഒരു വിഷയം തെരഞ്ഞെടുക്കുന്നുണ്ടെങ്കിൽ ആ വിഷയത്തിന് ഒരു അംഗീകാരം വേണ്ടേ? കേരളാ യൂണിവേഴ്സിറ്റി നടത്തുന്ന അതേ ഗവേഷണം തന്നെയാണ് കാലിക്കട്ട് യൂണിവേഴ്സിറ്റിയിലേയും പല വകുപ്പുകളിൽ നടക്കുന്നത്. അതുപോലെ തന്നെ കേരളത്തിലെ സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും നടക്കുന്ന ഒരു duplication ഇവിടെ വരുന്നുണ്ട്. അതു അവസാനിപ്പിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. എനിക്കുള്ള നിർദ്ദേശം ഒരു റിസർച്ച് ഗവേണിംഗ് കൗൺസിലിന് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട് എന്നാണ്. സിലബസ്സ് പരിഷ്ക്കരിക്കണം. സിലബസ്സിനെപ്പറ്റി പലപ്പോഴും അങ്ങു തന്നെ പല സെമിനാറുകളിലും പ്രസംഗിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ അതു പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ സാധിക്കുന്നില്ല. എന്റെ അഭിപ്രായത്തിൽ കമ്പ്യൂട്ടർ പഠനം പ്രൈമറി തലം മുതൽ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇന്ന് എം.എൽ.എ. ഫണ്ട് കൊടുക്കു ന്നതിൽ നിന്നുപോലും ഗവൺമെന്റ് പ്രൈമറി സ്കൂളുകളേയും യു.പി. സ്കൂളു കളേയും ഒഴിവാക്കിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് നൽകുന്നതിന് ചില പരിമിതികൾ ഉണ്ട്. അത് മാറ്റണം. അതുകൊണ്ട് ഹൈസ്കൂൾ ലെവലിൽ ഉള്ളതുപോലെ തന്നെ പ്രൈമറി വിദ്യാഭ്യാസ രംഗത്തും അപ്പർ പ്രൈമറി വിദ്യാഭ്യാസ രംഗത്തുമൊക്കെ കമ്പ്യൂട്ടറുകൾ നൽകാനുള്ള തീരുമാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളണം. 1980-ലെ യു.ജി.സി. ഗൈഡ്‌ലൈൻ അനുസരിച്ച് ഗവേഷണങ്ങളായാലും വിദ്യാഭ്യാസ രംഗത്തുള്ള ഏത് നവീകരണങ്ങളായാലും അതൊക്കെ മേഖലാടിസ്ഥാനത്തിൽ regional development-മായി ബന്ധപ്പെടുത്തിക്കൊണ്ടുവേണമെന്നുള്ളതാണ് നിയമം. എനിക്ക് ഓർമ്മയുണ്ട്, കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽത്തന്നെ യു.ജി.സി. delegation വന്ന് കേരളത്തിലെ എല്ലാ സർവ്വകലാശാലകളും സന്ദർശിച്ച് അതിനുവേണ്ടി ഒരു സംവിധാനമുണ്ടാക്കാനുള്ള ശ്രമമുണ്ടായിരുന്നു. പക്ഷേ ഒരു യൂണിവേഴ്സിറ്റിയും അതിനനുയോജ്യമായിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. അതുകൊണ്ട് ഗവേഷണങ്ങളും വിദ്യാഭ്യാസ രംഗത്തുള്ള പരിഷ്ക്കരണങ്ങളും സിലബസ്സുമൊക്കെ regional development-മായി ബന്ധപ്പെടുത്തിക്കൊണ്ടു തന്നെയാകണം. ഞാൻ ഒരു ഉദാഹരണം പറയാം. പരിസ്ഥിതി പഠനം പല ഹൈസ്കൂൾ ലെവലിലും തുടങ്ങേണ്ട കാര്യമാണ്. പക്ഷേ അതിന് പ്രാധാന്യം നൽകുന്നില്ല. അതുപോലെതന്നെ സ്വാതന്ത്ര്യസമര ചരിത്രം കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നും ചരിത്രകാരൻമാരുടെ ഇടയിൽപ്പോലും അത് വിവാദമായി നിൽക്കുകയാണ്. സ്വാതന്ത്ര്യ സമര ചരിത്രം ദുർവ്യാഖ്യാനിക്കാൻ പോലും ശ്രമം നടത്തിയിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അതുകൊണ്ട് വിദ്യാഭ്യാസ രംഗത്തെ സിലബസ് പരിഷ്ക്കരണത്തിൽ സ്വാതന്ത്ര്യ സമര ചരിത്രത്തിന് പ്രാധാന്യം നൽകണം. മറ്റൊരു നിർദ്ദേശമുള്ളത് പി.ടി.എ-കളുടെ പ്രവർത്തനമാണ്. എസ്.എസ്.എ-യുടെ ഫണ്ടുവരെ നൽകുന്നത് പി.ടി.എ-കൾക്കാണ്. ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാംതന്നെ നല്ല നിലവാരം പുലർത്താൻ സാധിക്കണം. സ്കൂളുകളുടെ വികസനത്തിനുവേണ്ടിയുള്ള ഫണ്ടുകൾ പി.ടി.എ-ക്ക് നൽകണം. അതിനനുസരിച്ചുള്ള ഗൈഡ്‌ലൈൻ ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ തവണ അങ്ങ് മന്ത്രിയായിരുന്ന സമയത്ത് മുൻകൈയെടുത്ത് നടപ്പിലാക്കിയിട്ടുള്ള ബുക്ക് ഫെയറുകൾ വളരെ മികവുറ്റതായിരുന്നു. കേരളത്തിന്റെ പല നഗരങ്ങളിലും ഇന്റർനാഷണൽ ബുക്ക് ഫെയറുകൾ നടത്തി. അങ്ങ്തന്നെ മുൻകൈയെടുത്ത് കോഴിക്കോട് നടത്തിയ ബുക്ക് ഫെയറുകൾ വളരെ വിജയകരമായിരുന്നു. കേരളത്തിലെ എല്ലാ നഗരങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് അന്തർദേശീയ ബുക്ക് ഫെയറുകൾ നടത്താൻ പ്രത്യേകമായ ഒരു സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു നിർദ്ദേശമുള്ളത് ഐ.ടി. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദേശ ഭാഷാ പഠനത്തിന് ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കണമെന്നുള്ളതാണ്. ഇൻഫർമേഷൻ ടെക്നോളജി പഠിച്ചുകഴിഞ്ഞ് അമേരിക്കയിലും ഇംഗ്ളണ്ടിലുമൊക്കെ പോകുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതുപോലെതന്നെ ജർമ്മനിയിൽ പോകുകയാണെങ്കിൽ ജർമ്മൻ ഭാഷാ പരിജ്ഞാനം വേണം. ഫ്രാൻസിൽ പോകുന്നവർക്ക് ഫ്രഞ്ച് ഭാഷ പരിജ്ഞാനം വേണം. അതുപോലെ ഗൾഫ് രാജ്യങ്ങളിൽ പോകുന്നവർ അറബിഭാഷ അറിഞ്ഞിരിക്കണം. അതിനുള്ള ഒരു സംവിധാനമില്ല. കേരളത്തിൽ നിന്നാണ് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ മലയാളികൾ വിദേശത്ത് പോയി ജോലി ചെയ്യുന്നത്. ഈയിടെ ഞാൻ ചൈനയിൽ പോയപ്പോൾ അവിടെ ധാരാളം മലയാളികൾ കച്ചവട മേഖലയിലും ഐ.ടി. മേഖലയിലുമൊക്കെ പ്രവർത്തിക്കുന്നത് കണ്ടപ്പോൾ അൽഭുതപ്പെട്ടുപോയി. നൂറുകണക്കിന് മലയാളികൾ ഇന്ന് ചൈനയിൽ എത്തിപ്പെട്ടിരിക്കുന്നു. ചൈനയിൽപ്പോലും പുതിയ തൊഴിൽ സാദ്ധ്യതകളുണ്ടാകുകയാണ്. അപ്പോൾ ചൈനീസ് ഭാഷ പഠിക്കണം, ഫ്രഞ്ച് ഭാഷ പഠിക്കണം, ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനം വേണം. അതുകൊണ്ട് അതിനനുയോജ്യമായ വിധത്തിൽ ഇന്റർ നാഷണൽ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്തോ കോഴിക്കോട്ടോ കൊച്ചിയിലോ സ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം. അത് വലിയ സാമ്പത്തിക ബാദ്ധ്യതയില്ലാത്ത കാര്യമാണ്. ഇൻഫർമേഷൻ ടെക്നോളജി പഠിച്ചുവരുന്ന കുട്ടികൾക്ക് പാർട്ട് ടൈം ആയി പഠിക്കാനുള്ള സംവിധാനം ഉണ്ടാക്കുന്ന രൂപത്തിൽ ഇന്റർനാഷണൽ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തയ്യാറാകണമെന്ന ഒരു നിർദ്ദേശം അങ്ങയുടെ മുൻപാകെ ഞാൻ സമർപ്പിക്കുകയാണ്. സാംസ്ക്കാരിക വകുപ്പിന്റെ കാര്യത്തിൽ പലരും ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചു. ഞാനും അഭിനന്ദിക്കുകയാണ്. കാരണം സാംസ്ക്കാരിക രംഗത്ത് പുതിയ ചില ചലനങ്ങളുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമം അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായി. സാംസ്ക്കാരിക രംഗത്തെക്കുറിച്ച് പറയുമ്പോൾ മലബാറിനോട് ഒരു അവഗണന എല്ലാ കാലത്തും കാണിച്ചിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയെടുത്ത് ചില പരിപാടികൾ കോഴിക്കോട്ടും കണ്ണൂരുമൊക്കെ നടത്തുകയുണ്ടായി. അത് വളരെ സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഇന്ന് കാണുന്ന ഒരു ബ്യൂറോക്രാറ്റ് സംവിധാനം, അക്കാദമികളുടെ പ്രവർത്തനമെന്നു പറഞ്ഞാലും കുറെയൊക്കെ ബ്യൂറോക്രാറ്റായിട്ടേ നടക്കുകയുള്ളു. പക്ഷേ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകളുണ്ട്. അവരെ പ്രോൽസാഹിപ്പിക്കാൻ കാര്യമായ പദ്ധതികളൊന്നും സംസ്ഥാന ഗവൺമെന്റിന്റെ കൈയിലില്ല. ഇവിടെ നിന്നും സാംസ്ക്കാരിക സംഘടനകൾ കേന്ദ്ര ഗവൺമെന്റിന് അപേക്ഷ അയച്ചാൽ അതുപോലും അവിടെ എത്തുകയില്ല. അതുകൊണ്ട് സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളെ സഹായിക്കാൻ വേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിക്കണമെന്നാണ് എനിക്ക് സാംസ്ക്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ആളുകളെ പങ്കാളികളാക്കാതെ സാംസ്ക്കാരിക രംഗത്ത് ഒരു മാറ്റമുണ്ടാക്കാൻ സാധിക്കുകയില്ല. ഒരു ഉദാഹരണം പറയാം. കോഴിക്കോട്ട് പ്രവർത്തിക്കുന്ന എസ്. കെ. സാംസ്ക്കാരിക കേന്ദ്രം ഞാൻ ഉൾപ്പെടെയുള്ള ആളുകൾ മുൻകൈയെടുത്ത് ഉണ്ടാക്കിയതാണ്. അതിന് ഈ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റിൽ അഞ്ച് ലക്ഷം രൂപ നൽകി. എം.എൽ.എ. ഫണ്ടും, എം.പി. ഫണ്ടും ഉപയോഗിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി അവിടെ ഏതാണ്ട് 20 ലക്ഷം രൂപ ചെലവഴിച്ച് എസ്.കെ. പൊറ്റക്കാടിന്റെ സ്മാരക കേന്ദ്രം വികസിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചെടുത്തു. അവിടെ ഒരു ആർട്ട് ഗ്യാലറി, ഒരു സ്കൂൾ ഓഫ് മ്യൂസിക്, സ്കൂൾ ഓഫ് ആർട്ട്സ് ഇവയൊക്കെ പ്രവർത്തിക്കുന്നുണ്ട്. അങ്ങ് അവിടെ വന്ന് ഇക്കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കിയതാണ്. അത്തരം സംഘടനകളെ സഹായിക്കാൻ വാർഷിക ഗ്രാന്റ് അനുവദിക്കണം. എസ്. കെ. സാംസ്കാരിക കേന്ദ്രത്തിനുൾപ്പെടെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളെ സഹായിക്കാനുള്ള ഒരു പദ്ധതി അങ്ങ് ആവിഷ്ക്കരിക്കാൻ തയ്യാറാകണം. ശക്തൻ തമ്പുരാന്റെ സ്മാരക ത്തെക്കുറിച്ച് ശ്രീ. പി. ജെ. ജോയി ഇവിടെ പറഞ്ഞു. നിരവധി ഗവൺമെന്റുകൾ ഉണ്ടാക്കിയിട്ടുള്ള പല സാംസ്കാരിക സ്ഥാപനങ്ങളിലും ബ്യൂറോക്രാറ്റിക് സംവിധാനമാണുള്ളത്. അതുകൊണ്ട് ബഹുജനപങ്കാളിത്തത്തോടുകൂടി ഇത്തരം പ്രസ്ഥാനങ്ങളെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതിക്ക് അങ്ങ് മുൻകൈയെ ടുക്കണം. ആ രൂപത്തിലുള്ള സാംസ്കാരിക നയം ഗവൺമെന്റ് ആവിഷ്ക്കരിക്കണം. ഈ അടുത്ത കാലത്ത് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള പല പദ്ധതികളും ബഹുജനപങ്കാളിത്തത്തോടുകൂടിയുള്ളവയാണ്. സംസ്ഥാന ഗവൺമെന്റിന് ഫണ്ട് നൽകുന്നതിനേക്കാൾ കൂടുതൽ പല സാംസ്കാരിക സാമൂഹിക സംഘടനകൾക്ക് നൽകുന്ന നിരവധി പദ്ധതികൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ട്. അതുപോലെ സംസ്ഥാന ഗവൺമെന്റും ഇത്തരം സാംസ്കാരിക സംഘടനകളെ സഹായിക്കുന്ന ഒരു പദ്ധതിയും നയവും ആവിഷ്ക്കരിച്ചാൽ തീർച്ചയായിട്ടും സാംസ്കാരിക രംഗത്ത് ഒരു വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. അത് വളരെ അനിവാര്യമാണ്. കേരളത്തിൽ ഒരു പുതിയ നവോത്ഥാനമുണ്ടാകണമെങ്കിൽ സാംസ്കാരിക രംഗത്ത് മാത്രമല്ല, രാഷ്ട്രീയ രംഗത്തും മാറ്റമുണ്ടാകണമെങ്കിൽ അതിന് പ്രചോദനമുണ്ടാകേണ്ടത് സാംസ്കാരികരംഗത്തുണ്ടാകുന്ന മാറ്റങ്ങളാണ്. വളരെയേറെ പ്രാധാന്യം ആ വകുപ്പിന് വന്നിട്ടുണ്ട്. എന്തായാലും വിദ്യാഭ്യാസ രംഗത്തും, കായികരംഗത്തുമൊക്കെയുണ്ടാകുന്ന പുതിയ പുതിയ പദ്ധതികൾ തീർച്ചയായും ഈ മേഖലയുടെ വികസനത്തിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇനിയും മാറിവരുന്ന ലോകത്തോടൊപ്പം പുതിയ വെല്ലുവിളികൾ നേരിടാൻ പറ്റുന്ന രൂപത്തിൽ ഈ മേഖലയിൽ പുതിയ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്നിവയ്ക്കുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഈ വകുപ്പുകളിൻമേലുള്ള ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള ചർച്ചയിൽ പ്രതിപക്ഷത്തുള്ള ചില ബഹുമാനപ്പെട്ട മെമ്പർമാർ ഗ്രേഡിംഗ് സമ്പ്രദായത്തെയും മറ്റും അഭിനന്ദിച്ചുകൊണ്ട് സംസാരിച്ചു. പലരും അത് എടുത്തുപറയുകയുണ്ടായി. നല്ല കാര്യങ്ങൾ ചെയ്താൽ അതിനെ അഭിനന്ദി ക്കുവാൻ എൽ.ഡി.എഫ്.-ന് യാതൊരു മടിയുമില്ല. അതിനുള്ള ആർജ്ജവം ഈ പ്രസ്ഥാനത്തിനുണ്ടുതാനും. പക്ഷേ നല്ലതു ചെയ്താലും അഭിനന്ദിക്കാൻ പറ്റാത്തവരാണ് അപ്പുറത്തിരിക്കുന്നവരെന്ന് കെ.പി.സി.സി-യുടെ ജനറൽ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. C. P. മുഹമ്മദിന്റേയും അതുപോലെ സീനിയർ മെമ്പർ ശ്രീ. പി. ജെ. ജോയി യുടേയും ചർച്ച കേട്ടപ്പോൾ മനസ്സിലായി. വിദ്യാഭ്യാസ വകുപ്പിൻമേൽ നടത്തിയി ട്ടുള്ള ചർച്ച കടുത്ത രാഷ്ട്രീയ അതിപ്രസരത്തിന്റെ തലത്തിലേക്ക് വന്നു. ഈ മെമ്പർമാരുടെ പ്രസംഗത്തിലുടനീളം കടുത്ത രാഷ്ട്രീയം കലർത്തിയ സമീപനമാണ് സ്വീകരിച്ചത്. അത് ശരിയായ ഒരു നിലപാടല്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. കലാലയ രാഷ്ട്രീയവുമായി ബന്ധപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന്റെമേലും കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങൾക്കുമുള്ള ധനാ ഭ്യർത്ഥനയിൽ അവർ പ്രകടിപ്പിച്ച അഭിപ്രായം അവരുടെ ഒരു ശീലത്തിന്റെ ഭാഗമാണ് എന്ന് മാത്രമേ എനിക്ക് പറയാൻ കഴിയുകയുള്ളൂ. ലക്ഷ്യത്തിലേക്ക് ഉറച്ച കാൽവയ്പ്പ് എന്ന് മന്ത്രി തന്നിട്ടുള്ള ഒരു കുറിപ്പിൽ 'ലോകത്തിന്റെ ശ്രദ്ധാബിന്ദു വായിട്ടുള്ള വിദ്യാഭ്യാസ മേഖലയിൽ കേരളം കൈവരിച്ചിട്ടുള്ള വളർച്ചയും വികസനവുമാണ്' അതിൽ പ്രതിപാദിച്ചിട്ടുള്ളത്. അത് ശരിയാണ്. പക്ഷേ ഈ വളർച്ചയ്ക്കും വികസനത്തിനും കേരളത്തിൽ തുടക്കം ഇട്ടത് ആരാണ്? കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ്, സഖാവ് ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ഭരണത്തിൽ ജോസഫ് മുണ്ടശ്ശേരിയുടെ കാലത്ത് തുടക്കം കുറിച്ച ആ വിദ്യാഭ്യാസ പരിഷ്ക്കരണം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണ കാലത്താണ് അതിന്റെ വികസിത രൂപത്തിലേക്ക് ഏറ്റവും കൂടുതൽ എത്തിയിട്ടുള്ളത്. കേരളം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും പലതുകൊണ്ടും വ്യത്യസ്തമായിരിക്കുന്നു എന്നത് അംഗീകരിച്ചിട്ടുള്ള വസ്തുതയുമാണ്. അതുകൊണ്ട് അതിന്റെ ക്രഡിറ്റ് യു.ഡി.എഫ്-ന് അവകാശപ്പെടാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ അവകാശപ്പെടുമെന്ന് എനിക്ക് തോന്നുന്നുമില്ല. ഒട്ടേറെ പ്രശ്നങ്ങൾ ഇവിടെ വന്നു കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോഴൊക്കെ സ്വകാര്യ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കുക എന്നുള്ള സമീപനം സ്വീകരിക്കുകയാണ്. സർക്കാർ മേഖലയിൽ ആയാലും എയ്ഡഡ് മേഖലയിൽ ആയാലും വലിയ അഭിപ്രായ വ്യത്യാസം അതിന് ഉണ്ടാകാറില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഏതെല്ലാം കാലത്ത് കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ടോ ആ കാലത്തൊക്കെത്തന്നെ ചോദിച്ചവർക്കെല്ലാം സ്കൂളുകൾ അനുവദിക്കുക എന്ന അങ്ങേയറ്റത്തെ തെറ്റായ കച്ചവട മനോഭാവത്തോടെയുള്ള സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു ശ്രീ. ജോണി നെല്ലൂർ ഇവിടെ അവതരിപ്പിച്ച പ്രശ്നം. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ വേണം. അഞ്ച് സ്കൂളുകളാണ് കിട്ടിയിട്ടുള്ളത്. രണ്ട് സ്കൂളുകൾ ക്രിസ്ത്യൻ മാനേജുമെന്റ് നടത്തുന്ന സ്കൂളുകളാണ്. മൂന്ന് സ്കൂളുകൾ മുസ്ലീം മാനേജുമെന്റ് നടത്തുന്ന സ്കൂളുകളാണ്. ബാക്കി രണ്ടെണ്ണം ഹിന്ദു സംഘടന നടത്തുന്ന സ്കൂളുകളാണ്. അതുകൂടി കിട്ടിയാൽ അദ്ദേഹം തൃപ്തനായി. അപ്പോൾ സർക്കാർ സ്കൂളുകളുടേയും എയ്ഡഡ് സ്കൂളുകളുടേയും സ്ഥിതി കേരളത്തിൽ എന്തായിരിക്കും? ഇവിടെ എല്ലാപേർക്കും അറിയാവുന്ന ഒരു

2/675/2012—41.

LIBRARY ARCHIVES Kerala Legislative Assembly

കാര്യമുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴൊക്കെത്തന്നെ പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനെ പ്രൊട്ടക്റ്റ് ചെയ്യാൻവേണ്ടി ആവത് ശ്രമിച്ചിട്ടുണ്ട്. അവരുടെ എണ്ണം കുറച്ച് കുറച്ച് കൊണ്ടുവരും. പക്ഷേ യു.ഡി.എഫ്. ഗവൺമെന്റ് വരുമ്പോൾ അതിന്റെ ഗ്രാഫ് 8000-9000 വരെ ഉയരും. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നാൽ വീണ്ടും താഴ്ന്നുവരും. പുതിയ പുതിയ സ്കൂളുകൾ കേരളത്തിൽ എല്ലാ മുക്കിലും മൂലയിലും ഒരു മാനദണ്ഡവും നോക്കാതെ യാതൊരു തരത്തിലുള്ള അംഗീകൃതമായ വ്യവസ്ഥകളും പാലിക്കാതെ ചോദിച്ചവർക്ക് കച്ചവടം ചെയ്യാൻവേണ്ടി അനുവദിക്കും എന്ന സമീപനം സ്വീകരിച്ചതിന്റെ ഫലമായി ഇന്ന് കേരളം അനുഭവിക്കുന്ന പ്രതിസന്ധി കുറവല്ല. ഒരു മണ്ഡലത്തിൽത്തന്നെ ഇതാണ് സ്ഥിതിയെങ്കിൽ പല മണ്ഡലങ്ങളിലും എത്ര സ്കൂളുകളാണ് കൊടുത്തിട്ടുള്ളത്? അതുമായി ബന്ധപ്പെട്ടുകൊണ്ട് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ? എത്രയേറെ പ്രൊട്ടക്റ്റഡ് ടീച്ചേഴ്സാണ് പുറത്ത് നിൽക്കുന്നത്? ഗ്രേഡിംഗുമായി ബന്ധപ്പെട്ടു കൊണ്ട് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശരിയാണ്. ഒരു നല്ല പരിഷ്കാരമാണെന്ന് ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ പറയുകയുണ്ടായി. അതാണ് ഞാൻ പറഞ്ഞത് നല്ല കാര്യം ചെയ്താൽ അതിനെ അംഗീകരിക്കുന്നതിൽ ഞങ്ങൾക്ക് ആർക്കും വിഷമമില്ല. പക്ഷേ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. മമ്മൂട്ടി സംസാരിക്കുന്ന സന്ദർഭത്തിൽ ഒരു കാര്യം മറന്നു പോയി. ഈ ഗവൺമെന്റ് തന്നെ രക്ഷകർത്താക്കളേയും കുട്ടികളേയും എത്ര മാസങ്ങൾ മുൾമുനയിൽ നിർത്തിയിട്ടുണ്ട്? ഒരു തവണ പറഞ്ഞു എസ്.എസ്.എൽ.സി.-ക്ക് ഗ്രേഡിംഗ് ഇല്ല എന്ന്. അത് സംബന്ധിച്ച് എതിർപ്പുകൾ വന്നപ്പോൾ ഗ്രേഡിംഗ് ഉണ്ട് എന്ന് പറഞ്ഞു. വീണ്ടും ഗ്രേഡിംഗ് ഇല്ല എന്ന് പറഞ്ഞു. വീണ്ടും ഗ്രേഡിംഗ് ഉണ്ട് എന്ന് പറഞ്ഞു. ഇങ്ങനെ മാറ്റിയും മറിച്ചും എടുത്ത തീരുമാനങ്ങൾ എടുത്ത് കേരളത്തിലെ രക്ഷകർത്താക്കളേയും കുട്ടികളേയും ആകെ ഉത്കണ്ഠയിലേക്ക് തള്ളിവിടുന്ന തരത്തിലുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ഏതായാലും കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അത് സ്വീകാര്യമാണ് എന്നുള്ള നിലയിൽ ഒരുവിധം തൃപ്തികരമായ രീതിയിൽ പോയിട്ടുണ്ട് എന്നാണ് നമുക്ക് ഇപ്പോൾ തോന്നുന്നത്. പക്ഷേ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് വന്നിട്ടുള്ളതെന്ന് ഇനി പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രാക്ടിക്കൽ പരീക്ഷയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അനുഭവം തന്നെയെടുക്കാം. സാങ്കേതിക തകരാറുകൊണ്ട് എത്രയെത്ര കുട്ടികൾക്കാണ് പരീക്ഷയെഴുതാൻ പറ്റാത്തത്? ഇങ്ങനെ സാങ്കേതിക തകരാറുകൊണ്ട് ഏതെങ്കിലും കുട്ടികൾക്ക് പരീക്ഷയെഴുതാൻ പറ്റാത്തവിധത്തിലുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്ക് അതിന്റെ മാർക്ക് നഷ്ടപ്പെടില്ല എന്ന് ഈ സഭയിൽ അങ്ങേക്ക് ഉറപ്പ് പറയാൻ കഴിയുമോ? ഇപ്പോൾ വേറൊരു സംശയം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഉള്ളത്, ഈ അൺഎയ്ഡഡ് സ്കൂളുകളിൽ കേരള സിലബസ് പഠിക്കുന്ന കുട്ടികൾക്ക് ഈ പരിശീലനം കിട്ടിയിട്ടുണ്ടോ എന്നുള്ളതാണ്. അവർ ഈ പരീക്ഷ എഴുതിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തിട്ടുണ്ടോ? അതുമായി ബന്ധപ്പെട്ടുകൊണ്ട് ഉയർന്ന പരാതികൾക്ക് ഒരു കണക്കും കയ്യുമില്ല. ഇക്കണോമിക് സർവ്വെ അടക്കം എടുത്ത് പരിശോധിച്ചാൽ അൺഎയ്ഡഡ് മേഖലയിൽ റെക്കഗ്നൈസ്ഡോ അൺ റെക്കഗ്നൈസ്ഡോ ആയിട്ടുള്ള സ്കൂളുകളെ സംബന്ധിച്ചോ അതിലുള്ള അദ്ധ്യാപകരെ സംബന്ധിച്ചോ കുട്ടികളെ സംബന്ധിച്ചോ ഒരു കണക്കുമില്ല. എങ്ങനെയാണ് കേരളത്തിലെ ആകെയുള്ള കുട്ടികളെ സംബന്ധിച്ചും അവരുടെ പൊതുവായിട്ടുള്ള നിലവാരത്തെ സംബന്ധിച്ചും നമുക്ക് പറയുവാൻ സാധിക്കുന്നത്? കേരളത്തിൽ എയ്ഡഡ്, സർക്കാർ മേഖലയിലുള്ള സ്കൂളുകളെ സംബന്ധിച്ചാണ്. നമ്മൾ ഈ രീതിയിൽ കാണുന്നത്. അൺ റെക്കഗ്നൈസ്ഡ് സ്കൂളുകൾ നമ്മുടെയൊക്കെ പ്രദേശത്തുണ്ട്. ഏതെങ്കിലും ഒരു റെക്കഗ്നൈസ്ഡ് സ്കൂളിൽ ചിട്ടി കമ്പനി തുടങ്ങുന്നതുപോലെതന്നെ ബ്രാഞ്ചുകൾ ആരംഭിക്കുന്നു. ആ സ്കൂളുകളിൽ പരീക്ഷ എഴുതില്ല, അവിടെ അംഗീകാരമില്ല, അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർ ക്വാളിഫൈഡ് ആണോ എന്നറിയില്ല, ആ കുട്ടികളെ എങ്ങനെയാണ് പഠിപ്പിക്കുന്നത് എന്നറിയില്ല, അവർക്ക് എത്രയാണ് ശമ്പളമെന്ന് അറിയില്ല, കുട്ടികളിൽ നിന്നും എത്രയാണ് ഫീസ് വാങ്ങുന്നത് എന്ന് അറിയില്ല. ഒരു റെക്കഗ്നൈസ്ഡ് സ്കൂളിന്റെ ബ്രാഞ്ച് പല ഭാഗങ്ങളിലും തുടങ്ങുന്നു. ഇത് കച്ചവടമല്ലാതെ മറ്റ് എന്താണ്? എന്നിട്ട് അവർ അംഗീകാരത്തിനായി പോവുകയാണ്. കുറേക്കാലം ഇങ്ങനെ പോയിപോയി അവസാനം അതിന് അംഗീകാരം കിട്ടുന്നു. ലാഭേച്ഛയോടുകൂടി നടത്തുന്ന വ്യവസായമെന്നല്ലാതെ ഇത് സംബന്ധിച്ച് എന്താണ് പറയാനുള്ളത്? അവർക്ക് തോന്നുന്നതുപോലെ കാര്യങ്ങൾ ചെയ്യും. അവരുടെ കുട്ടികൾ ചിലപ്പോൾ പാസ്സായി എന്ന് വരും. ആ രീതിയിൽ അങ്ങേയറ്റം തെറ്റായിട്ടുള്ള ഒരു അവസ്ഥയാണ് കേരളത്തിലുള്ളത്. ഇപ്പോൾ എസ്.എസ്.എ. (സർവ്വശിക്ഷാ അഭിയാൻ) പദ്ധതിയെക്കുറിച്ച് പറഞ്ഞു. ശ്രീ. മമ്മൂട്ടി ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് ആദ്യം വളരെ അഭിനന്ദിച്ചുകൊണ്ട് സ്തുതിഗീതങ്ങൾ തന്നെ പാടി. തുടർന്ന് 5 മിനിട്ട് കഴിഞ്ഞപ്പോൾ അദ്ദേഹം വിമർശനം കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും പൊതിയുകയാണല്ലോ ചെയ്തത്. ആ വിമർശനത്തിനിടയിൽ അദ്ദേഹം വളരെ ആവേശഭരിതനായി. എസ്.എസ്.എ. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് 30 ശതമാനം ഫണ്ട് മാത്രമേ കേരളത്തിൽ ചെലവാക്കിയിട്ടുള്ളൂ. അതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പല പ്രശ്നങ്ങളും അദ്ദേഹം അവതരിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ 30 ശതമാനം ഫണ്ട് ചെലവഴിച്ചിട്ടുണ്ട് എന്നത് മാത്രമാണോ പ്രശ്നം? സെൻട്രൽ ഗവൺമെന്റിൽനിന്നും കിട്ടേണ്ടിയിരുന്ന കാശ് ശരിയായി വാങ്ങിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? കിട്ടേണ്ടുന്ന പണം കിട്ടിയിട്ടില്ല. ഇടതുപക്ഷം അതിശക്തമായി സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പിന് ഈ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ആ തുകപോലും കേരളത്തിന് നഷ്ടപ്പെട്ടു പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. കാരണം, കേരളം വിദ്യാഭ്യാസ രംഗത്ത് വളരെ

2/675/2012—41a.

LIBRARY ARCHIVES Kerala Legislative Assembly

മുന്നിലാണ് എന്നുള്ളതുകൊണ്ട് ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള പദ്ധതിയും മാനദണ്ഡവുമല്ല നമുക്കുവേണ്ടത്. കേരളത്തിന്റെ ശരിയായിട്ടുള്ള വിദ്യാഭ്യാസ സാഹചര്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അതിനനുസൃതമായിട്ടുള്ള പ്രോജക്ടുകൾ സമർപ്പിക്കാൻ ഈ ഗവൺമെന്റ് മറ്റു പലതിലും എന്നതുപോലെ പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ ഫലമായി കേരളത്തിന് ന്യായമായി കിട്ടേണ്ടുന്ന വിഹിതം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഗവൺമെന്റിന്റെ കഴിവുകേട് അല്ലേ കാണിക്കുന്നത്? ഇത്തരം പ്രോജക്ടുകളുടെ കാര്യത്തിൽ ചില നോംസ് ഉണ്ട്. ആ നോംസിൽ കേരളത്തിനനുയോജ്യമായ മാനദണ്ഡങ്ങൾ പ്രകാരം നിങ്ങൾ പ്രോജക്ട് ഉണ്ടാക്കണം. നിങ്ങൾ സമർപ്പിച്ചോളൂ ഞാൻ അനുമതി നൽകാം എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിയോട് കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രി ശ്രീ. അർജുൻസിംഗ് പറഞ്ഞിട്ടില്ലേ? അദ്ദേഹം അത് സമ്മതിച്ചതാണ്. സംഘടനാ പ്രതിനിധികളടക്കം പങ്കെടുത്തുകൊണ്ടുള്ള യോഗത്തിൽ നിങ്ങൾ നോംസിലും മറ്റും കുറച്ച് മാറ്റം വരുത്തുകയുണ്ടായി. പ്രോജക്ട് സമർപ്പിക്കാമെന്ന് പറഞ്ഞു. പക്ഷേ സമർപ്പിക്കാൻ സാധിച്ചിട്ടില്ല. അതുപോലെ കേരളത്തിൽ 14 ജില്ലകളിൽ എസ്.എസ്.എ. സ്കീം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തികഞ്ഞ യാന്ത്രികതയാണുള്ളത്.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഒരു ഉദാഹരണം ഞാൻ പറയാം, കണ്ണൂർ ജില്ലയിൽ എസ്.എസ്.എ. പദ്ധതി പ്രകാരം രണ്ടു കോടി രൂപ കൊടുക്കുന്നു എന്നുവയ്ക്കുക. അവരോട് 85 ടോയ്ലറ്റ് എന്ന് പറഞ്ഞ് ഒരു ടാർജറ്റ് കൊടുക്കുകയാണ്. അവിടെ ടോയ്ലറ്റ് ഉണ്ടോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് ഒന്നും പരിശോധനയില്ല, ഓരോ സ്കൂളിൽ ഇന്ന കാര്യത്തിന് 500 രൂപ, ഇന്ന കാര്യത്തിന് 1000 രൂപ, ഇന്ന കാര്യത്തിന് ഇത്ര രൂപ എന്ന് പറയും. ഇത് എന്തിനു വേണ്ടിയെന്നോ, എങ്ങനെയാണ് ചെലവഴിക്കുന്നത് എന്നോ ഒരു കണക്കുമില്ല. തികഞ്ഞ യാന്ത്രികതയാണ് എസ്.എസ്.എ. പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത്. ഇത് നമ്മുടെ പ്രതിപക്ഷത്തിന്റെ മാത്രം അഭിപ്രായമാണെന്ന് കരുതരുത്. ഇന്നലെ ബഹുമാനപ്പെട്ട കോടിയേരി മലയാള മനോരമയുടെ എഡിറ്റോറിയൽ പേജിലെ പോലീസുകാരുമായി ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. അതിനിശിതമായിട്ടുള്ള വിമർശനമായിരുന്നു അത്. അതുപോലെ ദിവസങ്ങൾക്കു മുമ്പ് മലയാള മനോരമയുടെ എഡിറ്റോറിയലിൽ എസ്.എസ്.എ. പദ്ധതിയെ സംബന്ധിച്ച് എഴുതിയിട്ടുള്ള ഭാഗം മുഴുവൻ ഞാൻ വായിക്കുന്നില്ല, 'അഴിമതികൊണ്ട് ഒരു സർവ്വശിക്ഷ അഭിയാൻ' എന്നാണ് തല വാചകം. ഇത് ജനങ്ങൾക്കും കുട്ടികൾക്കും ഒരു ശിക്ഷയായി മാറിക്കൊണ്ടിരിക്കുന്നു എന്നാണ് അതിൽ പറയുന്നത്. വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് നേരത്തെ ശ്രീ. മമ്മൂട്ടി തന്നെ പറഞ്ഞു. ഡി.ഡി.

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസിലും, ഡി.പി.ഐ. ഓഫീസിലും, എ.ഇ.ഒ. ഓഫീസിലും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ട് ഹയർ എഡ്യൂക്കേഷന്റെ ഓഫീസിലും അടക്കം വൻ അഴിമതിയും കൈക്കൂലിയും നടമാടുകയാണ്. മലയാള മനോരമതന്നെ ഈ രീതിയിൽ എഡിറ്റോറിയൽ എഴുതണമെങ്കിൽ ആ മേഖലയിൽ എന്തായിരിക്കും നടക്കുന്നത് എന്നതിനെക്കുറിച്ച് നമുക്ക് ഊഹിക്കാൻ പോലും സാദ്ധ്യമല്ല. പുസ്തകങ്ങൾ, ലാബ് എക്വിപ്മെന്റ്സ് ഇതെല്ലാം വാങ്ങാൻ കാശ് കൊടുക്കുന്നുണ്ട്. പക്ഷേ അതിനെ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ സാധിക്കുന്നില്ല. ഇപ്പോൾ സംസ്ഥാനത്ത് കൊണ്ടുപിടിച്ച പരിശീലനമാണ്. എന്തെല്ലാം പരിശീലനങ്ങളാണ് നടക്കുന്നത്? പ്രധാനമായും സംസ്ഥാനത്ത് മൂന്ന് തരത്തിലുള്ള പരിശീലനം നടക്കുന്നുണ്ട്. ഒന്ന് എസ്.എസ്.എ. പരിശീലനം, രണ്ടാമത് ഐ.ടി. അറ്റ് സ്കൂൾ, മൂന്നാമത് ക്വാളിറ്റി ഇംപ്രൂവ്മെന്റുമായി ബന്ധപ്പെട്ടത്. പക്ഷെ എപ്പോഴാണ് ഈ പരിശീലനം നടക്കുന്നത്? പ്രായോഗികമായി ചിന്തിച്ചുകൊണ്ട് ഇത് ഫലപ്രദമാക്കുന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഏറ്റവും അവസാനം വർഷാന്ത്യത്തിൽ കുട്ടികളുടെ പരീക്ഷ അടുക്കുന്നതിന്റെ തൊട്ടടുത്ത ദിവസങ്ങളിൽ അധ്യാപകരുടെ സേവനം ഏറ്റവും ആവശ്യമായിട്ടുള്ള സന്ദർഭങ്ങളിലാണ് അധ്യാപകരെ ഈ മൂന്നു പരിശീലനത്തിനും അയയ്ക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന അങ്ങേക്ക് ഈ പരിശീലന കാലത്തിന്റെ കാര്യത്തിൽ ഒരു മാറ്റം കുറിക്കാൻ സാധിക്കുമോ? എസ്.എസ്.എ.-യിൽ കാശുണ്ട്. എന്തിനാണ് നമ്മൾ അറച്ചുനിൽക്കുന്നത്? കുട്ടികൾക്ക് ദിവസങ്ങൾ നഷ്ടപ്പെടാതെ എസ്.എസ്.എ. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടും മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ടുകൊണ്ടും അവധിക്കാലത്ത് പരിശീലനം നടത്തുന്നതിന് കഴിയണം. അതിനുവേണ്ടി തയ്യാറാവണം എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അഴിമതിയെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ ഇപ്പോൾ സ്ഥലംമാറ്റത്തിന് കോഴ വാങ്ങുന്നുണ്ട്. മാത്രമല്ല, പ്രസവാവധി അനുവദിച്ചു കിട്ടുന്നതിന് വേണ്ടി കോഴ വാങ്ങുന്നു എന്നും വന്നിരിക്കുന്നു. നാല് മാസത്തെ പ്രസവാവധി വേഗത്തിൽ കിട്ടണമെങ്കിൽ കോഴ കൊടുക്കണം. പി.എഫ്. വായ്പ കിട്ടണമെങ്കിൽ നമ്മുടെ ഓഫീസുകളിൽ കോഴ കൊടുക്കണം. ഇതൊക്കെ ഞാൻ മാത്രം പറയുന്നതല്ല, മലയാള മനോരമയിലും അത് വന്നിട്ടുണ്ട്. എന്റെ അനുഭവത്തിലും ഒന്ന്, രണ്ട് കേസുകൾ ഉണ്ട്. ഇതെല്ലാം കാണിക്കുന്നത് ആരോരും നോക്കാനില്ലാത്ത ഒരു മേഖലയായി വിദ്യാഭ്യാസ മേഖല മാറിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതാണ്. എസ്.സി.ഇ.ആർ.ടി. കെടുകാര്യസ്ഥതയിലേക്ക് പതിച്ചില്ലേ? എന്താണ് അതിന്റെ അവസ്ഥ? അങ്ങ് പറയണം. 14 ജില്ലകളിലും ഡയറ്റുകൾ ഉണ്ടല്ലോ, ഡയറ്റുകളി ലൊന്നും പരിശീലനം നടക്കുന്നില്ല. അവിടെ എല്ലാ അധ്യാപകരും നോക്കുകുത്തി കളെപ്പോലെ നിൽക്കുകയാണ്. ഈ തരത്തിൽ ഇതുപോലുള്ള ഡിപ്പാർട്ടുമെന്റുകളും മേഖലകളുമെല്ലാം സ്വജനപക്ഷപാതത്തിന്റേയും അഴിമതിയുടേയും കൂത്തരങ്ങായി

LIBRARY ARCHIVES Kerala Legislative Assembly

മാറിയിരിക്കുകയാണ്. എനിക്ക് ഒരു പ്രശ്നം അങ്ങയുടെ മുമ്പിൽ അവതരിപ്പിക്കാനുണ്ട്. ഈയടുത്ത ദിവസം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സെക്രട്ടറി ശ്രീ. അബ്ദുൽ റസാക്ക് കേരളത്തിലെ 14 ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഒരു സർക്കുലർ അയച്ചിരിക്കുകയാണ്. ആ സർക്കുലറിൽ പറയുന്നത് Modernization of Madrassa education, scrutiny and retransmission of applications for financial assistance. കേരളത്തിലെ മദ്രസ്സകൾക്കെല്ലാം ഒരു ലക്ഷത്തോളം വരുന്ന തുക അനുവദിക്കുന്നതിന് വേണ്ടിയുള്ള ഒരു പദ്ധതിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് മദ്രസ്സകളെ സംബന്ധിച്ച് പരിശോധിക്കാനും കൊടുക്കാനുമുള്ള അധികാരം ഉണ്ടോ? അതിനുമേൽ വല്ല കൺട്രോളും ഡെപ്യൂട്ടി ഡയറക്ടർക്കുണ്ടോ? ഇങ്ങനെ ഒരു കത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയയ്ക്കാനുള്ള അധികാരം ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് ഉണ്ടോ? ഞാൻ അങ്ങയോട് ചോദിക്കുകയാണ്, അങ്ങനെ ഒരധികാരം അവർക്ക് കൊടുത്തിട്ടുണ്ടോ? ഏതെങ്കിലും വിധത്തിൽ കേരള സിലബസ്സുമായി ബന്ധപ്പെട്ടുകൊണ്ട് മദ്രസ്സയിൽ വിഷയങ്ങൾ പഠിപ്പിക്കുവാനും പീരിയേഡ്സ് കൊടുക്കാനുമാണ് ഉദ്ദേശിക്കുന്നത് എങ്കിൽ അതിന്റെ കൺട്രോളിംഗ് ഗവൺമെന്റിനായിരിക്കണം. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും പണം മദ്രസ്സകൾക്കുവേണ്ടി വിനിയോഗിക്കാൻ അങ്ങ് ആഗ്രഹിക്കുന്നുവെങ്കിൽ അതിന്റെ കൺട്രോൾ ഗവൺമെന്റിനായിരിക്കണം. പശ്ചിമ ബംഗാളിൽ മദ്രസ്സകളുടെ കൺട്രോൾ മുഴുവൻ ഗവൺമെന്റിനാണ്. അങ്ങേക്ക് അതറിയാം. ഇവിടെ മതത്തിന്റെ അടിസ്ഥാനത്തിൽ പള്ളികളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന മദ്രസ്സകളിലേക്ക് ഈ രീതിയിൽ പണം ഫൈനാൻഷ്യൽ അസിസ്റ്റൻസ്, കൊടുക്കാൻ വേണ്ടി ഒരു സർക്കുലർ ബഹുമാനപ്പെട്ട മന്ത്രിയല്ലാതെ പ്രൈവറ്റ് സെക്രട്ടറി ഒപ്പിട്ട് അയച്ചതിന്റെ ഒരു കോപ്പിയാണ് എന്റെ കൈയിൽ ഉള്ളത്. അങ്ങ് അത് പരിശോധിക്കണം. അങ്ങ് അറിഞ്ഞിട്ടുതന്നെ ആയിരിക്കും എന്ന് ഞാൻ കരുതുകയാണ്. ഇവിടെ ഇഷ്ടംപോലെ ബി.എഡ്. കോളേജ്, റ്റി.റ്റി.ഐ. സ്ഥാപനങ്ങൾ ഒക്കെ അനുവദിക്കുകയാണ്. എന്തിനാണ് ഇത്. ബി.എഡ്. കോളേജുകളുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പ്രശ്നം എന്തെന്നാൽ കേരളത്തിൽ എത്രയോ അധ്യാപകർ, ബി.എഡ്. പാസ്സായവരും, ടി.ടി.ഐ. കഴിഞ്ഞിട്ടുള്ളവരുമൊക്കെ തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തുകിടക്കുന്നു, എന്നിട്ടും ഇവിടെ ചോദിക്കുന്നവർക്കൊക്കെ ബി.എഡ്. കോളേജ് കൊടുത്തു. ഇതെല്ലാം ആരെ സഹായിക്കുന്നതിനു വേണ്ടിയായിരുന്നു? ന്യൂനപക്ഷത്തെ സംബന്ധിച്ച് പറഞ്ഞു, ന്യൂനപക്ഷത്തിന്റെ കാര്യത്തിൽ വലിയ താൽപ്പര്യം അവിടെയുള്ളവർക്കും ഇവിടെയുള്ളവർക്കും എല്ലാം ഉണ്ട്. പക്ഷേ ന്യൂനപക്ഷത്തിലെ സമ്പന്ന വിഭാഗത്തിന്റെ കൈയിലാണ് ഈ സ്ഥാപനങ്ങൾ എല്ലാം എന്നുള്ളത് അങ്ങ് മറന്നുപോയോ? അവരുടെ മക്കൾക്ക് പഠിക്കാനും അവർക്ക് ലാഭം ഉണ്ടാക്കാനുമല്ലാതെ മതന്യൂനപക്ഷത്തിൽപ്പെട്ട ഏതെങ്കിലും പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കുടുംബത്തിലെ ഒരംഗത്തിന് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഗുണം കിട്ടി എന്നുപറയാൻ കഴിയുമോ? കിട്ടിയില്ലെന്നു മാത്രമല്ല, ഈ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 75,000 വേക്കൻസികൾ റദ്ദ് ചെയ്തപ്പോൾ എണ്ണായിരത്തോളം മതന്യൂനപക്ഷങ്ങൾക്കു കിട്ടേണ്ടുന്ന ആനുകൂല്യങ്ങളാണ് നഷ്ടപ്പെട്ടത്. ഇന്ന് നരേന്ദ്രൻ കമ്മീഷനുമായി ബന്ധപ്പെട്ടുള്ള ചർച്ച നടക്കുവാൻ പോകുകയാണ്. പാവപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, ന്യൂനപക്ഷ കുടുംബങ്ങളിലെ കുട്ടികളുടെ താൽപ്പര്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്തു എന്നുപറയാൻ കഴിയില്ല. എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഈ കഴിഞ്ഞ ദിവസം ഇടുക്കിയിലെ പീരുമേടിനും അപ്പുറത്തുനിന്നും വന്ന ഭാഷാന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട, അതുപോലെ എസ്.സി. വിഭാഗത്തിൽപ്പെട്ട രണ്ട് പെൺകുട്ടികൾ എങ്ങോ കേട്ടറിഞ്ഞ് എന്റടുത്ത് വന്നു. ഒരു കുട്ടി കാര്യവട്ടം കാംപസിലും, മറ്റൊരു കുട്ടി എം.ജി. കോളേജിലും ബി.എസ്‌സി.-ക്ക് പഠിക്കുകയാണ്. ഏഴ് മാസത്തിലധികമായി ആ കുട്ടികൾക്ക് സ്റ്റൈപ്പന്റ് കിട്ടിയിട്ടില്ല, ആ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം കിട്ടിയിട്ടില്ല. അവസാനം സ്വകാര്യ ഹോസ്റ്റലിൽ പണം അടയ്ക്കുവാൻ കഴിയാതെ അവിടെ നിന്നും പുറത്താക്കിയപ്പോൾ എന്റടുത്തു വന്നു. ഞാൻ ബഹുമാനപ്പെട്ട പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി ശ്രീ. അനിൽകുമാറിന്റടുത്ത് ആ കുട്ടികളേയും കൊണ്ടുപോയി. ഒരു രജനി ആനന്ദ് മാത്രമല്ല, ഇന്നത്തെ ദുഷിച്ച വിദ്യാഭ്യാസനയത്തിന്റേയും ഈ തീരുമാനത്തിന്റേയും ഫലമായി ദുഃഖം അനുഭവിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഉണ്ട്. മന്ത്രി ശ്രീ. അനിൽകുമാർ അപ്പോൾത്തന്നെ അതിനെ സംബന്ധിച്ച് അന്വേഷിച്ചു; കുട്ടികളോട് അന്വേഷിച്ചു. എന്നിട്ട് അപ്പോൾത്തന്നെ ഹോസ്റ്റലിൽ വിളിച്ചുപറഞ്ഞു, ഹോസ്റ്റലിൽ അഡ്മിഷൻ കിട്ടി. പക്ഷേ എത്രയോ കുട്ടികളാണ് ലംപ്സംഗ്രാന്റുപോലും കിട്ടാതെ വിഷമിക്കുന്നത്. വിദ്യാഭ്യാസ രംഗത്തെ ഇത്തരം പ്രശ്നങ്ങൾ പരിശോധിക്കണ്ടേ? ഹയർ സെക്കന്ററി സ്കൂളുകളുമായി ബന്ധപ്പെട്ടുകൊണ്ട് ഓരോ പ്രദേശത്തും പ്രത്യേകം കോഴ്സുകൾ അനുവദിക്കാൻ കഴിയണം. ഇപ്പോൾ റീജിയണൽ ഓഫീസുകൾ ശക്തിപ്പെടുത്തും എന്നുപറഞ്ഞു, അതിനുവേണ്ടി സ്റ്റാഫിനെ ക്രിയേറ്റ് ചെയ്തിട്ടുണ്ടോ? റീജിയണൽ ഓഫീസുകൾ തുറക്കും എന്നുപറയുന്നുണ്ട്. അതിനാവശ്യമായ സ്റ്റാഫ് ക്രിയേഷൻ നടന്നിട്ടില്ല. ഓരോ വർഷവും മൂന്ന് ലക്ഷത്തോളം കുട്ടികളുടേയും അവർക്കു വേണ്ടുന്ന അധ്യാപകരുടേയും കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്ന സംവിധാനത്തിലേക്ക് മാറുവാൻ ഇന്നുവരേയും കഴിഞ്ഞിട്ടില്ല. കൊല്ലം നാല് പൂർത്തിയായില്ലേ? ഇപ്പോഴും സാധിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയും, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയും സ്വകാര്യ മാനേജ്മെന്റിന് പൂർണ്ണമായും തന്നിഷ്ടത്തിന് പ്രവർത്തിക്കാൻ വിട്ടുകൊടുത്തിരിക്കുകയാണ്. ഇതു മാറണം, മാറാതെ യാതൊരു നിവൃത്തിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ചോദിച്ചവർക്കെല്ലാം സ്വാശ്രയ സ്ഥാപനം കൊടുക്കുന്നത് ശരിയാണോ? അതല്ലേ കേരളത്തിൽ നടന്നിട്ടുള്ളത്? അതിന്റെ ഫലമായിട്ടുള്ള ദുരന്തങ്ങളല്ലേ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥി രാഷ്ട്രീയത്തിനെതിരെ ഇവിടെ പറഞ്ഞിട്ടുള്ളതിനൊന്നും മറുപടിയില്ല. കാരണം ശ്രീമാൻ തലേക്കുന്നിൽ ബഷീർപോലും ഈ കഴിഞ്ഞ ദിവസം ഒരു സെമിനാറിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞിട്ടുള്ള കാര്യം ശ്രീ. സി. പി. മുഹമ്മദും ശ്രീ. ജോയിയും പരിശോധിച്ചാൽ കൊള്ളാം. അടുത്തകാലത്ത് ഒരു സാങ്കേതിക സർവ്വകലാശാല തുടങ്ങുന്നതിനുള്ള പ്രോജക്ട് തയ്യാറായിക്കൊണ്ടിരിക്കുന്നു എന്നുപറഞ്ഞു. അതിന്റെ പിന്നിൽ, അതുമായി ബന്ധപ്പെട്ട് ഒരുപാട് ദുരൂഹതകൾ നിലനിൽക്കുകയാണ്. ഇന്ന് എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർ നിയമസഭയിലേക്ക് മാർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ വിശദമായ പരിശോധനയും ചർച്ചയും സംഘടനാ തലത്തിലും, മറ്റ് തലത്തിലും നടത്തേണ്ടതുണ്ട്. ഈ തരത്തിൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പും മറ്റ് മേഖലയും എല്ലാം കുത്തഴിഞ്ഞ മട്ടിലാണ് കിടക്കുന്നത്. കുത്തഴിഞ്ഞ പുസ്തകം പോലെ കിടക്കുന്ന ഈ മേഖലയെ ശരിയായ രീതിയിൽ നയിക്കാൻ വിദ്യാഭ്യാസ വകുപ്പിന് കഴിയണം. അതുപോലെ സാംസ്കാരിക രംഗത്തെക്കുറിച്ചും, സ്പോർട്ട്സ് രംഗത്തെക്കുറിച്ചും എല്ലാം ഇവിടെ പറഞ്ഞിട്ടുണ്ട്. ഇവിടെ കഴിഞ്ഞ പ്രാവശ്യം കെട്ടിടം ഇല്ല എന്നുപറഞ്ഞ് 10 പോളിടെക്നിക്കുകൾ പൂട്ടി. ഒരു വർഷമായിട്ടും അവർക്ക് കെട്ടിടം നിർമ്മിക്കാൻ ബജറ്റിൽ പൈസ കൊടുത്തിട്ടുണ്ടോ? കണ്ണൂർ സ്പോർട്ട്സ് ഹോസ്റ്റലിനെ സംബന്ധിച്ച് ശ്രീ. മോഹനൻ പറഞ്ഞു. അതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എന്തെങ്കിലും ഒരു തീരുമാനം ഇവിടെ പറയണം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മൂക്കുകയറിട്ട് പിടിച്ച് ഈ രംഗത്തുള്ള കച്ചവടം അവസാനിപ്പിക്കാൻ അങ്ങ് മുൻകൈയെടുക്കണം. ഈ രീതിയിൽ എല്ലാ അഴിമതിയും കെടുകാര്യസ്ഥതയും, സ്വജനപക്ഷപാതവും തിരുത്തി മുന്നോട്ടുപോകാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകണം. സാംസ്കാരിക രംഗത്തും സ്പോർട്ട്സ് രംഗത്തും ശ്രീ. പിരപ്പൻകോട് മുരളി പറഞ്ഞിട്ടുള്ള കാര്യങ്ങളോട് യോജിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, കായിക രംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച വികാരം ഗവൺമെന്റ് തീർച്ചയായിട്ടും ഗൗരവത്തോടുകൂടി ശ്രദ്ധിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇൻഡ്യയുടെ കായിക ഭൂപടത്തിൽ കേരളത്തിന് തിളക്കമേറിയ സ്ഥാനമാണുള്ളത്. സംസ്ഥാനത്തെ കായികരംഗത്തെ പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം ബഹുമാനപ്പെട്ട പിരപ്പൻകോട് മുരളി പറഞ്ഞതുപോലെ പണത്തിന്റെ അഭാവമാണ്. കായിക രംഗത്ത് എക്സലൻസ് കാണിക്കുന്ന കായിക താരങ്ങളെ പ്രോൽസാഹിപ്പിക്കാൻ മതിയായ സാമ്പത്തികശേഷി നമ്മുടെ സംസ്ഥാനത്തില്ല. അദ്ദേഹം ഇവിടെ പറഞ്ഞ ബഡ്ജറ്ററി സപ്പോർട്ട് തന്നെ—അക്കാര്യത്തിൽ എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വച്ചതിനേക്കാൽ ഏകദേശം മൂന്ന് കോടിയലധികം രൂപ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായതിനുശേഷം കായിക-യുവജന രംഗത്തിന് മാറ്റിവച്ചിട്ടുണ്ട്. ഏഴരക്കോടി രൂപയാണ് കഴിഞ്ഞ വർഷം സംസ്ഥാനത്തിന്റെ ബഡ്ജറ്ററി സപ്പോർട്ടായി വന്നത്. മുൻപൊരിക്കലും ഉണ്ടായിട്ടില്ലാത്ത രീതിയിലുള്ള ഒരു ബഡ്ജറ്റ് സപ്പോർട്ടാണെന്ന് പറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്നാലും ഇത് പോരാ. കായിക രംഗത്ത് ബഡ്ജറ്ററി സപ്പോർട്ട് കൂട്ടുന്നതിനുവേണ്ടി ചില നിർദ്ദേശങ്ങൾ വച്ചിരുന്നു. നമ്മുടെ എക്സൈസ് വരുമാനത്തിന്റെ ഒരു ശതമാനം ഈ രംഗത്തേക്ക് തരണമെന്നുള്ളത് ഒരു പ്രൊപ്പോസൽ ആയിരുന്നു. പക്ഷെ അത് ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ കായിക താരങ്ങളെ സാമ്പത്തികമായി സഹായിക്കുന്നതിനുവേണ്ടി വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവപൂർവം ആലോചിക്കുന്നുണ്ട്. ഗവൺമെന്റ് ഈ രംഗത്ത് ഒരു ഫെസിലിറ്റേറ്റർ ആകണമെന്നാണ് ആഗ്രഹിക്കുന്നത്. സ്പോർട്ട്സ് രംഗത്ത് നേരിട്ടുള്ള ഒരു നിയന്ത്രണവും ഏർപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഇവിടെ സ്പോർട്ട്സ് അതോറിറ്റി ബില്ലിനെക്കുറിച്ച് ചോദിച്ചു. നിയമസഭ പാസാക്കിയ സ്പോർട്ട്സ് ബില്ലിന്റെ നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. ആ ബില്ലിന്റെ ആക്ട് അനുസരിച്ചാണ് ഇന്നുള്ള സ്പോർട്ട്സ് കൗൺസിൽ താൽക്കാലികമായി നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. അതിന്റെ റൂൾസ് ഉണ്ടാക്കാൻ അവരെത്തന്നെയാണ് ഏൽപ്പിച്ചത്. കുറച്ച് കാലതാമസം ഉണ്ടായെങ്കിലും അടുത്ത രണ്ട് മാസത്തിനകം ജില്ലാ സ്പോർട്ട്സ് കൗൺസിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് അതിന്റെ ഇലക്ഷൻ പ്രക്രിയ ആരംഭിക്കുകയാണ്. അതിന്റെ റൂൾസ് കിട്ടിക്കഴിഞ്ഞു. ഏതാനും ദിവസങ്ങൾക്കകം തന്നെ അതിന്റെ നടപടി ആരംഭിച്ച് രണ്ട് മാസത്തിനകം സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ വരെ ഈ പുതിയ ആക്ട് അനുസരിച്ച് രൂപീകരിക്കാൻ കഴിയും. അതുപോലെതന്നെ ഇവിടെ കുടിശ്ശികയുടെ കാര്യം പറഞ്ഞു, അതിന്റെ കണക്കു പറയാം. ഇവിടെ മികച്ച കായിക താരങ്ങൾക്ക് കാഷ് അവാർഡ് പദ്ധതി ആരംഭിച്ചത് 1997-ൽ എൽ.ഡി.എഫ്-ന്റെ കാലത്താണ്. ആ കാലത്ത് 25 ലക്ഷം രൂപ ആ ഗവൺമെന്റ് കൊടുത്തു. പിന്നീട് കുടിശ്ശിക കൂടിക്കൂടി വന്നു. പിന്നീട് അവർ കൊടുത്തില്ല. ശ്രീ. എ. കെ ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് 2002 നവംബർ മാസം ശ്രീ. കെ. സുധാകരനായിരുന്നു കായിക വകുപ്പുമന്ത്രി. സെനറ്റ് ഹാളിൽ വച്ച് 2 കോടി 40 ലക്ഷം രൂപയാണ് അന്ന് കായികതാരങ്ങൾക്ക് വിതരണം ചെയ്തത്. എൽ.ഡി.എഫ്-ന്റെ കാലത്ത് തുടങ്ങിയെങ്കിലും അന്ന് 25 ലക്ഷം രൂപ മാത്രമേ കൊടുത്തിട്ടുള്ളു. പിന്നീട് വന്ന

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. ഗവൺമെന്റ് രണ്ടരക്കോടി രൂപ കൊടുത്തു. ഇനി രണ്ടു കോടി രൂപ കുടിശ്ശികയുണ്ട്. ശോഭിനിയുടെ മരണത്തെക്കുറിച്ച് ശ്രീ. സുപാൽ പറഞ്ഞു, ഏറെ ദുഃഖമുണ്ടാക്കിയ, കായികലോകത്തെ കരയിപ്പിച്ച സംഭവമാണത്. ഗവൺമെന്റ് അതിനെ ഗൗരവമായിത്തന്നെ കണ്ടു. തുഴച്ചിൽ എന്ന കായികരംഗത്തെ ഡിസിപ്ലിൻ സ്പോർട്ട്സ് കൗൺസിലിൽ നിലനിൽക്കുന്ന അംഗീകാരത്തിന്റെ പരിധിക്ക് പുറത്താണ്. പത്ത് ജില്ലകളിൽ എങ്കിലും അതിന്റെ പ്രാക്ടീസ് വേണമെന്നുള്ള ഒരു നിബന്ധന ഉണ്ടായിരുന്നു, അതുകൊണ്ടാണ് അംഗീകാരം കൊടുക്കാത്തത്. ശോഭിനിയുടെ മരണത്തിനിടയാക്കിയ ആ ഒരു വലിയ ചോദ്യത്തെ ഗവൺമെന്റ് കാണുകയും അത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. അതിന് അംഗീകാരമില്ലെങ്കിലും ആ കുട്ടികളെക്കൂടി ഈ കാഷ് അവാർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനമെടുത്തു. അതിന്റെ ഫലമായി ഏകദേശം മൂന്ന് ലക്ഷത്തിൽപ്പരം രൂപ ആ കുടുംബത്തിന് കൊടുത്തു എന്നു മാത്രമല്ല, ശോഭിനിയുടെ അമ്മയ്ക്ക് ജോലി കൊടുത്താണ് ഗവൺമെന്റ് ആ കുടുംബത്തോടുള്ള കടപ്പാട് തീർത്തത്. അതുകൊണ്ട് ഇനിയും അങ്ങനെയുള്ള കാര്യം സംഭവിക്കാതിരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുൻകൈയെടുക്കും എന്നുമാത്രമാണ് എനിക്ക് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളത്. പി. ടി. ഉഷയുടെ പേരിലുള്ള സ്കൂളിന് ഭൂമി കൊടുത്തത് ഗവൺമെന്റിന്റെ ഒരു സിശ്ചയദാർഢ്യം പ്രകടിപ്പിക്കുന്നതിനു വേണ്ടികൂടിയാണ്. ഈ രംഗത്ത് ഗവൺമെന്റിന് മാത്രമല്ല മറ്റ് ഏജൻസികൾ വന്നാലും അവരെ സഹായിക്കുന്നതിന് ഗവൺമെന്റിന് മടിയില്ല. ഫെസിലിറ്റേറ്റർ എന്ന നിലയ്ക്കാണ് ഇതിനെ കാണുന്നത് എന്നുള്ള സന്ദേശം കൂടെ കൊടുക്കുന്നതിനുവേണ്ടിയാണ് സ്ഥലം കൊടുക്കുന്നത്. ഇന്ന് കേരളത്തിൽ അത്‌ലറ്റിക്സിന് അജയ്യമായ സ്ഥാനമാണുള്ളത്. വനിതകൾക്കുള്ള ദേശീയ അത്‌ലറ്റിക് അക്കാഡമി ചടയമംഗലത്ത് സ്ഥാപിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. സ്പോർട്ട്സ് ഡയറക്ടർ ജനറൽ ഓഫ് ഇൻഡ്യ രണ്ട് പ്രാവശ്യം കേരളത്തിൽ വന്ന് ചർച്ച നടത്തി. അത് കേരളത്തിന് കിട്ടുമെന്നാണ് വിശ്വാസം. അതുപോലെതന്നെ പിരപ്പൻകോട് നിർമ്മാണം നടക്കുന്ന അക്വാട്ടിക് കോംപ്ലക്സിന്റെ പണി ബഹുമാനപ്പെട്ട മുരളി തന്നെ മുൻകയ്യെടുത്ത് ആരംഭിച്ചതാണ്. ഒരു അപകടം നമ്മൾ അവിടെ കാണിച്ചു. അതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്ന് നമ്മൾ തീരുമാനിച്ചില്ല. പണി ആരംഭിച്ചു, അങ്ങയുടെ അന്നത്തെ സ്വാധീനംകൊണ്ട് കുറച്ചു പണം ലഭിച്ചു; പണി മുന്നോട്ട് പോയി. അതിന്റെ പകുതി പണം നമുക്ക് തരാമെന്ന് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിരിക്കുകയാണ്. മാത്രമല്ല, ഈ വർഷത്തെ അൻപത് ലക്ഷം രൂപയുടെ അലോട്ട്മെന്റിന്റെ പണി ആരംഭിച്ചിരിക്കുകയാണ്. ഏകദേശം ഒരു വർഷംകൊണ്ട് അവിടത്തെ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. നമ്മുടെ അഭിമാനമായിട്ടാണ് മൂന്നാറിൽ ഒരു ഹൈ ആൾട്ടിട്ട്യൂഡ് സ്പോർട്ട്സ് കോംപ്ലക്സ് ആരംഭിച്ചത്. അതിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് ഒരു കോടിയിലേറെ രൂപ ലഭ്യമാകാൻ പോകുന്നു. അതിന്റെയും പണി പൂർത്തിയാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയും. അതുപോലെ തന്നെ രണ്ട് വർഷം മുൻപാണ് കൊച്ചിയിലെ സിന്തറ്റിക്ക് ട്രാക്കിനുവേണ്ടി പണം ലഭിച്ചത്. നാല് കോടി രൂപയായിരുന്നു. ഇപ്പോൾ അതിന്റെ ഗ്ലോബൽ ടെൻഡർ കഴിഞ്ഞ് വർക്ക് ഫിക്സ് ചെയ്ത് കൊടുത്തിരിക്കുന്നു. ആറ് മാസത്തിനകം അതിന്റെ പണി ആരംഭിക്കാനും ഈ വർഷം പൂർത്തിയാക്കാനും കഴിയുമെന്ന് വിശ്വസിക്കുന്നു. അതുപോലെതന്നെ കണ്ണൂരിൽ ഒരു സ്പോർട്ട്സ് കോംപ്ലക്സിന് സ്ഥലം ലഭ്യമായിട്ടുണ്ട്. അതും സ്പോർട്ട്സ് കൗൺസിലിന്റെ സ്കീമിൽപ്പെടുത്തി പൂർത്തിയാക്കാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരത്ത് ജി. വി. രാജാ സ്പോർട്ട്സ് സ്കൂളിന്റെ പണി ഇന്ന് സമയബന്ധിതമായ രീതിയിൽ നടക്കുന്നു. അതും പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ ഇത്തവണ സന്തോഷ് ട്രോഫി ഏപ്രിൽ മാസം കൊച്ചിയിൽ നടക്കാൻ പോകുകയാണ്. ഏപ്രിൽ 2-ാം തീയതി അന്താരാഷ്ട്ര ഇൻഡോ-പാകിസ്ഥാൻ മാച്ച് കൊച്ചിയിൽ നടക്കാൻ പോകുന്നു. അങ്ങനെ കേരളം സ്പോർട്ട്സ് രംഗത്തെ ഒരു ഡെസ്റ്റിനേഷൻ പോയിന്റായി മാറാൻ പോകുകയാണ്. കൊച്ചിയും തിരുവനന്തപുരവും കോഴിക്കോടുമൊക്കെ അതിനുവേണ്ടി നമുക്ക് മാറ്റിയെടുക്കാൻ കഴിയും. ഇപ്പോൾത്തന്നെ ഫെഡറേഷൻ കപ്പ് കോഴിക്കോട് നടന്നു. അങ്ങനെ കേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഇന്നുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ടുതന്നെ കേരളത്തെ ഒരു സ്പോർട്ട്സ് ഡെസ്റ്റിനേഷൻ പോയിന്റായി മാറ്റാൻ കഴിയുമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതുപോലെതന്നെ 100 പേർക്ക് ജോലി കൊടുത്തുകഴിഞ്ഞു. നോട്ടിഫിക്കേഷനായി. 95 എണ്ണമേ ആയിട്ടുള്ളൂ. 5 എണ്ണം കോടതിയുടെ തർക്കത്തിലാണ്. ഈ മാസം അറുപത് പേർക്ക് കൂടി കൊടുക്കാൻ നോട്ടിഫൈ ചെയ്യാൻ പോകുകയാണ്. അപ്പോൾ 2005-ലെ ക്വാട്ട മുഴുവൻ തീരും. 2006 മുതൽ ഓരോ വർഷവും 20 പേർക്ക് ജോലിയെന്നുള്ള നിയമം നടപ്പിലാക്കാൻ പോകുകയാണ്. ഒരുമിച്ചുവരുമ്പോൾ നിരവധി പരാതികൾ വരുന്നു. ഓരോ വർഷത്തേയും എക്സലൻസിനേക്കാൾ കൂടിയ എക്സലൻസ് അടുത്ത വർഷം വരുന്നതുകൊണ്ട് പലപ്പോഴും താരങ്ങളുടെ പരാതിവരുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടി അടുത്തവർഷം മുതൽ 20 പേർക്ക് വീതം കൃത്യമായി ജോലി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്നത് കുറവാണെങ്കിലും അബ്സോർബ് ചെയ്യാൻ കഴിയുന്നത്ര കായിക താരങ്ങളെ പൊതുമേഖലാസ്ഥാപനങ്ങൾ അബ്സോർബ് ചെയ്യണമെന്ന ഒരു ശുപാർശ കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ കായിക മേഖലയിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായം ഉറപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുകയാണ്. എം.പി., എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അത് മുന്നോട്ടുനീക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അതുപോലെ കളരി അക്കാഡമി വടകരയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. വടകര മുനിസിപ്പാലിറ്റിയിൽ സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ ഈ മാസം തന്നെ അതിന്റെ നടപടിക്രമം തുടങ്ങാൻ കഴിയും. അതിനുള്ള പണവും ലഭ്യമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. നാരായണക്കുറുപ്പ്:</u> വടകരയിൽ എത്ര കളരിയുണ്ടോ അത്രയും കളരി കറുകച്ചാലിലുമുണ്ട്.

<u>ശ്രീ. രാജു എബ്രഹാം:</u> അഞ്ജു, ബോബി അലോഷ്യസ് അടക്കമുള്ള മൂന്ന് കായിക താരങ്ങൾക്ക് വീട് കൊടുക്കുമെന്ന് നേരത്തെ ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. മൂന്നുപേർക്കും വീട് കിട്ടിയിട്ടില്ല. അതിന് നടപടി എടുക്കുമോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> അങ്ങനെ പ്രഖ്യാപിച്ചിട്ടില്ല. ആ സ്റ്റേറ്റുമെന്റ് തെറ്റാണ്. ഷൈനി വിൽസന് കൊച്ചിയിൽ സ്ഥലം കൊടുത്തു. അഞ്ജുവിനും ബോബി ജോർജിനും അതേ മാനദണ്ഡത്തിൽ ലീസിന് സ്ഥലം കൊടുക്കും.

3.00 P.M.] അതിൽ മാറ്റമില്ല. ഷൂട്ടിംഗ് കോംപ്ലക്സ് പാലക്കാട്ടാരംഭിക്കും. അതിന് 50 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. സായി സെന്റർ കൊച്ചിയിലും ഇടുക്കിയിലും വരുന്നുണ്ട്. അതുപോലെ തൊടുപുഴയിലും ഇടുക്കിയിലുമൊക്കെ സ്പോർട്ട്സ് അക്കാഡമിയുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതിന് സ്ഥലം കിട്ടിയിട്ടുണ്ട്. വോളീബോൾ അക്കാഡമിയാണ് ഇടുക്കിയിൽ ആലോചിക്കുന്നത്. സ്പോർട്ട്സ് കലാകാരൻമാർക്ക് പെൻഷൻ കൊടുക്കുന്നതിന് തീരുമാനിച്ചു. അതുപോലെ സർക്കസ് കലാകാരന്മാരുടെ പെൻഷൻ 179 രൂപയായിരുന്നത് 250 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഈ രംഗത്ത് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്തു. തിരുവനന്തപുരത്തെ ഫ്ളൈയിംഗ് ക്ലബിന്റെ പേര് രാജീവ് ഗാന്ധി അക്കാഡമി ഓഫ് ഏവിയേഷൻ ടെക്നോളജി എന്നാക്കി സൊസൈറ്റി രജിസ്റ്റർ ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ ഫോർ സീറ്റർ വിമാനം വാങ്ങുന്നതിന് രണ്ട് കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. മുന്നൂറോളം കൊമേഴ്സ്യൽ പൈലറ്റുമാരുടെ വേക്കൻസി ഇൻഡ്യയിൽ ഉണ്ടാകാൻ പോകുന്നു. അതിലേയ്ക്കുകൂടി ലക്ഷ്യംവച്ചുകൊണ്ട് ആ സ്ഥാപനം ഏറ്റവും നല്ല ട്രെയിനിംഗ് സെന്ററാക്കി മാറ്റാൻ പോകുന്നു. ഓപ്പറേഷൻ ഗോൾഡ് എന്ന പരിപാടിയിലൂടെ തിരുവനന്തപുരം ജില്ലയിൽ ജില്ലാ പഞ്ചായത്തും സ്പോർട്സ് കൗൺസിലും ചേർന്ന് സ്കൂളുകളിൽനിന്നും സ്പോർട്ട്സിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്താനുള്ള ഒരു പരിപാടിയുമായി മുന്നോട്ടു പോകുകയാണ്. കേന്ദ്ര ഗവൺമെന്റ് അതിനെ സഹായിക്കാമെന്ന് പറഞ്ഞിരിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> വോളീബോൾ അക്കാഡമിയും സൈക്കിൾ വെലോഡ്രോമുമൊക്കെ ഈ വർഷംതന്നെ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> അതിന്റെ സ്ഥലം ഇടുക്കി ഡെവലപ്മെന്റ് അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്. അത് ഈ വർഷംതന്നെ ആരംഭിക്കുമെന്ന് ഞാൻ ഉറപ്പുതരുന്നു. ഒരു പുതിയ സ്പോർട്ട്സ് സ്കൂൾ റണ്ണൂരിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് 50 ലക്ഷം രൂപകൂടി വച്ചിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിലും കളിക്കളം നന്നാക്കുന്നതിന് ഈ മാർച്ചുമാസംതന്നെ 60 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ മേഖലകളിലെ സ്കൂളുകളിലും കോളേജുകളിലും കൊടുക്കാൻ തീരുമാനി ച്ചിട്ടുണ്ട്. മലപ്പുറത്ത് കെ.എസ്.ഐ.ഡി.സി.-യുടെ സ്ഥലത്ത് അടുത്ത വർഷം സ്പോർട്ട്സ് കോംപ്ലക്സ് ഉണ്ടാക്കണമെന്ന നിർദ്ദേശമുണ്ട്. കേരളത്തിന്റെ മൊത്തമായ കായികരംഗത്തിന്റെ പുരോഗതിക്കുവേണ്ടി സംസ്ഥാന സർക്കാരിനു ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് ഞാൻ ഉറപ്പു നൽകുന്നു. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങളെ ക്കുറിച്ച് ഉയർന്നുവന്ന നിർദ്ദേശങ്ങളേയും ഉപദേശങ്ങളേയുമൊക്കെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. ഈ സഭയ്ക്കകത്ത് രാഷ്ട്രീയത്തിന തീതമായി ഭരണ പ്രതിപക്ഷ ബഞ്ചുകൾക്ക് ഒരുമിച്ച് പ്രവർത്തിക്കാവുന്ന ഒരു മേഖലയായി സാംസ്കാരിക മേഖലയെ ഞാൻ കാണുകയാണ്. സാംസ്കാരിക രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും രാഷ്ട്രീയത്തിന്റെ നിറം നൽകണമെന്നോ മുന്നണി യുടെ നിറം നൽകണമെന്നോ ഗവണ്മെന്റ് ആഗ്രഹിക്കുന്നില്ല. സാംസ്കാരികമായി ഏതെങ്കിലും പക്ഷം ചേർന്നുകൊണ്ട് പ്രവർത്തിക്കണമെന്നേ സാംസ്കാരിക വകുപ്പിനുള്ളൂ. ഈ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം സാംസ്കാരിക പക്ഷത്ത് നിന്ന് പ്രവർത്തിക്കുക എന്നുള്ള നിലപാടാണുള്ളത്. അതുകൊണ്ടുതന്നെ സമൂഹത്തിലെ സാഹിത്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നതും വ്യക്തമായ കാഴ്ചപ്പാടും ദിശാബോധവും രാഷ്ട്രീയമായ നിലപാടുകളുമൊക്കെയുള്ള ആളുകളാണ് സാംസ്കാ രിക വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. അത്തരത്തിലുള്ള ഏത് നിലപാടുകളായാലും ശരി, ഗവണ്മെന്റിന്റെ സാംസ്കാരിക പ്രവർത്തനവുമായി സഹകരിപ്പിച്ചുകൊണ്ടു പോകുന്നതിന് ഇത്തരം നിലപാടുകളൊന്നും നോക്കാതെ എല്ലാപേരേയും സമന്വയിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നുള്ള നിലപാടാണ് ഗവണ്മെന്റിനുള്ളത്. തീർച്ചയായിട്ടും വരാനിരിക്കുന്ന നാളുകളിൽ അത്തരത്തിലുള്ള എല്ലാപേരുമായി മുന്നോട്ടുപോകുന്ന സാംസ്കാരികമായ സമീപനം തന്നെയാകും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയെന്ന് ഞാൻ ആമുഖമായി പറയുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾക്കുമാത്രം മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സാംസ്കാരിക വകുപ്പ് പൂർണ്ണവളർച്ചയെത്താത്ത ഒരു വകുപ്പായിട്ടാണ് എനിക്ക് തോന്നുന്നത്. ഇതിന്റെ ബാല്യ കൗമാരഘട്ടങ്ങൾ മാത്രമേ കടന്നുപോയിട്ടുള്ളൂ എന്നാണ് എനിക്ക് തോന്നുന്നത്. കാരണം സാംസ്കാരിക വകുപ്പിന് ഒരു ഡയറക്ടറേറ്റുപോലുമില്ലാത്ത സാഹചര്യമുണ്ട്. മുൻ സാംസ്കാരിക വകുപ്പു മന്ത്രി ഇതിനൊരു ഡയറക്ടറേറ്റ് ഉണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടി കൂടുതൽ കാര്യങ്ങൾ ഈ രംഗത്ത് ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണതയിൽ എത്തണമെങ്കിൽ ഡയറക്ടറേറ്റ് തുടങ്ങണം. ശ്രീ എ. കെ. ആന്റണിയുടേയും ശ്രീ ജി. കാർത്തികേയന്റേയും കാലത്ത് തുടക്കംകുറിച്ച സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് എന്നുള്ള ആശയം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് നടപ്പിലാക്കാനുള്ള ശ്രമം ഉണ്ടാകുമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ആമുഖമായി പറയുകയാണ്. അക്കാഡമികളുടെ പ്രവർത്തനത്തെക്കുറിച്ച് ശ്രീ. സി. പി. മുഹമ്മദും ശ്രീ. പി. ജെ. ജോയിയും ഉൾപ്പെടെയുള്ളവർ സൂചിപ്പിക്കുകയുണ്ടായി. അക്കാഡമികളുടെ പ്രവർത്തനത്തിൽ നിയോഗിക്കപ്പെട്ട സാഹിത്യ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ പൂർണ്ണമായ സ്വാതന്ത്ര്യം അതിൽ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള ഇത്തരം അക്കാഡമികളുടെ പ്രവർത്തനം പൂർണ്ണമായി നല്ല രീതിയിൽ തന്നെ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. കാലോചിതമായ ഒരു മാറ്റം വേണമെന്ന ആഗ്രഹവും അതിന്റെ പ്രതിഫലനവും ഈ സഭയ്ക്കകത്ത് ഉണ്ടാകുകയാണെങ്കിൽ തീർച്ചയായും കാലോചിതമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കും. അതുപോലെതന്നെ അടിവരയിട്ട് ഒരു കാര്യം പറയാനുള്ളത്, സാംസ്കാരിക സ്ഥാപനങ്ങളുടെ മേലുള്ള കടന്നുകയറ്റമോ അവരുടെ അവകാശത്തിനുമേലുള്ള പിടിച്ചടക്കലോ അല്ല, മറിച്ച് ഗവൺമെന്റിന്റെ ആഗ്രഹം സാംസ്കാരിക രംഗത്തുള്ളവരുമായി സംവദിച്ചുകൊണ്ട് അവരുമായി ആശയവിനിമയം നടത്തുക എന്നുള്ളതാണ്. നിലവിലുള്ള വ്യത്യസ്ത അക്കാഡമികളുടെ പ്രവർത്തനം മാറ്റേണ്ടതായിട്ടുണ്ട് എന്ന ഒരു തോന്നൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്കുകൂടിയുണ്ടെങ്കിൽ അതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും എടുക്കുമെന്നുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പ്രധാനമായിട്ടും ബഡ്ജറ്റിൽ ഈ വർഷം നടപ്പിലാക്കാൻവേണ്ടി ഉദ്ദേശിക്കുന്ന കലാസാംസ്കാരിക ഗ്രാമമെന്ന ഒരു ആശയം സാംസ്കാരിക വകുപ്പ് കേരള ബഡ്ജറ്റിൽ ഈ വർഷം കൊണ്ടുവന്നിട്ടുണ്ട്. കേരളത്തിന്റെ തനിമയും ശാലീനതയും മുഴുവനും നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഗ്രാമവും വയലും കുളങ്ങളും കാവുകളുമെല്ലാമുൾപ്പെടെ മനോഹരമായ 50 വർഷം മുമ്പ് കേരളത്തിൽ കാണാൻ കഴിഞ്ഞിരുന്ന കേരളീയത മുഴുവനും തുടിച്ചുനിൽക്കുന്ന ഗ്രാമം. കേരളം ഇന്ന് അനുദിനം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങളിന്ന് നശിച്ചുകൊണ്ടിരിക്കുകയാണ്. പട്ടണങ്ങളുടെ കടന്നുകയറ്റം എല്ലായിടത്തുമുണ്ട്. അതുകൊണ്ട് യഥാർത്ഥ ഗ്രാമം കാണണമെങ്കിൽ പുതിയ തലമുറയ്ക്ക് മറ്റെവിടെയെങ്കിലും പോകേണ്ട അവസ്ഥയുണ്ടാകും. ഇന്നലെകളിൽ നിലനിന്നിരുന്ന ഗ്രാമങ്ങളുടെ പുനരാവിഷ്ക്കരണം നടത്താൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 50 ലക്ഷം രൂപ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി നീക്കിവച്ചിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെകൂടെ പിന്തുണയോടുകൂടി സാംസ്കാരികഗ്രാമം എന്നുള്ള ആശയം നടപ്പിലാക്കാൻ പോവുകയാണ്. ആന്ധ്രാപ്രദേശിലും ജയ്പൂരിലുമെല്ലാം ഹെറിറ്റേജ് വില്ലേജുകളുണ്ട്.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

ഇന്ത്യയുടെ പലഭാഗത്തുമുണ്ട്. ഇന്ത്യയ്ക്ക് പുറത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള ഗ്രാമങ്ങളുണ്ട്. അതുകൊണ്ട് കേരളീയ ഗ്രാമത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾക്ക് ഈ വർഷം തുടക്കം കുറിക്കുമെന്നു പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കലാമണ്ഡലത്തെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ സാംസ്ക്കാരിക വകുപ്പ് ഒരുപാട് പ്രവർത്തനം നടത്തിയിരുന്നു. പക്ഷെ യു.ജി.സി.-യുടെ അംഗീകാരം ലഭിക്കാത്തതിന്റെ പശ്ചാത്തലത്തിൽ നമുക്ക് അത്തരത്തിലുള്ള ഒരു കല്പിത സർവ്വകലാശാലയാക്കി മാറ്റാൻ കഴിയുകയില്ല എന്നുള്ളതുകൊണ്ട് സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ തന്നെ ഒരു സാംസ്ക്കാരിക സർവ്വകലാശാലയാക്കി മാറ്റാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാന്യനായ രാധാകൃഷ്ണനും അതുപോലെ തന്നെ ബഹുമാനപ്പെട്ട ചെയറുമൊക്കെ അക്കാര്യത്തിൽ കാണിച്ചിട്ടുള്ള താൽപര്യം പരിഗണിച്ചുകൊണ്ട് അവിടെ ഒരു സാംസ്ക്കാരിക സർവ്വകലാശാല ഉണ്ടാക്കുന്നതിനുവേണ്ടി പഠിക്കാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കാൻ തീരുമാനിച്ചിരുന്നു. സാംസ്ക്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ശ്രീ. കെ. ജയകുമാറിനെ അതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള സാംസ്ക്കാരിക സർവ്വകലാശാലയുടെ സാധ്യതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞാൽ അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്ന് വിചാരിക്കുകയാണ്. സാംസ്ക്കാരിക വകുപ്പിനു കീഴിൽ വരുന്ന ഒട്ടനവധി കാര്യങ്ങളുണ്ട്. അതിലേയ്ക്ക് ഒന്നു ഓടിച്ചു പോകാനേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. കൂടുതൽ കടന്നുപോയി പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ സാംസ്ക്കാരിക രംഗവുമായിട്ടും തൊഴിലുമായിട്ടും ഒരുപാട് ബന്ധങ്ങൾ സിനിമാ വ്യവസായത്തിനുണ്ട്. സിനിമാ രംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. നല്ല സിനിമകൾ ഉണ്ടാക്കാൻ വേണ്ടി നല്ല സിനിമ ചെയ്യുന്നവർക്ക് പ്രോൽസാഹനം നൽകാനുള്ള ഗവൺമെന്റിന്റെ തീവ്രമായ ശ്രമമുണ്ട്. വളരെ വർഷങ്ങളായി മലയാള സിനിമാരംഗത്ത് ഒട്ടനവധി നല്ല സിനിമകൾ ഉണ്ടാക്കി ലോക സിനിമയ്ക്ക് സംഭാവന നൽകിയവർക്ക് പ്രോൽസാഹനം നൽകുന്ന കാര്യത്തിൽ പലപ്പോഴും നമുക്ക് വേണ്ട രീതിയിൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. അവാർഡ് തുക വളരെ പരിമിതമാണ്. അവാർഡ് തുകയിൽ വർദ്ധനവ് ഉണ്ടാക്കണമെന്ന സിനിമാരംഗത്ത് പ്രവർത്തിക്കുന്നവരുടെ ആവശ്യം നമ്മുടെ മുമ്പിലുണ്ടായിരുന്നു. അതുകൊണ്ട് അതിന് വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ട്. ഇതുവരെ കൊടുത്തുകൊണ്ടിരുന്ന അവാർഡ് തുക 100 ശതമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ ടി. വി.-യുടെ സാധ്യത നമുക്കറിയാം. സിനിമ പോലെതന്നെ ടി.വി.-യും ഇന്ന് മലയാളികളുടെ ഇടയിൽ ഉണ്ടാക്കുന്ന സ്വാധീനം വളരെ വലുതാണ്. ടി.വി. രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ അവാർഡുകളുടെ കാര്യത്തിലായാലും അവാർഡ് നിർണ്ണയത്തിന്റെ കാര്യത്തിലായാലും കൂടുതൽ കാര്യങ്ങൾ ചെയ്യാനും അവാർഡ് തുക വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. അവശ കലാകാരന്മാർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിച്ച് കൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ സാംസ്ക്കാരിക വകുപ്പുമന്ത്രി ബഡ്ജറ്റിൽ 50 ലക്ഷം രൂപ നീക്കിവച്ചുകൊണ്ട് തിരുവനന്തപുരം ആസ്ഥാനമാക്കി ശ്രീനാരായണഗുരു അന്തർദേശീയ പഠനകേന്ദ്രം തുടങ്ങുന്നതിനെക്കുറിച്ച് തീരുമാനിച്ചിരുന്നു. തുടക്കം എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ശിലാസ്ഥാപനം നടത്തിക്കഴിഞ്ഞു. ഈ വർഷം തന്നെ അതിന്റെ ആദ്യഘട്ടം തുടങ്ങാൻ കഴിയുമെന്നുള്ള സന്തോഷ വിവരം കൂടി സഭയെ അറിയിക്കുകയാണ്. കേരളീയ നൃത്തകലാരംഗത്ത് സമഗ്രമായ സംഭാവനയ്ക്ക് ഒട്ടനവധി അവാർഡുകളുണ്ട്. സംഗീത രംഗത്തും സിനിമാ രംഗത്തും നാടക രംഗത്തുമൊക്കെ ഒട്ടനവധി അവാർഡുകൾ നമുക്കുണ്ട്. പക്ഷേ കേരളീയ നൃത്തകലാരംഗത്ത് സമഗ്ര സംഭാവനകൾ മുൻനിർത്തി അവർക്ക് അവാർഡ് നൽകുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. ആ വിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ഏറെനാളത്തെ ഒരാഗ്രഹമായിരുന്നു അത്. അതിന് ഈ വർഷം മുതൽ പരിഹാരം എന്നുള്ള നിലയ്ക്ക് കേരളീയ നൃത്ത നാട്യ പുരസ്ക്കാരം നൽകാൻകൂടി സാംസ്ക്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ കേരളത്തിനു പുറത്ത് എസ്.എസ്.എൽ.സി.-ക്ക് മലയാളം പഠിക്കുന്ന കുട്ടികളിൽ മലയാളത്തിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് "എഴുത്തച്ഛൻ സ്വർണ്ണ പതക്കം" കൊടുക്കുന്നുണ്ട്. കേരളത്തിന് പുറത്തു മാത്രമല്ല, ഇന്ത്യക്ക് പുറത്ത് പോയി ജീവിക്കുന്ന ഒട്ടനവധി കുടുംബങ്ങളുണ്ട്. അവിടെ പഠിക്കുന്ന, മലയാളത്തിനോട് താൽപര്യം കാണിക്കുന്ന, കടൽ കടന്നു പോയിട്ടും മലയാളത്തിനോട് സ്നേഹം പ്രകടിപ്പിക്കുന്ന മലയാളികളായ കുട്ടികൾക്ക്, മലയാളത്തിൽ പരീക്ഷ എഴുതി കൂടുതൽ മാർക്ക് വാങ്ങുന്ന +2-ന് പഠിക്കുന്ന കുട്ടികൾക്കും കൂടി എഴുത്തച്ഛൻ സ്വർണ്ണപതക്കം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാന്യനായ സുജനപാൽ എസ്.കെ. സ്മാരകത്തിന് സഹായം നൽകുന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സാംസ്ക്കാരിക വകുപ്പിനു കീഴിലുള്ള ഒട്ടനവധി സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതോടൊപ്പംതന്നെ സാംസ്ക്കാരിക വകുപ്പിന് കീഴിലല്ലാത്ത സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നുണ്ട്. മലബാർ ഭാഗത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് എസ്. കെ. സ്മാരകം എന്നുള്ള കാര്യത്തിൽ തർക്കമില്ല. എസ്.കെ. സ്മാരകത്തിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഒരു സ്ഥിരം ഗ്രാന്റ് എന്നുള്ള നിലയ്ക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ശ്രമം കൂടിയുണ്ടാകുമെന്നു അറിയിക്കുകയാണ്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : സർ, വടക്കേ മലബാറിലെ ജനങ്ങൾ ആവശ്യപ്പെടുന്ന കാര്യമാണ് ഞാൻ പറയുന്നത്. തെയ്യം കലയുടെ കുലപതിയായിരുന്ന കണ്ണപ്പെരുവണ്ണാൻ ഈയിടെ അന്തരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ആ ഭവനം സന്ദർശിച്ചിട്ടുണ്ട്. ലോക പ്രശസ്ത നടൻ പീറ്റർ ലൂക്ക്പോലും കണ്ണപ്പെരുവണ്ണാന്റെ മുമ്പിൽ ആദരവോടെ നിന്ന കാഴ്ച ഞങ്ങളെല്ലാവരും കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മഗ്രാമത്തിൽ പഞ്ചായത്ത് സ്ഥലം സൗജന്യമായി നൽകാൻ സന്നദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണപ്പെരുവണ്ണാന്റെ സ്മരണയ്ക്കുവേണ്ടി തെയ്യം കലാകേന്ദ്രം വടക്കേ മലബാറിൽ അദ്ദേഹത്തിന്റെ ജന്മഗ്രാമമായ കൊടക്കാടിൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും തീരുമാനം എടുക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, നാടൻ കലാരംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഫോക്‌ലോർ അക്കാദമി വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മലബാർ ഭാഗത്തുള്ള തെയ്യം കലയ്ക്കുവേണ്ടി കണ്ണപ്പെരുവണ്ണാന്റെ സംഭാവനയെക്കുറിച്ച് പ്രത്യേകം പറയേണ്ട കാര്യമില്ല. ശ്രീ. സതീശ് ചന്ദ്രൻ കണ്ണപ്പെരുവണ്ണാന്റെ വീടും അദ്ദേഹത്തിന്റെ ജന്മസ്ഥലവും സന്ദർശിച്ച ഒരാളെന്ന നിലയ്ക്ക് തീർച്ചയായിട്ടും അദ്ദേഹം പറഞ്ഞ കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുമെന്ന് അറിയിക്കുകയാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, ചെറുശ്ശേരിക്ക് വടക്കൻ കേരളത്തിൽ ഇതുവരെ സ്മാരകം ഉണ്ടായിട്ടില്ല. ചില അനൗദ്യോഗിക സംഘടനകൾ അതിനുവേണ്ടി ശ്രമിച്ചെങ്കിൽപ്പോലും അത് ഇതുവരെ പൂവണിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ പ്രത്യേക താൽപര്യം എടുത്ത് ചെറുശ്ശേരിക്ക് പഴയ ചെറയ്ക്കൽ താലൂക്കിൽ ഒരു ഉചിതമായ സ്മാരകം ഉണ്ടാക്കുന്നതിനെപ്പറ്റി പരിഗണിക്കുമോ?

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: സർ, ജനങ്ങൾ ആരാധിക്കുന്ന ഒരു ധീര വനിതയാണ് ഉണ്ണിയാർച്ച. ഉണ്ണിയാർച്ചയ്ക്ക് ഒരു സ്മാരകം നിർമ്മിക്കാൻ ശ്രമിക്കുമോ?

മി. സ്പീക്കർ: എല്ലാവർക്കും ഉണ്ടോ ഓരോരുത്തർ.

ശ്രീ. ബിനോയ് വിശ്വം: സർ, ഉണ്ണിയാർച്ചയുടെ ജീവിതവും എല്ലാമായി ബന്ധപ്പെട്ട നാടൻ കലാകേന്ദ്രത്തിന്റെയെല്ലാം കേന്ദ്രമാണ് നാദാപുരം. ആ നാദാപുരത്ത് കഴിഞ്ഞ ഏറെക്കാലമായിട്ട് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു അവസരം ഉണ്ടായിട്ടില്ല. പല കാരണത്താൽ, ഇപ്പോൾ അതിനുള്ള അന്തരീക്ഷം ഉണ്ടായി വരുന്നുണ്ട്. ഒരു നാടൻ കലാമേളയ്ക്കുവേണ്ടി നാദാപുരത്തെ വേദിയാക്കാൻ കത്ത് കൊടുത്തിട്ട് അനവധി നാളുകളായി. അക്കാര്യം പരിഗണിച്ചാൽ കൊള്ളാം.

ശ്രീ. എ. പി. അനിൽകുമാർ: തീർച്ചയായിട്ടും പരിഗണിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, വൈദ്യനാഥ ഭാഗവതരുടെ ഗ്രാമമാണ് കോട്ടായ്. ആ കോട്ടായ് എന്റെ മണ്ഡലത്തിൽപ്പെട്ട കുഴൽമന്ദം മണ്ഡലത്തിലാണ്. വിശ്വപ്രസിദ്ധമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ കാലഘട്ടത്തിൽ ചെമ്പൈ സ്മാരകത്തിനുവേണ്ടി എന്തെങ്കിലും ഫണ്ട് ഈ ബഡ്ജറ്റിൽ നീക്കിവയ്ക്കുമോ?

2/675/2012—43.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: സർ, കേരളത്തിന്റെ കലാരംഗത്തും സാഹിത്യ രംഗത്തും സാംസ്ക്കാരിക രംഗത്തും ഒട്ടനവധി സംഭാവനകൾ ചെയ്തവരും സ്മാരകങ്ങളും മറ്റും ഉണ്ടാകേണ്ടവരും ഓരോ പ്രദേശങ്ങളിലുമുണ്ട്. സാമ്പത്തികമായി ഞാൻ നേരത്തെ പറഞ്ഞതുപോലെ പൂർണ്ണമായ വളർച്ചയിൽ എത്താത്ത ഒരു വകുപ്പാണിത്. അതുകൊണ്ടുതന്നെ സാമ്പത്തികമായ പരിമിതികളുണ്ട്. സാംസ്ക്കാരിക മേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക വളരെ പരിമിതമാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ഗവൺമെന്റ് തീരുമാനം എടുക്കുമ്പോൾ അതിന്റെ സാമ്പത്തികമായ കാര്യങ്ങൾകൂടി കാണേണ്ടതുണ്ട്. തീർച്ചയായിട്ടും അതിന് അനുകൂലമായ അന്തരീക്ഷം ഉരുത്തുരിഞ്ഞു വന്നാൽ എല്ലാ സാഹിത്യ സാംസ്ക്കാരിക നായകന്മാർക്കും അവർക്ക് അർഹമായ സ്ഥാനങ്ങൾ നൽകി ആദരിക്കണമെന്നുതന്നെയാണ് സാംസ്ക്കാരിക വകുപ്പിന്റെ ആഗ്രഹം. ഇതിന് എല്ലാ പ്രദേശങ്ങളിലും കഴിഞ്ഞിട്ടില്ലെങ്കിലും സാഹിത്യ നായകന്മാരുടെ ചരിത്രം ആലേഖനം ചെയ്യുന്ന തരത്തിലുള്ള ഒരു മ്യൂസിയം കേരളത്തിൽ ഉണ്ടാക്കുന്നതിനെക്കുറിച്ച് സാംസ്ക്കാരിക വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ശ്രീ. പി. ജെ. ജോയി സൂചിപ്പിച്ച ശക്തൻതമ്പുരാൻ സ്മാരകത്തെക്കുറിച്ച് പറയാം. വളരെ നല്ല രീതിയിൽ ശക്തൻതമ്പുരാൻ സ്മാരകം ഒരു പൈതൃകോദ്യാനത്തോടുകൂടി അടുത്ത കാലത്താണ് ബഹുമാന്യനായ നിയമസഭാ സ്പീക്കർ ഉദ്ഘാടനം ചെയ്തത്. ശക്തൻതമ്പുരാന്റെ ജന്മദേശത്ത് ഒരു സ്മാരകം ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് അതിന് അനുകൂലമായ സാഹചര്യം ഉണ്ടായിക്കഴിഞ്ഞാൽ തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുമെന്നു പറയുകയാണ്. കൂടുതൽ പറയുന്നില്ല. സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ കാലത്തുള്ളതുപോലെ തന്നെ പുരാവസ്തു, പുരാരേഖ അതുപോലുള്ള വകുപ്പുകളെക്കുറിച്ചൊക്കെ നമുക്കറിയാം. സമ്പന്നമായ താളിയോലകളുള്ള സംസ്ഥാനമാണ് കേരളം. സമ്പന്നമായ ലക്ഷക്കണക്കിന് താളിയോലകളാണ് നമ്മുടെ കൈവശമുള്ളത്. ആ താളിയോലയിലേക്ക് ഇറങ്ങിച്ചെന്ന് അത് അറിയുവാനും മൊഴിമാറ്റം നടത്താനുമുള്ള പദ്ധതികൾ നാം ആവിഷ്ക്കരിച്ചു കഴിഞ്ഞു. 'പുരാരേഖകളിലേക്ക് ഒരു പുണ്യയാത്ര' എന്ന 5 വർഷക്കാലം നീണ്ടുനിൽക്കുന്ന പദ്ധതിയിലൂടെ താളിയോല ഗ്രന്ഥങ്ങൾ മൊഴിമാറ്റം നടത്തി സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പുരാവസ്തു വകുപ്പ് ഒട്ടനവധി ചരിത്ര സ്മാരകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇക്കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.-യുടെ നിയോജക മണ്ഡലത്തിലുള്ള നൂറ്റിഎഴുപത്തിയഞ്ച് വർഷം പഴക്കമുള്ള ജൂത പള്ളിയുടെ നവീകരണ പ്രവർത്തി പൂർത്തീകരിച്ച് രാഷ്ട്രത്തിനു സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ നമ്മുടെ നാട്ടിന്റെ സമ്പന്നമായ സംസ്കാരം നിലനിർത്തി പുതിയ തലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യാനുള്ള പ്രവർത്തനങ്ങൾക്ക് പരമാവധി എല്ലാ വിഭാഗം ആളുകളുടേയും സഹകരണത്തോടുകൂടി സാംസ്ക്കാരിക വകുപ്പിന്റെ പരിമിതമായ സൗകര്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആ രംഗത്ത് കൂടുതലായി എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഇന്ന് ഇവിടെ നടന്ന ചർച്ചയിൽ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ നടത്തിയ എല്ലാ അഭിപ്രായ പ്രകടനങ്ങളേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. പലരും പ്രശംസാ വാചകങ്ങളൊക്കെത്തന്നു, വളരെ ദുഷ്കരമായി ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്ന സമയത്ത് മനോവീര്യം തകരാതിരിക്കുവാൻ വേണ്ടിയുള്ള പിന്തുണയായി അതിനെ എടുക്കുകയാണ്. അതേ സമയത്ത് വിമർശനങ്ങളെ സ്വയം വിമർശനമായി കണക്കാക്കുകയാണ്. കാരണം ഈ വിദ്യാഭ്യാസ നയത്തിൽ എന്തെങ്കിലും പാളിച്ചയുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി നടന്നിട്ടുള്ള വിമർശനങ്ങളേയും ആ നിലയിൽത്തന്നെ എടുക്കുന്നതാണ്. പക്ഷേ ഇവിടെ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന സൗഹൃദ അന്തരീക്ഷത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. വലിയ സംഘർഷങ്ങളില്ലാതെ വ്യക്തിപരമായ വിമർശനമില്ലാതെ അക്കാദമിക് രംഗം മുന്നിൽ നിർത്തിക്കൊണ്ടുള്ള ഒരു ചർച്ചയാണ് ഇവിടെ നടന്നത്. കേരളത്തെ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ ലക്ഷ്യസങ്കേതമാക്കി മാറ്റുവാനും അതോടൊപ്പംതന്നെ കേരളത്തെ ശാന്തിയുടെ തീരമാക്കി മാറ്റാനുമുള്ള മനസ്സിലെ ആഗ്രഹം സഫലീകരിക്കുമെന്ന തോന്നലാണ് ഈ ചർച്ച എന്നിൽ ഉണ്ടാക്കിയത്. തീർച്ചയായും അത് വളരെയധികം സന്തോഷകരമായ സംഗതിയാണ്. ഇവിടെ ഗ്രേഡിംഗിനെക്കുറിച്ച് പറഞ്ഞു. വളരെയേറെ ഭയപ്പാടും വളരെയേറെ ആശങ്കയുമുണ്ടായിരുന്ന ഒരു കാര്യമായിരുന്നു ഗ്രേഡിംഗ്. അത് ഇത്രയും നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകുവാൻ കഴിഞ്ഞതിൽ എന്നെ അഭിനന്ദിച്ചവരോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് നമ്മൾ എല്ലാവരും പങ്കിട്ടെടുക്കേണ്ടതാണ് ഈ അഭിനന്ദനം എന്നാണ്. ഇതിൽ ഞാൻ ഒറ്റയ്ക്ക് ഒന്നും അവകാശപ്പെടുന്നില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ എത്രയോ ഉദ്യോഗസ്ഥർ, ഇതിനുവേണ്ടി രാവും പകലും അദ്ധ്വാനിച്ചു. കേരളത്തിലെ മീഡിയ പോലെ ഇതിനെ പിന്തുണച്ച വേറെയൊരു സംഗതി ഉണ്ടായിട്ടില്ല. എത്രയോ കോളങ്ങൾ അതിനുവേണ്ടി അവർ ചെലവഴിച്ചു. ഇതു നടത്താൻ തീരുമാനിച്ച സമയം മുതൽ ഞങ്ങൾ വിശ്രമിച്ചിട്ടില്ല. ഞങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂറും ജോലിയായിരുന്നു. ഞങ്ങൾ അദ്ധ്യാപകർക്ക് ട്രെയിനിംഗ് കൊടുത്തു. സി.ഡി.-കൾ ഇറക്കി. കോഴ്സുകൾ വീണ്ടും വീണ്ടും കൊടുത്തു. കുട്ടികളെ ബോധവത്കരിക്കുവാൻ ക്ലാസ്സുകൾ കൊടുത്തു. ലഘുലേഖ ഇറക്കി. ഹാന്റ്ബുക്കും സോഴ്സ് ബുക്കും കൊടുത്തു. ഒന്നര മാസം നീണ്ടുനില്ക്കുന്ന ടി.വി. പരിപാടി നടത്തി. ധാരാളം പദ്ധതികൾ, ഒരു ദിവസം പോലും വിശ്രമിക്കാതെ ഡിപ്പാർട്ടുമെന്റ് നടത്തിയ പരിശ്രമത്തിന്റെ സാക്ഷാത്കാരമാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. കുട്ടികളുടെ സംതൃപ്തി ഇന്നലെ നിങ്ങൾ കണ്ടു. ഞാൻ ഇന്നലെ കുട്ടികളെ കാണാൻ പോയിരുന്നു. ഞാൻ അവരോടൊപ്പം ഒരുപാടു സമയം കഴിച്ചുകൂട്ടി. ഇത് കഴിഞ്ഞശേഷം കേരളത്തിലെ ഒരു പ്രമുഖമായ ടി.വി. റിപ്പോർട്ടറോട് ഒരു കുട്ടി പറഞ്ഞത് എന്നെ വളരെ സ്പർശിച്ച ഒരു കാര്യമാണ്. കുട്ടിയോട് ചോദിച്ചു, എങ്ങനെയുണ്ടായിരുന്നു പരീക്ഷ?

2/675/2012—43a.

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ കുട്ടി പറഞ്ഞു ഞങ്ങൾക്ക് പത്ര റിപ്പോർട്ടൊക്കെ എഴുതുവാൻ ആവേശമുണ്ടാക്കുന്ന ഒരു ചോദ്യമുണ്ടായിരുന്നു. ഞങ്ങൾ നന്നായി പത്രവാർത്ത എഴുതി. ടി.വി. ഇന്റർവ്യൂ നടത്തിയതിലൂടെ പറയുകയാണ്. ഇങ്ങനെയാണ് ഞങ്ങളെ പഠിപ്പിക്കുന്നതെങ്കിൽ ഞങ്ങൾ ഒരു ദിവസം നിങ്ങളെപ്പോലെയാകും. ആ കുട്ടിയുടെ ശബ്ദം ഞാൻ ഒറ്റപ്പെട്ട ശബ്ദമായി കാണുന്നില്ല. പുതിയ തലമുറയിൽ വന്ന പ്രതീക്ഷയുടെ നാമ്പുകളാണ് ആ കുട്ടിയുടെ സ്വരത്തിൽ ഉണ്ടായിരുന്നത്. ഞങ്ങൾ ആഗ്രഹിച്ചത് അതാണ്. കുട്ടികളിൽ രചനാത്മകത വളർന്നു വരണം. കുട്ടി മനഃപാഠമാക്കി പരീക്ഷയ്ക്ക് എഴുതുന്നതിനു പകരം കുട്ടിയുടെ സർഗ്ഗാത്മകത വളർന്നു വരണം. രചനാത്മകത വളർന്നു വരണം. ആ കുട്ടിക്ക് കഴിവുകളുണ്ട്. ആ കഴിവുകൾ പുറത്തേയ്ക്ക് വരണം. അതായിരുന്നു ലക്ഷ്യം. ഈ ലക്ഷ്യ സാക്ഷാത്കരണത്തിലേക്ക് ഇത് പോകുന്നുവെന്ന് മസ്സിലാക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഒരു കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും പറഞ്ഞു. നല്ല അഭിപ്രായങ്ങൾക്ക് ഞാൻ കടപ്പെട്ടിരിക്കുന്നു; നന്ദി രേഖപ്പെടുത്തുന്നു. കേരളത്തിലെ 47 സെക്കന്ററി ബോർഡുകളുടെ കോ-ഓർഡിനേറ്റിംഗ് ബോഡിയായ കോബ്സെ ഇതു സംബന്ധിച്ച് നല്കിയിട്ടുള്ള അഭിപ്രായ പ്രകടനം, ഞാൻ ഈ സഭയിൽ എല്ലാവർക്കും വേണ്ടി ഷെയർ ചെയ്യുകയാണ്. COBSE congratulate the Government of Kerala for the bold steps taken to implement the grading system in the Schools. Kerala has just become the first State in the country to assure in such a significant reform for reaching consequences for quality in the school education. The members of COBSE have felt that this will inspire others those who take similar action. കേരളം ഇന്ത്യയ്ക്ക് പല കാര്യത്തിനും മാതൃകയാക്കിയതുപോലെ ഈ കാര്യത്തിലും മാതൃകയാക്കുവാൻ പോകുന്നു എന്നുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. ഗ്രേഡിംഗിന്റെ പ്രാധാന്യത്തിലേയ്ക്കൊന്നും കടക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പുതിയ സങ്കല്പം ഇവിടെ വരുകയാണ്. നമ്മുടെ പുതിയ തലമുറ, യഥാർത്ഥത്തിൽ എന്താണ് നാം വിദ്യാഭ്യാസം കൊണ്ട് ആഗ്രഹിക്കുന്നത്? അതിലേക്കുള്ള പ്രയാണം ഇന്നലെ മുതൽ ആരംഭിച്ചു കഴിഞ്ഞുവെന്ന കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. ഐ. ടി. പരീക്ഷയെക്കുറിച്ച് ഇവിടെ പറഞ്ഞു. അഞ്ച് ലക്ഷം കുട്ടികൾ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഐ. ടി. പ്രായോഗിക പരീക്ഷയ്ക്കു പോയി. നന്നായി ചെയ്തു. 99.5 ശതമാനം കുട്ടികളും പരീക്ഷ എഴുതിക്കഴിഞ്ഞു. ആരെങ്കിലും പരീക്ഷ എഴുതുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവർക്ക് ഒരു ചാൻസുകൂടി കൊടുക്കുന്നുണ്ട്. അതിനു തീരുമാനം എടുത്തിട്ടുണ്ട്. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാവർക്കും അതുപോലെതന്നെ പ്രസ്സിനും ഓഫീസേഴ്സിനും രാഷ്ട്രീയ പ്രവർത്തകർക്കുമെല്ലാം ഞാൻ നന്ദി പറയുന്നു. ഇവിടെ പ്രൈമറി തലത്തെപ്പറ്റി സൂചിപ്പിച്ചു. പ്രൈമറിതലത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി എന്നുപറയുന്നത് അതിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഒരു സന്തോഷകരമായ വിവരം അറിയിക്കാം. പ്രതിപക്ഷ നേതാക്കൾ നടത്തിവന്ന സമരം പരസ്പര ചർച്ചയിലൂടെ പരിസമാപ്തിയിലെത്തിയിരിക്കുകയാണ്. അതാണ് സുഹൃത്തുക്കൾ പോകുന്നത്. ഉടൻതന്നെ ഇവിടെ എത്തും.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പുറത്തേയ്ക്കു പോയി)

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇപ്പോൾ മൂന്നര മണിയായതുകൊണ്ട് ഇതു കഴിഞ്ഞ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച അഞ്ച് മണിക്ക് ആക്കിയാൽ കൊള്ളാമെന്ന് പൊതുവേ ഒരു ധാരണ വന്നിട്ടുണ്ട്. അഞ്ച് മണിക്ക് ആക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അടുത്ത സെഷൻ അഞ്ചു മണിക്ക് ആക്കാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, പ്രൈമറിതലത്തിൽ ഗുണ നിലവാരം വർദ്ധിപ്പിക്കുവാൻ വേണ്ടി ഇവിടെ മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ മുന്തിയ പരിഗണന തന്നെയാണ് നല്കുന്നത്. എസ്.എസ്.എ.-യുടെ കാര്യം ഇവിടെ എല്ലാവരും സൂചിപ്പിച്ചു. പല മെമ്പർമാരും എസ്.എസ്.എ.-യെപ്പറ്റി പറഞ്ഞു. എസ്.എസ്.എ. ആൾ ഇന്ത്യാ സ്കീമാണ്, Central sponsored scheme ആണ്. ഈ സ്കീമിൽ നിന്ന് പുസ്തകം വാങ്ങുന്നതിനായി കിട്ടുന്ന പണം, ആ കോമ്പൊണന്റിനല്ലാതെ വേറെ ചെലവഴിക്കുവാൻ സ്വാതന്ത്ര്യമില്ല. ഇതിന്റെ ഒരു പ്രശ്നമതാണ്. ചില മെമ്പർമാർ അത് തിരിച്ചറിഞ്ഞു. ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ ഞങ്ങൾ ആവശ്യപ്പെട്ടതാണ്. സ്റ്റേറ്റിന്റെ ആവശ്യത്തിനനുസരിച്ച് പരിവർത്തനം നടത്താൻ വേണ്ടിയുള്ള സ്വാതന്ത്ര്യമാണ് ഞങ്ങൾ ചോദിച്ചിട്ടുള്ളത്. അത് കിട്ടുമെന്നാണ് പ്രതീക്ഷ. ആരോ പറഞ്ഞു എസ്.എസ്.എ.-യിൽ ആവശ്യമില്ലാത്ത പണം കിടക്കുന്നു; നിങ്ങൾ ഈ മാതിരി ചെയ്തു കൊള്ളണമെന്ന്. അതിനി ഉണ്ടാകുകയില്ല. കാരണം grass root level planning-ൽ ജനകീയപങ്കാളിത്തം ഞങ്ങൾ ഉറപ്പു വരുത്തിക്കഴിഞ്ഞു. Unit level planning-ൽ ആ വാർഡിലെ മെമ്പറാണ് അതിലെ അദ്ധ്യക്ഷൻ. ആ നിലയിൽ ആ പ്രശ്നം പരിഹരിക്കുകയാണ്. ആ പ്രശ്നം ഇനി പൊങ്ങിവരുകയില്ല. ജില്ലാതലത്തിലാണെങ്കിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള monitoring and evaluation സംവിധാനം അക്കാര്യത്തിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. അതുപോലെ തന്നെ ഇവിടെ കുംഭകോണം ട്രാജഡി വന്നതിനു ശേഷം ഓലമേഞ്ഞ 488 സ്കൂൾ കെട്ടിടങ്ങൾ ഞങ്ങൾ ഓടാക്കിമാറ്റി. അത് semi-permanent shed ആക്കി മാറ്റിയിരിക്കുകയാണ്. ഇത് കൂടുതൽ ജനകീയമാക്കുവാൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യും. അനന്തമൂർത്തി കമ്മീഷനെക്കുറിച്ച് ഇവിടെ പറഞ്ഞു. അനന്തമൂർത്തി കമ്മീഷനെ തള്ളിക്കളഞ്ഞിട്ടില്ല. അനന്തമൂർത്തി കമ്മീഷന്റെ ചില നല്ല ശുപാർശകൾ ഉണ്ട്. ശ്രീ. മുരളിയൊക്കെ അനന്തമൂർത്തി കമ്മീഷനെക്കുറിച്ച് പഠിച്ച് അതിന്റെ ചില നല്ല വശങ്ങളെക്കുറിച്ച് പറഞ്ഞു. ഇതിന് ഭിന്നാഭിപ്രായക്കുറിപ്പ് എഴുതിയവരും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ആ ഭിന്നാഭിപ്രായത്തിൽ എഴുതിയ കാര്യങ്ങൾ പരിശോധിച്ച് അതിലും ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. സ്പോർട്ട്സ് രംഗത്ത് നമുക്ക് റെക്കോർഡ് ആണുള്ളത്. ഇപ്രാവശ്യം പൂനെയിൽ നടന്ന ദേശീയ മീറ്റിൽ നാല്പത്തിനാല് ഗോൾഡും ഇരുപത്തിരണ്ട് വെള്ളിയും പതിനെട്ട് വെങ്കലവും കിട്ടി. അങ്ങനെ മുന്നൂറ്റിപ്പതിനാറ് പോയിന്റ് കിട്ടി. ബംഗാളിന് ആകെയുള്ളത് നൂറ് പോയിന്റാണ്. അവരുടെ പ്രസന്റേഷൻ സംഖ്യ വർദ്ധിപ്പിച്ചു കൊടുത്തു. ആ നിലയിൽ സ്കൂൾ സ്പോർട്ട്സ് രംഗത്ത് നല്ല പ്രാമുഖ്യം കൊടുക്കുന്നുണ്ട്. അടുത്ത കൊല്ലം ജി. വി. രാജാ സ്പോർട്ട്സ് സ്കൂൾ മൈലത്തേയ്ക്ക് മാറ്റുകയാണ്. അതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ പുരോഗമിക്കുകയാണ്. സ്കൂൾ യുവജനോത്സവത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. സ്കൂൾ യുവജനോത്സവം എല്ലാ കൊല്ലത്തേക്കാളും ഭംഗിയായി ഇപ്രാവശ്യം നടന്നു. അങ്ങ് തന്നെ ഇക്കാര്യത്തിൽ എന്നെ അഭിനന്ദിച്ചതിൽ സന്തോഷമുണ്ട്. സ്കൂൾ യുവജനോത്സവത്തിലെ മാനുവലിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഞങ്ങൾ ഉടൻതന്നെ മാനുവലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ പുരോഗതിക്കു ഉതകുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. മറ്റൊന്ന്, എല്ലാവരും സൂചിപ്പിച്ച കാര്യമാണ്. നമ്മുടെ നാട്ടിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ നിലവാരം കുറവാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സ്റ്റാന്റേർഡ് കുറവാണെന്നു കണ്ടുകൊണ്ട് മാത്രമല്ല നമ്മുടെ ആളുകൾക്ക് ജോലി കിട്ടുന്നതിനൊക്കെ കമ്മ്യൂണിക്കേഷൻ സ്കിൽ വലിയ ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണ്. കാൾ സെന്ററിലേയ്ക്കു പോലും നമ്മുടെ ആളുകൾക്ക് പറ്റുന്നില്ല. അതു കണക്കിലെടുത്തുകൊണ്ട് ഓരോ ജില്ലയിലും ഓരോ English Language Lab സ്ഥാപിക്കുവാൻ തീരുമാനിക്കുകയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പരിപോഷണത്തിനു വേണ്ടിയാണിത്. മറ്റൊരു കാര്യം എല്ലാവർക്കും അറിയാമായിരിക്കും. ഇംഗ്ലീഷ് പഠിപ്പിക്കുവാൻ ഇംഗ്ലീഷ് അദ്ധ്യാപകർതന്നെ വേണമെന്ന തീരുമാനം എടുത്തത് ഈ ഗവൺമെന്റാണ്. അത് ധീരമായ നടപടിയാണ്. അതിന് വിട്ടുവീഴ്ച ചോദിച്ചിരുന്നു. റിലാക്സേഷൻ ഞങ്ങൾ കൊടുത്തിട്ടില്ല. ഞങ്ങൾ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉറപ്പുവരുത്തുകയാണ്. വിദ്യാഭ്യാസ ജില്ലാ വിഭജനത്തിനുവേണ്ടി പല എം.എൽ.എ.-മാരും പറയുന്നുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തികസ്ഥിതി കൂടി വച്ചുകൊണ്ട് അതിന് തുടക്കം കുറിച്ചിട്ടുണ്ട്. കോഴിക്കോട്ട് വിദ്യാഭ്യാസ ജില്ല ഭാഗിച്ചിട്ടുണ്ട്. അത് ഒരു നല്ല തുടക്കമാണ്. ഓരോ ജില്ലയിലും ഓരോ TREND Sector ആയിട്ട് ഓരോ guide school കൊണ്ടുവരികയാണ്. ബജറ്റിൽ പ്രഖ്യാപിച്ചതാണ്. സ്കൂൾ ഐഡന്റിഫൈ ചെയ്തു കഴിഞ്ഞു. എല്ലാ സൗകര്യങ്ങളോടുംകൂടി ഓരോ ജില്ലയിലും ഓരോ ഗൈഡ് സ്കൂൾ കൊണ്ടുവരുകയാണ്. മറ്റൊരു സംഗതി ചരിത്രത്തിൽ ആദ്യമായി ഇവിടെ ചെയ്യാൻ പോകുകയാണ്. അതായത് പെൻഷൻ പറ്റുന്ന ദിവസംതന്നെ, പെൻഷൻ ആനുകൂല്യങ്ങൾക്കുള്ള കടലാസ് കൊടുക്കാൻ പോകുകയാണ്. പൈലറ്റ് ജില്ലയായി ആലപ്പുഴ എടുക്കുകയാണ്. അത് മറ്റു ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുവാൻ പോകുകയാണ്. ഗവൺമെന്റിനു വേണ്ടി കഷ്ടപ്പെട്ടിട്ട് പെൻഷൻ പറ്റുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് ഇത് വലിയ ഒരു ആശ്വാസമായിരിക്കും. പൈലറ്റ് പദ്ധതി ഈ മാസം അല്ലെങ്കിൽ അടുത്തമാസം ആദ്യം ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യും. അതുപോലെതന്നെ ഹയർ സെക്കന്ററി രംഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഹയർ സെക്കന്ററി രംഗത്ത് നല്ല ചില കാര്യങ്ങൾ ചെയ്തു. ഇവിടെ റീജിയണൽ ഓഫീസിന്റെ കാര്യം പറഞ്ഞു. മൂന്ന് റീജിയണൽ ഓഫീസ് തുറക്കുവാൻ പോകുകയാണ്. ഇരുപതാം തീയതി കോഴിക്കോട്ടും ഇരുപത്തിയാറാം തീയതി എറണാകുളത്തും മുപ്പത്തിയൊന്നാം തീയതിക്കുള്ളിൽ തിരുവനന്തപുരത്തും ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. എത്രയോ കാലമായി കാസർകോഡ് നിന്നും തിരുവനന്തപുരം ഹൗസിംഗ് ബോർഡിൽ വരുകയായിരുന്ന ആളുകൾ കഷ്ടപ്പെടുകയായിരുന്നു. അതു മാറി. പവർ ഡെലിഗേഷനോടുകൂടിയാണ് ആരംഭിക്കുന്നത്. ഇനി കാസർകോട്ടുനിന്ന് ആരും ഇങ്ങോട്ട് വരേണ്ടതില്ല. എറണാകുളത്തും കോഴിക്കോട്ടും ഉള്ള ഓഫീസുകളിൽ പോയാൽ അവരുടെ പ്രശ്നങ്ങൾ തീരുകയാണ്. ഹയർ സെക്കണ്ടറിയിൽ സീനിയർ ടീച്ചേഴ്സിന്റെ 2200-ൽ അധികം പോസ്റ്റുകൾ ഫിൽ അപ്പ് ചെയ്തുകഴിഞ്ഞു. ജൂനിയർ ടീച്ചേഴ്സിന്റെ വേക്കൻസി ഫിൽ അപ്പ് ചെയ്യാൻ പോകുന്നു. ഹയർ സെക്കണ്ടറിയിൽ അദ്ധ്യാപകരില്ലാത്ത പ്രശ്നമേ ഇനി ഉണ്ടാവില്ല. ലാബ് അസിസ്റ്റന്റുമാർക്ക് എല്ലാവർക്കും അപ്രൂവൽ കൊടുത്തു. 45 കോടി രൂപയുടെ കമ്മിറ്റ്മെന്റാണ് ഗവൺമെന്റിനുള്ളത്. സാങ്കേതികമായി കിട്ടാത്തത് എവിടെ ഉണ്ടെങ്കിലും ഞങ്ങൾ അത് ക്ലിയർ ചെയ്ത് കൊടുക്കുന്നതുമാണ്. പാഠപുസ്തകങ്ങൾ ആറാം ക്ലാസ്സിലും ഏഴാം ക്ലാസ്സിലും ഇക്കൊല്ലം മാറുകയാണ്. അതോടുകൂടി പത്താം ക്ലാസ്സ് വരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരണം പൂർത്തിയാവുകയാണ്. എസ്.സി.ഇ.ആർ.ടി. തന്നെയാണ് ചെയ്യുന്നത്. ഇവിടെ ഒരു സംസാരമുണ്ടായിരുന്നു, ഇംഗ്ലീഷ് ബുക്കും മറ്റുമൊക്കെ പ്രൈവറ്റ് പബ്ലിഷേഴ്സിന് പ്രിന്റ് ചെയ്യാൻ കൊടുക്കുകയായിരുന്നു എന്ന്. ഇനി അതുണ്ടാവില്ല. പ്രൈവറ്റ് പബ്ലിഷേഴ്സിനെ പൂർണ്ണമായും മാറ്റിയിട്ട് ഇക്കൊല്ലം ലാംഗ്വേജ് അടക്കം എസ്.സി.ഇ.ആർ.ടി. പ്രിന്റ് ചെയ്തുകൊടുക്കാൻ പോവുകയാണ്. ആ പ്രശ്നം അങ്ങനെ തീർന്നു. വിദ്യാർത്ഥികളുടെ സാമൂഹ്യ പ്രതിബദ്ധത കൂടിക്കൊണ്ടിരിക്കുന്നു. സുനാമി പ്രശ്നം വന്നപ്പോൾ 2 കോടി 82 ലക്ഷം രൂപയാണ് നമ്മുടെ സ്കൂൾ കുട്ടികൾ മാത്രം പിരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുത്തത്. നല്ലൊരു കാഴ്ചപ്പാടാണ് നമ്മുടെ കുട്ടികൾ ഇക്കാര്യത്തിൽ നടത്തിയത്. മറ്റ് പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ച കാര്യമാണ് ടീച്ചേഴ്സിന്റെ ട്രെയിനിംഗ് കോഴ്സിന്റേയും ബി.എഡ്.-ന്റേയും കരിക്കുലം മാറ്റുന്നത് സംബന്ധിച്ച്. ടി.ടി.സി കരിക്കുലം പരിഷ്ക്കരിക്കാൻ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിരിക്കുന്നു. ബി.എഡ്. കരിക്കുലം പരിഷ്ക്കരിക്കുന്ന കാര്യം യൂണിവേഴ്സിറ്റികൾ ചെയ്യുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ ഒരു വഴിത്തിരിവാണ് നടന്നുകൊണ്ടിരിക്കുന്നത്. സമയം കുറവായതുകൊണ്ട് ഞാൻ അതിന്റെ കണക്കുകളൊന്നും ഇവിടെ വിശദീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, സ്വകാര്യ സ്കൂൾ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അവരുടെ ജോലിസ്ഥിരത, അതായത് പ്രൊട്ടക്ഷൻ 1:40 ശാശ്വതമായി നടപ്പാക്കണമെന്ന ആവശ്യം വളരെക്കാലമായി ഗവൺമെന്റിന്റെ മുമ്പിൽ അവർ ഉന്നയിക്കുകയാണ്. ഇക്കാര്യത്തിൽ കേരളത്തിലെ ഇപ്പോഴത്തെ ഗവൺമെന്റിന്റെ നിലപാട് അറിയിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: 1:40 എന്ന റേഷ്യോ സ്ഥിരമായി നടപ്പാക്കുന്നത് ആലോചിച്ച് ചെയ്യേണ്ട കാര്യമാണ്. പക്ഷേ ഇപ്രാവശ്യത്തേക്കുള്ള ഓർഡർ ഇഷ്യൂ ചെയ്തുകഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് പറയുമ്പോൾ ഇവിടെ സ്ഥാപനങ്ങളുടെ നടത്തിപ്പിന്റെ കാര്യത്തിലൊക്കെ തന്നെ നമുക്ക് എന്തെല്ലാം പോരായ്മകളുണ്ടെങ്കിലും ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റേയും അതിന്റെ തുടർച്ചയായി ഇപ്പോൾ വന്നിട്ടുള്ള ഗവൺമെന്റിന്റേയും ശക്തമായ പരിശ്രമത്തിന്റെ ഫലമായി 31 എൻജിനീയറിംഗ് കോളേജുകളുടെ സ്ഥാനത്ത് ഇപ്പോൾ 84 എണ്ണം ഉണ്ടായിരിക്കുകയാണ്. 19,120 സീറ്റുകളാണ് ഇപ്പോഴുള്ളത്. 5 മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 13 എണ്ണമുണ്ട്. 1500 സീറ്റുകളായി. ബി.ഡി.എസ്. 3 എണ്ണമുണ്ടായിരുന്നത് ഇപ്പോൾ 9 എണ്ണമായി. 460 സീറ്റുകളുണ്ട്. ഫാർമസിക്ക് രണ്ടെണ്ണമുണ്ടായിരുന്നത് 20 ആയി. 1120 സീറ്റുകളായി. നഴ്സിംഗിന് 3 കോളേജുകളുണ്ടായിരുന്നത് 44 എണ്ണമായി. 2230 സീറ്റുകളായി. നമ്മുടെ കുട്ടികൾ ഇനി എങ്ങോട്ടും പോകേണ്ട. വിദ്യാഭ്യാസത്തിന്റെ വേരുകൾ തേടി ചാൻസ് കിട്ടാൻ കർണ്ണാടകയിലേയ്ക്കും തമിഴ്നാടിലേയ്ക്കും പോയിരുന്നവർ, എന്തിനധികം എം.ബി.ബി.എസ്-ന് പഠിക്കാൻ കേരളത്തിൽ നിന്ന് എത്രയോ കുട്ടികൾ റഷ്യയിലേയ്ക്ക് പോയിരുന്നു. ആ കാലം മാറി. ഇനി കേരളത്തിലേയ്ക്ക് അയൽ സംസ്ഥാനങ്ങളിലെ ആളുകൾ വരുന്ന ഒരു മാറ്റം സന്തോഷകരമായി നമ്മുടെ സംസ്ഥാനത്ത് വന്നിട്ടുണ്ട്. നമുക്കെല്ലാം അഭിമാനിക്കാൻ കഴിയുന്ന ഒരു കാര്യമാണത്. അതിൽ പോരായ്മകളുണ്ടാവും. കൊടുത്ത യൂണിവേഴ്സിറ്റികളിൽ സീറ്റൊഴിവുണ്ടോ സ്റ്റെബിലൈസ് ചെയ്യാൻ ബാക്കിയുണ്ടോ ക്വാളിറ്റി അഷ്വർ ചെയ്യാൻ ബാക്കിയുണ്ടോ എന്നുള്ളതൊക്കെ നമുക്ക് ചെയ്യാവുന്ന കാര്യമേയുള്ളൂ. ഇനി ഗവൺമെന്റ് ശ്രദ്ധിക്കുന്നത് അതിലാണ്. മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ യോഗം വിളിച്ചിരുന്നു. ഞാൻ രാവിലെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ലോകത്തിൽ ആകെ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തിനനുസരിച്ച് മാൻപവർ ജനറേഷൻ ഇവിടെ ഉണ്ടാകണം. അതിന് യൂണിവേഴ്സിറ്റികളിലെ കരിക്കുലം പരിഷ്ക്കരിക്കണം. അതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാറിയ കാലത്തിനനുസരിച്ച് മാൻപവർ ജനറേഷൻ ലക്ഷ്യം വച്ചുകൊണ്ടുതന്നെ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. യൂണിവേഴ്സിറ്റികളിൽ വി. സി.-മാരെ നിയമിച്ചു. എനിക്ക് സന്തോഷമുണ്ട്. വി. സി.-മാരെ എന്ന് നിയമിച്ചാലും വിവാദങ്ങളാണ്. ഒരു വിവാദവുമില്ലാതെ ഇവിടെ വി.സി.-മാരെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചു. എന്റെ കയ്യിൽ ഡോക്ടർ ഇക്ബാൽ എഴുതിയ "പുതിയ കാലം പുതിയ രാഷ്ട്രീയം" എന്ന ഒരു പുസ്തകമുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ കോട്ട് ചെയ്യുന്നില്ല. അതിൽ കേരള യൂണിവേഴ്സിറ്റിയുടെ വി.സി. ചോദിച്ച ഒരു ചോദ്യമുണ്ട്. ഇത്രയും നാളായിട്ടും ഒരു വനിതയെ ഇവിടെ വി.സി.-യായി വച്ചില്ലല്ലോ എന്ന്; അതിന് ആരെങ്കിലും തന്റേടം കാണിക്കുമോ എന്നായിരുന്നു ആ ചോദ്യം. ഈ ഗവൺമെന്റ് ആ തന്റേടം കാണിച്ചു. ഒരു വനിത ഇവിടെ ആദ്യമായി വൈസ് ചാൻസലറായി. ഒരു കുഴപ്പവുമില്ല. ബാക്കിയുള്ള സ്ഥലത്ത് ഇപ്പോൾ പി.വി.സി.-യുടെ പോസ്റ്റും ഫിൽ അപ്പ് ചെയ്യാൻ പോവുകയാണ്. കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികൾക്കും നായകത്വം വന്നുകഴിഞ്ഞു. ആ പ്രശ്നങ്ങളെല്ലാം തീർക്കാൻ കഴിഞ്ഞു എന്നതും സന്തോഷമുള്ള കാര്യമാണ്. സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കുമെന്ന് ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിക്കും ഗവൺമെന്റിനും റഗുലേറ്ററി ബോഡികളായ എ.ഐ.സി.ടി.ഇ.-ക്കും യു.ജി.സി.-ക്കും ഇടയിലുള്ള ലെയ്സൺ സെറ്റ് അപ്പ് എന്നുള്ള നിലയിലാണ് സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കാൻ പോകുന്നത്. അതിനുള്ള നടപടികൾ എടുക്കുകയാണ്. 'എഡ്യൂസാറ്റി'നെപ്പറ്റി ഇവിടെ പറഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എഡ്യൂസാറ്റിൽ ലിങ്ക് ചെയ്യാനുള്ള നടപടികളെടുത്തു. എഡ്യൂസാറ്റ് ഇപ്പോൾ ലോഞ്ച് ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല. കേരളത്തിലെ വിദൂരമായ ക്ലാസ്സ് മുറികളിൽപോലും എഡ്യൂസാറ്റിന്റെ പ്രയോജനം ലഭിക്കാനുതകുന്ന വിധത്തിലുള്ള എല്ലാ സജ്ജീകരണങ്ങളും പുരോഗമിച്ചുവരികയാണ് എന്നുപറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 5 എൻജിനീയറിംഗ് കോളേജുകൾ 7 കോടി രൂപ ചെലവിൽ എ.ഐ.സി.ടി.ഇ.-യുടെ സഹായത്തോടുകൂടി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കാൻ പോവുകയാണ്. ഇൻഡസ്ട്രി എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ഇന്ററാക്ഷൻ പ്രോഗ്രാം ഒരുപാട് കാലമായി ചർച്ച ചെയ്യുന്നതാണ്. അക്കാര്യത്തിൽ ശക്തമായ നടപടിയെടുക്കുകയാണ്. നമ്മുടെ കുട്ടികൾക്ക് ഇന്റർവ്യൂവിന് പോകുന്ന സമയത്ത് പ്രത്യേകമായ അറിവ് ഇല്ല. ഫീൽഡ് എക്സ്പീരിയൻസ് ഇല്ല. അതുകൊണ്ട് ഇൻഡസ്ട്രി എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ഇന്ററാക്ഷൻ പ്രോഗ്രാം സംസ്ഥാനത്ത് കൊണ്ടുവരാൻ പോവുകയാണ്. ഇവിടെ ശ്രീ. എ. സുജനപാൽ പറഞ്ഞതുപോലെ ഭാഷയിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പോലുള്ള കാര്യങ്ങളിലുമൊക്കെ പരിജ്ഞാനം കൊടുക്കുന്നതിനു സോഫ്റ്റ് സ്കിൽ ഡെവലപ്പ്മെന്റിൽ എൻജിനീയറിംഗ് കോളേജിൽ നിന്ന് കോഴ്സ് കഴിഞ്ഞ് പോകുമ്പോൾ തന്നെ പരിശീലനം കൊടുക്കുന്നതിന് ആഗ്രഹിക്കുന്നുണ്ട്. അതിനുള്ള സ്കീം ശരിയായിക്കൊണ്ടിരിക്കുകയാണ്. സിവിൽ സർവ്വീസ് പരീക്ഷയിൽ നമ്മൾ തോൽക്കുന്നത് ഒരു അപാകതയാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഒരു ഐ.എ.എസ്. അക്കാഡമി കേരളത്തിൽ ആരംഭിക്കാൻ തീരുമാനിക്കുന്നത്. കേരളത്തിലെ കുട്ടികൾക്ക് കൂടുതൽ ചാൻസ് കിട്ടണം.

LIBRARY ARCHIVES Kerala Legislative Assembly

അതിന് നാഷണൽ സ്റ്റാൻഡേർഡുള്ള ഏറ്റവും നല്ല കോച്ചിംഗ് കൊടുക്കുന്ന ഒരു സ്ഥാപനമായ ഐ.എ.എസ്. അക്കാഡമി കേരളത്തിൽ സ്ഥാപിക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപനം വന്നിട്ടുണ്ട്. അത് വേഗത്തിൽ നടപ്പാക്കാനുള്ള കാര്യങ്ങളും ചെയ്യുകയാണ്. ഞാൻ രാവിലെ പറഞ്ഞതുപോലെ കേരളത്തിലെ മഹാരാജാസ് കോളേജ്, ബ്രണ്ണൻ കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിക്ടോറിയാ കോളേജ് എന്നീ നാല് കോളേജുകളെ യൂണിവേഴ്സിറ്റി സ്റ്റാറ്റസിൽ ഉയർത്തുകയാണ്. യു.ജി.സി.-യുടെ അതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു. അതിന്റെ പ്രോജക്ട് അവർക്ക് കൊടുത്തിരിക്കുകയാണ്. അത് വരുന്നതോടുകൂടി ശരിക്കും ഒരു യൂണിവേഴ്സിറ്റിയുടെ സ്വഭാവത്തോടുകൂടി തന്നെ ആ കോളേജുകൾ വരും. ഗവൺമെന്റ് കോളേജുകൾ എന്നും ഒരു പ്രശ്നമാണ്. 107 കോടി രൂപയുടെ പ്രോജക്ടാണ് ഇപ്പോൾ യു.ജി.സി.-യുടെ മുമ്പാകെ ഉള്ളത്. ഗവൺമെന്റ് കോളേജുകൾ നന്നാക്കുക എന്നുള്ളത് തന്നെയാണ് ലക്ഷ്യം. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ളത് ഗവൺമെന്റ് കോളേജുകളിലാണ്. അതിനുള്ള സ്കീം നമ്മുടെ മുമ്പിലുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, പുതിയ യൂണിവേഴ്സിറ്റി നിയമത്തിൽ ഓട്ടോണമസ് കോളേജുകളുടെ പ്രൊവിഷൻകൂടി ചേർത്തിട്ടുണ്ട്. ആ സൗകര്യം ഉപയോഗപ്പെടുത്തി ഗവൺമെന്റ് കോളേജുകളെങ്കിലും ഒരു പരീക്ഷണമായി അടുത്ത അദ്ധ്യയനവർഷത്തിൽ ഓട്ടോണമസ് കോളേജുകൾ ആക്കുമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> അത് ചെയ്യാം. ഓട്ടോണമസ് കോളേജ് എന്നുപറയുന്നത് ഏറ്റവും നല്ല ആശയമാണ്. പലയിടത്തും പരീക്ഷിച്ചതാണ്. നമ്മുടെ മുമ്പിൽ അനുഭവമുണ്ട്. തമിഴ്നാട്ടിൽ ധാരാളം സ്ഥാപനങ്ങൾ വന്നിട്ടുണ്ട്. നമ്മുടെ പുതിയ നിയമത്തിൽ എനേബ്ലിംഗ് പ്രൊവിഷനുണ്ട്. അത് വച്ചുകൊണ്ട് ഇതിനാവശ്യമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് തന്നെയാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്. ഇവിടെ പലരും കുട്ടികൾക്ക് വായ്പ കിട്ടുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ഞങ്ങൾ ആലോചിച്ചുവരികയാണ്. ആൾ ഇൻഡ്യ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി ബന്ധപ്പെട്ട ഒരു എക്സ്ക്ലൂസീവ് സ്കീമിൽ, അവിടത്തെ ദുർബ്ബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വായ്പ കൊടുക്കാൻ കഴിയുമോ എന്നുള്ള കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. അതിനുള്ള കാര്യങ്ങൾ ചെയ്യാവുന്നതാണ്. കേരളത്തിൽ പുതിയൊരു വായനാ സംസ്ക്കാരം കൊണ്ടുവരണമെന്നാണ് ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായാണ് ഇന്റർനാഷണൽ ലെവലിലുള്ള പുസ്തകമേള നടത്തിയത്. ചിൽഡ്രൻസ് ലൈബ്രറി എത്ര കാലം കൊണ്ട് കുട്ടികൾ കാത്തിരിക്കുന്നതാണ്. ഞാൻ മുമ്പ് മന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടതാണ്. അത് മുടങ്ങിമുടങ്ങി പോവുകയാണ്. എല്ലാ പരിപാടികളും പൂർത്തിയാക്കി 20-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏഷ്യയിലെ ഏറ്റവും വലിയ ചിൽഡ്രൻസ് ലൈബ്രറി ഉദ്ഘാടനം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചിൽഡ്രൻസ് ലൈബ്രറിയുടെ ഭാഗമായി ഡോൾ മ്യൂസിയം, കുട്ടികൾക്കുള്ള ഗാർഡൻ തുടങ്ങിയവ ചെയ്യാൻ പോവുകയാണ്. അക്ഷരത്തിനുവേണ്ടിയുള്ള ഒരു തീർത്ഥാടന കേന്ദ്രം പോലെ കുട്ടികൾക്ക് പോകാൻ കഴിയുന്ന വിധത്തിലാണ് ചിൽഡ്രൻസ് ലൈബ്രറി ആരംഭിക്കാൻ പോകുന്നത്. കൗൺസലിംഗിന്റെ സമയം വന്നാൽ തിരുവനന്തപുരത്ത് കഷ്ടപ്പാടാണ്. അത് മാറാൻ പോവുകയാണ്. കോഴിക്കോട്ടും എറണാകുളത്തും കൗൺസലിംഗ് സെന്റർ ആരംഭിക്കാൻ പോവുകയാണ്. ഇക്കൊല്ലം തന്നെ അത് ഉണ്ടാവും. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഒരു ഇന്റർ നാഷണൽ എഡ്യൂക്കേഷൻ ഡെസ്റ്റിനേഷനാക്കി കേരളത്തെ മാറ്റാൻ പോവുകയാണ്. അതിന്റെ ഭാഗമായി ഈ വർഷം അവസാനം ഒരു ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് ഇവിടെ നടത്താൻ ആഗ്രഹിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ളവർ ഈ കൊച്ചു കേരളത്തിൽ എന്തെല്ലാം സാദ്ധ്യതകളുണ്ടെന്ന് അറിയണം. ഇവിടെ ഫോറിൻ യൂണിവേഴ്സിറ്റിയെക്കുറിച്ച് ചർച്ച നടന്നു. കേരളത്തെക്കുറിച്ച് അറിഞ്ഞാൽ ഇങ്ങോട്ട് പലരും വരും. ഒരു കാര്യമുണ്ട്, ഇവിടെ സമരമൊക്കെ നടത്തുമെങ്കിലും കേരളത്തിലെ കുട്ടികളുടെ കഴിവിനെക്കുറിച്ച് ലോകത്തിന് ഉന്നതമായ ഒരു ബോധമുണ്ട്. കേരളത്തിലെ ഒരു കുട്ടിയെ എവിടെയെങ്കിലും പിടിച്ചിട്ടാൽ അവിടെ ഷൈൻ ചെയ്യും എന്നുള്ളത് അറിയാം. വിദേശികൾക്ക് അത് മതി. കേരളത്തിലെ കുട്ടികളിലെ കഴിവാണ് അതിന്റെ പ്രധാന കാരണം. നമ്മുടെ കൈയിൽ ഉള്ള തെന്താണ് എന്ന് ചോദിച്ചപ്പോൾ ആരോ പറഞ്ഞു നമ്മുടെ എക്സ്പെർട്ട്സ് ഈ കുട്ടികളാണെന്ന്. മാൻ പവർ തന്നെയാണ് നമ്മുടെ ഏറ്റവും വലിയ കാര്യം. ആരോ ഇവിടെ ചൈനയെപ്പറ്റി പറഞ്ഞു. ചൈനക്കാരൻ ചെയ്തതെന്താണ്? മാൻ പവർ യൂട്ടിലൈസേഷന്റെ കാര്യത്തിൽ ചൈന ഭാവനാപൂർണ്ണമായി പ്രവർത്തിക്കുന്നതിന്റെ നന്മകൊണ്ടാണ് ലോക മാർക്കറ്റിലേയ്ക്ക് ചൈനയ്ക്ക് കടന്ന് കയറാൻ കഴിഞ്ഞത്. അതുപോലെ Knowledge based ആയിട്ടുള്ള സൊസൈറ്റിയിൽ 21-ാം നൂറ്റാണ്ടിൽ ഇൻഡ്യയാണ് അവിടുത്തെ സമ്പദ് ഘടനയെ നിയന്ത്രിക്കുന്നത്. ഈ നൂറ്റാണ്ടിൽ കേരളത്തിലെ കുട്ടികൾക്ക് ഓടിയെത്താൻ പറ്റിയ സ്ഥിതി ഇവിടെ ഉണ്ടാകണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഗവൺമെന്റ് ആ ലക്ഷ്യം വച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. ഐ.ഐ.ടി. കൊണ്ടുവരുന്നതിനു വേണ്ടി മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയും വളരെ സജീവമായി പരിശ്രമിക്കുന്നുണ്ട്. ഞങ്ങൾ ഇതിന് പിന്നാലെ നിരന്തരമായി കൂടിയിരിക്കുകയാണ്. പ്രധാനമന്ത്രി കൊച്ചിയിൽ വന്ന സമയത്ത് മന്ത്രിസഭാ യോഗത്തിൽ ആകെക്കൂടി പറഞ്ഞ ഒരു കാര്യം ഐ.ഐ.ടി.-യെക്കുറിച്ചാണ്. 1991-95 കാലഘട്ടത്തിൽ ഈ എളിയവൻ മന്ത്രിയായിരുന്ന സമയത്താണ് നിരന്തരമായ പരിശ്രമത്തിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.എം. കിട്ടിയത്. ഈ ഗവൺമെന്റിനും ഐ.ഐ.ടി. കിട്ടുമെന്നുള്ള പ്രതീക്ഷയാണുള്ളത്. അതിനുവേണ്ടി നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. ഗവൺമെന്റിന് ഇതിലുള്ള ഉൽസാഹം

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കാൻ ഈ സന്ദർഭത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ആരോ പറഞ്ഞു കേരളത്തിൽ സാങ്കേതിക സർവ്വകലാശാല വരാൻ പോകുകയാണെന്ന്. തമിഴ്നാട്ടിൽ സാങ്കേതിക സർവ്വകലാശാലയുണ്ട് അംബേദ്കർ സാങ്കേതിക സർവ്വകലാശാല. ബോംബെയിൽ ഒന്നുണ്ട്. അതിനെല്ലാം ഉപരിയായിട്ടുള്ള നല്ല ടെക്നിക്കൽ യൂണിവേഴ്സിറ്റി കേരളത്തിൽ ആരംഭിക്കണമെന്ന് ഉദ്ദേശിക്കുന്നു. അതിനുവേണ്ടിയുള്ള സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകഴിഞ്ഞു. കേരളത്തിൽ ആദ്യമായി നിയമ സർവ്വകലാശാല വരുന്നു. കൊച്ചിയിലെ National Institute of Advanced Legal Studies (NIALS)-നെ ഒരു യൂണിവേഴ്സിറ്റി സ്റ്റാറ്റസിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അങ്ങേക്കറിയാം, ബാംഗ്ലൂരിൽ ഇപ്പോൾ ലാ സ്കൂൾ ഉണ്ട്. അതുപോലെ ഖൊരക്പൂരിൽ ഉണ്ട്; ഡെൽഹിയിലുണ്ട്, കൽക്കത്തയിലുണ്ട്. ഇതിന്റെയെല്ലാം പാഠം ഉൾക്കൊണ്ടുകൊണ്ട് trend sector എന്ന നിലയിൽ ഈ നാഷണൽ ലാ സ്ക്കൂളുകൾക്ക് മേലെ നാഷണൽ ലാ സ്ക്കൂളായിട്ട് കൊച്ചിയിലെ NIALS-നെ ഉയർത്തിക്കൊണ്ടുവരാനാണ് തീരുമാനിച്ചത്. അതിനുവേണ്ട നടപടികളുമായി മുന്നോട്ട് പോകുകയാണ്. അടുത്ത കൊല്ലം നമ്മൾ ഐ.ടി. എനേബിൾഡ് എഡ്യൂക്കേഷനിലേക്ക് പോകണം. ഇപ്പോൾ ഐ.ടി. പഠിക്കാറുണ്ട്. കമ്പ്യൂട്ടർ പഠിക്കാറുണ്ട്. അത് പോരാ. വിദ്യാഭ്യാസം എല്ലാം ഐ.ടി. എനേബിൾഡ് ആയിത്തീർക്കണം. അതിനുവേണ്ടിയുള്ള കാര്യങ്ങൾ ഗവൺമെന്റ് തീർച്ചയായും ചെയ്യുന്നതാണ്. രണ്ട് മൂന്ന് മിനിട്ടിന് മുൻപ് ഇവിടെ ചില മെമ്പർമാർ ഉയർത്തിയിട്ടുള്ള ചില നിർദ്ദേശങ്ങൾക്കുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഗ്രേഡിംഗിൽ പാർട്ട് രണ്ടും, പാർട്ട് മൂന്നും കൂടി കൂട്ടണം എന്നുള്ളത് ശരിയായിട്ടുള്ള സംഗതിയാണ്. ഇത് ഇവാല്യുവേറ്റ് ചെയ്യാൻ tool develop ചെയ്തുവരാൻ പ്രയാസമാണ്. കാരണം അത് സർഗ്ഗ പ്രതിഭ മെഷർ ചെയ്യുന്നതിനുള്ള ശാസ്ത്രീയമായ തീരുമാനമെടുക്കാൻ പറ്റില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇക്കൊല്ലം അതിലേക്ക് പോകേണ്ടെന്ന് തീരുമാനിച്ചത്. പാർട്ട് രണ്ടെന്ന് പറയുന്നത് സ്കിൽ ഡെവലപ്മെന്റാണ്. പേഴ്സണാലിറ്റി ഡെവലപ്മെന്റ്, കമ്യൂണിക്കേഷൻ സ്കിൽ, അതുപോലെ ലീഡർഷിപ്പ് സ്കിൽ. അടുത്തകൊല്ലം പാർട്ട് രണ്ടും പാർട്ട് മൂന്നും എങ്ങനെ ഗ്രേഡിംഗിന്റെ ഭാഗമായി ഇൻകോർപറേറ്റ് ചെയ്യാമെന്ന് ആലോചിക്കാം. അതാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. അൺഇക്കണോമിക് സ്ക്കൂളിനെപ്പറ്റി ഇവിടെ പറഞ്ഞു. നിങ്ങൾ എന്ത് വിളിച്ചാലും ശരി ചില സ്ക്കൂളുകളിൽ നാല് കുട്ടികൾക്ക് അഞ്ച് അധ്യാപകർ, മൂന്ന് കുട്ടികൾക്ക് പത്ത് അധ്യാപകർ ഇങ്ങനെയാണുള്ളത്. അതിനെ അൺ ഇക്കണോമിക് സ്ക്കൂൾ എന്ന് വിളിക്കുന്നതിൽ ശരിയുണ്ടോ എന്ന് ശ്രീ. മുരളി ചോദിച്ചു. അത് ശരിയല്ല. ശ്രീ. സി. പി. നാരായണൻ ചെയർമാനായിട്ടുള്ള കമ്മിററി അന്ന് പറഞ്ഞത് അൺ സസ്റ്റെയിനബിൾ സ്ക്കൂൾ എന്നാണ്. കാര്യം എന്തോ ആകട്ടെ, നടക്കാത്ത സ്ക്കൂളാണ്. അത് അൺ സസ്റ്റെയിനബിൾ എന്ന് വിളിച്ചാലും ശരി, അൺ ഇക്കണോമിക് എന്ന് വിളിച്ചാലും ശരി അത് നിർത്തിയതിന്റെ ആവശ്യം പ്രസക്തമായിരുന്നു. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

ശരി വ്യാപകമായി ഇത്തരം സ്ക്കൂളുകൾ അടച്ചു പൂട്ടാൻ സർക്കാരിന് ആഗ്രഹമില്ല. സർക്കാർ ഇത്തരം സ്ക്കൂളുകൾ എസ്.എസ്.എ. പദ്ധതിയിൽപ്പെടുത്തി കേരള സാഹചര്യത്തിൽ നമുക്ക് ചില വ്യതിയാനങ്ങൾ വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കിട്ടുമെന്നാണ് വിചാരിക്കുന്നത്. കാരണം ഇവർ സെൻട്രൽ സ്ക്കൂൾ എന്ന നിലയിൽ ഉണ്ടാക്കിത്തന്നാൽ ചോദ്യപേപ്പർ എടുക്കാൻ പറ്റില്ല. കാരണം എസ്.എസ്.എ. പ്രകാരം സ്ക്കൂളിന് ഗ്രാന്റുണ്ട്. ടീച്ചേഴ്സ് ഗ്രാന്റുണ്ട്. കുട്ടികൾക്ക് ടെക്സ്റ്റ്ബുക്ക് കൊടുക്കുന്നതിലെ പണം ബാക്കിയുണ്ട്. നമുക്ക് മറിച്ച് ഉപയോഗിക്കാൻ പറ്റില്ല. അതിന്റെ ഫ്ളക്സിബിലിറ്റി തന്നിട്ടില്ല. ഫ്ളക്സിബിലിറ്റി തന്നാൽ കേരളത്തിലെ സാഹചര്യത്തിൽ കുറേക്കൂടെ കാര്യങ്ങൾ ചെയ്യാൻ പറ്റും. വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ഞാൻ പ്രധാനമായും ഊന്നിപ്പറഞ്ഞ സംഗതിയാണ്. ഇക്കാര്യത്തിൽ പ്രവർത്തന സ്വാതന്ത്ര്യം കിട്ടുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: കലാലയ രാഷ്ട്രീയം അവസാനിപ്പിക്കാൻ പോകുന്നതുകൊണ്ട് വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയത്തെ സംബന്ധിച്ച് വല്ലാത്ത അനിശ്ചിതാവസ്ഥ നാട്ടിൽ സംജാതമാകും. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ചില നിലപാടുകൾ ഉണ്ടായി. സ്വകാര്യ മാനേജ്മെന്റുകൾ അവരുടെ ഇഷ്ടം പോലെ ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഗവൺമെന്റ് കോളേജിൽനിന്ന് വ്യത്യസ്തമായി ഇതിന് ഒരു പൊതുസ്ഥാപനം ഉണ്ടാകേണ്ടതുണ്ട്. ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കലാലയ രാഷ്ട്രീയത്തെക്കുറിച്ച് ജനറലായിട്ട് ഒരു മറുപടി ഞാൻ പറഞ്ഞു. ഗവൺമെന്റ് കലാലയ രാഷ്ട്രീയത്തിന് എതിരല്ല. വിദ്യാർത്ഥികൾ രാഷ്ട്രീയം പഠിക്കണം. പൊളിറ്റിക്കൽ ഡിബേറ്റുണ്ടാകണം. ഇതൊക്കെ ആവശ്യമാണ്. ഈ തെരഞ്ഞെടുപ്പ് പാറ്റേൺ സംബന്ധിച്ച് കോടതി വിധിയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: കലാലയ യൂണിയൻ തെരഞ്ഞെടുപ്പുകൾ മാനേജ്മെന്റുകളുടെ നിലപാട്മൂലം നടക്കുന്നില്ല. അതുപോലെതന്നെ സംഘടനാ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെ കലാലയങ്ങളിൽനിന്നും പുറത്താക്കി വരികയാണ്. അവർക്ക് പരീക്ഷയെഴുതാൻപോലും അവസരം നൽകുന്നില്ല. അതുകൊണ്ട് കോടതിയിൽ ചെന്നാൽ കോടതി അതിനെതിരെ വിധി പറയാൻ ഇരിക്കുകയാണ്. ജനാധിപത്യ ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നിലപാടാണെടുക്കുന്നത്? സമഗ്രമായ ഒരു നിയമം ഈ വിഷയത്തിൽ കൊണ്ടുവരാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങ് ഒരു അഡ്വക്കേറ്റ് കൂടിയാണെന്ന് തോന്നുന്നു. ഒരു കേസ് സുപ്രീം കോടതിയുടെ മുമ്പിൽ നിൽക്കുമ്പോൾ നിയമനിർമ്മാണവുമായി പോയാൽ വിജയിക്കില്ല. സുപ്രീം കോടതി എന്തുപറയുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് നോക്കട്ടെ അല്ലാതെ ഗവൺമെന്റിന് മുൻവിധിയൊന്നുമില്ല. ശ്രീ. എം. മുരളി ഇവിടെ ഒരു കാര്യം പറഞ്ഞു, കെ.ഐ.ടി. എഡ്യൂക്കേഷനെപ്പറ്റി പറഞ്ഞു. ഡി.ഡി. ഓഫീസുകളിൽ അഴിമതി നടക്കുന്നത് സംബന്ധിച്ച് ശ്രീമതി ശ്രീമതി ടീച്ചർ പറഞ്ഞു. ചിലയിടത്ത് മെറ്റേണിറ്റി ലീവിനെ സംബന്ധിച്ച് പരാതിയുണ്ട്. ടീച്ചറോട് ഞാൻ പറയുന്നു, ഏതെങ്കിലും സ്പെസിഫിക്കായിട്ടുള്ള പരാതി എഴുതിത്തന്നാൽ ഇരുപത്തിനാല് മണിക്കൂറിനകം നടപടിയെടുക്കുന്നതായിരിക്കും. അഴിമതി ഉണ്ടാകരുത്. ടീച്ചർ വെറുതെ പറയില്ലെന്ന് എനിക്കറിയാം. കാരണം 1991-ൽ ഞാൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സമയത്ത് ടീച്ചർ വിദ്യാഭ്യാസ സ്റ്റാന്റിംഗ് ചെയർ പേഴ്സണായിരുന്നു. അന്നുമുതൽക്ക് ടീച്ചറുടെ അക്കാഡമിക് രംഗത്തെ സമീപനത്തെപ്പറ്റി എനിക്കറിയാം. പരാതിയുണ്ടെങ്കിൽ എഴുതിത്തന്നാൽ മതി. അത് അന്വേഷിച്ച് ഉടൻ നടപടിയെടുക്കുന്നതാണ്. എസ്.സി.ഇ.ആർ.ടി.-യെ സംബന്ധി ച്ചൊക്കെ സൂചിപ്പിച്ചു. ഓലമേഞ്ഞ കെട്ടിടങ്ങൾ ഇനി സർക്കാർ സ്ക്കൂളുകളിൽ ഉണ്ടാകില്ല. സർക്കാർ സ്ക്കൂളിലെ ഓല മേഞ്ഞ കെട്ടിടങ്ങൾ മുഴുവൻ ഓട് മേയാൻ എസ്.എസ്.എ. പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രൈവറ്റ് സ്കൂളുകളുടെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ട്. അടുത്ത പ്രാവശ്യം ഇത്തരം സ്ക്കൂളുകളിൽ സെമി പെർമനന്റ് ഷെഡ്ഡ് പെർമനന്റായിട്ട് കെട്ടിയിട്ടില്ലെങ്കിൽ അപ്രൂവൽ കൊടുക്കുകയില്ല എന്നുള്ള ജി.ഒ. ഇക്കൊല്ലം ഇറക്കിയിട്ടുണ്ട്. അവർ തനിയെ അത് ചെയ്തോളും. ഗവൺമെന്റിന്റെ നിർദ്ദേശമുണ്ട്. കാരണം ഇതെങ്ങാനും തീപിടിച്ചു പോയാൽ അതിനുശേഷം ചർച്ച ചെയ്തിട്ട് കാര്യമുണ്ടോ?

<u>ശ്രീ. എം. വി. ജയരാജൻ:</u> ഗവൺമെന്റ് ഹൈസ്ക്കൂൾ എസ്.എസ്.എ.-ൽ ഉൾപ്പെടുത്തണം. ഓല മേഞ്ഞ ഹയർ സെക്കന്ററി സ്ക്കൂളുകൾ ഇപ്പോഴും ഉണ്ട്. അത് മാറ്റാൻ എസ്.എസ്.എ.-യിൽ വേറെ സ്കീമുകൾ ഇല്ലെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്.

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> എം.ജി.പി.-യിൽ ഒരു സ്കീം വരുന്നുണ്ട്. ഹയർ സെക്കന്ററിയിൽ ഇതിന്റെ അലോട്ട്മെന്റ് എത്രയെന്ന് നോക്കാം. അതനു സരിച്ച് ചെയ്യാം. സെൽഫ് ഫിനാൻസിംഗ് കോളേജിന്റെ കാര്യത്തിൽ ഒത്തുകളി നടക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. ഒരു ഒത്തുകളിയുമില്ല. പുഷ്പഗിരി മാനേജ്മെന്റ് എടുത്ത സമീപനവും അതുപോലെ ജില്ലാ മാനേജ്മെന്റ് എടുത്ത സമീപനവും തമ്മിൽ ഇക്കാര്യത്തിൽ വ്യക്തമായ അഭിപ്രായ വ്യത്യാസമുണ്ട്. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞ ഒരു കാര്യമുണ്ട്. രണ്ട് സ്വാശ്രയ കോളേജെന്നു പറഞ്ഞാൽ ഒരു ഗവൺമെന്റ് കോളേജിനു തുല്യം. ആ നിലപാടിൽനിന്ന് ഗവൺമെന്റ് പിന്നിലേയ്ക്ക് പോകുന്ന പ്രശ്നമില്ല. ഇവിടെ ശ്രീ. സുപാൽ പറഞ്ഞു ഞങ്ങളെ കോടതി വിമർശിച്ചുവെന്ന്. ഞങ്ങളെ കോടതി എന്തിനാണ് വിമർശിച്ചതെന്നാണ് നോക്കേണ്ടത്. ഇക്കൊല്ലം എല്ലാ കോളേജിലും കെ. ടി. തോമസ് കമ്മീഷൻ പ്രകാരമുള്ള ഫീസ് ഈടാക്കിയാൽ മതിയെന്ന് പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീം കോടതി ജഡ്ജ്മെന്റ് വന്നു. ആ ജഡ്ജ്മെന്റ് വന്നതിനുശേഷം ഒരു സമീപനമെടുത്തു. ഈ കുട്ടികളെ സഹായിക്കാനെന്നു വിചാരിച്ച് ജി.ഒ. ഇറക്കി. ജി.ഒ. യിൽ പറഞ്ഞു. കഴിഞ്ഞ കൊല്ലം അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് ഇക്കൊല്ലം പഴയ ഫീസ് മതിയെന്ന്. അപ്പോഴാണ് കോടതി ഞങ്ങളെ ശാസിച്ചത്. നിങ്ങൾക്കെന്താണ് ഈ തീരുമാനമെടുക്കാൻ അവകാശമെന്ന് കോടതി ശാസിച്ചത് ശരിയാണ്.

ശ്രീ. ബിനോയ് വിശ്വം: നിങ്ങൾ ആരുടെ ഭാഗത്താണെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. പണമില്ലാത്തതുകൊണ്ട് പഠിക്കാൻ കഴിയാത്ത കുട്ടികളുടെ ഭാഗത്തോ അതോ കൊള്ളക്കാരുടെ ഭാഗത്തോ എന്ന് നിങ്ങൾ വ്യക്തമാക്കണം. ....:...........(ബഹളം).....................

ശ്രീ. പി. എസ്. സുപാൽ: ഈ വിഷയത്തിൽ 17-ാം തീയതി വിധി പറയാനിരിക്കെ 15-ാം തീയതിയാണ് ഈ ഗവൺമെന്റ് ഉത്തരവ് ഇറക്കിയത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സത്യം സത്യമായി പറഞ്ഞാൽ അംഗീകരിക്കണം. നമുക്ക് വല്ല സുഖക്കേടുമുണ്ടോ? കുട്ടികളോട് സഹകരിക്കാൻ വേണ്ടിയല്ലേ ചെയ്തത്? കുട്ടികളോട് സഹകരിക്കാൻ വേണ്ടി ചെയ്തപ്പോൾ വിധി വരുമ്പോൾ 12-ന് മുൻപ് ചെയ്തില്ല എന്ന്. ഞങ്ങളുടെ ആത്മാർത്ഥത പരമാവധി കാണിക്കണമല്ലോ? ഇത് ചെയ്യാൻവേണ്ടിയാണ് ചെയ്തത്. ഇപ്പോൾ കോടതിയുടെ മുൻപാകെ കേസുണ്ട്. കേരള ഗവൺമെന്റ് പാസ്സാക്കിയ നിയമമടക്കം കോടതിയിൽ നിൽക്കുകയാണ്. കോടതിയിൽ എന്താണ് തീരുമാനം വരുന്നത് എന്ന് നോക്കി അതനുസരിച്ച് ചെയ്യാം. കേന്ദ്ര ഗവൺമെന്റിന്റെ നിയമമുണ്ടാക്കാൻ നിങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ? ഒരു കേന്ദ്രനിയമം വേണമെന്നു പറഞ്ഞുകൊണ്ടുള്ള എസ്.എഫ്.ഐ.-യുടെ പ്രമേയമുണ്ടായിരുന്നു. അതുതന്നെയാണ് നമ്മളും ആഗ്രഹിക്കുന്നത്. അത് വരട്ടെ നോക്കാം. ഇവിടെ വിദേശ സർവ്വകലാശാല കൊണ്ടു വരണമെന്ന് ഞാൻ പറഞ്ഞതല്ല. ഞാൻ ആ ചിന്താധാരയ്ക്ക് തുടക്കം കുറിച്ചതാണ്. വിദേശ സർവ്വകലാശാല വേണമോ വേണ്ടയോ എന്ന് ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. വിദേശ സർവ്വകലാശാല വന്നാൽ ഗുണമെന്താണ്; ദോഷമെന്താണ്. വന്നാൽ എങ്ങനെ വരണം എന്നൊക്കെയുള്ളത്, it is a debatable point. ഇന്ന് ഇക്കാര്യം ചർച്ചയ്ക്ക് വിധേയമാക്കിയെന്നേയുള്ളു. ചില മെമ്പർമാർ അഭിനന്ദിച്ച കൂട്ടത്തിൽ മൊബൈൽ ഫോൺ, സിനിമാറ്റിക് ഡാൻസ് എന്നിവ നിരോധിച്ചതിനെക്കുറിച്ചു പറഞ്ഞു. ഗവണ്മെന്റിന് ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ച്ചപ്പാടാണ്. കേരളത്തിലെ കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നത് അവരുടെ നന്മയ്ക്കു വേണ്ടിയാണ്. നന്മയാണ് ഉയർന്നു വരേണ്ടത്. അതിനുപകരം ഈ കുട്ടികൾ കൂടുതൽ അശ്ലീല സ്വഭാവത്തിലേക്ക് പോകുന്ന വിധത്തിലേക്ക് കാര്യങ്ങൾ പോകുന്നു. ഇതിന്റെ ഗൗരവം തിരിച്ചറിഞ്ഞുകൊണ്ടാണ് ഇങ്ങനെ ചെയ്തത്. കേരളത്തിൽ എത്രയോ സാംസ്ക്കാരിക നായകന്മാർ ഇക്കാര്യം പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly

തിനുശേഷം എന്നെ വിളിക്കുകയുണ്ടായി. എല്ലാപേരും സഹകരിക്കണം. കാരണം കേരളത്തിന് ഒരു സംസ്ക്കാരം ഉണ്ട്. കേരളത്തിലെ കുട്ടികളെ സ്കൂളുകളിലേക്ക് അയയ്ക്കുന്നത് ഒരു വാല്യൂ ബേസ്ഡ് ആയ എഡ്യൂക്കേഷൻ കിട്ടാൻ വേണ്ടിയാണ്. അതല്ലാതെ മാർക്കറ്റ് സംസ്ക്കാരം അനുസരിച്ച് ഈ കുട്ടികളെ കൊണ്ടുപോകാനൊക്കില്ല. അതുകൊണ്ടുതന്നെയാണ് സിനിമാറ്റിക് ഡാൻസ്, മൊബൈൽ ഫോൺ ഇവ തടയണമെന്ന തീരുമാനം ഗവണ്മെന്റ് എടുത്തത്. ഈ കാര്യത്തിൽ എത്തിക്സ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിറ്റി മുഖേന നടപ്പിലാക്കാനാണ് ആഗ്രഹിക്കുന്നത്. ഇക്കാര്യത്തിൽ വളരെ കർക്കശമായ മറ്റ് ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഉണ്ടെന്ന് ഗവണ്മെന്റ് ആലോചിക്കുന്നതാണ്. എല്ലാപേരും സഹകരിക്കുകയാണെങ്കിൽ ഇത് നമ്മുടെ കുട്ടികളിൽ നന്മ വരുത്തുന്ന ഒരു സംഗതിയാണ്. മുസ്ലിം-നാടാർ പെൺകുട്ടികളുടെ സ്കോളർഷിപ്പിനെക്കുറിച്ച് ശ്രീ. അബ്ദുറബ്ബ് ചൂണ്ടിക്കാണിച്ചു. നമ്മൾ കൊടുത്തിട്ടുണ്ട്. പ്രശ്നം എന്താണെന്നറിയാമോ? പണം ഇവിടെ നിന്ന് കൊടുക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തുകളുടെ അധികാര വികേന്ദ്രീകരണം എന്നുള്ളത് ശരിതന്നെ. പണ്ട് ഇവിടെ നിന്ന് കൊടുക്കുന്ന സ്ഥിതിയല്ല. ഇപ്പോൾ നമ്മൾ ഇവിടെ നിന്ന് കൊടുക്കുന്നു. കഴിഞ്ഞ പ്രാവശ്യം അരിയേഴ്സ് 3 കോടി രൂപ കൊടുത്തു. ഈ പ്രാവശ്യവും എല്ലാപേർക്കും കൊടുത്തു. ജില്ലയിൽ കിടക്കുകയാണ്. അത് ശരിക്കും പഞ്ചായത്തിലേയ്ക്കെത്തുന്നില്ല എന്നുള്ളതാണ്. അതിന് ഒരു പ്രോബ്ലം ഉണ്ട്. കാരണം അത് ഒരു കൊല്ലം കിട്ടുന്ന പൈസയാണ്. തുടർച്ചയായിട്ട് കിട്ടുന്നില്ല. പെൺകുട്ടികളാണെങ്കിൽ ഇത് കിട്ടിയില്ലെങ്കിൽ പിന്നെ വരില്ല. ഇതിന് ശക്തമായി ചില സംവിധാനങ്ങൾ ഇവിടെത്തന്നെ എ.ഇ.ഒ.-മാർ മുഖേന ചെയ്യാൻ പോകുകയാണ്. പണം കുട്ടികളുടെ കയ്യിൽ കിട്ടാൻ ഉറപ്പുവരുത്തും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. ജോണി നെല്ലൂരും മറ്റും സാക്ഷരതാ സമിതിയെക്കുറിച്ചും വികലാംഗരെക്കുറിച്ചും ഇവിടെ പറയുകയുണ്ടായി. വികലാംഗരുടേത് എന്നും ഒരു പ്രശ്നം തന്നെയാണ്. ഞാൻ അതിൽ വ്യക്തിപരമായ താൽപ്പര്യമെടുത്ത ആളാണ്. വികലാംഗരുടെ കാര്യത്തിൽ ഗവണ്മെന്റ് വളരെ താൽപ്പര്യം എടുക്കുന്നതാണ്. വികലാംഗരുടെ വിദ്യാഭ്യാസത്തേയും, ജോലിയേയും, സംബന്ധിച്ച് ശ്രീ. ജോണി നെല്ലൂർ സൂചിപ്പിച്ചു. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്ക് വന്നു അതിന്റെ ഭരണം. മന്ദബുദ്ധികളുടെ കാര്യത്തിൽ ഇനിയുള്ള സമയത്ത് ഞാൻ ഒരു കാര്യം അനൗൺസ് ചെയ്യാൻ ആഗ്രഹിക്കുകയാണ് സാക്ഷരതയുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ബ്രെയ്‌ലി സാക്ഷരത കേരളത്തിൽ ആരംഭിക്കാൻ നടപടി എടുത്തുകഴിഞ്ഞു. അതിന് മറ്റ് നടപടിയെടുക്കുകയാണ്. ഐ.ഇ.ഡി. പ്രകാരം വികലാംഗരുടെ വിദ്യാഭ്യാസം, ക്ഷേമം എന്നിവ ഗവണ്മെന്റിന്റെ ടോപ്പ് പ്രയോറിറ്റിയാണ്. ഞാൻ ഒരു ചോദ്യത്തിന് മറുപടിയായി കഴിഞ്ഞ ദിവസം പറഞ്ഞു. ഗവണ്മെന്റിന് എന്തെങ്കിലും സാമ്പത്തിക സഹായം വരുകയാണെങ്കിൽ ഫസ്റ്റ് പ്രയോറിറ്റി കൊടുക്കുന്നത് സ്പെഷ്യൽ സ്കൂളുകളെ എയിഡഡ് ആക്കി മാറ്റുന്നതിനാണെന്ന്. ഞാൻ ഈ സഭക്ക് ഉറപ്പു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തരുന്നു. അവർക്ക് എന്തെങ്കിലും ചെയ്യണമെന്ന കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. പിന്നെ മറ്റൊരു കാര്യം ചില കോഴ്സുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാനതിലേക്കൊന്നും കടക്കുന്നില്ല. അവസാനമായി ടീച്ചർ പറഞ്ഞ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. .... ബഹളം .... പോളിടെക്നിക്കുകൾ കൊടുക്കുമ്പോൾ AICTE-ക്ക് ചില കണ്ടീഷൻസുണ്ട്. ഈ കണ്ടീഷൻസ് പാലിച്ചിട്ടില്ലെങ്കിൽ AICTE സമ്മതിക്കില്ല. അതിന്റെ മാർഗ്ഗം എന്താണെന്നു വച്ചാൽ അത് പൂർത്തീകരിച്ചുകൊടുക്കുകയാണ്. ടീച്ചർ പറഞ്ഞ ഒരു കാര്യമുണ്ട്. എസ്.എസ്.എ. ഫണ്ടിനെപ്പറ്റിയും പരിശീലനത്തെപ്പറ്റിയും ഒക്കെ പറഞ്ഞു. ഇതിൽ ഏറ്റവും ഇംപോർട്ടന്റ് ഘടകം എന്നുപറയുന്നത് അധ്യാപകന്റെ പരിശീലനമാണ്. പക്ഷേ ഒരു നിർദ്ദേശം സ്വാഗതാർഹമാണ്. അക്കാഡമിക് ഇയറിന്റെ എൻഡിൽ വച്ച് ഈ പരിശീലനം നീട്ടാൻ പറ്റില്ല. അതുകൊണ്ട് ഇതിനൊരു പ്ലാനിംഗ് വേണം. അധ്യാപകന് കൊടുക്കുന്ന പരിശീലനം അത് എസ്.സി.ഇ.ആർ.ടി. പ്രകാരമോ എസ്.എസ്.എ. പ്രകാരമോ, അല്ലെങ്കിൽ ഡയറ്റ് മുഖേനയോ ആകട്ടെ അത് അക്കാഡമിക് ഇയറിന്റെ ആദ്യം ആക്കുക എന്നൊരു തീരുമാനം ഉണ്ട്. അക്കാദമിക്ക് ഇയറിന്റെ അവസാനം കുട്ടികൾക്കും, അധ്യാപകന്മാർക്കും ക്ലാസ് മുറികളിൽ കൂടുതൽ കേന്ദ്രീകരിക്കുവാൻ പറ്റുന്ന വിധത്തിൽ സംവിധാനം ചെയ്യാനുള്ള തീരുമാനം ഉണ്ട്. അതുപോലെതന്നെ അടുത്തവർഷം നമ്മൾ ഷെഡ്യൂൾ തയ്യാറാക്കുമ്പോൾ, കലണ്ടർ ഓഫ് ആക്ടിവിറ്റീസ് തയ്യാറാക്കുമ്പോൾ അങ്ങനെ ചെയ്യുന്നതാണ്. ഇവിടെ മദ്രസ മോഡണൈസേഷൻ പദ്ധതിയെക്കുറിച്ച് പറഞ്ഞു. ടീച്ചർ അതിനെ തെറ്റിദ്ധരിച്ചു. മദ്രസ മോഡണൈസേഷൻ പദ്ധതി കേരളത്തിന്റെ പദ്ധതിയല്ല. യു.പി.എ. ഗവൺമെന്റിന്റെ പദ്ധതിയാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഒരു സ്കീമാണ്. ഈ സ്കീം അനുസരിച്ച് ഇപ്പോൾ നിലവിലുള്ള മദ്രസകളിൽ സയൻസ്, ഇംഗ്ലീഷ്, പോലുള്ള സബ്ജക്ടുകൾ പഠിപ്പിക്കുന്ന അധ്യാപകർക്ക് ഗ്രാന്റ് നൽകുക എന്നതാണ്. അത് ഒരു കംപോണന്റാണ്. രണ്ടാമത്തേത് ലാബ് എക്യുപ്പ്മെന്റും മറ്റും വാങ്ങാൻ ഗ്രാന്റ് കൊടുക്കുക, ലൈബ്രറി സാധനങ്ങൾ വാങ്ങി വയ്ക്കുക...............

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അതിന്റെ തൊട്ടടുത്ത എയിഡഡ്, സർക്കാർ സ്കൂളുകൾ, എൽ.പി., യു.പി. സ്കൂളുകൾ ഇവയുടെ സ്ഥിതിയെന്തായിരിക്കും? .

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അതുമായി ബന്ധമില്ല. മദ്രസയിൽ പഠിക്കുന്ന കുട്ടിക്ക് ഒരു എക്സ്ട്രാ കോച്ചിംഗ് കൊടുക്കാൻ വേണ്ടിയുള്ള ഒരു സ്കീമാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിൽ ഡി.പി.ഇ.പി. സ്കൂളുകൾ ഉണ്ട്. സർക്കാരിന്റേയല്ല, എന്നാൽ സർക്കാരിന്റേതാണെന്ന് വല്ലാത്ത അനിശ്ചിതത്വത്തിൽ കിടക്കുന്നുണ്ട്. അത് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും ചെയ്യുമോ?

2/675/2012—45.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അത് ശരിയാണ്. ഡി.പി.ഇ.പി.-ൽ ഒരു പ്രതിസന്ധിയുണ്ട്. പഞ്ചായത്ത് നടത്തുന്ന സ്കൂളുകൾക്കും പ്രശ്നമുണ്ട്. ഈ രണ്ടു കാര്യങ്ങളും അഡ്രസ് ചെയ്യാൻ പോകുകയാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, മ്യൂസിക് ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം 9, 10 ക്ലാസുകളിൽ അവർ പഠിപ്പിക്കുന്നുണ്ട്. എന്നാൽ അവരുടെ പോസ്റ്റ് നിശ്ചയിക്കുന്നതിന് 10-ാം ക്ലാസിലെ പീരിയേഡ് കണക്കാക്കാത്ത ഒരു അവസ്ഥയുമുണ്ട്. ഈ അനോമലി ഒന്ന് പരിശോധിക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ അനോമലി പെട്ടെന്ന് പരിഹരിക്കാൻ കഴിയില്ലായെന്ന് അങ്ങേക്കറിയാം. പോസ്റ്റ് ക്രിയേഷൻസുമായിട്ട് ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങളുണ്ട്. മദ്രസ മോഡണൈസേഷൻ പദ്ധതി അതാണ്. എല്ലാപേർക്കും എൻ.ഒ.സി. ഇനിയില്ല. ബി.എഡ്. കോളേജിനെപ്പറ്റിയുള്ള സ്റ്റാൻഡ് ഗവണ്മെന്റ് എടുത്തുകഴിഞ്ഞു. എൻജിനീയറിംഗ് കോളേജിന് ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. Education need ഉണ്ടോ, അവിടെ അതാവശ്യമാണോ എന്ന് ആ കമ്മിറ്റി നോക്കി recommend ചെയ്തല്ലാതെ കൊടുക്കില്ല. ബി.എഡ്. കോളേജിന്റെ കാര്യവും അതുതന്നെ. കമ്മിറ്റി ഉണ്ടാക്കി; പല മാനദണ്ഡങ്ങൾ നോക്കണം, ഇനി സ്കോപ്പ് ഉണ്ടോ, കേരളത്തിൽ പഠിച്ച കുട്ടികൾക്ക് വീണ്ടും ജോലി സാധ്യതയുണ്ടോ, ഒരു സ്ഥലത്ത് ചോദിച്ചിരിക്കുകയാണെങ്കിൽ അവിടെ കൊടുക്കേണ്ട ആവശ്യം ഉണ്ടോ ഇത്യാദി കാര്യങ്ങൾ നോക്കിയിട്ടല്ലാതെ ഞങ്ങൾ കൊടുക്കില്ലെന്ന് കോടതിയോട് പറഞ്ഞിട്ടുണ്ട്. ബാക്കി മാർക്കറ്റ് സർവ്വെയും എംപ്ലോയ്മെന്റ് സർവ്വെയും നടത്തിയിട്ട് ആവശ്യമുള്ള കോഴ്സുകൾ മാത്രമേ കൊടുക്കുകയുള്ളൂ. അത് കണക്കിലെടുത്തുകൊണ്ട് എല്ലാപേർക്കും എൻ.ഒ.സി. കൊടുക്കുക എന്ന സമീപനം മാറ്റിയിരിക്കുകയാണ്. ആവശ്യമായ ഘട്ടത്തിൽ മാത്രം എൻ.ഒ.സി. കൊടുക്കും.

ശ്രീ. എം. മുരളി: സർ, പുതിയ എൻ.ഒ.സി. വേണ്ട. ഈ ഗവണ്മെന്റ് വരുമ്പോൾ, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരിക്കുമ്പോൾ എന്റെ മണ്ഡലത്തിൽ IHRD-യുടെ ആഭിമുഖ്യത്തിൽ ഒരു എൻജിനീയറിംഗ് കോളേജിന് എൻ.ഒ.സി. തന്നു. പൊതുജനങ്ങൾ അവിടെ ഒരു സ്പോൺസറിംഗ് കമ്മിറ്റിയുണ്ടാക്കി സ്ഥലം വാങ്ങി IHRD-ക്ക് കൈമാറി. എൻ.ഒ.സി. revive ചെയ്തുകൊണ്ടുള്ള നടപടി സ്വീകരിച്ചു. ആ കമ്മിറ്റി ചെയർമാനെക്കുറിച്ചൊരു ആക്ഷേപം രാവിലെ ഉന്നയിച്ചു. കമ്മിറ്റിയുടെ വിവേചനാധികാരത്തിൽ അത് വിടാതെ നേരത്തെ തന്നെ നടപടികൾ കൊടുത്ത എൻ.ഒ.സി. revive ചെയ്ത് ഈ അപേക്ഷ പരിഗണിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. മുരളിക്ക് ഈ കോളേജ് നേരത്തെ കൊടുത്തിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽ നിന്ന് നല്ലൊരു തുക കൊടുത്തിട്ടുണ്ട്. അത് ചെയ്യാം. കൊടുത്തതല്ല പ്രശ്നം. ഇത്തരം കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിച്ചതാണ്. ചെയ്തു കൊണ്ടുവരുന്നതും അതാണ്. ആളുകൾ ഈ സഹകരണം കാണിച്ചതിൽ സന്തോഷമുണ്ട്. പരമാവധി എല്ലാപേരുമായി യോജിച്ച് വിവാദങ്ങളൊന്നുമില്ലാതെ പോകുകയെന്നുള്ളതാണ്. ആ നിലയിൽ വച്ചുകൊണ്ടാണ് ചെയ്യുന്നത്. ചേയ്ഞ്ചസ് വേണം. മാറ്റത്തിനുവേണ്ടി ഒരുമിച്ച് നിന്നില്ലെങ്കിൽ മുന്നോട്ടുപോകാൻ പറ്റുകയില്ല. ദേശീയ വിദ്യാഭ്യാസത്തിന്റെ preamble-ലെ ഒറ്റ വാചകം ഉന്നയിച്ച് കൊണ്ട് നിർത്തുകയാണ്. Time is of essence and unless we act now, we stand in the danger of once again missing the opportunity of educational reforms so critical not only for the development of our nation but for our very survival. സമയം സത്താണ്. ഇപ്പോൾ കർമ്മനിരതരായില്ലെങ്കിൽ, വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ അവസരം പാഴാക്കുന്നതുവഴി നമ്മൾ അപകടത്തിലാകും. ഇത് നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയുടെ കാര്യം മാത്രമല്ല, നമ്മുടെ നിലനിൽപ്പിന്റെ നിർണ്ണായക ഘടകം കൂടിയാണ്. ഈ തിരിച്ചറിവാണ് ഗവൺമെന്റിനെ സംബന്ധിച്ചുള്ളതും. ഈ മാറ്റങ്ങൾക്ക് വേണ്ടിയുള്ള പരിശ്രമത്തിൽ എല്ലാപേരുടെയും സഹായം ഒരിക്കൽകൂടി വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച കട്ട് മോഷൻസ് പ്രസ്സ് ചെയ്യുന്നുണ്ടോ? കട്ട് മോഷനുകളെ

അനുകൂലിക്കുന്നവർ,

പ്രതികൂലിക്കുന്നവർ,

കട്ട്മോഷനുകൾ നിരാകരിച്ചിരിക്കുന്നു

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ച ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന് പ്രമേയത്തെ

അനുകൂലിക്കുന്നവർ,..........................

പ്രതികൂലിക്കുന്നവർ,..........................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—58

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി. ടി. അഹമ്മദ് അലി
6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. എൻ. ഡി. അപ്പച്ചൻ
9. ശ്രീ. കെ. ബാബു
10. ശ്രീ. ബാബു ദിവാകരൻ
11. ശ്രീ. പി. കെ. കെ. ബാവ
12. ശ്രീ. കെ. എ. ചന്ദ്രൻ
13. ശ്രീ. എം. എ. ചന്ദ്രശേഖരൻ
14. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
15. ശ്രീ. പി. പി. ജോർജ്
16. ശ്രീ. എം. എം. ഹസ്സൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. ജോസഫ് എം. പുതുശ്ശേരി
23. ശ്രീ. പി. ജെ. ജോയി
24. ശ്രീ. വർക്കല കഹാർ
25. ശ്രീ. ജി. കാർത്തികേയൻ
26. ശ്രീ. കെ. എൻ. എ. ഖാദർ
27. ശ്രീ. കെ. കെ. നായർ
28. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
29. ഡോ. എം. എ. കുട്ടപ്പൻ
30. ശ്രീ. ലൂഡി ലൂയിസ്
31. ശ്രീ. സി. മമ്മുട്ടി
32. ശ്രീ. കെ. എം. മാണി
33. ശ്രീ. കെ. മുഹമ്മദാലി
34. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
35. ശ്രീ. കെ. മോഹൻകുമാർ
36. ശ്രീ. എ. കെ. മണി
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. എം. കെ. മുനീർ
41. ശ്രീ. എം. മുരളി
42. ശ്രീ. കെ. നാരായണക്കുറുപ്പ്
43. ശ്രീ. എഴുകോൺ നാരായണൻ
44. ശ്രീ. കെ. കെ. ഷാജു
45. ശ്രീമതി ശോഭനാ ജോർജ്
46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ശ്രീമതി രാധാ രാഘവൻ
48. ശ്രീ. എം. വി. രാഘവൻ
49. ശ്രീ. എ. എൻ. രാജൻ ബാബു
50. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
51. ശ്രീ. തമ്പാനൂർ രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. ടി. പി. എം. സാഹിർ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. കെ. ശങ്കരനാരായണൻ
56. ശ്രീമതി മാലേത്ത് സരളാദേവി
57. ശ്രീ. വി. ഡി. സതീശൻ
58. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

59. ശ്രീ. സ്റ്റീഫൻ ജോർജ്
60. ശ്രീ. കെ. സുധാകരൻ
61. ശ്രീ. എ. സുജനപാൽ
62. ശ്രീ. എൻ. സുന്ദരൻ നാടാർ
63. ശ്രീ. സി. എഫ്. തോമസ്
64. പ്രൊഫ. കെ. വി. തോമസ്
65. ശ്രീ. പി. ടി. തോമസ്
66. ശ്രീ. തോമസ് ചാഴികാടൻ
67. ശ്രീ. എം. എ. വാഹീദ്
68. ശ്രീ. വക്കം പുരുഷോത്തമൻ

പ്രതികൂലിക്കുന്നവർ—26

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. ബിനോയ് വിശ്വം
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. ശ്രീ. എം. വി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. മത്തായി ചാക്കോ
16. ശ്രീ. കെ. പി. മോഹനൻ
17. ശ്രീ. എ. സി. മൊയ്തീൻ
18. ശ്രീ. പിരപ്പൻകോട് മുരളി
19. ശ്രീ. പി. നാരായണൻ
20. ശ്രീ. കെ. രാധാകൃഷ്ണൻ
21. ശ്രീ. എൻ. രാജൻ
22. ശ്രീ. രാജു എബ്രഹാം
23. ശ്രീ. ടി. പി. രാമകൃഷ്ണൻ
24. ശ്രീ. സാജു പോൾ
25. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ
26. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
27. ശ്രീ. പി. എസ്. സുപാൽ
28. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—68

പ്രതികൂലിക്കുന്നവർ—28

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 5 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ വൈകുന്നേരം 4 മണിക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly